# പന്മന ഗ്രാമ പഞ്ചായത്ത്



# വികസനറിപ്പോർട്ട്

21-4

ഒമ്പതാം പദ്ധതി

ജനകീയപദ്ധതി

# പന്മന ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട്

ഗ്രാമപഞ്ചായത്ത് വികസന സെമിനാറിൽ അവതരിപ്പിച്ചത്

## എഡിറ്റോറിയൽ ബോർഡ്

വി.കെ. ശാന്ത കുമാർ (ചീഫ് എഡിറ്റർ)
ഇടയ്ക്കാട് മോഹൻ (അസ്സോസിയേറ്റ് എഡിറ്റർ)
പി.കെ. ഗോപാലകൃഷ്ണൻ
വി.എൻ. രാമചന്ദ്രൻ പിള്ള
പി.എൻ. വേണുഗോപാലപിള്ള
ഗില്ലറ്റ് ഫെറിയ
എസ്. വത്സലാകുമാരി
വി. ശിവാനന്ദൻ
എ.കെ. ഗണേശൻ
എസ്. ബാലചന്ദ്രൻ നായർ

D T P : Apple Point,
Jerome Nagar, Kollam.
പ്രിൻറിംഗ് :
കാത്തലിക് പ്രസ്, കൊല്ലം.

# പൊതുവിവരണം

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | : | പന്മന |
| ഉൾപ്പെടുന്ന വില്ലേജ് | : | പന്മന, വടക്കുന്തല |
| താലൂക്ക് | : | കരുനാഗപ്പള്ളി |
| അസംബ്ലി മണ്ഡലം | : | ചവറ |
| ജില്ല | : | കൊല്ലം |
| വിസ്തീർണ്ണം | : | 16.85 ച.കി.മീ. |
| അതിരുകൾ | | |
| വടക്ക് | - | കരുനാഗപ്പള്ളി |
| വടക്ക് പടിഞ്ഞാറ് | - | ആലപ്പാട് |
| വടക്കുകിഴക്ക് | - | തൊടിയൂർ |
| കിഴക്ക് | - | തേവലക്കര |
| തെക്ക് | - | ചവറ |
| പടിഞ്ഞാറ് | - | അറബിക്കടൽ |
| വാർഡ് | - | 15 |
| ജനസംഖ്യ | - | 45722 (91-ലെ സെൻസസ്) |
| സ്ത്രീ | - | 22804 |
| പുരുഷൻ | - | 22918 |
| സാക്ഷരത | - | 91% |
| വികസനറിപ്പോർട്ട് തയ്യാറാക്കിയത് | - | വികസനസമിതി, പന്മന ഗ്രാമപഞ്ചായത്ത് |
| കൺവീനർ | - | പി. കെ. ഗോപാലകൃഷ്ണൻ |
| "ഭൂപ്രകൃതിയും വിഭവങ്ങളും" | | |
| രേഖകൾ തയ്യാറാക്കിയത് | - | ആശഹരിദാസ്, PRM, CESS |



# ....സമർപ്പിക്കുന്നു

മനുശ്യശക്തിയിലുള്ള വിശ്വാസമാണ്
ജനകീയാസൂത്രണത്തിന്റെ കാതൽ.
വികസനത്തിന്റെ ഫലം ജനങ്ങളിൽ
എത്താത്ത അവസ്ഥയാണിന്ന്.
ജീവിതത്തിൽ പ്രതിഫലിക്കാത്തത്
വികസനമല്ല. സ്ഥായിയായ വളർച്ചയും
നീതിപൂർവ്വമായ വിതരണവുമാണ്
ജനകീയാസൂത്രണത്തിലൂടെ
നാം ലക്ഷ്യമിടുന്നത്.
ഇത് നേടിയെടുക്കുവാൻ
ഗ്രാമസഭ മുതൽ വികസന യജ്ഞം വരെ
യുള്ള
എല്ലാ പടവുകളിലും
നാം ഒത്തൊരുമിച്ച് കൈകോർത്തുനിന്ന്
ഒരേ മനസ്സോടെ കാലുറപ്പിച്ച് മുന്നേറണം.
സാധാരണക്കാരും വിദഗ്ദ്ധരും
ഉദ്യോഗസ്ഥരും ജനപ്രതിനിധികളും
സന്നദ്ധപ്രവർത്തകരും
ഒന്നുചേരുന്ന മഹാസംരംഭമാണ്
ജനകീയാസൂത്രണ പ്രസ്ഥാനം.
ഇൻഡ്യയ്ക്ക് ഒരുപക്ഷേ ലോകത്തിന്
തന്നെ മാതൃകയാകുമാറ് ഒമ്പതാംപദ്ധതിയിൽ
കേരളത്തിന്റെ പങ്ക്
ഉയർന്നുനിൽക്കും.
ജനകീയപ്രശ്നങ്ങൾക്കുള്ള
പരിഹാരം ജനപങ്കാളിത്തത്തോടെ കണ്ടെത്തി
നടപ്പാക്കുന്നു
അതിനായി രൂപപ്പെടുത്തിയ
ഈ വികസനരേഖ ഏവരുടേയും
അനുവാദത്തോടെ നമ്മുടെ നാടിന് വേണ്ടി
സമർപ്പിക്കുന്നു.

പന്മന — **എ. അബ്ദുൽ സലാം**
14-12-96 — പ്രസിഡന്റ്

# പന്മന ഗ്രാമപഞ്ചായത്ത് ഭരണസമിതി



വി. രമേശ് ബാബു
വൈസ് പ്രസിഡൻറ്



എ. അബ്ദുൽ സലാം
പ്രസിഡൻറ്



പി.എൻ. വേണുഗോപാലപിള്ള
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



പി.എം. ചാക്കോ



അഡ്വ. കെ. ഉദയൻ



പി. പുഷ്പകുമാരി



എസ്. രമണി



എസ്. വത്സലാകുമാരി



കോലത്ത് വേണുഗോപാൽ



ഗില്ലറ്റ് ഫെറിയ



സി. രാജപ്രഭ



ഇ. ഷംസുദ്ദീൻ



എൻ. ഭാവന



കെ. മുരളീധരൻ



അഡ്വ. ഇ. യൂസഫ് കുഞ്ഞ്


കൊല്ലം ജില്ല
പഞ്ചായത്തുകൾ
കി.മി.
പന്മന പഞ്ചായത്ത്


KERALA
Kasaragod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthitta
കൊല്ലംജില്ല
Thiruvananthapuram

# ആമുഖം

അധികാര വികേന്ദ്രീകരണം ജനാധിപത്യ പ്രക്രിയയുടെ സത്തയും ലക്ഷ്യവുമാണ്. ഇന്ത്യൻ ഭരണഘടനയുടെ നിർമ്മാണ ഘട്ടത്തിൽ തന്നെ ഈ അശയം വളരെയേറെ പ്രാധാന്യത്തോടു കൂടി ചർച്ച ചെയ്തിരുന്നു. ഗാന്ധിയൻ ആദർശങ്ങളുടെ ജീവനും ഭരണകൂടാധികാരത്തിന്റെ ജനകീയതയും വികേന്ദ്രീകരണവുമായിരുന്നു. ഭരണഘടനാ ശില്പികൾ ഗ്രാമപഞ്ചായത്തുകൾ എന്ന ആശയം ഭരണഘടനയുടെ 40-ാം വകുപ്പിൽ ഉൾക്കൊള്ളിക്കുകയും ചെയ്തു. പ്രാദേശിക സ്വയംഭരണ സർക്കാരുകൾ എന്ന നിലയിലേക്ക് വളരാൻ കഴിയുന്ന തരത്തിൽ അവയ്ക്ക് അധികാരം നല്കണമെന്നും ഇന്ത്യൻ ഭരണകൂടത്തോടു നിർദ്ദേശിക്കുകയും ചെയ്തു. അധികാര വികേന്ദ്രീകരണം മൂലം ജനാധിപത്യ സംവിധാനത്തിന്റെ അടിത്തറ ശക്തമാകുമെന്ന് വിഭാവനം ചെയ്യപ്പെട്ടു.

ഇന്ത്യ അന്നും ഇന്നും ഗ്രാമങ്ങളുടെ രാജ്യമാണ്. ഏഷ്യൻ വൻകരയിലെ തന്നെ വമ്പൻ നഗരങ്ങളിൽ ചിലത് ഇന്ത്യയിലാണ് എന്നത് വിസ്മരിക്കുന്നില്ല. കേരളംപോലുള്ള സംസ്ഥാനങ്ങൾ അതിദ്രുതം നഗരവല്കരണ പ്രക്രിയയ്ക്കു വിധേയമായി തീർന്നുകൊണ്ടിരിക്കുന്നു എന്ന പരമാർഥവും അല്പവും മറക്കുന്നില്ല. പക്ഷേ, ഇന്ത്യ നിർവചിക്കപ്പെടുന്നതും നിർണയിക്കപ്പെടുന്നതും അതിന്റെ അസംഖ്യം പരിഷ്കൃതവും അപരിഷ്കൃതവുമായ ഗ്രാമങ്ങളുടെ അടിസ്ഥാനത്തിൽ തന്നെയാണ്. ഗ്രാമങ്ങളിലാണ് ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് എന്ന മഹാത്മജിയുടെ പ്രബോധനം അർഥപൂർണമാകുന്നതും ഇക്കാരണത്താൽ തന്നെയാണ്.

കാലവിളംബം ഇന്ത്യക്കാരെ സ്വാതന്ത്ര്യ പ്രാപ്തിയോടെ പിടികൂടിയ ഒരു മഹാരോഗമാണെന്നു പറയാം. രാഷ്ട്രവളർച്ചയുടെ മിക്കവാറും എല്ലാ മേഖലകളിലും നാം ഈ രോഗം അനുഭവിച്ചുകൊണ്ടിരിക്കുന്നു. അധികാര വികേന്ദ്രീകരണമെന്ന ഭരണഘടനാ തത്വത്തിനും പ്രയോഗ ഭൂമികയിലെത്താൻ വർഷങ്ങൾ ഏറെ വേണ്ടി വന്നു. ഭരണഘടനയിലെ നിർദ്ദേശകതത്വങ്ങളുടെ കാര്യത്തിൽ ഉദാസീനമാകാൻ ഭരണഘടന തന്നെ സ്റ്റേറ്റിനെ അനുവദിക്കുന്നതും ഈ കാലവിളംബത്തിനു കാരണമാകാം. ബൽവന്ത്റായിമേത്താ കമ്മറ്റി റിപ്പോർട്ടിനെ തുടർന്ന് 1950-കളുടെ അവസാനം ഏതാനും സംസ്ഥാനങ്ങളിൽ മാത്രം തുടക്കം കുറിച്ച പഞ്ചായത്ത് സംവിധാനം പിന്നെ അനേകം കമ്മീഷനുകളുടെ റിപ്പോർട്ടുകൾക്കു ശേഷമാണ് ഇന്നത്തെ ത്രിതല പഞ്ചായത്ത് സമ്പ്രദായമായി മാറിയത്. അപ്പോഴേക്കും സ്വാതന്ത്ര്യത്തിന്റെ അഞ്ചു പതിറ്റാണ്ടോളം കടന്നു പോയിരുന്നു.

72, 73-ാം ഭരണഘടനാ ഭേദഗതികളോടു കൂടി രാജ്യത്തു നടപ്പിലാക്കിയ പഞ്ചായത്തുരാജ്-നഗരപാലികാ നിയമത്തിന് സാങ്കേതികവും രാഷ്ട്രീയവുമായ പോരായ്മകൾ എന്തുതന്നെ ഉണ്ടായാലും ശരി അതു നിശ്ചയമായും അധികാര വികേന്ദ്രീകരണത്തിന്റെ ഉപാധിയാണ്. ഭരണഘടനാപരമായിതന്നെ അധികാരത്തിന്റെ കാര്യത്തിൽ മേധാവിത്വം പുലർത്തുന്ന കേന്ദ്രസർക്കാരിനെ കൂടുതൽ പ്രബലപ്പെടുത്താൻ ഈ നിയമം കൊണ്ടു കഴിയുന്നു. കാരണം സംസ്ഥാന സർക്കാരുടെ അധികാരമാണ് ഫലത്തിൽ പ്രാദേശിക സർക്കാരുകൾക്ക് പങ്കുവെച്ചു കൊടുക്കുന്നത്. യഥാർത്ഥ ഫെഡറലിസത്തിന്റെ അന്തഃസത്തയ്ക്ക് നിരക്കുന്നതല്ല ഇത്. എന്തായാലും ജനങ്ങളെ തങ്ങളുടെ സ്വന്തം സാമൂഹ്യ ഭാഗധേയത്വത്തിന്റെ സ്രഷ്ടാക്കളാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഇന്ത്യയിലെ വികേന്ദ്രീകൃതഅധികാരത്തിനും അതിന്റെ പ്രയോഗങ്ങൾക്കും വലിയൊരു പങ്കുണ്ട്.

കേരളത്തിൽ നിലവിൽ വന്ന ത്രിതലപഞ്ചായത്തു സംവിധാനം ഉപയോഗിച്ച് കേരളത്തിന്റെ വികസന പ്രശ്നങ്ങളെ എങ്ങനെ പരിഹരിക്കാം എന്ന പരീക്ഷണമാണ് വാസ്തവത്തിൽ ജനകീയാസൂത്രണ പദ്ധതി. ഇതിൽ വ്യാമോഹത്തിനും ദോഷൈക ദർശനത്തിനും പങ്കില്ല. അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാകണമെങ്കിൽ ആസൂത്രണം പ്രക്രിയയെ ജനകീയമാക്കണം. ആദ്യത്തേതിന് അനുപൂരകമത്രെ രണ്ടാമത്തേത്. കേരളത്തിൽ നടപ്പിലാക്കിയ കഴിഞ്ഞ എട്ടു പഞ്ചവത്സരപദ്ധതികളും കേന്ദ്രീകൃതമായി ആസൂത്രണം ചെയ്തവയായിരുന്നു. അതുകൊണ്ടു തന്നെ പാർടി-മുന്നണി വ്യത്യാസം കൂടാതെ അവയ്ക്കെല്ലാം ഏറെ പരിമിതികൾ ഉണ്ടായിരുന്നു. പുതിയ പഞ്ചായത്തു ഭരണം നിലവിൽ വന്നതിനുശേഷമുള്ള ഒമ്പതാം പദ്ധതി ജനകീയമായും വികേന്ദ്രീകൃതവുമായും ആസൂത്രണം ചെയ്യാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയാണ് കേരള സംസ്ഥാന സർക്കാർ പ്രകടിപ്പിച്ചിരിക്കുന്നത്. ഇത് ശ്ലാഘനീയമാണ്. അങ്ങനെ ഒമ്പതാം പഞ്ചവത്സര പദ്ധതി കേരളത്തിൽ ആദ്യന്തം ആസൂത്രണം ചെയ്യുന്നത് സെക്രട്ടറിയേറ്റിലിരുന്നായിരിക്കുകയില്ലെന്നു പ്രഖ്യാപിക്കപ്പെട്ടു. അതായത് തലകുത്തിനിന്ന വികസനാസൂത്രണ പ്രക്രിയയെ തലനിവർത്തി നിർത്താനുള്ള മഹായജ്ഞമാണ് ജനകീയാസൂത്രണം എന്നർത്ഥം.

കേരളത്തിൽ ജനകീയാസൂത്രണം അങ്ങേയറ്റം പ്രസക്തമാകുന്നതിനൊരു പശ്ചാത്തലം കൂടിയുണ്ട്. ഏതൊരു സമൂഹത്തിന്റെയും വളർച്ചയുടെ ആധാരം സാമ്പത്തികോല്പാദന വളർച്ചയാണ് എന്നത് ഒരു പ്രാഥമിക സത്യമാണ്. കേരളമാകട്ടെ സാമ്പത്തിക-സാമൂഹ്യരംഗത്ത് 'കേരള മോഡൽ' എന്നൊരു പ്രതിഭാസത്തിന് ജന്മമേകിയിരിക്കുന്നു. പ്രാഥമികവും ദ്വിതീയവുമായ ഉല്പാദന മേഖലകളായ കൃ

ഷി, വ്യവസായം എന്നിവയിൽ കേരളം ഭീതിദമായ വളർച്ചാ മുരടിപ്പിനെ നേരിടുന്നു. അതേസമയം സാമൂഹ്യജീവിത നിലവാരത്തിൻെറ കാര്യത്തിൽ കേരളം വികസിത രാജ്യങ്ങളോടൊത്തു നില്ക്കാം എന്ന അവസ്ഥയിലെത്തിയിരിക്കുന്നു. ഉയർന്ന ജീവിതനിലവാരത്തോതും താഴ്ന്ന ആളോഹരി വരുമാനവുമെന്ന ഈ വൈരുദ്ധ്യമാണ് 'കേരള മോഡലി'ൻെറ പിറകിലെ ഞെട്ടിപ്പിക്കുന്ന സത്യം. കേരളീയ ജനതയ്ക്ക് മുന്നേറണമെങ്കിൽ ഈ വൈരുദ്ധ്യം പരിഹരിക്കണം. കൃഷി, വ്യവസായം, അനുബന്ധ മേഖലകൾ എന്നിവിടങ്ങളിലെ ഉല്പാദനം വർദ്ധിപ്പിക്കണം. പരമപ്രധാനമായ ഈ ലക്ഷ്യമാണ് ജനകീയാസൂത്രണം മുന്നിൽവെയ്ക്കുന്നത്. ചിന്താശക്തിയുള്ള ഓരോ കേരളീയൻെറയും ജീവന്മരണ പ്രശ്നമാണിത്. ഒരു ഉപഭോക്തൃ സംസ്ഥാനം എന്ന ലജ്ജാകരമായ അവസ്ഥയിൽ നിന്നും ഒരു ഉല്പാദക സംസ്ഥാനം എന്ന നിലയിലേക്ക് നമ്മുടെ കേരളം വളരണം. രാഷ്ട്രീയ പരീക്ഷണങ്ങൾകൊണ്ട് ലോകശ്രദ്ധനേടിയകേരളം സാക്ഷരതായജ്ഞത്തിലൂടെ ലോകത്തിനു മാതൃകയായി. ഇപ്പോഴിതാ ലോകത്തിലെ തന്നെ ആദ്യത്തെ ജനകീയ പ്ലാനിംഗ് പദ്ധതിയിലൂടെ ആഗോളപ്രശസ്തി നേടുന്നു.

വളരെ പ്രതീക്ഷയോടും ആഹ്ലാദത്തോടും കൂടിയാണ് ജനകീയാസൂത്രണം പദ്ധതിയെ പന്മന പഞ്ചായത്ത് സ്വീകരിച്ചത്. പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ആദ്യപടിയായി ജില്ലാതലത്തിലെ ഒന്നാംഘട്ട പരിശീലനത്തിനായി കരുനാഗപ്പള്ളി ക്യാമ്പിലേക്ക് എട്ടു പേരെ പഞ്ചായത്തു സമിതി തെരഞ്ഞെടുത്തയച്ചു. അങ്ങനെ പരിശീലനം നേടിയ DRPമാരുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ ഒന്നാംഘട്ട ഏകദിന ശില്പശാല 19-9-96 രാവിലെ മുതൽ പഞ്ചായത്തു സാംസ്കാരിക നിലയത്തിൽ നടന്നു. തുടർന്ന് പതിനഞ്ചു വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. ഗ്രാമസഭകളിൽ എല്ലാംകൂടി ആകെ 3446 സമ്മതിദായകർ പങ്കെടുത്തു. വിശേഷാൽ ഗ്രാമസഭകളിലെ ശരാശരി അംഗസംഖ്യ 240 ആണ്. ജനകീയാസൂത്രണ പദ്ധതിയെന്ന നവീന ആശയത്തെ നേരിലറിയാനും പരിശോധിക്കാനും പന്മനയിലെ ജനാധിപത്യബോധമുള്ള പൗരന്മാർ ആവേശപൂർവ്വം ഗ്രാമസഭകളിൽ പങ്കുകൊണ്ടു. ഗ്രാമസഭകളുടെ അറിയിപ്പ് നേരത്തെ തന്നെ കൊടുത്തിരുന്നു. ഗ്രാമസഭാ കൺവീനർമാരായ പഞ്ചായത്തു മെമ്പറന്മാരുടെ നേതൃത്വത്തിൽ വീടുകൾതോറും കയറിയിറങ്ങി പൊതുപ്രവർത്തകർ പൗരന്മാരെ ഗ്രാമസഭകളിലേക്കു ക്ഷണിച്ചു. മാത്രമല്ല ഗ്രാമസഭകളിലെ ചർച്ചകളുടെ സ്വഭാവത്തെപ്പറ്റിയും മുന്നറിയിപ്പു നൽകിയിരുന്നു. തങ്ങളുടെ സാമൂഹ്യ ജീവിതത്തിൻെറ പ്രശ്നങ്ങൾ മുൻകൂട്ടി കുറെയൊക്കെ പഠിക്കാൻ ഇതുമൂലം പൗരന്മാർക്ക് അവസരം ലഭിച്ചു. ഗ്രാമസഭകളെപ്പറ്റി വ്യാപകമായ പ്രചരണം നടത്തുകയും ചെയ്തു. എന്തായാലും ഓരോ ഗ്രാമസഭയും പഴയവികസനബോധവും പുതിയ വികസന കാഴ്ചപ്പാടും തമ്മിലുള്ള സംഘർഷവേദിയായിരുന്നു. പഴയവികസന സംസ്ക്കാരത്തിൻെറ സ്ഥാനത്ത് പുതുതായി ഉണർവുകൊണ്ട ഒരു വികസന സംസ്കാരബോധം സ്ഥാപിക്കുന്ന മഹായജ്ഞത്തിൻെറ പ്രാഥമിക കളരികളായിരുന്നു ഈ വിശേഷാൽ ഗ്രാമസഭകൾ. കേരളത്തെക്കുറിച്ചും ലോകത്തെക്കുറിച്ചുമുണ്ടായിരുന്ന കട്ടപിടിച്ച ദുരന്തബോധത്തിനു പകരം യുക്തിഭദ്രമായ ഒരു ശുഭാപ്തി വിശ്വാസത്തിൻെറ കൈത്തിരി വെട്ടംപകരാൻ ഗ്രാമസഭാ ചർച്ചകൾക്കും DRPമാരുടെ വിശദീകരണങ്ങൾക്കും കഴിഞ്ഞു.

ചവറയിൽ നടന്ന രണ്ടാംഘട്ട DRP പരിശീലനത്തിൽ പന്മനയിൽ നിന്നും 14 പേർ പങ്കെടുത്തു. തുടർന്ന് അവരുടെ നേതൃത്വത്തിൽ 19-11-96ൽ രണ്ടാംഘട്ട പഞ്ചായത്ത് ഏകദിന ശില്പശാലയും നടന്നു.

രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ സമാപന പരിപാടിയായ പഞ്ചായത്തു സമഗ്രവികസന സെമിനാറിൽ അവതരിപ്പിക്കാനുള്ള റിപ്പോർട്ട് തയ്യാറാക്കലായിരുന്നു പിന്നീടു നടന്ന പ്രവർത്തനം. വിശേഷാൽ ഗ്രാമസഭകളിൽ നിന്നുള്ള റിപ്പോർട്ടുകൾ ക്രോഡീകരിക്കുകയും അപഗ്രഥിച്ചു പഠിക്കുകയും ചെയ്തു. അങ്ങനെ ലഭിച്ച വസ്തുതാപരമായ ദത്തങ്ങൾ, എട്ടാം പഞ്ചവത്സരപദ്ധതി നിർവഹണത്തെ അവലോകനം ചെയ്തുകൊണ്ട് I.C.D.S, B.D.O, ഫിഷറീസ്, കൃഷിഭവൻ, പി.എച്ച്. സെൻെറർ, വെറ്ററിനറി, കേരള ജലഅതോറിട്ടി, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ തുടങ്ങിയ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും സ്ഥിതി വിവരക്കണക്കുകളുടെയും അടിസ്ഥാനത്തിൽ പരിശോധിക്കുകയും പന്മനയുടെ ചരിത്ര പശ്ചാത്തലത്തിൽ വീണ്ടും പഠിക്കുകയും ചെയ്തു. മാത്രമല്ല പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കാൻ എല്ലാ വാർഡുകളിലും പഠനപര്യടനം നടത്തി വിവിരങ്ങൾ ശേഖരിക്കുകയും ചെയ്തു. അങ്ങനെ നേരത്തെ രൂപപ്പെടുത്തിയ വിവരങ്ങളെയും ദത്തങ്ങളെയും പഠനപര്യടന ഫലങ്ങളുമായി തട്ടിച്ചുനോക്കി അവയുടെ വാസ്തവികത ബോധ്യപ്പെടുകയും ചെയ്തു. പന്മനയുടെ പഴയ ചരിത്ര ഏടുകളിലേക്ക് പോകാൻ തലമുതിർന്ന കാരണവന്മാരുടെ സഹായവും തേടി. അതിനായി നവംബർ 23-ാം തീയതി ഉച്ചകഴിഞ്ഞു ചേർന്ന കാരണവസഭ മുഴുവൻ ജനകീയാസൂത്രണ പ്രവർത്തകർക്കും ഒരാവേശകരമായ അനുഭവമായിരുന്നു. 60 വയസ്സുകാരൻ മുതൽ 92-കാരൻവരെയുള്ള കാരണവസഭ കാണാൻ വമ്പിച്ച ജനാവലിയുമുണ്ടായിരുന്നു. ഒരു ചോദ്യാവലിയിലൂടെ അവരുടെ ഇനിയും മങ്ങാത്ത ഓർമ്മ ഒരു നേർത്ത സ്പർശമായി സഞ്ചരിച്ചപ്പോൾ കിട്ടിയത് പന്മനയുടെ പഴമയും ഗരിമയും . ○

# സാമൂഹിക - സാംസ്കാരിക ചരിത്ര പശ്ചാത്തലം

പല മനകളുടെ നാട് പന്മനയെന്നു പഴമൊഴി. പഴമൊഴി പടുമൊഴിയാകുന്നില്ലെന്ന് ചരിത്രപാഠം. പന്മനയുടെ ചരിത്രപ്രവേശം അന്വേഷിക്കുന്ന സാമൂഹ്യശാസ്ത്രകുതികൾക്കു, പക്ഷേ, താളിയോലപ്പഴമയാർന്ന രേഖകൾപോലും ദുർലഭം. ക്രിസ്തുവിനു മുമ്പ് തന്നെ ഈ പ്രദേശം വാണിജ്യരംഗത്ത് ശ്രദ്ധേയമായിരുന്നു എന്നു ചില ചരിത്രകൃതികൾ സൂചിപ്പിക്കുന്നു. പശ്ചിമതീരത്തെ ചെറുതും വലുതുമായ തുറമുഖങ്ങളിൽ ഒന്നായിരുന്നു പന്മന. ബന്മല എന്നാണ് ഇത് അക്കാലത്തു വ്യവഹരിക്കപ്പെട്ടിരുന്നത്. നിട്ടൂർ എന്ന നീണ്ടകര കഴിഞ്ഞാൽ അടുത്ത പ്രധാന തുറമുഖ പട്ടണം ബന്മല ആയിരുന്നത്രെ. ബുദ്ധമത സ്വാധീനം അക്കാലത്ത് ഈ പ്രദേശങ്ങളിൽ ശക്തമായിരുന്നു. ആര്യവൽക്കരണത്തിനു മുമ്പുള്ള നാടുകളായിരുന്നു അവ.

ആറുനൂറ്റാണ്ടെങ്കിലും പഴക്കമുള്ള ഉണ്ണുനീലി സന്ദേശത്തിലൂടെ പന്മനയെന്ന നാമധേയത്തിൻെറ പ്രചാരലബ്ധി നാമറിയുന്നു. മയൂരസന്ദേശത്തിലൂടെ പന്മനയെന്ന നാടിൻെറ പഴമയും പെരുമയും നമ്മുടെ ഹൃദയമസ്തിഷ്ക്കങ്ങളിൽ വികാരമായി വിചാരമായി നിറയുന്നു. ബൗദ്ധപ്രാമാണ്യത്തിൻെറ കാലത്തിനുശേഷം പന്മന പ്രദേശം വീണ്ടും സമൃദ്ധമാവുകയായിരുന്നു. മന്ത്രഗീതികൾ നിറഞ്ഞ വേദപാഠശാലകളും വൈദിക വിശുദ്ധിയുടെ മൂർത്തിരൂപമായ ക്ഷേത്രങ്ങളും കൊണ്ടു ധന്യമായിമാറിയ ഈ വെള്ളമണൽ പരപ്പിൽ ആര്യപ്രതാപത്തിൻെറ വൈജയന്തിപാറി. പന്ത്രണ്ടു ശതകങ്ങൾക്ക് അപ്പുറമെന്നോ അറബിക്കടലിൻെറ ഈ മനോഹരതീരത്തു കുടിയേറി സ്ഥിരവാസമുറപ്പിച്ച നമ്പൂതിരിമാരുടെ പിന്മുറക്കാരാണ് ഈ സസ്യ-ജന്തു സമൃദ്ധമായ തീരപ്രദേശത്തെ പന്മനയാക്കിയതെന്ന് ഊഹിക്കാം. ബൗദ്ധ-ആര്യ പ്രാമാണികതയ്ക്കും മുമ്പ് ഇവിടെ ദ്രാവിഡ സംസ്കൃതി നിലനിന്നിരുന്നു എന്നു പറയാൻ ഇന്നു കഴിയുന്നില്ല. എന്തായാലും കരിമണലിൻെറയും വെൺമണലിൻെറയും ഈ സംഗമഭൂവിൽ ഉദിച്ചസ്തമിച്ച പ്രതാപൈശ്വര്യങ്ങളുടെ കഥകൾ പന്മനക്കാരുടെ പാരമ്പര്യത്തിൻെറ ചെപ്പേടുകളിൽ കാലം വരഞ്ഞിട്ടിരിക്കുന്നു.

നൂറ്റാണ്ടുകൾക്കുശേഷം പന്മന പിന്നീട് ഉയിർന്നെഴുന്നേൽക്കുന്നത് ദേശീയ സ്വാതന്ത്ര്യസമരത്തിൻെറ കാലത്താണ്. വൈദേശീകാധിപത്യത്തിൻെറ ഭീകരതകൾക്കു മുമ്പിൽ ധീരതയുടെ ഉരുക്കുകോട്ടയായി മാറിയ ഭാരതീയത ഇന്ത്യയാസകലം ഉണർന്നെഴുന്നേറ്റപ്പോൾ പന്മനയും സർവ്വംകഷമായ ആ പ്രക്ഷുബ്ധതയിൽ അന്യമായി നിന്നില്ല. കോൺഗ്രസ് ഗോപാലപിള്ളയും കുമ്പളത്തു ശങ്കുപ്പിള്ളയും എം.കെ. രാമനും, ജി.എം. ഫെറിയയും എം.എസ്. നീലകണ്ഠനും ഉൾപ്പെടെ നിരവധി കർമ്മധീരയുവാക്കളെ സ്വാതന്ത്ര്യസമരഭൂവിൽ പന്മന സമർപ്പിച്ചു. അവർകൂടി പൊരുതി നേടിയ വിജയമാണ് ഇന്ത്യൻ സ്വാതന്ത്ര്യമെന്ന് ഒരു നിമിഷനേരത്തേക്കു പോലും നമുക്കു വിസ്മരിക്കാനാവില്ല. ബ്രിട്ടീഷുകാരൻ എറിഞ്ഞിട്ടു തന്ന ഭിക്ഷയല്ല നമ്മുടെ സ്വാതന്ത്ര്യമെന്ന് ഇവരുടെ ജീവിതം തന്നെ സാക്ഷ്യപ്പെടുത്തുന്നു. അവരിൽ പലരും കൊടിയമർദ്ദനമേറ്റ് ജീവിക്കുന്ന രക്തസാക്ഷികളായി മാറി. ആദ്യം പന്മനയിൽ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിനു നേതൃത്വം നൽകിയ കുമ്പളത്തു ശങ്കുപ്പിള്ള പിന്നീട് തിരുവിതാംകൂറിലും തിരുക്കൊച്ചിയിലും നിറഞ്ഞു നിന്ന രാഷ്ട്രീയ ആജ്ഞാശക്തിയായി മാറി.

ജാതിവിരുദ്ധ - അനാചാര ഉന്മൂലനസമരങ്ങൾക്കും പന്മനയിൽ നേതൃത്വം നൽകിയത് കുമ്പളത്തു ശങ്കുപ്പിള്ളയാണ്. ശ്രീ നാരായണഗുരുവിൻെറ നേതൃത്വത്തിൽ കേരളക്കരയാകെ ആഞ്ഞടിച്ച സാമൂഹിക നവോത്ഥാന പ്രക്ഷോഭത്തിൻെറ കൊടുങ്കാറ്റ് പന്മനയിലെ അധ:സ്ഥിത ജനവിഭാഗങ്ങളെ ഉണർത്തി. സവർണ വിഭാഗങ്ങളിലെ ഉല്പതിഷ്ണുക്കളും ഗുരുവിൻെറ ആഹ്വാനങ്ങളോട് ഭാവാത്മകമായി പ്രതികരിച്ചു. ക്ഷേത്രപ്രവേശന വിളംബരത്തെ നോക്കി കൊഞ്ഞനം കുത്തി അവഗണിച്ച യാഥാസ്ഥിതികകോമരങ്ങളെ വിരട്ടി, വിറപ്പിച്ച് കണ്ണൻകുളങ്ങര ക്ഷേത്രത്തിൽ അധ:സ്ഥിതജനങ്ങളെ കൈപിടിച്ചു കയറ്റിയതു കുമ്പളത്ത് ശങ്കുപ്പിള്ളയുടെയും കൂട്ടരുടേയും കൈക്കരുത്തായിരുന്നു. അയിത്തോച്ചാടന പ്രവർത്തനങ്ങളിൽ മുമ്പേ നടന്ന ഗ്രാമമായിരുന്നു പന്മന. കൊറ്റങ്കുളങ്ങര ക്ഷേത്രക്കുളത്തിൽ അയിത്തജാതിക്കാർക്കു കുളിക്കാൻ ഏർപ്പാടാക്കി കാവൽ നിന്നതും പനയന്നാർകാവിൽ വച്ച് നാനാജാതി മതസ്ഥരെ പങ്കെടുപ്പിച്ച് പന്തിഭോജനം നടത്തിയതും ഇതേ ശക്തികളായിരുന്നു.

സ്വാതന്ത്ര്യസമരകാലത്തു തന്നെ ഇവിടെ ട്രേഡ്യൂണിയനുകൾ പ്രവർത്തിച്ചു തുടങ്ങിയിരുന്നു. എം.കെ. രാമൻെറ നേതൃത്വത്തിൽ രൂപംകൊണ്ട നാവികത്തൊഴിലാളിയൂണിയൻ ആ രംഗത്തെ കേരളത്തിലെ ആദ്യത്തെ ട്രേഡ് യൂണിയനാണ്. കിസാൻ സഭയുടെ പ്രവർത്തനം വളരെ ആദ്യകാലം മുതലേ ഉണ്ടായിരുന്നു. ജന്മിത്വത്തിനെതിരായി ഉയർന്നു വന്ന കുടിയാന്മാരുടെ അമർഷത്തിന് സമൂർത്ത രൂപം നൽകി ഒരു പ്രക്ഷോഭത്തിൻെറ തലത്തിലേക്കു വളർത്താൻ ഇവിടെ കഴിഞ്ഞിരുന്നില്ല എന്നത് ഒരു സത്യം മാത്രമാണ്. അതേ സമയം, സ്വാതന്ത്ര്യസമരത്തിൻെറയും പിന്നെ കമ്യൂണിസ്റ്റുകാരുടെ സ്വതന്ത്രമായ പ്രവർത്തനത്തിൻെറയും രൂപത്തിലുള്ള രാഷ്ട്രീയ ചലനങ്ങളിൽ കാർഷികരംഗത്തെ അസ്വാസ്ഥ്യം അലിഞ്ഞു കിടക്കുന്നതായി കാണാം. എന്നാൽ സ്വാതന്ത്ര്യാനന്തര കാലയളവിൽ കർഷകപ്രസ്ഥാനം അതിശക്തമായിത്തീർന്നു. ഇന്ന് കരുനാഗപ്പിള്ളി താലൂക്കിൽ പ്രവർത്തിക്കുന്ന ഏറ്റവും നല്ല കർഷക സംഘടനായൂണിറ്റുകൾ പന്മനയിലുണ്ട്. പന്മന സ്വദേശിയായ എം. കെഭസ്കരൻ ഒരു കർഷകസംഘടനയുടെ സംസ്ഥാന പ്രസിഡൻറ് ആണ്. കർഷകത്തൊഴിലാളി പ്രസ്ഥാനത്തിനും കർഷക പ്രസ്ഥനത്തിനു സമാനമായ ഒരു ചരിത്രമാണ് ഇവിടെയുള്ളത് ട്രേഡ്യൂണിയൻ പ്രവർത്തനം ഇന്നിവിടെ വ്യാപകമാണ്. ഈ പഞ്ചായത്തിലെ പണിയെടുക്കുന്ന ജനങ്ങളിൽ ഏറെപ്പേരും സംഘടിതതൊഴിലാളികളാണ്.

ആറര ചതുരശ്ര മൈൽ വിസ്തീർണ്ണമുള്ള പന്മന, സ്വാതന്ത്ര്യാനന്തരം നിരവധി മേഖലകളിൽ പുരോഗതിപ്രാപിച്ചു. ഗ്രാമത്തിൻെറ മുഖച്ഛായതന്നെ മാറിയെന്നു പറയാം. പക്ഷേ, വളർച്ചയുടെ പ്രശ്നങ്ങൾ പിന്നെയും പന്മനയെ അലട്ടുന്നു. ഹിന്ദുക്കളും മുസ്ലി

ങ്ങളും ക്രിസ്ത്യാനികളും സാഹോദര്യത്തോടെ ഇവിടെ കഴിഞ്ഞു വരുന്നു. പുരോഗമനവാദികളായ നിർമ്മതരുടെ സാന്നിദ്ധ്യവും ഇവിടെയുണ്ട്.

ആദ്യകാലത്ത് പന്മനയിൽ കൃഷിഭൂമി ഏഴോ എട്ടോ ജന്മി കുടുംബങ്ങളുടേതായിരുന്നു. ജന്മി-കുടിയാൻ ബന്ധമാണ് പന്മനയിൽ നിലനിന്നത് എന്നർത്ഥം. ക്രമേണ ഈ ഭൂഉടമസ്ഥതയിൽ മാറ്റം വരുകയായിരുന്നു. ജന്മിമാരിൽ നിന്നും പാട്ടത്തിനു ഭൂമിയെടുത്തു കൃഷിയിലേർപ്പെട്ട നായർ ഈഴവരാദി ജാതിക്കാർ നിലവിൽവരുന്നു. എങ്കിലും ഏറ്റവും താഴേതട്ടിൽ അന്നുണ്ടായിരുന്നു പട്ടികജാതിക്കാർക്ക് പാട്ടകൃഷിക്കാരുടെ സ്ഥാനംപോലും കിട്ടിയിരുന്നില്ല എന്നോർക്കണം. ആദ്യത്തെ കേരളാ സർക്കാരിൻെറ സുപ്രസിദ്ധമായ കാർഷിക പരിഷ്ക്കരണ ശ്രമങ്ങളും പ്രവർത്തനങ്ങളുമാണ് പന്മനയുടെ മണ്ണിലും ഉടമസ്ഥതയിൽ മൗലികമായ ഉടച്ചുവാർക്കലിനു നിദാനമായത്. കേരളത്തിലെ ലക്ഷോപലക്ഷം കുടിയാന്മാരെപ്പോലെ പന്മനയിലെയും നാനാജാതിമതസ്ഥരായ കുടിയാന്മാർക്ക് ഒരു തുണ്ടു ഭൂമി സ്വന്തമായി ലഭിച്ചു.

വിദ്യാഭ്യാസരംഗത്ത് പന്മനയ്ക്ക് മഹിമയാർന്നൊരു പാരമ്പര്യമുണ്ട്. ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള മൂന്നു വിദ്യാഭ്യാസസ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട് - വടക്കുംതല സെൻറ് അലോഷ്യസ് എൽ.പി. സ്ക്കൂൾ,കൊല്ലക സി.എം.എസ് എൽ.പി. സ്ക്കൂൾ ശങ്കരമംഗലത്തെ ചവറ ഹൈസ്ക്കൂൾ ഇന്ന് പഞ്ചായത്തിൽ ഒരു അൺ എയിഡഡ് ഇംഗ്ലീഷ് ഹൈസ്ക്കൂൾ അടക്കം 5 ഹൈസ്ക്കൂളുകളും 4 യു.പി. സ്ക്കുളുകളും 7 എൽ.പി. സ്ക്കുളുകളും പ്രവർത്തിക്കുന്നു. വിദ്യാഭ്യാസം ചെയ്യാത്ത കുട്ടികളുടെ എണ്ണം തുലോം കുറവാണ്. സമ്പൂർണ്ണസാക്ഷരതായജ്ഞത്തിൻെറ ഫലമായി സാക്ഷരതയുടെ കാര്യത്തിൽ പന്മന വളരെ മുമ്പിലാണ്. മുതിർന്ന തലമുറയിൽ നിരക്ഷരരുടെ സംഖ്യ വളരെ കുറവാണ്. അവശേഷിച്ചവരാകട്ടെ, നിത്യരോഗകളോ സാക്ഷരതാ ക്ലാസ്സുകളിൽ പോയി പഠനം നടത്താൻ കഴിയാത്തവരുമാണ്. പന്മന ഇന്ന് അഭിമുഖികരിക്കുന്ന പ്രധാന വിദ്യാഭ്യാസ പ്രശ്നങ്ങളിലൊന്ന് കൊഴിഞ്ഞു പോകലിൻേറതാണ്. കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവരെ തിരികെ സ്ക്കൂളിൽ തന്നെ എത്തിക്കാനുള്ള അനുസ്യൂത പ്രവർത്തനം നടത്താൻ കഴിയണം. പ്രാഥമിക വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ കൂടുതൽ ശ്രദ്ധചെലുത്താൻ കഴിയണം. കൂടുതൽ നഴ്സറി സ്ക്കൂളും എൽ.പി. സ്ക്കൂളുകളും യു.പി. സ്ക്കൂളുകളും ഇവിടെ ഉണ്ടാകണം.

ആരോഗ്യത്തിൻെറ രംഗത്തും മുന്നോറിയിട്ടുണ്ട്. ഒരു കാലത്ത് അനാരോഗ്യത്തിൻെറ യാതനാനിർഭരമായ ബാല്യ-കൗമാര-യൗവ്വനങ്ങൾ താണ്ടിവളർന്നവർക്ക് ഇന്ന് നാടുകൈവരിച്ച പൊതുജനാരോഗ്യ രംഗത്തെ മുന്നേറ്റം അതിശയകരമായി തോന്നാം. പക്ഷേ, ഈ രംഗത്തും വളർച്ചുയുടെ പ്രശ്നങ്ങൾ അനവധി ഇന്ന് ടൈറ്റാനിയം ജംഗ്ഷനിലെ ഒരു കമ്യൂണിറ്റി സെൻറർ ഉൾപ്പെടെ അനേകം ആതുരാലയങ്ങൾ ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. സർക്കാൻ മേഖലയിലും സ്വകാര്യമേഖലയിലുമുള്ള ഈ ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം പക്ഷേ, മതിയായതല്ല എന്നു പറയേണ്ടതുണ്ട്. ജനനനിരക്കും മരണനിരക്കും ഗണ്യമായി കുറഞ്ഞെങ്കിലും രോഗാതുരതയുടെ നിരക്ക് വർദ്ധിച്ചിട്ടുണ്ട്. പകർച്ചവ്യാധികളും മറ്റും നിയന്ത്രണാധീനമാണ്. പക്ഷേ, രോഗാക്രമണത്തിൻെറ സാധ്യത മറ്റെന്നത്തെക്കാളും കൂടുതലാണ്. ടൈറ്റാനിയം രാസഫാക്ടറി സൃഷ്ടിക്കുന്ന ജലമലീനകരണം, അന്തരീക്ഷമലിനീകരണം, മണ്ണുമലിനീകരണം ഇവമൂലം രോഗസാധ്യതയുടെ അളവ് കൂടിയിരിക്കുന്നു.

പാർപ്പിട രംഗത്തും അഭിലഷണീയമായ മാറ്റങ്ങളാണുള്ളത്. അംഗുലീ പരിമിതമായ എട്ടുകെട്ടുകളുടെയും നാലുകെട്ടുകളുടെയും അസംഖ്യം കുടിലുകളുടെയും സ്ഥാനത്ത് ഇപ്പോൾ ആധുനിക വാസ്തുശില്പമാതൃകയിലുള്ള വീടുകൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. മുമ്പു തന്നെ കുടിലുകൾ കട്ടകെട്ടി ഓലമേഞ്ഞ വീടുകൾക്ക് വഴിമാറിയിരുന്നു.

കടൽകടന്നൊഴുകിവന്ന ഗൾഫ് പണം പന്മനയിലെ പാർപ്പിട മേഖലയിൽ വിപ്ലവം തന്നെ സൃഷ്ടിച്ചു. പുതിയ ബഹുനില കെട്ടിടങ്ങൾ, ഇരുനിലവീടുകളും അവിടവിടെ ഉയർന്നുവന്നു. പഴയ സുഖകരമായ വീടുകൾ പൊളിച്ചു മാറ്റുന്നതിലേക്കു വരെ ഈ പാർപ്പിട പരിഷ്ക്കാരം നീണ്ടുപോയി എന്നതു ശ്രദ്ധിക്കേണ്ടതാണ്. അതേസമയം സ്ഥിരം വീടില്ലാത്തതും മെച്ചപ്പെട്ട വീടില്ലാത്തതുമായ കുടുംബങ്ങളുടെ എണ്ണം അവഗണിക്കാനാവത്തതുമാണ്.

ഗതാഗതരംഗത്തു വന്ന മാറ്റവും ആശാവഹാമാണ്. റോഡിഗതാഗതവും ജലഗതാഗതവുമാണ് പഞ്ചായത്തിലെ ഗതാഗതമാർഗ്ഗങ്ങൾ. റയിൽവേ ഗതാഗതം ഇവിടെയില്ല. സ്വാതന്ത്ര്യപ്രാപ്തിക്കും ഏറെനാൾ കഴിഞ്ഞാണ് ഇവിടെ ഗതാഗതം വളർച്ചയുടെ പാതയിലേക്കെത്തുന്നത്. 47-ാം ദേശീയപാതയും കോവളം-കോട്ടപ്പുറം ദേശീയ ജലപാതയും പന്മനയിലൂടെ കടന്നുപോകുന്നു. ഒരു സിരാപടലം പോലെ റോഡുകൾ പൊന്മനയൊഴിച്ച് മറ്റ് എല്ലാവാർഡുകളെയും ബന്ധിപ്പിച്ച് നിലവിലുണ്ട്. ടാർ ചെയ്തറോഡുകൾ പക്ഷേ, കുറവാണ്. മിക്ക പക്കാറോഡുകളും കച്ചാറോഡുകളും ടാർ ചെയ്യേണ്ടതുണ്ട്. പന്മനയുടെ മണ്ണിൻെറ പ്രത്യേകതമൂലം ടാർ ചെയ്യാത്ത റോഡുകൾ അറ്റകുറ്റപ്പണി നന്നായാൽപോലും വർഷകാലത്തു തകർന്നുപോകുന്നു.

വസ്ത്ര രംഗത്തെ മാറ്റങ്ങൾ രസാവഹങ്ങൾ കൂടിയാണ്. അതിദ്രുതം മാറിക്കൊണ്ടിരിക്കുന്ന ഫാഷനുകൾ പന്മനയിലെ യുവത്വത്തെയും ലഹരിപിടിപ്പിക്കുന്നുണ്ട്. മുതിർന്ന തലമുറ മുണ്ടു ഷർട്ടും സാരിയും ബ്ലൗസും ഒക്കെ ഉപയോഗക്കുമ്പോൾ പുതിയതലമുറ പാൻറ്സും ഷർട്ടും, ചുരിദാറും ഫാഷൻ സ്കർട്ടുകളും തെരഞ്ഞെടുക്കുന്നു.

സാംസ്കാരിക രംഗത്തും വമ്പിച്ച പുരോഗതി സംജാതമായിട്ടുണ്ട്. ഗ്രാമോദ്ധാരണ പദ്ധതിയുടെ ഭാഗമായി രൂപം കൊണ്ട മൂന്നു വായനശാലകളായിരുന്നു ആദ്യമിവിടെ ഉണ്ടായിരുന്നത്. ചിറ്റൂർ, കണ്ണൻകുളങ്ങര, പനയന്നാർകാവ് എന്നീ സ്ഥലങ്ങളിലാണ് ഇവ നിർമ്മിക്കപ്പെട്ടത്. ഇന്ന് ആറു ഗ്രന്ഥശാലകളും നിരവധി വായനശാലകളും അമ്പതിലധികം കലാ-കായിക സമിതികളും പ്രവർത്തിച്ചു വരുന്നു. കായികരംഗത്തും വളർച്ച ഉണ്ടായിട്ടുണ്ട്. കേരളത്തിൽ പ്രവർത്തിക്കുന്ന മിക്കവാറും എല്ലാ രാഷ്ട്രീയപ്പാർട്ടികളുടെയും യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നു. വിവിധ യുവജനസംഘടനകളുടെയും വനിതാസംഘടനകളുടെയും യൂണിറ്റുകളും ഇവിടെ നിലവിലുണ്ട്.

പന്മന പഞ്ചായത്ത് നിലവിൽ വന്നത് 1953 ആഗസ്റ്റിലാണ് ആദ്യം 11 വാർഡുകളാണുണ്ടായിരുന്നത്. ആവർഷം ഒക്ടോബറിൽ ഒരു പ്യൂണിനെ നിയമിക്കുന്നതുവരെ പഞ്ചായത്തു കമ്മറ്റി അംഗങ്ങൾ മാത്രമായിരുന്നു ഓഫീസ് കാര്യങ്ങൾ നിർവഹിച്ചിരുന്നത്. 1954 ഫെബ്റുവരിയിൽ ഒരു പാർട്ട് ടൈം ക്ലാർക്കിനെ നിയമിച്ചു. 1956 ജൂലൈയിലാണ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കുന്നത്. പന്മന പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിഡൻറ് ചെമ്പകശ്ശേരിൽ വി. ശങ്കരപ്പിള്ള ബി.എ. ആയിരുന്നു. തുടർന്ന് പി. ശ്രീധരൻ, എൻ. ജനാർദ്ദനൻ

പിള്ള, വൈ. ഖദീജാ ബീവി, എന്നിവരും പ്രസിഡൻറുമാരായി. ആദ്യത്തെ വൈസ്പ്രസിഡൻൻറ് ഏ. മുഹമ്മദ് കുഞ്ഞായിരുന്നു. അദ്ദേഹത്തെ തുടർന്ന് ആ സ്ഥാനം വഹിച്ചിരുന്നവർ വി. ശ്രീധരൻപിള്ള, വി.കെ. മാധവൻ പിള്ള, അഡ്വ. കെ. ഉദയൻ എന്നിവരാണ്. ഇപ്പോഴത്തെ പ്രസിഡൻറ് ഏ. അബ്ദുൽ സലാം രണ്ടാം തവണയാണ് ആ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. 15 അംഗങ്ങളുള്ള ഇപ്പോഴത്തെ പഞ്ചായത്തു സമിതിയുടെ വൈസ് പ്രസിഡൻറ് വി. രമേശ് ബാബുവും, സ്റ്റൻറിംഗ് കമ്മറ്റി ചെയർമാൻ പി.എൻ. വേണുഗോപാലപിള്ളയുമാണ്. പി.എം. ചാക്കോ (കൊല്ലക) അഡ്വ. കെ. ഉദയൻ (വടക്കുന്തല കിഴക്ക്) പി. പുഷ്പകുമാരി (മുല്ലക്കേരി) എസ്. രമണി (മനയിൽ) എസ്. വത്സലാകുമാരി (നടവത്തുചേരി) കോലത്തു വേണുഗോപാൽ (കോലം - കളരി), ഗില്ലറ്റ് ഫെറിയാ (മേക്കാട്) സി. രാജപ്രഭ (പൊന്മന) ഇ. ഷംസുദ്ദീൻ (കണ്ണൻകുളങ്ങര) എൻ. ഭാവന (പോരുക്കര) കെ. മുരളീധരൻ (വടക്കുംതല മേക്ക്) അഡ്വ. ഇ. യൂസഫ്കുഞ്ഞ് (മാവേലി) എന്നിവരാണ് മറ്റു പഞ്ചായത്തു സമിതി അംഗങ്ങൾ. 1953 - 54 ബഡ്ജറ്റിൽ 5497 രൂപ 11 അണ വരവും 4930 രൂപ ചെലവും 567 രൂപ 11 അണ മിച്ചവും പ്രതീക്ഷിച്ചിരുന്നു. എന്നാൽ 1996 - 97 ലെ ബഡ്ജറ്റ് പ്രതീക്ഷ ശ്രദ്ധിക്കുക. 9996711 രൂപ വരവും 9432000 ചെലവും 564711 രൂപ മിച്ചവും.

സ്വാതന്ത്ര്യനന്തരം പന്മനഗ്രാമം നേടിയ സാമൂഹിക വളർച്ച അസമമാണ് എന്നതാണ് മുഖ്യപ്രശ്നം. പുതിയ നേട്ടങ്ങളെ തുല്യമായി പങ്കുവെയ്ക്കാൻ കഴിയുന്നില്ല. സാമൂഹ്യരംഗത്തുവന്ന മാറ്റങ്ങളുടെ തോതിൽ ഉല്പാദനരംഗത്തു വമ്പൻ കുതിപ്പുകൾ നടത്താൻ കഴിയാതെപോയി. കൃഷിയും വ്യവസായവും സേവനത്തുറയും വികസിപ്പിച്ചുകൊണ്ടേ സാമൂഹ്യനേട്ടങ്ങളെ ഉറപ്പിച്ചു നിർത്താനാകൂ. അദ്യന്തികമായി ഏതുരംഗത്തെ വളർച്ചയും സമമായി വിതരണം ചെയ്യുന്ന തരത്തിൽ ഉല്പാദനബന്ധങ്ങിൾ മാറ്റം വരികയും വേണം.

# ഭൂപ്രകൃതിയും വിഭവങ്ങളും

**കൊ**ല്ലം ജില്ലയിലെ ചവറ ബ്ലോക്കിൽ ഉൾപ്പെടുന്ന പന്മന പഞ്ചായത്ത് അക്ഷാംശം 9 മുതൽ 9°2' വടക്കും രേഖാംശം 76°32' മുതൽ 76°33' കിഴക്കും സ്ഥിതി ചെയ്യുന്നു. ഈ പഞ്ചായത്തിനെ കരുനാഗപ്പള്ളി താലൂക്കിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വടക്കുംതല, പന്മന എന്നീ രണ്ടു വില്ലേജുകൾ ചേർന്നതാണ് പന്മന പഞ്ചായത്ത്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ 58C/12 ടോപ്പോഷീറ്റിലാണ് ഈ പഞ്ചായത്ത് രേഖപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിൻെറ അതിരുകളിൽ വടക്ക് കരുനാഗപ്പള്ളിയും വടക്ക്കിഴക്ക് തൊടിയൂരും കിഴക്ക് തേവലക്കരയും തെക്ക് ചവറയും പടിഞ്ഞാറ് അറേബ്യൻ കടലുമാണ്. ചിത്രം1. ആകെ 15 വാർഡുകൾ ഉള്ള പഞ്ചായത്തിൻെറ വിസ്തീർണ്ണം 16.85 ച.കി.മീയാണ്. ഇവിടുത്തെ ഹെഡ് ക്വാർട്ടേഴ്സ് കണ്ണംകുളങ്ങരയാണ്. പന്മന പഞ്ചായത്തിലെ 15 വാർഡുകളുടെ പേരുകൾ പട്ടിക 1 ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് പന്മന പഞ്ചായത്തിനെ ഉയർന്ന മണൽത്തിട്ടകളും അവയ്ക്കിടയിലെ സമതലങ്ങളും നിറഞ്ഞ തീരസമതലമായി കണക്കാക്കാം. ചിത്രം 2. പഞ്ചായത്തിൻെറ ചരിവ് വടക്ക്കിഴക്കുനിന്നും പടിഞ്ഞാറോട്ടാണ്. പടിഞ്ഞാറുനിന്നും കിഴക്കോട്ട് പോകുമ്പോൾ ഉയരം കൂടുന്നതായി കാണാം. ഏറ്റവും ഉയർന്നഭാഗം വടക്കുംതല കിഴക്കാണെങ്കിലും സമുദ്രനിരപ്പിൽ നിന്നും 20 മീറ്റർ താഴെയാണ്. ഇവിടുത്തെ പ്രധാന തോട് പഞ്ചായത്തിൻെറ പടിഞ്ഞാറുഭാഗത്തുകൂടി ഒഴുകി വടക്ക് കായംകുളം കായലിൽ ചെന്നു ചേരുന്നു. ആകെ 16.85 ചതുരശ്ര കിലോമീറ്ററുള്ള പന്മന പഞ്ചായത്തിൻെറ 75% മൺതിട്ടകളും 25% സമതലവുമാണ്.




ചിത്രം 2




ചിത്രം 1

**പട്ടിക 1**

| വാർഡ് | പേര് |
|---|---|
| 1 | കൊല്ലക |
| 2 | വടക്കുംതല |
| 3 | വടക്കുംതല കിഴക്ക് |
| 4 | മുല്ലക്കേരി |
| 5 | മനയിൽ |
| 6 | നടുവത്തുചേരി |
| 7 | കളരികോലം |
| 8 | മേക്കാട് |
| 9 | പൊന്മന |
| 10 | ചിറ്റൂർ |
| 11 | കണ്ണങ്കുളങ്ങര |
| 12 | പോരൂക്കര |
| 13 | വടക്കുംതല മേക്ക് |
| 14 | മാവേലി |
| 15 | ചോല |

## മണ്ണ്

പഞ്ചായത്ത് തീരപ്രദേശത്തായതിനാൽ ഉപരിതലത്തിൽ മണൽ നിറഞ്ഞ പശമരാശി മണ്ണാണ് പൊതുവേ കണ്ടു വരുന്നത്. എന്നാലും ചില വകഭേദങ്ങളുമുണ്ട്. പാടങ്ങളിൽ ഫലഭൂയിഷ്ടമായ നദീതീര എക്കൽ മണ്ണാണ്. കൃഷിഭവൻ രേഖകൾ പ്രകാരം 7, 6, 5, 14, 15, 13, 10, 12, 9 വാർഡുകളിൽ മണൽ കാണപ്പെടുന്നു. മൂന്നാം വാർഡിൽ ലാറ്ററൈറ്റ് മണ്ണും എട്ടും, ഒൻപതും വാർഡുകളിൽ ലോഹമണലുമുണ്ട്. ഈ മണലിൽ വളരെയധികം മോണൊസയിറ്റ്, ഇൽമെനൈറ്റ് എന്നിവ അടങ്ങിയിട്ടുണ്ട്. ഇതിൽ നിന്നും ഇൽമെനൈറ്റ് വേർതിരിച്ചെടുത്ത് കേരള മെറ്റൽസ് മിനറൽസ് ലിമിറ്റഡിൽ ഉപയോഗിക്കുന്നു. ഇതിനെല്ലാം പുറമേ ഒന്നും രണ്ടും വാർഡുകളിൽ ചെമ്മണ്ണും കാണുന്നു.

## കാലാവസ്ഥ

മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക വ്യവസ്ഥയാണ് പന്മനയിൽ നിലനിൽക്കുന്നത്. കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിലെ കണക്കുപ്രകാരം ശരാശരി 3036 മി.മി മഴയാണ് 1991-ൽ ലഭിച്ചത്. വർഷപാതത്തിൻെറ കണക്കുകൾ പരിശോധിച്ചാൽ ഇവിടെ ലഭിക്കുന്ന. 75 ശതമാനം മഴയും ഇടവപ്പാതിയിൽ നിന്നാണെന്ന് കാണാം. ജൂൺ, ജൂലായ് ആണ് കൂടുതൽ മഴ ലഭിക്കുന്ന മാസങ്ങൾ. മഴ ഏറ്റവും കുറവ് ജനുവരി ഫെബ്രുവരി മാസത്തിലാണ്. (ചിത്രം3ൽ പട്ടിക2) 1991ലും 1993ലും ലഭിച്ച മഴയുടെ അളവിൽ വളരെ വ്യത്യാസമുണ്ടെന്ന് ചിത്രത്തിൽ നിന്നും വ്യക്തമാകും. ഇടവപ്പാതിയിലും തുലാവർഷത്തിലും ലഭിയ്ക്കുന്ന മൺസൂൺ മഴയുടെ അളവിലും ഓരോ വർഷവും വ്യത്യസ്തമായിരിയ്ക്കുമെന്ന് (ചിത്രം 4) മനസ്സിലാക്കാം. 1988 മുതൽ 93വരെ ഇടവപ്പാതിയിലും തുലാവർഷത്തിലും ലഭിച്ച വർഷപാതം (പട്ടിക 4) ചേർക്കുന്നു. ഇടവപ്പാതിയിൽ ഏറ്റവും കൂടുതൽ മഴ ലഭിച്ചത് 1991-ലും ഏറ്റവും കുറവ് മഴ ലഭിച്ചത് 1990-ലുമാണ്. 1992-ൽ തുലാവർഷമഴയും ഇടവപ്പാതി മഴയും ഏകദേശം ഒരേയളവിൽ ലഭിച്ചിട്ടുണ്ട്. കാലവർഷത്തെ ആശ്രയിച്ചു കഴിയുന്ന കർഷകരെ വർഷപാതത്തിലുള്ള വ്യത്യാസങ്ങൾ സാരമായി ബാധിക്കും.

## ജല ലഭ്യത

പന്മന പഞ്ചായത്ത് തോടുകളാലും കുളങ്ങളാലും ജലസമൃദ്ധമാണ്. ഒന്നു മുതൽ രണ്ടു മീറ്റർ ശരാശരി വീതിയുള്ള അൻപത്തഞ്ച് തോടുകളാണീ പഞ്ചായത്തിനുള്ളത്. (പട്ടിക 4) കൂടാതെ പഞ്ചായത്തു വക പതിനാലു കുളങ്ങളുമുണ്ട്. ആസ്തി ഭൂപടം പഠിച്ചാൽ പൊതുവേ ജലസമൃദ്ധമാണെങ്കിലും ഇവിടെ വറ്റുന്ന കിണറുകളുമുണ്ട്. എന്നാൽ മറ്റു പ്രദേശങ്ങളിലൊന്നും തന്നെ ജലദൗർലഭ്യമില്ല. പഞ്ചായത്തിലെ ചർച്ചയിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന് - ഏഴ്, എട്ട്, പത്ത്, പതിനൊന്ന് വാർഡുകളിലെ കിണറുകളിലുള്ള ജലത്തിന് പുളിപ്പ്രസം അനുഭവപ്പെടുന്നു എന്നാണ് ഇത് സമീപത്ത് സ്ഥാപിച്ചിരിയ്ക്കുന്ന കേരള മെറ്റൽസ് ആൻഡ് മിനെറൽസിൽ നിന്നും വിടുന്ന ശുദ്ധീകരിയ്ക്കാത്ത ജലംമൂലമുണ്ടാവരുന്നതാണ് എന്നാണറിഞ്ഞത്. ഇ




ചിത്രം - 3




ചിത്രം 4

**പട്ടിക 2**

**വാർഷിക വർഷപാതം 1991-93**

| വർഷം | ജ | ഫെ | മാ | ഏ | മേ | ജൂൺ | ജൂ | ആ | സെ | ഒ | ന | ഡി |
|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | 3.2% | 0.2% | 2.8% | 4.6% | 3.9% | 38.2% | 16% | 7,8% | 0.5% | 15.8% | 6.8% | 0.3% |
| 1993 | - | 1.7% | 1.7% | 5.5% | 6.2% | 19.7% | 20.2% | 7.1% | 5.6% | 16.5% | 12.7% | 3.1% |

**പട്ടിക 3**

**വാർഷിക വർഷപാതം**

| വർഷം | ഇടവപ്പാതി | | തുലാവർഷം | |
|---|---|---|---|---|
| 1988 | 1119 | മി.മി | 671 | മി.മി. |
| 1989 | 1307 | ,, | 977 | ,, |
| 1990 | 714 | ,, | 585 | ,, |
| 1991 | 1879 | ,, | 704 | ,, |
| 1992 | 1435 | ,, | 1418 | ,, |
| 1993 | 1363 | ,, | 1008 | ,, |

അവലംബം - കാലാവസ്ഥ നിരീക്ഷണ കേന്ദ്രം

തേ കാരണത്താൽ മത്സ്യകൃഷിയും സാദ്ധ്യമല്ല. 1980-ൽ കെ.എം.എം.എൽ സ്ഥാപിക്കുന്നതിന് മുമ്പ് കുടിവെള്ളത്തിന് ഒരു പ്രശ്നവുമില്ലാതിരുന്ന ഈ പ്രദേശം. ഇപ്പോൾ പുളിപ്പുരസമുള്ള ജലം ഉപയോഗിക്കേണ്ട ഗതികേടിലാണ്. മേൽ സൂചിപ്പിച്ച വാർഡുകളിൽ പൈപ്പ് ലൈൻ ഇട്ടിട്ടുണ്ടെങ്കിലും ഒരു മണിക്കൂർ മാത്രമേ ജലം ലഭിക്കുന്നുള്ളൂ. ഇതുകൂടാതെ നാഷണൽ ഹൈവേയ്ക്ക് പടിഞ്ഞാറ് ഭാഗത്ത് ഓര് ജലമാണ് ലഭിയ്ക്കുന്നത്. മറ്റൊരു പ്രശ്നം കൊല്ലം-ആലപ്പുഴ തോടിൽ ഇപ്പോൾ ബോട്ട് സർവ്വീസില്ല. ഇതു പുനഃസ്ഥാപിക്കണമെങ്കിൽ അടിഞ്ഞിട്ടുള്ള മണ്ണ് നീക്കി തോടിന്റെ ആഴം കൂട്ടണം.

## ഭൂവിനിയോഗം

കേരളത്തിലെ പതിമൂന്ന് കാർഷിക മേഖലകളിൽ ഒണാട്ടുക്കര കാർഷിക മേഖലയിലാണ് പഞ്ചായത്ത് ഉൾപ്പെടുന്നത്. ഒരു കാർഷിക ഗ്രാമമാണ് പന്മന പഞ്ചായത്ത്. അറബിക്കടലിനോട് ചേർന്നു കിടക്കുന്ന തീരപ്രദേശങ്ങളും, നെൽവയലുകളും മിശ്രിത കൃഷിയുമടങ്ങിയതാണ് ഈ ഭൂപ്രദേശം. 16.85 ചതുരശ്ര കി.മീ. ഉള്ള പഞ്ചായത്തിൽ 13.39 ചതുരശ്ര കി.മി.യിൽ മിശ്രിത കൃഷിയാണ് ഇതിൽ പ്ലാവ്, മാവ്, കശുമാവ്, കുരുമുളക്, കവുങ്ങ്, പയർ, എള്ള്, പച്ചക്കറി, വാഴ, മരച്ചീനി എന്നിവ ഉൾപ്പെടുന്നു. മിശ്രിത കൃഷി കൂടാതെ ഒൻപത് ശതമാനം നെൽകൃഷിയും ഏഴ് ശതമാനം നികത്തിയ നെൽപാടങ്ങളുമുണ്ട്. ഭൂവിനിയോഗത്തിന്റെ വിവരങ്ങൾ (പട്ടിക 5, ചിത്രം 4) രേഖപ്പെടുത്തിയിട്ടുണ്ട്. തേങ്ങയ്ക്ക് താരതമ്യേന മെച്ചപ്പെട്ട വില കിട്ടിയത് കൊണ്ട് തെങ്ങു കൃഷി നെൽ കൃഷിയെക്കാൾ ലാഭകരമായി. ഏഴ് ശതമാനത്തോളം നെൽപാടങ്ങൾ നികത്തി തെങ്ങു നട്ടിരിക്കുന്നതായി കാണാം. ഇതിനെതിരെ സാമൂഹിക നിയന്ത്രണമുണ്ടായില്ലെങ്കിൽ അത് പരിസ്ഥിതിയെ പൊതുവായും നെൽകൃഷിയും പ്രത്യേകിച്ചും ദോഷകരമായി ബാധിക്കും. നെൽകൃഷിയേക്കാൾ ലാഭകരം എന്ന കാഴ്ചപ്പാടോടെ വയൽ നികത്തി തെങ്ങ് വച്ച പലയിടങ്ങളിലും നീർക്കെട്ടും മറ്റുകാരണങ്ങളാലും ഉത്പാദനം കുറഞ്ഞു വരുന്നതായി കാണുന്നു. മിശ്രിത കൃഷിയിൽ മുഖ്യവിള തെങ്ങാണ്. എന്നാൽ കാറ്റുവീഴ്ച, മണ്ടചീയൽ എന്നീ രോഗങ്ങൾ വ്യാപകമായതിനാൽ ഉത്പാദനം കുറവാണ്.

## പട്ടിക 4

| | തോടിൻെറ പേര് | ആകെ നീളം | ശരാശരി വീതി |
|---|---|---|---|
| 1. | തണ്ണിതോട് കൊല്ലക | 700 മീറ്റർ | 2 മീറ്റർ |
| 2. | വാലയ്യത്ത് തോട് | 400 മീറ്റർ | 1 മീറ്റർ |
| 3. | മണയ്ക്കൽ തോട് വടക്കുംതല | 750 മീറ്റർ | 2 മീറ്റർ |
| 4. | വില്ലന്നൂർ തോട് വടക്കുംതല | 600 മീറ്റർ | 1 മീറ്റർ |
| 5. | കണ്ടച്ചം വീട്ടിൽ തോട് വടക്കുംതല | 250 മീറ്റർ | 1 മീറ്റർ |
| 6. | കലവറ തോട് വടക്കുംതല | 300 മീറ്റർ | 1 മീറ്റർ |
| 7. | ചെങ്ങഴുത്ത് കിഴക്ക് തോട്, വടക്കുംതല കിഴക്ക് | 150 മീറ്റർ | 1 മീറ്റർ |
| 8. | പുത്തൻവീട്ടി തെക്ക് തോട്, വടക്കുംതല കിഴക്ക് | 150 മീറ്റർ | 1 മീറ്റർ |
| 9. | മലമേൽ തോട്ട് വടക്കുംതല കിഴക്ക് | 250 മീറ്റർ | 2 മീറ്റർ |
| 10. | പറയര് തോട് മുല്ലക്കേരി | 250 മീറ്റർ | 2 മീറ്റർ |
| 11. | അയണിക്കാട്ട് തെക്ക് കാണിരു വലിയ തോട് | 300 മീറ്റർ | 1 മീറ്റർ |
| 12. | കൊല്ലശ്ശേരി കിഴക്ക് തോട്, മുല്ലക്കേരി | 300 മീറ്റർ | 1 മീറ്റർ |
| 13. | മല്ലേൽ പാടത്ത്നിന്ന് പടിഞ്ഞാറോട്ടുള്ള തോട് മുല്ലക്കേരി | 400 മീറ്റർ | 1 മീറ്റർ |
| 14. | പുളിക്കൽ തെക്ക് മുതൽ പടിഞ്ഞാറോട്ടുള്ള തോട് | 200 മീറ്റർ | 1 മീറ്റർ |
| 15. | തയ്യിലേഴത്ത് പടിഞ്ഞാറു വശമുള്ള തോട് മുല്ലക്കേരി | 250 മീറ്റർ | 1 മീറ്റർ |
| 16. | കളീലിൽ തെക്ക് തോട് മുല്ലക്കേരി | 200 മീറ്റർ | 1 മീറ്റർ |
| 17. | കടക്കേത്ത് പടിഞ്ഞാറു വലിയ വീട്ടികിഴക്ക് വശം തോട് | 350 മീറ്റർ | 1 മീറ്റർ |
| 18. | ചിറ്റയാൽ പാടം തോട് മുല്ലക്കേരി | 200 മീറ്റർ | 1 മീറ്റർ |
| 19. | പുതുമനതോട് മല്ലക്കേരി | 200 മീറ്റർ | 1 മീറ്റർ |
| 20. | തയ്യിൽ തെക്ക് തോട് മനയിൽ | 200 മീറ്റർ | 1 മീറ്റർ |
| 21. | എരീചേയത്ത് തോട് വടക്കുംതല മേക്ക് | 100 മീറ്റർ | 1 മീറ്റർ |
| 22. | കൊട്ടാരത്തുംകടവ് തോട് പൊന്മന | 500 മീറ്റർ | 1 മീറ്റർ |
| 23. | കളങ്ങര തോട് പൊന്മന | 300 മീറ്റർ | 1 മീറ്റർ |
| 24. | പടനയിൽ തോട് പൊന്മന | 200 മീറ്റർ | 1 മീറ്റർ |
| 25. | മാലയിൽ തോട് പൊന്മന | 150 മീറ്റർ | 1 മീറ്റർ |
| 26. | ടൈറ്റാനിയം തോട് മേക്കാട് | 500 മീറ്റർ | 2 മീറ്റർ |
| 27. | നല്ലോട്ടിൽ തോട് നെറ്റിയാട്ട് | 500 മീറ്റർ | 1 മീറ്റർ |
| 28. | ആശരിശ്ശേരിൽ തോട് നടുവത്ത്ചേരി | 200 മീറ്റർ | 1 മീറ്റർ |
| 29. | വരവിള ചാല് | 200 മീറ്റർ | 1 മീറ്റർ |
| 30. | കോക്കാട്ട് തോട് | 300 മീറ്റർ | 1 മീറ്റർ |
| 31. | ചേന്നാറ വടക്ക്വശം തോട് | 200 മീറ്റർ | 1 മീറ്റർ |
| 32. | കാണി കിഴക്ക് തോട് | 150 മീറ്റർ | 1 മീറ്റർ |
| 33. | വല്ല്യത്ത് വടക്ക്വശംകൂടി ഉള്ളതോട് | 300 മീറ്റർ | 1 മീറ്റർ |
| 34. | നരിച്ചിൽ തോട് | 100 മീറ്റർ | 1 മീറ്റർ |
| 35. | മണ്ടൽ തറ തോട് | 200 മീറ്റർ | 1 മീറ്റർ |
| 36. | പള്ളിയാടി തോട് | 250 മീറ്റർ | 1 മീറ്റർ |
| 37. | അംബാലയിൽ തോട് | 300 മീറ്റർ | 1 മീറ്റർ |
| 38. | നെറ്റിയാട് വടക്കുംവശം തോട് | 200 മീറ്റർ | 1 മീറ്റർ |
| 39. | താമരയിൽ പടിഞ്ഞാറു തുടങ്ങി കളീലിൽ തോട് | 250 മീറ്റർ | 1 മീറ്റർ |
| 40. | പുതുശ്ശേരി തോട് | 200 മീറ്റർ | 1 മീറ്റർ |
| 41. | തുമ്പറ്റത്ത്പാടം തോട് | 100 മീറ്റർ | 1 മീറ്റർ |
| 42. | തെക്കേ കള്ളിപ്പാടം തോട് | 150 മീറ്റർ | 1 മീറ്റർ |
| 43. | കുന്നേൽ തോട് പന്മന | 100 മീറ്റർ | 1 മീറ്റർ |
| 44. | ഇടവട്ടയിൽ ഉപ്പ്കുന്ന് തോട് | 500 മീറ്റർ | 3 മീറ്റർ |
| 45. | കൊച്ച് പടീറ്റതിൽ തോട് | 200 മീറ്റർ | $1^1/_2$ മീറ്റർ |
| 46. | കല്ലുംമൂട്ടിൽ തോട് | 200 മീറ്റർ | 1 മീറ്റർ |
| 47. | താത്തിക്കൽ ഏലാതോട് | 250 മീറ്റർ | 2 മീറ്റർ |
| 48. | കോന്നറ തോട് | 200 മീറ്റർ | $1^1/_2$ മീറ്റർ |
| 49. | പാലക്കത്തറ തോട് | 250 മീറ്റർ | $1^1/_2$ മീറ്റർ |
| 50. | തെന്നൂർ തോട് | 200 മീറ്റർ | $1^1/_2$ മീറ്റർ |
| 51. | വെറ്റമുക്കിൽ പാടം തോട് | 150 മീറ്റർ | 1 മീറ്റർ |
| 52. | പാലക്കള്ളിൽ തോട് | 150 മീറ്റർ | 1 മീറ്റർ |
| 53. | കായൽ വാരത്ത് വടക്കു വശത്തുകൂടി കായിലേക്കുള്ള തോട് | 200 മീറ്റർ | 1 മീറ്റർ |
| 54. | തൈകോട്ടയിൽ തെക്ക് വശത്തുകൂടിയുള്ള തോട് | 100 മീറ്റർ | 1 മീറ്റർ |
| 55. | മുല്ലവീട്ടി കിഴക്കുവശം കൂടിയുള്ള തോട് | 500 മീറ്റർ | 1മീറ്റർ |




ചിത്രം - 5

## മനുഷ്യവിഭവം

1991-ലെ സെൻസസ് പ്രകാരം പന്മന പഞ്ചായത്തിലെ ജനസംഖ്യ 45742 ആണ്. ഇതിൽ 22938 പുരുഷനവ്മാരും 22804 സ്ത്രീകളുമാണ്. ചവറ ബ്ലോക്കിലെ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് ഇവിടെ സ്ത്രീകളെക്കാൾ പുരുഷന്മാർ കൂടുതലാണ്. 1991-ൽ കൊല്ലത്തിൻെറ ജനസാന്ദ്രത 967 ഉള്ളപ്പോൾ പന്മനയിൽ ജനസാന്ദ്രത 2713 ആണ്. സ്ത്രീ-പുരുഷ വടക്ക് ദിശയിൽ 5 കി.മീറ്ററോളം നാഷണൽ ഹൈവേ 47 കടന്നു പോകുന്നത്. എൻ. എച്ച് കൂടാതെ ടാർ ചെയ്ത റോഡുകൾ, ഗ്രാവൽ റോഡ്, മെറ്റൽ റോഡ്, പി.ഡബ്ലിയു.ഡി റോഡുകൾ, കച്ചാ റോഡുകൾ എന്നിവയുടെ നീളം പട്ടിക 6-ൽ ചേർക്കുന്നു.

| | പട്ടിക 5 | |
|---|---|---|
| വിനിയോഗം | വിസ്തൃതി | ശതമാനം |
| നെല്ല് | 160 ഹെക്ടർ | 9 |
| നികത്തിയപാടം | 107.8 ഹെക്ടർ | 7 |
| മിശ്രിതകൃഷി | 1339 ഹെക്ടർ | 80 |
| തരിശ് ഭൂമി | 20.48 ഹെക്ടർ | 1 |
| ഉപയുക്തമായ തരിശ് ഭൂമി | 1.28 ഹെക്ടർ | 0.02 |
| കെ.എം.എം.എൽ | 48.96 ഹെക്ടർ | 3 |
| എച്ച്.പി.എൽ | 6.08 ഹെക്ടർ | 0.05 |

അവലംബം-വിഭവ ഭൂപടം

റോഡുകൾ കൂടാതെ പഞ്ചായത്തിന് നാല് കടത്തുകൾ കൂടിയുണ്ട്. 1) പൊന്മന കൊട്ടാരകടവ് 2) കണിടൂ കടവ് 3) ചാബക്കടവ് 4) ഇടതുരുത്ത്, കേരള മെറ്റൽസ് ആൻഡ് മിനറൽസിൽ നിന്നും 2.2 കി.മീ ദൈർഘ്യമുള്ള ഒരു തീവണ്ടി പാതയുമുണ്ട്. പടത്തിലൂടെ പഞ്ചായത്താഫീസിലിരുന്ന് തന്നെ ബന്ധപ്പെട്ട ആളുകൾക്ക് തീരുമാനിക്കാം. റോഡ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും പല വിവരങ്ങളും മറ്റും തീരുമാനിക്കാനും കഴിയും.

പന്മന പഞ്ചായത്തിലെ വിവിധ വാർഡുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ ധാരാളമുണ്ട്. പഞ്ചായത്തിൻെറ പടിഞ്ഞാറു വശത്ത്കൂടിയാണ് തെക്ക്- ഇതേ കാരണത്താൽ സമീപ പ്രദേശങ്ങൾ കൃഷി യോഗ്യമല്ലാതായി തീർന്നിരിയ്ക്കുന്നു. ചവറ തോടിലെ മത്സ്യസമ്പത്ത് നശിക്കുന്നു.

മറ്റൊരു പ്രശ്നം നികത്തപ്പെടുന്ന വയലുകളാണ് പല കർഷകരും നെൽകൃഷി നഷ്ടമെന്ന് കണ്ട് അത് നികത്തി തെങ്ങ് നടുന്ന, പരിസ്ഥിതിയ്ക്ക് തന്നെ ദോഷകരമായ പ്രവണത കണ്ടുവരുന്നു. ഇതുമൂലം മഴക്കാലത്ത് വെള്ളം ഒഴുകി പോകതെ നീർക്കെട്ടുകൾ ഉണ്ടാകുന്നു. നെൽപാടങ്ങൾ നികത്തുന്നത് കൊണ്ടുള്ള ദോഷങ്ങളെപ്പറ്റി കർഷകരെ പഠിപ്പിക്കുകയും വീണ്ടും കൃഷി ചെയ്യാൻ വേണ്ട പ്രോത്സാഹനം നല്കുകയും വേണം. ഗ്രൂപ്പ് ഫാമിങ്ങിലൂടെ നെൽകൃഷി ലാഭകരമാക്കുകയും ചെയ്യാം.




ചിത്രം 6.

പട്ടിക 6

പന്മന പഞ്ചായത്ത് റോഡുകൾ

| റോഡ് | നീളം |
|---|---|
| എൻ. എച്ച് | 5 കി.മി |
| മെറ്റൽ | 6.4 കി.മി. |
| ടാർ ചെയ്തത് | 13.2 കി.മി. |
| പക്ക | 66 കി.മി. |
| പി.ഡബ്ലിയൂ.ഡി | 25 കി.മി. |
| കച്ച | 13 കി.മി. |
| മറ്റുള്ളവ | 10 കി.മി. |

അവലംബം-പഞ്ചായത്താഫീസ്

# കൃഷിയും ജലസേചനവും

പന്മനഗ്രാമം കാർഷിക മേഖലകളിലൊന്നായ ഓണാട്ടു കരയിൽ ഉൾപ്പെടുന്നു. ഏതാണ്ട് അൻപത് വർങ്ങൾക്കു മുൻപ് ജൈവവൈവിധ്യം കൊണ്ടും, കാർഷിക പൂർണ്ണതകൊണ്ടും സമ്പന്നമായിരുന്നു ഈ പ്രദേശം. നാളീകേര ഉൽപാദനത്തിൽ ഈ പ്രദേശത്തെ തെങ്ങിൻ തോപ്പുകൾ കിടയറ്റതായിരുന്നു. തുമ്പമലർ പോലെ മനോഹരവും പോഷകസംപുഷ്ടവും ഔഷധ വീര്യം കൊണ്ട് പുകഴ്പെറ്റതുമായ ''അതിക്കിരാഴി'' നെല്ലിൻെറ ചോറ് ഇഷ്ടപ്പെടാത്തവരാരും ഇല്ല . മണൽ മണ്ണു നിറഞ്ഞ ഇവിടുത്തെ കരഭൂമിയിൽ വിളഞ്ഞിരുന്നു. ഏത്തയ്ക്കാ മുട്ടൻ ചീനിയുടെ സ്വാദ് പ്രായമായ കാരണവന്മാർ ഇപ്പോഴും ഓർക്കുന്നു. ഈ മണ്ണിൽ വിളഞ്ഞിരുന്ന, ചെറുകിഴങ്ങ്, ചേന, കാച്ചിൽ, കൊല്ലക്കിഴയ്ക്ക തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും വിശിഷ്ട വിഭവങ്ങളായിരുന്നു. പന്മനയിലെ പറമ്പുകളിൽ സമൃദ്ധിയായി വിളഞ്ഞിരുന്നു. പാളയൻ കോടൻ, കൂമ്പില്ലാക്കണ്ണൻ, ഞാലിപൂവൻ തുടങ്ങിയ സ്വാദിഷ്ടമായ വാഴപ്പഴങ്ങളും, പഴമയുടെ ഓർമ്മകളിൽ നിറം മങ്ങാതെ നില്ക്കുന്നു. മാമ്പഴങ്ങൾ സുലഭമായി നൽകിയിരുന്ന നാടൻ മാവിനങ്ങളും, തേൻവരിക്ക പ്ലാവിനങ്ങളും ഏതുപറമ്പിൻേറയും സമ്പത്തായിരുന്നു.

ഔഷധചെടികൾ ഏതു പറമ്പിലും സമൃദ്ധമായിരുന്നു. ആഞ്ഞിലിയും, പ്ലാവും, ഇലഞ്ഞിയും, കാഞ്ഞിരവും, കുവളം തുടങ്ങിയവയും പറമ്പുകളിൽ നിറഞ്ഞു നിന്നിരുന്നു.

കാലത്തിൻെറ കുത്തൊഴുക്കിൽപ്പെട്ടു മാറ്റങ്ങൾക്ക് വിധേയമായി കാർഷിക മേഖല തളർച്ചയിലാണിന്ന്. നമ്മുടെ ആവശ്യത്തിനുള്ള പച്ചക്കറി, ഏത്തയ്ക്ക, മറ്റു വാഴപ്പഴങ്ങൾ, സദ്യക്കാവശ്യമായ വാഴയിലകൾ തുടങ്ങിയവ ദിനംതോറും അയൽ സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ നാട്ടിൽ എത്തിച്ചേരുന്നു. നെൽ കൃഷിയെക്കുറിച്ചന്വേഷിച്ചാൽ ''നമ്മുടെ പാടങ്ങൾ ആന്ധ്രയിലും, പഞ്ചാബിലും ആണെന്ന്'' പറയാൻ മടിയ്ക്കാത്ത ആധുനികരായിരിയ്ക്കുന്നു നമ്മൾ. നമ്മുടെ പ്രധാന ഭക്ഷ്യവസ്തുവായ അരിയും . കന്നുകാലിയുടെ പ്രധാന തീറ്റയായ വൈയ്ക്കോലും നമ്മൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുത്തുന്നു. ചുരുക്കത്തിൽ ഭക്ഷ്യവസ്തുക്കളുടെ ഉത്പാദകർ അന്യസംസ്ഥാനങ്ങളും ഉപഭോക്താക്കൽ നമ്മളും ആയിതീർന്നിരിയ്ക്കുന്നു.

മണ്ണിൻെറ മണമില്ലാത്ത വിദ്യാഭ്യാസ രീതിയും ഗൾഫ് പണത്തിൻെറ അമിതമായവരവും, ജീവിത ശൈസലിയിൽ വന്ന മാറ്റങ്ങളും ജനങ്ങൾക്ക് കാർഷിക വൃത്തിയോട് ഒരു തരം ''അലർദി'' ഉണ്ടാക്കിയിരിയ്ക്കുന്നു. കൃഷി ജീവിതത്തിൻെറ മുഖ്യോപാധി അല്ലാതായി തീർന്നിരിയ്ക്കുന്നു. നമ്മുടെ നാടിൻെറ സാമ്പത്തിക വളർച്ചയുടെ നട്ടെല്ല് കൃഷിയാണെന്നും, ആ മേഖലയിൽ ഉണ്ടാകുന്ന തളർച്ച ഭാവിയിൽ വമ്പിച്ച പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നു ഓർത്തിരുന്നാൽ നന്ന്. കാർഷിക മേഖല ജനങ്ങളെ തീറ്റിപ്പോറ്റുന്നു. എന്നു മാത്രമല്ല. അസംസ്കൃത വസ്തക്കളുടെ സംഭാനവനയിലുടെ വ്യവസാ മേഖലയെ താങ്ങി നിർത്തുന്നു എന്ന വസ്തുതയും വിസ്മരിയ്ക്കരുത്.

രണ്ടാം ലോക മഹായുദ്ധകാലം മുതൽ സ്വാതന്ത്ര്യകാലഘട്ടം വരെ സാധാരണ കാർഷകൻേറയും കർഷക തൊഴിലാളിയുടേയും നില ജീവിതത്തിൻെറ സമസ്ത മേഖലകളിലും ദയനീയമായിരുന്നു. എന്നാൽ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ സാവധാനത്തിൽ മാറ്റങ്ങളുടെ പ്രകാശരശ്മികൾ പ്രസരിച്ചു തുടങ്ങുകയും, കാർഷിക മേഖല ഒരു പുതിയ കുതിച്ചു ചാട്ടത്തിൻെറ തയ്യാറെടുപ്പിൽ ആകുകയും ചെയ്തു. ഹരിതവിപ്ലവം എന്ന മഹത്തായ സംരംഭത്തിലൂടെ കേരളമൊഴികെ ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളും ഭക്ഷ്യവസ്തുക്കളുടെ ഉത്പാദന രംഗത്ത് സ്വയം പര്യാപ്തതിലേയ്ക്കുള്ള പ്രയാണ് ആരംഭിച്ചു. അങ്ങനെ അരിയുടെ ലഭ്യത, നെൽകൃഷി ജീവിതത്തിൻെറ മുഖ്യകർമ്മമായി കരുതിയിരുന്ന നമ്മുടെ കാർഷിക രംഗം അലസമാക്കി. എന്നാൽ 1965-75 കാലഘട്ടങ്ങളിൽ അനുകൂലമായ കാലാവസ്ഥയും കാർഷിക മേഖലയിലെ നൂതന പ്രവണതകളും ഭക്ഷ്യോൽപാദന രംഗത്ത് നമ്മുടെ നല്ലകാലഘട്ടമായിരുന്നു. പക്ഷേ ഈ വളർച്ച തുടർന്നും നിലനിർത്തിക്കൊണ്ടുപോകാൻ കഴിയാതെ പോയി പ്രകൃതി ക്ഷോഭങ്ങളും, വരൾച്ചയും, കാർഷിക വൃത്തിയെ ദോഷകരമായി ബാധിച്ചു. കൂടാതെ രാസവളപ്രയോഗത്തിൽ കൂടി നേടിയെടുത്ത മണ്ണിൻെറ വീര്യം എക്കാലവും നിലനില്ക്കില്ലാ എന്നകാര്യം കർഷകർ മനസ്സിലാക്കാൻ സമയം ഏറെയെടുത്തു. രാസവളത്തിനു നൽകാൻ കഴിയുന്ന താൽക്കാലിക ഉത്തേജനം മണ്ണിൻെറ നിത്യമായ ആരോഗ്യത്തിന് പ്രയോജയപ്രദമല്ലെന്നും, മണ്ണിൻെറ ഘടനയിലും രൂപപരിണാമത്തിലും അപചയം സംഭവിച്ച് മണ്ണ് മരിച്ചുകൊണ്ടിരിയ്ക്കുകയാണെന്നും ഏറെ വൈകിയാണെങ്കിലും കർഷകൻ മനസ്സിലാക്കിയിരിയ്ക്കുന്നു.

ലഭ്യമായ സ്ഥിതിവിവരകണക്കുകളുടെ വെളിച്ചത്തിൽ ഏതാണ്ട് നാൽപത് ശതമാനം ജനങ്ങൾ കാർഷിക വൃത്തിയിൽ കൂടി ജീവിതം നയിക്കുന്ന പന്മന ഗ്രാമത്തിൻെറ ആകെ വിസ്തീർണ്ണം 4164 ഏക്കർ ആണ്. ഇതിൽ 2135 ഏക്കർ കരഭൂമിയും, 1800 ഏക്കർ നെൽ വയലുകളും. 229 ഏക്കർ പുറംപോക്കു ഭൂമിയുമാണ്. (റോഡുകൾ, തോടുകൾ മുതലായവ ഉൾപ്പെടെ) നെൽകൃഷിയിൽ ഒന്നാം വിളയ്ക്ക് ഹെക്ടറിന് ശരാശരി 200 പറ നെല്ലും രണ്ടാം വിളയ്ക്ക് 210 പറ നെല്ലും ലഭിയ്ക്കുമെന്ന് കണക്കാക്കിയിരിയ്ക്കുന്നു. ഇതു കൂടാതെ ഏകദേശം 120 ഏക്കർ സ്ഥലത്ത് മൂന്നാം വിളയായി എള്ളുകൃഷി ചെയ്യുന്നു. ഇതിൽ നിന്നും ശരാശരി ഹെക്ടറിന് 5 ക്വിൻറൽ എള്ളുവരെ ലഭിയ്ക്കാം. ഇതു കൂടാതെ 10 ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷി നടക്കുന്നുണ്ടെങ്കിലും അവയുടെ വിളവ് എടുത്തു പറയത്തക്ക രീതിയിൽ മെച്ചമല്ല.

തെങ്ങുകൃഷിയുടെ രംഗത്ത് പന്മന തീവ്രമായ പ്രശ്നങ്ങൾ നേരിടുകയാണ്. 1280 ഹെക്ടർ കരഭൂമിയിൽ ഏകദേശം 320,000 തെങ്ങുകൾ നിലവിലുണ്ട്. ഇവയിൽ കായ്ച്ചു തുടങ്ങാത്തതും മറ്റുമായി 80,000 എണ്ണവും, കായ്ക്കുന്നവയായി 240,000 തെങ്ങുകളും ഉണ്ട്. കായ്ക്കുന്ന തെങ്ങുകളിൽ റൂട്ടുവിൽറ്റു രോഗം ബാധിച്ച 96000 തെങ്ങുകളും ലീഫ് റോട്ട് രോഗം ബാധിച്ച 1,44,000

തെങ്ങുകളും ബഡ്റോട്ട് രോഗം ബാധിച്ച 16,000 തെങ്ങുകളും, സ്റ്റെം ബ്ലീഡിംഗ് ബാധിച്ച 1600 തെങ്ങുകളുമുണ്ട്. ഈ കണക്കുകളുടെ വെളിച്ചത്തിൽ പരിശോധിച്ചാൽ 62400 തെങ്ങുകളെ ആരോഗ്യകരമായി നിലനില്ക്കുന്നതായി കാണുന്നുള്ളു. അതായത് കഷ്ടിച്ച് 20% മാത്രമാണ് രോഗബാധിതമല്ലാത്ത തെങ്ങുകൾ. തെങ്ങുകളിൽ നിന്നും വർഷത്തിൽ 15 മുതൽ 20 നാളീകേരം വരെ ലഭിയ്ക്കുന്നതായി കണക്കാക്കുന്നു. ഇടവിളകളായി, മരച്ചീനി, ചേമ്പ്, കാച്ചിൽ, വാഴ തുടങ്ങിയവയും കൃഷി ചെയ്യുന്നുണ്ടെങ്കിലും അവയുടെ ഉൽപാദനവും നമ്മുടെ ആവശ്യങ്ങളുമായി തീരെ പൊരുത്തപ്പെടാത്ത അവസ്ഥയിലാണ്.

കുരുമുളക് നാമമാത്രമായി കൃഷി ചെയ്യുന്നതേയുള്ളു. വാഴ കൃഷിയുടെ നില പരിതാപകരമാണെന്ന് പറയാം. കമുക് കൃഷിയും കുറഞ്ഞു വരുന്നതായി കാണുന്നു.

പന്മന പ്രദേശത്ത് പൊതുവേ കരഭൂമിയിൽ മണൽ മണ്ണാണ് കാണുന്നത്. എന്നാൽ കൊല്ലക, വടക്കുംതല കിഴക്ക്, എന്നീ വാർഡുകളിൽ കുറച്ചു ഭാഗങ്ങവിൽ ചെമ്മണ്ണും എക്കൽ മണ്ണും കാണപ്പെടുന്നു. ജൈവാംശം കുറഞ്ഞ മണൽ മണ്ണിൽ വെള്ളം പെട്ടെന്നു വാർന്നു പോകുന്നു. പ്രസിദ്ധ കാവ്യമായ മയൂര സന്ദേശത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന ചവറ പന്മനത്തോടും ഏക്കറുകൾ വിസ്തീർണ്ണമുള്ള വട്ടക്കായലും പന്മന ഗ്രാമത്തിൻെറ കിഴക്കൻ മേഖലകളിൽ നിന്നും ചെറുതും വലുതുമായ തോടുകളിൽ കൂടി ഒഴുകി എത്തുന്ന വെള്ളത്തിനെ ഉൾക്കൊണ്ടിരുന്നു.

പന്മന പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും ലഭിച്ച ഗ്രാമസഭാ റിപ്പോർട്ടുകളിൽക്കൂടി കടന്നു പോയാൽ മുൻ കാലങ്ങളെ അപേക്ഷിച്ച് തെങ്ങ്-നെല്ല് തുടങ്ങിയ കാർഷിക വിളകളുടെ ഉത്പാദനം കുറഞ്ഞു വരുന്നതായി കാണാം. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും ഗ്രാമതലത്തിൽ നടത്തിയ പഠനങ്ങളുടെ വെളിച്ചത്തിലും പ്രധാന വിളകളെ വിശേഷിച്ചും കാർഷിക മേഖലയെ പൊതുവേയും നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് പരിഹാരങ്ങൾ കാണേണ്ടിയിരിക്കുന്നു.

മഴയെ ആശ്രയിച്ചാണ് കരഭൂമിയിലും, പാടങ്ങളിലും കൃഷി ചെയ്യുന്നത്. ജലസേചന-നിർഗ്ഗമന സൗകര്യങ്ങളുടെ അഭാവത്തിൽ കാർഷികവൃത്തി പ്രകൃതിയും കർഷകനുമായി നടക്കുന്ന ഒരു ചൂതുകളിയായി മാറിയിരിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ പരിസ്ഥിതിയിൽ വന്ന മാറ്റങ്ങൾ മൂലം മഴ ലഭിയ്ക്കുന്ന സമയത്തിനും മഴയിൽ നിന്നും ലഭിക്കുന്ന ജലത്തിൻെറ അളവിലും മാറ്റം അനുഭവപ്പെടുന്നു. കഴിഞ്ഞ കാലങ്ങളിലെ കൃഷി പണികളുടെ ചരിത്രം പരിശോധിച്ചാൽ, മീനം 27-ാം തീയതി മുതൽ പാടശേഖരങ്ങളിൽ ഒന്നാം വിളയ്ക്ക് പൊഴിപിടിച്ച് വിത്തിട്ടു തുടങ്ങുമായിരുന്നു. അതുപോലെ തന്നെ, രണ്ടാം വിളയ്ക്ക് ഓണക്കാലത്തിന് മുമ്പും, പിമ്പുമായി 20 ദിവസത്തെ വ്യത്യാസത്തിൽ പാടങ്ങളിൽ നടീൽ കഴിഞ്ഞിരിയ്ക്കുമായിരുന്നു. എന്നാൽ മാറിയ സാഹചര്യങ്ങളിൽ സമയത്തിലും രീതികളിലും മാറ്റങ്ങൾ സംഭവിച്ചിരിയ്ക്കുന്നു. ഇത് കർഷകനെ സാമ്പത്തിക പരാധീനതയിൽകൊണ്ടെത്തിക്കുന്നു. പാടങ്ങളിലെ ജലവാഹിനികളായി തോടുകളുടെ ഇന്നത്തെ സ്ഥിതി വളരെ ശോചനീയമാണ്. പന്മന ഗ്രാമത്തിൻെറ കിഴക്കൻ മേഖലകളിലുള്ള പാടശേഖരങ്ങളിൽ നിന്നും സുഗമമായി ജലം പടിഞ്ഞാറോട്ടൊഴുകി പന്മനത്തോട്, വട്ടക്കായൽ, പള്ളിക്കലാറ് തുടങ്ങിയ ജലാശയങ്ങളിൽ എത്തിച്ചേരാൻ മുമ്പു നിലനിന്നിരുന്ന തോടുകളുടെ സംവിധാനം തൃപ്തികരമായിരുന്നു. എന്നാൽ കാലാകാലങ്ങളിൽ തോടുകളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടക്കാതയും തോടുകളുടെയും കലുങ്കുകളുടെയും മുഖം നികത്തി കരഭൂമികളാക്കി മാറ്റിയതും പാടത്തു വിളവിറക്കാൻ പറ്റാത്ത സാഹചര്യങ്ങൾ സൃഷ്ടിച്ചു. ഈ രംഗങ്ങളിൽ കർഷകനെ രക്ഷിയ്ക്കാനുള്ള നിയമങ്ങൾ നിലവിൽ ഉണ്ടെങ്കിലും അവ പ്രാവർത്തികമാക്കാൻ ബന്ധപ്പെട്ടവർ അറച്ചു നിൽക്കുന്ന സ്ഥിതി വിശേഷമാണിന്നുള്ളത്.

പാടങ്ങൾ നികത്തുന്ന പ്രവണത സൃഷ്ടിച്ചിരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ജനസംഖ്യാവർദ്ധനവ്, ഭൂപരിഷ്ക്കരണ നടപടികൾ, കൂട്ടുകുടുംബങ്ങളെ വിട്ട് ചെറിയ കുടുംബങ്ങളുടെ വളർച്ച തുടങ്ങിയവ പുതിയ പാർപ്പിട സൗകര്യങ്ങൾ തേടുന്നതിന് സമൂഹത്തെ പ്രേരിപ്പിച്ചു. പാടങ്ങളെ മുറിച്ചുകൊണ്ട് യാത്രാ സൗകര്യത്തിനായി തലങ്ങും വിലങ്ങും ഗ്രാമീണ റോഡുകൾ നിർമ്മിച്ചപ്പോൾ ഈ റോഡുകളുടെ ഇരുവശങ്ങളും നികത്തുന്നതും പുതിയ ഭവനങ്ങൾ നിർമ്മിയ്ക്കുന്നതും അനിവാര്യമായ ഒരാവശ്യമായിത്തീർന്നു. ഫലമോ ഒരു കാലത്ത് ഫലഭൂയിഷ്ടമായിരുന്ന പെരുമയുള്ള പാടങ്ങൾ തുണ്ടു ഭൂമികളായി മാറി അപ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതുമൂലം പാടങ്ങൾ തമ്മിലുള്ള നീരൊഴുക്കുകൾ തടയപ്പെട്ടു. ചതുപ്പുകൾ രൂപം പ്രാപിച്ചു. ഇഷ്ടിക നിർമ്മാണവും, നിലങ്ങൾ നികത്തി പുരയിടമാക്കാൻ മണ്ണെടുത്തും രൂപംകൊണ്ട വൻകുഴികൾ നെൽകൃഷിക്കാർക്ക് കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. നെൽപ്പാടങ്ങളുടെ ഇടയിൽ വന്നിരിയ്ക്കുന്ന ഇത്തരം കുളങ്ങളിൽ താറാവു കൃഷികൂടി ആയപ്പോൾ നെൽകൃഷി ദുഷ്ക്കരമായി തീർന്നു. ഈ കാരണങ്ങളാൽ മുഖ്യ ജീവനോപാധിയായി കൃഷി നടത്തിയിരുന്നവർ ആ രംഗം ഉപേക്ഷിയ്ക്കേണ്ട സ്ഥിതി സംജാതമായി.

ഒരു കാലത്ത് സുലഭമായിരുന്ന ജൈവവളങ്ങളുടെ അഭാവം കാർഷിക മേഖലയെ സ്തംഭിപ്പിച്ച ഘടകങ്ങളിൽ ഒന്നാണ്. ഓരോ ഭവനത്തോടൊപ്പവും ഉഴവുമാടുകൾ നിറഞ്ഞ കാലിത്തൊഴുത്തും പ്രദേശത്തെ സാധാരണ രീതിയായിരുന്നു. വിവിധ കാരണങ്ങളാൽ ഈ രീതിയിൽ മാറ്റം വന്നു. കന്നുകാലികളുടെ കുറവ് ജൈവവളത്തിൻെറ ലഭ്യതയെ കാര്യമായി ബാധിച്ചു. ഇത് മണ്ണിൻെറ വളക്കൂറിലും, രൂപഘടനയിലും അപചയം സംഭവിയ്ക്കാൻ കാരണമായി. വികസന ബ്ലോക്കുകളുടെ ആവിർഭാവത്തോടുകൂടി ഗ്രാമീണ തലത്തിൽ നടത്തിയിരുന്ന പ്രചാരണത്തിൻെറ ഫലമായി ശീമക്കൊന്ന, ചണമ്പ് തുടങ്ങിയ പച്ചില ചെടികളും നമ്മുടെ നാട്ടിൽ സുലഭമായിരുന്നു. പൂവരശ് (ചീലാന്തി) മരങ്ങളും ഒരളവുവരെ പച്ചില വളത്തിനു പരിഹാരം ആയിരുന്നു. നിർഭാഗ്യകരമെന്ന് പറയട്ടെ ഇന്ന് പച്ചില വളച്ചെടി വളർത്തുന്നതിൽ പൊതുവേ താല്പര്യം കുറഞ്ഞു വരുന്നതായി കാണുന്നു. ഇവിടെ ഒരു കാര്യം ശ്രദ്ധിയ്ക്കപ്പെടേണ്ടിയിരിക്കുന്നു. നിലംകൃഷി ചെയ്യുന്നതിൽ നേരിടുന്ന വിഷമങ്ങളും മാറ്റങ്ങളും കാർഷിക കുടുംബങ്ങളുടെ ഘടനയിൽ തന്നെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഉഴവുമാടുകളുടെ തിരോധാനവും കാർഷിക ഉപകരണങ്ങളുടെ തിരസ്ക്കരണവും പുതിയ തലമുറയ്ക്ക് കൃഷിയുമായി ബന്ധപ്പെടുന്നതിനുള്ള അവസരങ്ങൾ ഇല്ലാതാക്കി. ചേറിലും ചെളിയിലും പണിയെടുക്കുന്നതിൻെറ അഭിമാനവും ചുണയും അനുഭവിച്ചറിയാനുള്ള അവസരങ്ങൾ വളർന്നു വരുന്ന തലമുറയ്ക്ക് ഇല്ലാതെ ആയി. കൃഷിയോടും അനുബന്ധ വിഷയങ്ങളോടും ബാല്യം മുതൽ ബന്ധപ്പെടാനുള്ള അവസരങ്ങൾ

കുറഞ്ഞു കൊണ്ടേയിരുന്നു. ആധുനിക കൃഷി സമ്പ്രദായങ്ങൾ ശക്തിപ്പെട്ടതുമില്ല.

രാസവളത്തിൻെറ രംഗപ്രവേശവും കാർഷികമേഖലയിൽ അതുസൃഷ്ടിച്ച പ്രത്യാഘാതങ്ങളും വിലയിരുത്തേണ്ടിയിരിക്കുന്നു. രാസവളത്തിൻെറ ആവിർഭാവം 1950കളുടെ അവസാനത്തോടെയാണ്. ഇതോടൊപ്പം കാർഷിക ഗവേഷണ കേന്ദ്രങ്ങൾ വികസിപ്പിച്ചെടുത്ത പുതിയ നെൽവിത്തിനങ്ങളും കാർഷിക മേഖലയിൽ ഒരു നവീന കൃഷി സമ്പ്രദായം നടപ്പിലാക്കാൻ കർഷകന് അവസരം നൽകി. ഉല്പാദന രംഗത്തു പുരോഗതിയുണ്ടായി.

എന്നാൽ ജൈവവളത്തെ മാത്രം ആശ്രയിച്ചു നടത്തിയിരുന്നു കൃഷി രീതികൾ വിട്ട് രാസവളത്തിനു പിന്നാലെ നടത്തിയ പരക്കം പാച്ചിൽ പുതിയ പ്രശ്നങ്ങൾ സൃഷ്ടിച്ചു. ഒന്നാമതായി മണ്ണിൻെറ ജൈവഘടന മാറ്റിമറിക്കപ്പെട്ടു. രാസവളത്തിൻെറ അമിതമായ ഉപയോഗം മണ്ണിനു നൽകിയ വീര്യം താല്കാലികം ആയിരുന്നുവെന്നു മണ്ണിൻെറ നിത്യമായ ആരോഗ്യത്തിന് അതു ഭീഷണിയാണെന്നും വൈകിയാണെങ്കിലും ബോധ്യപ്പെട്ടു. മണ്ണിര മുതൽ ഏകകോശ ജീവികൾ വരെ മണ്ണിൻെറ സുസ്ഥിരമായ ഫലസമ്പുഷ്ടിക്ക് അനിവാര്യമാണ്. അമിതമായ രാസവളപ്രയോഗവും കീടനാശിനി പ്രയോഗവും ഇവയെ നശിപ്പിക്കുകയും പരിസ്ഥിതിയിൽ തന്നെ മാറ്റങ്ങൾ വരുത്തുകയും ചെയ്തു. ഈ കാര്യം പന്മന പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭകളിൽ രൂക്ഷമായ വിമർശനങ്ങൾക്കും വിലയിരുത്തലുകൾക്കും വിധേയമായിട്ടുണ്ട്. ഇപ്പോൾ ജൈവവളങ്ങളും ജൈവകീടനാശിനികളും കർഷകൻ കൂടുതൽ അംഗീകരിക്കുന്നതായി കാണുന്നത് ആശാവഹമാണ്.

തരിശായി കിടക്കുന്ന പാടങ്ങളുടെ ഉപയോഗപ്പെടുത്തൽ കാർഷിക രംഗത്തെ മുഖ്യപ്രശ്നങ്ങളിലൊന്നാണ്. കൃഷിക്കു ഉപയുക്തമായ നിലത്തിൻെറ മൂന്നിലൊന്നു ഭാഗമെങ്കിലും തരിശായി കിടക്കുന്ന അവസ്ഥ ഇന്നുണ്ട്. ഈ കാര്യത്തിൽ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ട ആവശ്യകത നേരത്തേ സൂചിപ്പിച്ചിട്ടുണ്ട്. കൃഷി ഒരു നഷ്ടപ്പണിയായി മാറിക്കൊണ്ടിരിക്കുന്ന സ്ഥിതി വിശേഷം എങ്ങനെ ഒഴിവാക്കാൻ കഴിയുമെന്ന് പുനർ ചിന്തനം ചെയ്യേണ്ടിയിരിക്കുന്നു. കാർഷികരംഗത്തെ കൂലി വർദ്ധനവ്, സേവനത്തിൻെറ അളവ്, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ എന്നിവ കർഷകരും കർഷകത്തൊഴിലാളികളും കാർഷിക വിദഗ്ദ്ധരും ബന്ധപ്പെട്ട സാമൂഹ്യ പ്രവർത്തകരും അടങ്ങിയ വേദി ചർച്ച ചെയ്ത് പരിഹാരം കാണേണ്ട വിഷയമാണ്. ഉല്പാദനക്ഷമത വർദ്ധിപ്പിച്ചാൽ കർഷകനും കർഷകത്തൊഴിലാളിക്കും ഒരുപോലെ മെച്ചം കിട്ടും. നെൽകൃഷിക്ക് ഉപയോഗിക്കാൻ തീരെ പറ്റാത്ത സ്ഥലങ്ങൾ മറ്റേതെല്ലാം തരത്തിൽ ഉപയോഗപ്രദമാക്കാം എന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. മണ്ണെടുത്ത് കുളമായി മാറിയ സ്ഥലങ്ങളിൽ വേനൽക്കാലത്ത് ഏറ്റവും കുറഞ്ഞത് ഒന്നരമീറ്റർ ജലം ലഭ്യമാണെങ്കിൽ അവിടം മത്സ്യകൃഷിക്ക് ഉപയോഗപ്പെടുത്താൻ സാധിക്കും. മത്സ്യകൃഷി, മത്സ്യബന്ധനം, വിപണനം തുടങ്ങിയവ ആകർഷകമായ തൊഴിൽ മേഖലകളാണ്. വെള്ളക്കെട്ടിനാൽ നെൽകൃഷി അസാധ്യമായ സ്ഥലങ്ങവിൽ വാരംകോരി ഏത്തവാഴ കൃഷി പച്ചപ്പുൽ കൃഷി തുടങ്ങിയവക്കുള്ള സാധ്യതകളും പരിഗണിക്കണം.

അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളുടേയും നടീൽ വസ്തുക്കളുടേയും കൃത്യസമയത്തുള്ള ലഭ്യത ഉറപ്പു വരുത്തേണ്ടതുണ്ട്. ഈ കാര്യത്തിലും മറ്റും കൃഷിഭവൻെറ പ്രവർത്തനങ്ങൾ കുറെക്കൂടി സജീവം ആയിരിക്കണമെന്നുള്ള അഭിപ്രായം പൊതുവെ ഗ്രാമസഭാ റിപ്പോർട്ടുകളിൽ പ്രകടിപ്പിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ നൂതന പ്രവണതകൾ കർഷകരിൽ എത്തിക്കുന്നതിലും കർഷകർക്ക് സാങ്കേതിക വിജ്ഞാനം നൽകുന്നതിലും കാർഷിക പദ്ധതികൾ നടപ്പാക്കുന്നതിലും നേതൃത്വം നൽകുന്നതിലും കൃഷിഭവൻെറ പങ്ക് നിസ്തുലമാണ്.

കാർഷിക പ്രവർത്തനങ്ങൾ ചെയ്യേണ്ട സമയത്ത് ആവശ്യത്തിന് കർഷകതൊഴിലാളികളെ ലഭിക്കുന്നതിനു ബുദ്ധിമുട്ട് അനുഭവിക്കുന്നതായും മറ്റു രംഗങ്ങളിൽ തൊഴിലാളിക്കു ലഭിക്കുന്ന കൂലി നൽകി കാർഷിക പണികൾ ചെയ്യുന്നതിൽ കർഷകൻ അനുഭവിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകളും ഗ്രാമസഭാ റിപ്പോർട്ടുകളിൽ പരാമർശ വിധേയമായിട്ടുണ്ട്. വളരെ ഗൗരവമേറിയ ഒരു പ്രശ്നമാണിത്. കാർഷികമേഖലയുടെ നിലനിൽപ്പ് സമൂഹത്തിൻെറ തന്നെ നിലനിൽപ്പിനാവശ്യമാണ്. പണിയെടുക്കുന്ന തൊഴിലാളിക്ക് അർഹമായ വേതനം നൽകണം. പക്ഷേ നിലവിലുള്ള സാഹചര്യത്തിൽ കർഷകൻെറ നട്ടെല്ല് ഒടിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ കർഷകൻ ഒരു പുനർ ചിന്തനമെന്ന രീതിയിൽ കർഷക തൊഴിലാളിയുടെ പ്രയത്നം കുറക്കുന്നതിനുള്ള കുറുക്കുവഴിയെക്കുറിച്ചു ആലോചിക്കയും തൽഫലമായി, വെള്ളം വറ്റിച്ച്, പച്ചിലയും ചാണകവും ചേർത്ത് ഉഴുതുമറിച്ച് പാകം വന്ന ചേറിൽ നടുന്ന രീതിയിൽ നിന്നു വ്യതിചലിച്ച് മുട്ടൊപ്പം വെള്ളത്തിൽ ഉഴവു നടത്തി ഞാറു നടുന്ന രീതി സ്വീകരിക്കാൻ നിർബന്ധിതനായി. കർഷക തൊഴിലാളിയുടെ വേതന കാര്യത്തിൽ നേരത്തേ സൂചിപ്പിച്ചിരുന്നപോലെ പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ പുതിയ മാനങ്ങൾ കണ്ടെത്തേണ്ടതാണ്.

കേരളത്തിൻെറ കല്പവൃക്ഷമാണ് തെങ്ങ്. ഭക്ഷ്യ-നാണ്യവിളകളിൽ അതുല്യമായ സ്ഥാനമാണ് തെങ്ങിനുള്ളത്. നമ്മുടെ പ്രദേശത്തിൻെറ സമ്പത്ഘടനയിലും സാമൂഹ്യ വ്യവസ്ഥിതിയിൽപോലും ഇത്രയേറെ സ്വാധീനം ചെലുത്തുന്ന മറ്റൊരു വിളയില്ല. എന്നാൽ കഴിഞ്ഞ മൂന്നു പതിറ്റാണ്ടു കാലത്തെ അനുഭവംവച്ചു നോക്കിയാൽ തെങ്ങിൻെറ ഉൽപാദന.ക്ഷമത പൊതുവെ കുറഞ്ഞു വരുന്നതായി കാണുന്നു.

കേരളത്തിൽ 29 ലക്ഷം തെങ്ങു കൃഷിക്കാർ 7 ലക്ഷം ഏക്കർ സ്ഥലത്ത് കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു. കേരളത്തിൽ ആകെയുള്ള 16 കോടി തെങ്ങുകളിൽ നിന്നും പ്രതിവർഷം ശരാശരി. 350 കോടി തേങ്ങാ ലഭിക്കുന്നു എന്ന് കണക്കാക്കിയിരിക്കുമ്പോൾ. നമ്മുടെ പന്മന ഗ്രാമത്തിൽ നിലവിലുള്ള 1280 ഹെക്ടർ തെങ്ങിൻ തോപ്പുകളിൽ വളർന്നിരിക്കുന്ന 3,20,000 തെങ്ങുകളിൽ നിന്നും തെങ്ങൊന്നിന് ശരാശരി 15 മുതൽ 20 വരെ നാളികേരം ലഭിക്കുന്നുള്ളു എന്നു നമ്മുടെ ഗ്രാമസഭാ റിപ്പോർട്ടുകൾ കാണിക്കുന്നു. തെങ്ങു കൃഷിയിൽ അനുഭവ സമ്പന്നരുമായി നടത്തിയ പഠന ചർച്ചകളിൽ നിന്നും ഒരു കാര്യം വ്യക്തമായി നമ്മുടെ ഗ്രാമത്തിലെ നാളികേര ഉൽപാദനം കഴിഞ്ഞ അൻപതുവർഷങ്ങൾക്കുള്ളിൽ നാലിൽ ഒന്നായി കുറഞ്ഞിരിക്കുന്നു. നമ്മുടെ പ്രദേശത്ത് തെങ്ങൊന്നിന് 15. മുതൽ 20 വരെ നാളികേരം ലഭിക്കുമ്പോൾ അടുത്തകാലത്ത് മാത്രം തെങ്ങുകൃഷിയിൽ ശ്രദ്ധചെലുത്തി തുടങ്ങിയ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ തെങ്ങൊന്നിനു ശരാശരി ഉൽപാദനം 45 മുതൽ 50 വരെ നാളികേരമാണ് എന്ന് ഓർമ്മിക്കുക. നാളികേര കൃഷിയുടെ വ്യാപ്തിവർദ്ധിച്ചിട്ടുണ്ടെങ്കി

ലും. തദനുസരണമായ ഉൽപാദനവർദ്ധന പ്രാദേശികമായി ഉണ്ടായിട്ടില്ല. കേരളത്തിലെ കൃഷിവകുപ്പിൻെറ കണക്കനുസരിച്ച് 1993 -94 കാലയളവിൽ ഒരു ഹെക്ടറിൽ നിന്നും 6000 തേങ്ങുകൾ ലഭിക്കുമെന്ന് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ 1982 - 84 - ൽ 682 ലക്ഷം ഹെക്ടർ സ്ഥലത്തുനിന്നും 1992-93 - ൽ 877 ഹെക്ടർ സ്ഥലത്തേക്ക് തെങ്ങു കൃഷിവ്യാപിച്ചുട്ടുണ്ടെന്നും കാണിക്കുന്നു പ്രസ്താവനകൾ വന്നിട്ടുണ്ട്.

കേരളീയരെ സംബന്ധിച്ചിടത്തോളം തേങ്ങാ ദൈനംദിന ജീവിതത്തിൻെറ ഭാഗം ആണ്. നാളികേരത്തിൻെറ ഉപയോഗമില്ലാത്ത ഒരു ദിവസത്തെ കുറിച്ചു നമുക്ക് സങ്കിൽപ്പിക്കാൻ പോലുമാവില്ല. തേങ്ങാ പൂളും തേങ്ങാചമ്മന്തിയും. തേങ്ങാപൂളും തേങ്ങചമ്മന്തിയും തേങ്ങാപാൽകലർന്ന പായസവും ഒക്കെ നിത്യജീവിതത്തിൻെറ ഭാഗമായി തീർന്നിരിക്കുന്നു. വെളിച്ചണ്ണയുടെ ഔഷധഗുണം കൂടുതൽ അറിയപ്പെട്ടു തുടങ്ങിയിരിക്കുന്നു ഈ അവസരത്തിൽ ശുദ്ധമായ വെളിച്ചെണ്ണ യുടെ ആവശ്യകതയും അനിവാര്യം ആയിരിക്കുന്നു. കേരളത്തിൻെറ വാർഷികവരുമാനത്തിൻെറ 15% വും കാർഷിക മേഖലയിൽ നിന്നുള്ളവരുമാനത്തിൻെറ 35% നാളികേരത്തിൽ നിന്നുമാണ്. ഗ്രാമീണ സമ്പത്ത് വ്യവസ്ഥ നാളികേര വിലയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വെളച്ചെണ്ണ നിർമ്മാണവും കയർ ഉൽപാദനവും ഈ രംഗത്തെ മുഖ്യതൊഴിലുകളാണ്.

പ്രാദേശികമായി നാളികേര ഉൽപ്പാദനത്തിനു പ്രതികൂലമായി ബാധിച്ചിരിക്കുന്ന കാരണങ്ങൾ പലതാണ്. കാലാകാലമായി തെങ്ങിൻ പുരയിടങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്ന കൃഷിപ്പണിക്ക് അതേരീതിയിൽ തുടർന്നു നടത്തിക്കൊണ്ടു പോകാൻ നമ്മുടെ കേര കർഷകന് ബഹുമുഖ പ്രശ്നങ്ങളെ അഭിമുഖികരിക്കേണ്ടിയിരിക്കുന്നു. തെങ്ങിനു തടമെടുക്കൽ, ഇടക്കിളക്കൽ, പുരയിടത്തിൽ വരമ്പുപിടിക്കൽ സമയങ്ങളിൽ ഉള്ളവളമീടിൽ, മരുന്നുതളിക്കൽ തടുങ്ങിയ കൃഷിമുറകൾ ഒന്നും തന്നെ കൃത്യമായയി പാലിക്കാൻ കർഷകനു കഴിയുന്നില്ല. സാമ്പത്തിക ബുദ്ധിമുട്ടുകളും കർഷകതൊഴിലാളികളെ സമയത്തിനു കിട്ടാത്തതും ഇതിൻെറ പ്രധാന കാരണങ്ങൾ ആണ്.

ഇതു കൂടാതെ തെങ്ങിനെ ആക്രമിക്കുന്ന കീടരോഗങ്ങൾ നാളികേര കർഷകൻെറ ഏറ്റവും വലിയ പ്രശ്നം ആയി മാറിയിരിക്കുന്നു. തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടങ്ങളായ കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി, തെങ്ങോലപ്പുഴു, കരിക്കൻ അഥവാ ''മൺപുഴു'' എന്നിവയുടെ ശല്ല്യം തെങ്ങിൽ തോപ്പുകളിൽ സാധാരണം ആയിരിക്കുന്നു. തെങ്ങിനെ ബാധിക്കുന്ന രോഗങ്ങളാകട്ടേ പലതാണ്. അതിൽ പ്രധാനപ്പെട്ടതും മാരകവും ആയ രോഗമാണ്. വേരു രോഗം അഥവാ കാറ്റുവീഴ്ച ഈ രോഗത്തിൻെറ പ്രതിവിധി കണ്ടുപിടിച്ചിട്ടില്ല. ആഗോള സസ്യശാസ്ത്രമേഖലയിൽ ഈ രോഗത്തിൻെറ കാര്യകാരണങ്ങളെക്കുറിച്ച് ശാസ്ത്രജ്ഞന്മാർ ഇപ്പോഴും പരീക്ഷണ നിരീക്ഷണങ്ങളിൽ വ്യാപൃതരായിരിക്കുകയാണ്. ഈ രോഗത്തിന് 'മൃതസഞ്ജീവനി''കളുമായി കർഷകരെ സമീപിക്കുന്ന വ്യാജചികത്സകരെ സൂക്ഷിക്കുക. കർഷകൻ കബളിപ്പിക്കപ്പെടും. എന്നാൽ മറ്റു രോഗങ്ങളായ മണ്ട ചീയൽ, ചെന്നീരൊലിപ്പ്, ഓലപൊള്ളൽ, വെള്ളക്കാ പൊഴിച്ചിൽ തുടങ്ങിയവയും കീടങ്ങളുടെ ആക്രമണവും ശാസ്ത്രീയമായ രോഗപ്രതിരോധ നടപടികൾ കൊണ്ടു പൂർണ്ണമായും സുഖപ്പെടുത്താവുന്നതാണ്. ഈ കാര്യത്തിൽ കർഷകരെ ബോധവാന്മാരക്കുക എന്നത് അത്യന്താപേക്ഷിതം ആയിരിക്കുന്നു. ഇതിലേക്കായി കൃഷി ഭവനും, പഞ്ചായത്തു ഭരണ സമിതിയും, സന്നദ്ധസംഘടനകളും കൂട്ടായി ചേർന്ന് സമ്പൂർണ്ണ നാളീകേര പുനരുദ്ധാരണപദ്ധതി നടപ്പിൽ വരുത്തേണ്ടിയിരിക്കുന്നു. തെങ്ങുനടുന്നതിനാവശ്യമായ നല്ലയിനം തെങ്ങിൻ തൈകൾ ഉൽപാദിപ്പിക്കാനുള്ള നേഴ്സറികൾ അഥവാ താവരണകൾ മുതൽ തുടങ്ങുന്ന എല്ലാകാര്യങ്ങളും പഞ്ചായത്തിൻെറ അതിർത്തിക്കുള്ളിൽ രൂപപ്പെടുത്തി യുവജനശക്തിയെ വേണ്ടവിധത്തിൽ ഉപയോഗിച്ച് തെങ്ങിൻ തോപ്പുകളെ കൂടുതൽ ഉൽപാദിപ്പിക്കാൻ പ്രാപ്തമാക്കിയെടുക്കേണ്ടതാണ്.

നമ്മുടെ ഗ്രാമത്തിൽ നിലവിലുണ്ടായിരുന്ന ഇടവിള കൃഷികൾക്കുണ്ടായതകർച്ചയുടെ കാരണങ്ങളും ആരായേണ്ടതായിട്ടുണ്ട്. വാഴ, മരച്ചീനി, ചേന, ചേമ്പ്, കിഴങ്ങുകൾ, കൈതച്ചക്ക, കുരുമുളക്, തീറ്റപ്പുല്ലുകൾ, പയർ തുടങ്ങിയവക്ക് നമ്മുടെ കരഭൂമി യോജിച്ചതാണ്. മേൽത്തരം നടീൽ വസ്തുക്കളുടെ ലഭ്യതയില്ലായ്മ ഈ രംഗത്തെ സജീവമാക്കുന്നതിന് തടസമായി നിൽക്കുന്നു. പഴവർഗ്ഗങ്ങൾ നിത്യജീവിതത്തിൻെറ ഭാഗമായി മാറിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് പഴവർഗ്ഗങ്ങളുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ചു കണ്ടെത്താവുന്നതേയുള്ള. മരച്ചീനി കൃഷിയെ നശിപ്പിക്കുന്ന എലിക്ക് എതിരേ സ്വീകരിക്കാവുന്ന അനവധി മാർഗ്ഗങ്ങൾ നിലവിലുണ്ട്. വാഴകൃഷിയെതകർക്കുന്ന ''മണ്ടയടപ്പ്'' എന്ന രോഗത്തിനും വാഴനടുമ്പോൾ മുതൽ ശാസ്ത്രീയ രീതിയിലുള്ള രോഗപ്രതിരോധ നടപടികൾ സ്വീകരിച്ചാൽ വാഴകൃഷിലാഭകരമായി നടത്തുവാൻ സാധിക്കുന്നതാണ്. തെങ്ങുകളിൽ പടർത്തി ആദായകരമായി കരുമുളകുകൃഷി നടത്താമെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. തീറ്റപ്പുൽകൃഷി വ്യാപകമായി നടത്തിയാൽ വിപണിയിൽ ലഭിക്കുന്ന കാലിത്തീറ്റയുടെ അളവു കുറച്ച് കന്നുകാലി കൃഷി ലാഭകരമാക്കാം. ജൈവവൈവിധ്യം നിലനിർത്തി മണ്ണിൻെറ ഘടനകാത്തുസൂക്ഷിക്കുന്നതിനും ഫലസമ്പുഷ്ടി വർദ്ധിപ്പിക്കുന്നതിനും സമ്മിശ്ര കൃഷിയും, വിളപരിക്രമണവും നവീകരിച്ചാൽ മണ്ണിൽ ജലാംശം നിലനിർത്താനും അന്തരീക്ഷത്തിലെ നൈട്രജൻ മണ്ണിലേക്കുവലിച്ചെടുത്ത് മണ്ണിൻെറ വീര്യം വർദ്ധിപ്പിക്കാനും സാധിക്കുന്നു.

പോഷകാഹാരങ്ങളിൽ പ്രധാനമാണ് പച്ചക്കറികൾ. 100 ഗ്രാം പച്ചക്കറിയെങ്കിലും ഒരാൾ ഒരു ദിവസം കഴിക്കണം. സസ്യഭുക്കായ ഒരാൾ ഒരു ദിവസം 500 ഗ്രാം പച്ചക്കറികൾ കഴിക്കേണ്ടതാണ്.

നമ്മുടെ കാർഷിക മേഖലയുടെ അനന്തസാധ്യതകൾ നമുക്കിന്നും അജ്ഞാതമായിരിക്കുന്നു. അപൂർവ്വ സസ്യങ്ങൾ നമ്മുടെ ഗ്രാമങ്ങളിലുണ്ട്. അവയെവലിയ ഒരളവോളം കണ്ടറിയുകയും. അവയുടെ ഗുണഗണങ്ങൾ മനസ്സിലാക്കിത്തന്നവരുമാണ്. കടന്നുപൊയ പൂർവ്വീകർ. ഔഷധസസ്യങ്ങളെ സംബന്ധിച്ച ചരക - ശുശ്രുത - ധന്വന്തരി സംഹിതകൾ എത്രയോ അനർഘങ്ങളാണ്. ഗവേഷണ രംഗം അതിൻെറ അത്യുന്നതിങ്ങളിലേക്കു കുതിക്കുമ്പോൾ നമ്മുടെ യുവപ്രതിഭകളെ ഈ രംഗത്ത് കൂടുതൽ ഉയരങ്ങൾ കീഴടക്കാൻ. നിയോഗിക്കേണ്ടതല്ലേ? സസ്യശാസ്ത്രത്തിൽ അഭ്യസ്തവിദ്യരായ നമ്മുടെ യുവാക്കളെ ഉപയോഗപ്പെടുത്തി. അപൂവ്വ സസ്യങ്ങളെ തിരിച്ചറിഞ്ഞ് അവയുടെ ''ബയോഡൈവേഴ്സിറ്റി'' രജിസ്റ്റാർ തയ്യാറാക്കി പഞ്ചായത്തിൽ സൂക്ഷിക്കണം. ഗാട്ടു

കരാറിൻെറ ഈ യുഗത്തിൽ ഈ അപൂർവ്വ സസ്യങ്ങളുടെ ബൗദ്ധിക സ്വത്തവകാശം നഷ്ടപ്പെടാതിരിക്കാനുള്ള ശ്രമം ഇപ്പോഴേ തുടങ്ങേണ്ടിയിരിക്കുന്നു. നമ്മുടെ അപൂർവ്വ സസ്യസമ്പത്തിന് വംശച്യ്യുതി നേരിടാതെ അവനിലനിർത്തിക്കൊണ്ടു പോകേണ്ട ചുമതല നമ്മിൽ അർപ്പിതം ആയിരിക്കുന്നു.

അന്യ സംസ്ഥാനങ്ങളിൽ നിന്നും ഭക്ഷ്യവസ്തുക്കൾ മാത്രമല്ല പുഷ്പങ്ങളും നമ്മുടെ ഗ്രാമത്തിൽ എത്തിച്ചേരുന്നു. കുറ്റിമുല്ല മുതൽ, ഓർക്കിഡ് ആന്തുറിയം വരെയുള്ള പുഷ്പങ്ങൾ ഉൽപാദിപ്പിക്കുന്നതിന് ഇവിടെ വളരെയേറെ സാധ്യതകൾ ഉണ്ട്. കുറ്റിമുല്ലകൃഷിയിൽ ആദ്യകാലം അനുഭവപ്പെട്ട പാളിച്ചകൾ തിരുത്തി പുഷ്പകൃഷി വ്യാപിപ്പിക്കേണ്ടതാണ്. എല്ലാ കുടുംബങ്ങൾക്കും വനിതാ സംഘടനകൾക്കും ഇത് തല്പര്യപൂർവ്വം ഏറ്റെടുത്ത് ആദായകരമായി നടത്താൻ സാധിക്കുന്നതാണ്.

പ്രകൃതിയിൽ ലഭ്യമായിരുന്ന ജൈവവൈവിധ്യം കാത്തു സൂക്ഷിക്കേണ്ടത് മാനവരാശിയുടെ നിലനിൽപ്പിനു തന്നെ അനിവാര്യം ആയിരിക്കുന്നു. സാമൂഹ്യവനനൽക്കരണപരിപാടി അനുസ്യൂതം തുടരുന്നില്ലെങ്കിൽ വൃക്ഷങ്ങളുടെ നിലനിൽപ്പിനുതന്നെ ഭീഷണിയാകും. പന്മന ഗ്രാമപഞ്ചായത്തിൽ ലഭമാകുന്ന മുഴുവൻ പൊതുസ്ഥലങ്ങളും സ്കൂൾ കേമ്പൗണ്ടുകളും ഇതിനായി പ്രയോജനപ്പെടുത്തണം തനതായ ഫലവൃക്ഷങ്ങളായിരിക്കണം വച്ചുപിടിപ്പിക്കേണ്ടത്. എല്ലാവിദ്യാലയങ്ങളിലും. യുവജനങ്ങൾക്കിടയിലും യംഗ് ഫാർമേഴ്സ് ക്ലബ്ബുകൾ രൂപവൽക്കിരിച്ച്. വൃക്ഷതൈ നടീൽ വിപുലമായ രീതിയിൽ നടപ്പാക്കണം ഈ കാര്യത്തിൽ സന്നദ്ധ സംഘനകൾ തമ്മിലുള്ള ക്രിയാത്മകമായ മത്സരം എർപ്പെടുത്തി അംഗീകാരം നൽകണം.

പന്മന പഞ്ചായത്ത് ഗ്രാമത്തിലെ പരിസ്ഥിതി സംബന്ധമായ ചില അടിയന്തിര പ്രാധാന്യമുള്ള പ്രശ്നങ്ങൾ കൃഷിയുമായി ബന്ധപ്പെടുത്തി പരിഗണിക്കേണ്ടതുണ്ട്. പന്മന പ്രദേശത്തെ 500 കർഷക കുടുബങ്ങളെ കുടിയിറക്കി 250 -ൽ പരം ഏക്കർ കൃഷിഭൂമി ഏറ്റെടുത്ത് പ്രവർത്തിച്ചു തുടങ്ങിയ ടൈറ്റാനിയം ഫാക്ടറി ഉണ്ട്. ഈ വ്യവസായ സ്ഥാപനം സ്ഥാപിതമായതോടെ നിരവധി കർഷിക - പരിസ്ഥിതി പ്രശ്നങ്ങൾ ഉയർന്നുവന്നിരിക്കുന്നു. പന്മന പഞ്ചായത്തിൻെറ കിഴക്ക് ചോലയിൽ പാടത്തു തുടങ്ങി നാലു കിലോമീറ്റർ ദൂരത്തിൽ വിവിധ പാടശേഖരങ്ങളിൽ കൂടി ഒഴുകി എത്തിയിരുന്ന ജലം മെമ്പനാട് കലങ്ങു വഴി ഒഴുകി നിലമേൽപാടത്തു കൂടി വട്ടക്കായലിലും ചവറ പന്മനതോട്ടിലും എത്തിചേർന്നിരുന്നു. ചെമ്പനാടി കലുങ്കുമുഖം മുതൽ 250 ഏക്കർ പാടങ്ങൾ വ്യവസായ സ്ഥാപനത്തിനു വേണ്ടി മണ്ണ് ഇട്ടു ഉയർത്തി കെട്ടിടങ്ങൾ നിർമ്മിച്ചതോടുകൂടി ഈ ഒഴുക്കു തടയപ്പെടുകയും കമ്പനിയുടെ കിഴക്ക് മൂന്നുപുവ് കൃഷി ചെയ്തുകൊണ്ടിരുന്നു. 100 ഏക്കറോളം നിലങ്ങൾ തരിശിട്ടും മണ്ണെടുത്തും മറ്റും നാശമായി തീർന്നിരിക്കുന്നു. കൂടാതെ ഫക്റ്ററിക്കുള്ളിൽ നിർമ്മിച്ചിരിക്കുന്ന കുളങ്ങളിൽ ശേഖരിക്കുന്ന രാസാംശം കലർന്ന മലിന ജലം ഒഴുകിപോകുന്ന ഇടങ്ങളിൽ മണ്ണിൽ രാസാംശം കലർന്നു ഭൂമിവിഷലിപ്തമായിക്കൊണ്ടിരിക്കുന്നു. ഇതു മൂലം മനുഷ്യജീവനും കൃഷിക്കും ഭീഷണി ഉയർന്നിട്ടുണ്ട്. രാസജലം ഒഴുകി എത്തുന്നതുമൂലം ഉപ്പൂട്ടിൽ പാടം, പള്ളിയക്കര, ഏല കറങ്ങയിൽ പാടം തുടങ്ങി 50 ഏക്കറോളം കൃഷിപാടങ്ങൾ തരിശായി മാറിയിരിക്കുന്നു. കൂടാതെ ക്ലോറിൻ നിറഞ്ഞ അന്തരീക്ഷവായുശ്വസിക്കാൻ വിധിക്കപ്പെട്ട പന്മന ഗ്രാമവാസികൾ പ്രമുഖപരിസ്ഥിതിപ്രവർത്തകനും. ഗവേഷകനും പ്രശസ്തനുമായ ''ഡൗൺറ്റു എർത്ത്'' മാസികയുടെ എഡിറ്ററുമായ അനിൽ അഗർവാൾ പറയുന്നത് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം പറയുന്നു. '' നാം ഒരു സത്യം മറന്നുപോയിരിക്കുന്നു. പ്രകൃതിയിലേക്കു നാം പ്രയോഗിക്കുന്ന ഒരോ വിഷവും, അത് കീടനാശിനികളോ വ്യവസായ ശാലകളിലെ പുകയോ വിഷലിപ്തമായ ജലമോ എന്തുമാകട്ടേ അവ മറ്റൊരു രൂപത്തിൽ തിരിച്ചടിക്കും എന്നകാര്യം. വിഷം ആഹാരത്തിൽ കൂടിയും, വെള്ളത്തിൽ കൂടിയും വായുവിലൂടെയും തിരിച്ചുവന്ന് നമ്മെതന്നെ കൊല്ലുന്നു. നമ്മുടെ ഫോർമോണുകളും പ്രത്യുൽപാദന സംവിധാനവും തകരാറിലാകുന്നു'' ഈ തരുണത്തിൽ ഒരു കാര്യം അടിവരയിട്ടു ഓർമ്മിപ്പിക്കുകയാണ്. വ്യവസായവൽക്കരണം രാജ്യത്തിന് ആവശ്യംതന്നെ പക്ഷേ അത് കാർഷികമേഘലയുടെ തകർച്ചയിൽ കൂടി ആകരുത്. കാർഷിക വൃത്തിരാജ്യത്തിൻെറ ജീവാത്മാവാണ്.

പന്മന പഞ്ചായത്തിൽ ലോഹമണൽ സാന്നിദ്ധ്യം കൊണ്ട് അനുഗൃഹീതമായ പൊന്മന പ്രദേശം ലോഹമണൽ ഘനനം രുക്ഷമായതിനാൽ കടൽ കയറി ഉപ്പുവെള്ളനിറഞ്ഞ് 10 ഏക്കറോളം ഫലഭൂയിഷ്ടമായ നെൽപ്പാടങ്ങൾ തരിശായിമാറിയിരിക്കുന്നു. അതുപോലെ തന്നെ ഉപ്പുവെള്ളത്തെ തടഞ്ഞുനിർത്താൻ ചവറ പന്മനത്തോടുമായി ബന്ധപ്പെടുത്തി സ്ഥാപിച്ചിരുന്ന ചീപ്പുകൾ നശിച്ചും ഉള്ളവതന്നെ. അവ പ്രവർത്തിക്കാതെയിരിക്കുന്നതിനാൽ കറങ്ങേൽ പാടം. പോരുക്കരപാടം തുടങ്ങിയ നെൽപ്പാടങ്ങൾ കൃഷിയിറക്കാൻ നിർവ്വാഹം ഇല്ലാത്ത അവസ്ഥയിലാണ്.

## പ്രശ്നങ്ങൾ

1. തെങ്ങ്, നെല്ല്, എള്ള്, ഇടവിളകൃഷികൾ തുടങ്ങി സമസ്ത കർഷിക രംഗങ്ങളിലും ഉല്പാദനം കുറഞ്ഞുകൊണ്ടിരിക്കുന്നു.
2. ജലസേചന നിർഗമന സൗകര്യങ്ങളുടെ കുറവ്. ശരിയായ ജലമാനേജുമെൻറ് രീതികളില്ലായ്മ.
3. പാടങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന തോടുകളിൽകൂടി നീരൊഴുക്കു നിലച്ചിരിക്കുന്നു.
4. പാടങ്ങൾ നികത്തുന്ന പ്രവണത വർധിക്കുന്നു. അവശേഷിക്കുന്ന നെല്പാടങ്ങൾ ചതുപ്പുനിലങ്ങളായി മാറുന്നു. പരിസ്ഥിതി പ്രശ്നങ്ങളും ഏറുന്നു.
5. ഉഴവുമാടുകളുടെ അഭാവം, പച്ചില വളത്തിൻെറ കുറഞ്ഞ ലഭ്യത ഇവകാരണം ജൈവവളം അപര്യാപ്തം.
6. അമിതമായ രാസവളപ്രയോഗം മൂലം മണ്ണിൻെറ ജൈവഘടനമാറി ഉല്പാദനം കുറഞ്ഞു.
7. രാസകീടനാശിനികളുടെ വർദ്ധിത ഉപയോഗം അപകടകരമായ ഫലങ്ങൾ സൃഷ്ടിച്ചിരിക്കുന്നു.
8. ഭൂമി തരിശിടൽ ഭീമമായ തോതിൽ വർധിക്കുന്നു.
9. കൃഷിഭവൻെറ പ്രവർത്തനം തൃപ്തികരമല്ല.
10. കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവും അനുബന്ധ പ്രശ്നങ്ങളും.
11. തെങ്ങുരോഗങ്ങൾ വ്യാപകമായിരിക്കുന്നു.
12. നല്ല ഇനം നെൽ വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ലഭിതക്കുറവ്.
13. പച്ചക്കറി കൃഷിരംഗത്ത് ഉചിതമായ പദ്ധതികളുടെ അഭാവം.
14. പുഷ്പകൃഷി, കൂൺകൃഷി, ഔഷധസസ്യകൃഷി എന്നിവയിൽ

വ്യാപകമായ ശ്രദ്ധക്കുറവ്. സാങ്കേതികോപദേശത്തിൻെറ യും പരിശീലനത്തിൻെറയും അഭാവം.

15. അശാസ്ത്രീയമായ സാമൂഹ്യവനവൽക്കരണം.
16. കെ.എം.എം.എൽ. ഫാക്ടറി സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ.
17. പൊന്മന പ്രദേശത്തെ പ്രത്യേകമായ കാർഷിക പ്രശ്നങ്ങൾ.
18. സംഘകൃഷിയുടെ അഭാവം.
19. വ്യാപകമായ തോതിലുള്ള എലിശല്യം.
20. നല്ലയിനം തെങ്ങിൻ തൈകൾ ലഭിക്കുന്നില്ല.
21. ടൈറ്റാനിയം ഫാക്ടറിയിലെ മലിനജനലം ഒഴുക്കിക്കളയുന്ന തോടിൻെറ ഇരുവശങ്ങളിലും (വഴുതിക്കരപാടവും കറങ്ങേൽ പാടവും) ഉള്ള പാടങ്ങളിൽ കൃഷിയിറക്കാൻ കഴിയുന്നില്ല.

## സാധ്യതകൾ

1. പന്മനയിലെ വിവിഘ വാർഡകളിലുള്ള വലുതും ചെറുതമായ അൻപതോളം തോടുകൾ പരസ്പരം ബന്ധിപ്പിച്ച് ജലസേചന - നിർഗമനമാർഗങ്ങൾ സുഗമമാക്കുക.

നിയമം നിലവിലുണ്ടെങ്കിലും അത് അവഗണിച്ചുകൊണ്ട് നടത്തുന്ന നിലം നികത്തലിനെതിരേ ജനകീയ ബോധവൽക്കരണം നടത്തുക. നിയമം നടപ്പാക്കുക.

ഫലപുഷ്ടിയുള്ള നെൽപ്പാടങ്ങൾ ആഴത്തിൽ കുഴിച്ചു മണ്ണെടുത്ത് ഇഷ്ടിക നിർമ്മിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തുക.

മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ കലോചിതമായ ശാസ്ത്രീയകൃഷിരീതികൾ അനുവർത്തിക്കുക.

നെൽപാടങ്ങളിൽ ഒരേ സമയം ഒരേ ജനം അത്യുല്പാദന ശേഷയുള്ള വിത്തുപയോഗിച്ച് കൃഷിയിറിക്കിയും ക്രമമായ രീതിയിൽ വളം ചെയ്തും സസ്യസംരക്ഷണ നടപടികൾ സ്വീകരിച്ചും വിളവെടുപ്പു നടത്തുക സംഘകൃഷി രീതി പാടശേഖരാടിസ്ഥാനത്തിൽ സ്വീകരിക്കുക.

ജൈവവളത്തിനു പ്രാധാന്യം കൊടുക്കുന്ന വളപ്രയോഗങ്ങളും അവ ലഭ്യമാക്കാനുള്ള മാർഗ്ഗങ്ങളും സ്വീകരിക്കുക.

അത്യുല്പാദന ശേഷിയുള്ള നെൽ വിത്തിനങ്ങളും നടീൽ വസ്തുക്കളും കൃത്യസമയങ്ങളിൽ ലഭമാക്കുക.

ഊർജിത പച്ചക്കറി വികസനപദ്ധതി പഞ്ചായത്തു തലത്തിൽ ആരംഭിക്കുക. ഇതിനായി ബഹുജന സംഘടനകളുടെയും കൃഷിക്കാരുടെയും രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും ഒരു പഞ്ചായത്തു തല സമിതി രൂപികരിക്കണം എല്ലാപഞ്ചായത്തു മെമ്പറന്മാരും അംഗങ്ങളായി പ്രസ്തുത സമിതിയുടെ അധ്യക്ഷൻ ഗ്രാമപഞ്ചായത്തു പ്രസിഡൻറും കൺവീനർ കൃഷി ആഫീസറും ആയിരിക്കണം. വാർഡുതല സമിതികളും പഞ്ചായത്തു മെമ്പറുടെ നേതൃത്വത്തിൽ ഉണ്ടാകണം. അതിനു ശേഷം ഓരോ വാർഡിലും 50 കുടുംബങ്ങൾ വീതമുള്ള ഉപസമിതികൾ രൂപീകരിക്കണം. ഈ പദ്ധതിക്ക് ആവശ്യമായ വിത്തും വളവും സാങ്കേതിക ഉപദേശങ്ങളും കൃഷി ഭവനിൽ നിന്നും ലഭ്യമാകണം. പച്ചക്കറി ഉല്പന്നങ്ങൾ വിറ്റഴിച്ച് കൃഷി ആദായകരമാക്കാനുള്ള വിപണന സൗകര്യവും ഏർപ്പെടുത്തണം.

വിവിധ വിളകൾക്ക് രോഗപ്രതിരോധ നടപടികൾ കൃത്യസമയത്തും ശാസ്ത്രീയമായ രീതിയിലും നടപ്പാക്കുക.

10. പഞ്ചായത്തിൻെറ പൂർണ്ണ ഉത്തരവാദിത്വത്തിൽ ട്രാക്ടർ, ടില്ലർ തുടങ്ങിയ ഉഴവു യന്ത്രങ്ങളും മരുന്നടി ഉപകരണങ്ങളും വാങ്ങി ഗ്രൂപ്പിഫാമിംഗ് സമിതികൾക്ക് സബ്സിഡിയോടെ കൊടുക്കണം.
11. തെങ്ങിനുള്ള രോഗപ്രതിരോധ മരുന്നുതളിക്ക് കേരകർഷക സമിതികളെ ഏർപ്പെടുത്തണം. പമ്പും മരുന്നും സബ്സിഡിയായി നൽകണം. പഞ്ചായത്തു സമിതിയുടെ നേതൃത്വം ഉണ്ടാകണം.
12. കുറ്റിമുല്ലകൃഷി കുടുംബകൃഷിയാക്കി മാറ്റണം. പുഷ്പത്തിന് മാർക്കറ്റ് കണ്ടെത്തണം. ഓർക്കിഡ്, ആന്തൂറിയം കൃഷിയും നടപ്പിലാക്കണം. പുഷപകൃഷിക്കാർക്ക് വിദഗ്ദന്മാർ നയിക്കുന്ന ഡമോൺസ്ട്രേഷൻ ക്ലാസ്സുകൾ നൽകണം.
13. കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കർഷക ഉപദേശക സമിതികൾ വാർഡിടിസ്ഥാനത്തിൽ രൂപികരിക്കണം. ഒരു വാർഡിൽ ഒരു വർഷം മൂന്നു കൃഷി ക്ലാസുകളെങ്കിലും സംഘടിപ്പിക്കണം.
14. വിള ഇൻഷുറൻസ് പരിധിയിൽ രോഗബാധിതമായ തെങ്ങുകൾ, വാഴകൾ തുടങ്ങിയ വിളകൾ ഉൾപ്പെടുത്തണം.
15. തെങ്ങിൻെറ ഇടവിള കൃഷിയായി മൾബറി കൃഷിചെയ്യുന്നതിനുള്ള അനുകൂലസാഹചര്യം ഇവിടെയുണ്ട്. മൾബറി കൃഷി വ്യാപകമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.
16. കൃഷിഭവൻ വഴി ലഭിക്കുന്ന തെങ്ങിൻ തൈകൾ ഏപ്രിൽ - മെയ് മാസങ്ങളിൽ വിതരണം ചെയ്യണം. ഇപ്പോൾ ജൂൺ-ജൂലൈ മാസങ്ങളിലാണ് വിതരണം ചെയ്യുന്നത്.
17. ടൈറ്റാനിയം ഫാക്ടറിയുടെ കിഴക്കുവശത്തുള്ള പാടങ്ങളിൽ നിന്നൊഴുകി വരുന്ന വെള്ളം വടക്കോട്ടൊഴുക്കി വട്ടക്കായലിൽ എത്തിക്കാനുള്ള ഒരു വലിയ തോടു നിർമ്മിക്കണം.
18. വഴിയോരത്തും പൊതുസ്ഥലത്തും ഫലവൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്നതിനുള്ള ചുമതല കലാ-കായിക സമിതികളെ ഏല്പിക്കുക. അവർ വളർത്തിയെടുക്കുന്ന വൃക്ഷത്തോട്ടങ്ങൾക്ക് പ്രോത്സാഹന ധനസഹായം നൽകണം.
19. ടൈറ്റാനിയം ഫാക്ടറിയിൽ കെ.എം.എം.എൽ. നിന്നുള്ള മലിനീകരണം തടയുന്നതിന് ആസിഡ് റീജനറേഷൻ കൂടുതൽ കാര്യക്ഷമമാക്കണം. മാലിന്യങ്ങൾ പൂർണമായി നിർവീര്യമാക്കി പുറന്തള്ളുക.
20. കെ.എം.എം.എൽ. കമ്പനിയുടെ ചെലവിൽ പ്രദേശവാസികളായ ജനങ്ങൾക്ക് ആവശ്യമുള്ള കുടിവെള്ളം എത്തിക്കണം.
21. പൊന്മനയിൽ കടൽഭിത്തി നിർമ്മിക്കണം. ഗ്രാമത്തിൽ ആവശ്യത്തിനുള്ള ചീപ്പുകൾ ഉണ്ടാക്കുകയും വേണം.
22. പന്മനഗ്രാമത്തിൽ നിന്നും ഏറ്റവും നല്ല കർഷകനെ തെരഞ്ഞെടുത്ത് അവാർഡുനൽകി ആദരിക്കുക.
23. ടൈറ്റാനിയത്തിൽ നിന്ന് റ്റി.എസ്. കനാലിലേയ്ക്ക് മാലിന്യം ഒഴുകിക്കളയുന്ന കനാലിൽ ആസിഡ് കലർന്നജലം വശങ്ങളിലേയ്ക്ക് ഉർന്നു പോകാത്തതരത്തിൽ ഫിലിം വിരിച്ച് അടി കോൺക്രീറ്റ് ചെയ്തു ബലപ്പെടുത്തണം.

## പന്മന ഗ്രാമപഞ്ചായത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജനസേചന പദ്ധതികൾ

| ക്രമ: നംമ്പർ | പദ്ധതിയുടെപേര് | ആയക്കെട്ട് വിസ്തൃതി |
|---|---|---|
| 1 | തണ്ണിത്തോട് - കൊല്ലക | 105 ഏക്കർ നിലം |
| 2 | വില്ലന്നൂതോട് - വടക്കുംതല | 75 ഏക്കർ നിലം |
| 3 | അയണിക്കാട് തോട് | 25 ഏക്കർ നിലം |
| 4 | കൊല്ലശ്ശേരി തോട് | 15 ഏക്കർ നിലം |
| 5 | മല്ലയിൽതോട് | 25 ഏക്കർ നിലം |
| 6 | കളീയിലിൽ തെക്കുവശംതോട് | 15 ഏക്കർ നിലം |
| 7 | വലിയവീട്ടിൽ കിഴക്കുതോട് | 10 ഏക്കർ നിലം |
| 8 | ചിറയിൽ പാടംതോട് | 10 ഏക്കർ നിലം |
| 9 | നല്ലോട്ടികിഴക്കേതോട് | 15 ഏക്കർ നിലം |
| 10 | വരവിളചാൽ | 10 ഏക്കർ നിലം |
| 11 | മുണ്ടൻതറത്തോട് | 10 ഏക്കർ നിലം |

## പന്മനപഞ്ചായത്തിൽ വിവിധ വാർഡുകളിൽ നിലവിലുള്ള തോടുകളുടെ വിശദവിവരം

വാർഡ് 1

1. പള്ളിക്കൽ ആറ്
2. തണ്ണത്തോട്

വാർഡ് 2

1. തണ്ണിത്തോട് തടർച്ച
2. കുഴിയാന്നൂർതോട്

വാർഡ് 3

1. പനയന്നാർ കാവ്ചിറത്തോട്
2. കുറ്റിവട്ടം ഇടത്തോട്
3. പുത്തൻ വീട്ടിൽ തെക്കേതോട്
4. ചെങ്ങേഴുത്ത് തോട്

വാർഡ് 4

1. അയണിക്കാട്ട്തോട് (ചാലക്കരപുറം മുതൽ പടിഞ്ഞാറോട്ട്)
2. കുറ്റിനഴികത്ത് തെക്കുമുതൽ തൈയ്യിൽ പടിഞ്ഞാറുവശം വരെയുള്ളതോട്
3. വല്യവീട്ടിൽതോട്
4. കൊല്ലശ്ശേരി വീട്ടിനുതെക്കുവശത്തേക്കുള്ളറോഡ്.
5. വെറ്റമുക്കിനു വടക്കോട്ടുള്ളതോട്
6. പോച്ചയിൽ വടക്കുവശത്തുള്ള പുതവനത്തോട്
7. പുല്ലം പള്ളിതെക്കുവശം മുതൽ തെക്കോട്ടുള്ളതോട്

വാർഡ് 5

മനയിൽ തോടുകൾ ഇല്ല

വാർഡ് 6

1. പുതുശ്ശേരിക്കോട്ടയ്ക്ക് തെക്കുവശം ഉള്ളതോട് (ചേന്നാറ തെക്കു വശത്തുകൂടി വടതലതോട്ടിൽ എത്തിച്ചേരുന്നു.)
2. മുണ്ടൻതറതോട്
3. നല്ലവീട്ടിൽ കിഴക്കുവശത്തുള്ള തോട്
4. പേരുവട്ടത്തുതോട് (ഇതുകൂടാതെ 12 തോടുകളുടെ വിവരങ്ങൾ പ്രത്യേകം കിട്ടിയിട്ടുണ്ട്.)

വാർഡ് 7

1. ചക്കനാൽ ജംഗ്ഷൻ മുതൽ കണിച്ചികുളങ്ങര മൈലപ്പിള്ള പാടം വഴി ചെമ്പനാടികലങ്ങുവരെ എത്തുന്നതോട്.
2. താമളപാടത്തുനിന്നും പന്മന ക്ഷേത്രം വരെയുള്ള തോട്
3. ചാലിൽപ്പാടം പുന്തലപ്പാടം ഇവയിൽ ഉള്ള തോട്
4. മാവേലിതോടു മുതൽ കോഞ്ചേരിവരെയുള്ള തോട്
5. തരൂകോട്ട മുതൽ ടൈറ്റാനിയം ജംഗ്ഷൻവരെയുള്ളതോട്
6. പൂവശ്ശേരി മുതൽ ടൈറ്റാനിയം കോമ്പൗണ്ട് വരെയുള്ള തോട്
7. കാരാളി പടിഞ്ഞാറു വശം മുതൽ ആലിക്കുറുപ്പിൽ ജംഗ്ഷൻ വരെയുള്ള തോട്
8. കാമൻകുളങ്ങര വിളക്കുപാടം മുതൽ ചെമ്പനാടികലങ്ങുവരെയുള്ളതോട്

വാർഡ് 8

1. പറത്തറ വടക്കവശത്തുള്ളതോട്
2. പുതുവാക്കൽ തോട്
3. വഴുതിക്കര ഏലായിൽ നിന്നുള്ളതോട്
4. അഞ്ചുമനക്കൽ തോട്
5. ചിറക്കാലഓട
6. കറങ്ങയിൽ വടക്കോട്ടുള്ളതോട്
7. ടൈറ്റാനിയം ഫാക്ടറി നിർമ്മച്ച എൻ.എച്ച് - 47 മുതൽ ചവറ തോടുവരെയുള്ള തോട് പരിസരമലിനീകരണം മൂലം നെൽപ്പാടങ്ങൾ നശിച്ചുകഴിഞ്ഞു.

വാർഡ് 9

1. ചവറ പന്മനത്തോട്
2. കൊട്ടാരക്കടവു മുതൽ കടകത്തുവരെയുള്ള തോട്

വാർഡ് 10

1. ചിറ്റൂർ വട്ടക്കായൽ കനാൽ
2. തുറയിൽ പാലത്തിൽ നിന്നുള്ള തോട്

വാർഡ് 11

1. പാലത്തറതെക്കു വശത്തുനിന്നും പള്ളിക്കര ഏലായിൽ എത്തുന്നതോട്.
2. പെരുമാൾത്തറക്കോളനിയിൽ നിന്നും കുന്നുംതറ വടക്ക് കലങ്കിൽ എത്തുന്നതോട്.
3. റെയിൽവേ ക്രോസ് മുതൽ ചിറ്റൂർ വരെ എത്തുന്നതോട്
4. വാഴോലിൽ തോട്

5. കുന്നുംതറവടക്കേ തോട്

വാർഡ് 12

1. കറുകത്തലതോട്
2. കോന്തറ കന്നിട്ടതോട്
3. പാലയ്ക്കത്തറതോട്
4. ചെങ്ങേഴുത്തുതോട്
5. താന്നിക്കൽ പാടത്തുകൂടിയുള്ളതോട്

വാർഡ് 13

1. കുഴിയാനിമുട്ടത്തുതോട്
2. തെങ്ങിൽ തോട്
3. അമ്പനാട്ട് തോട്
4. ചെങ്കള്ളിമുക്കു മുതൽ വടക്കോട്ട് കായൽവരെയുള്ള തോട്
5. കൊല്ലകവടക്കുതോട് (പുനർനിർമ്മാണം ചെയ്തു)

വാർഡ് 14

1. അമ്പലശ്ശേരിത്തോട്
2. മല്ലയിൽതോട്

വാർഡ് 15

1. പുതുപ്പണപാടത്തുനിന്നും വിളക്കുപാടത്ത് അവസാനിക്കുന്ന തോട്
2. ആയിരേഴത്തു കിഴക്കുവശത്തുനിന്നും സരിതാ ടാക്കീസിന്റെ മുമ്പിൽ കൂടി വട്ടക്കായലിലേക്കു പോകുന്നതോട്
3. കുറുശ്ശേരി ഭാഗത്തു നിന്നും താമളപാടത്ത് എത്തിചേരുന്ന തോട്
4. കുറുശ്ശേരി വടക്കുവശത്തുകൂടി പോകുന്നതോട്
5. പുറമാഗഭാഗത്തു നിന്നുതുടങ്ങി താമളഭാഗത്തുചേരുന്ന തോട്
6. പെരും കുഴിത്തോട്.

## പന്മന പഞ്ചായത്തു പ്രദേശത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന ചെറുകിട ജലസേചനപദ്ധതി

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഇതുമൂലം കൃഷി മെച്ച മാക്കാൻ ഉതകുന്ന സ്ഥം |
|---|---|---|
| 1. | തണ്ണിത്തോട് - കൊല്ലക | 105 ഏക്കർനിലം |
| 2. | വില്ലന്നൂർതോട് - വടക്കുംതല | 75 ഏക്കർനിലം |
| 3. | അയനിക്കാട്ട്തോട് | 25 ഏക്കർനിലം |
| 4. | കൊല്ലശ്ശേരിത്തോട് | 13 ഏക്കർനിലം |
| 5. | മല്ലയിൽതേട് | 25 ഏക്കർനിലം |
| 6. | കളീലിൽ തോട് (തെക്കുവശം) | 15 ഏക്കർനിലം |
| 7. | വലിയവീട്ടിൽ കിഴക്കുതോട് | 10 ഏക്കർനിലം |
| 8. | ചിറ്റയിൽ പാടം തോട് | 10 ഏക്കർനിലം |
| 9. | ചിറ്റയിൽ പാടം തോട് | 10 ഏക്കർനിലം |
| 10. | വരവിളച്ചാൽ | 10 ഏക്കർനിലം |
| 11. | മുണ്ടൻ തറതോട് | 10 ഏക്കർനിലം |

## പന്മന - ഗ്രാമപഞ്ചായത്ത് ഭൂമിസംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം ഏ.സെ. ച:ലിംസ് |
|---|---|
| നിലം | 1799 - 69 - 671 |
| പുരയിടം | 2135 - 19. 061 |
| പുറംപോക്ക് | 229 - 38 - 968 |
| ആകെ | 4164 - 28 - 00 |

# പനമന - ഗ്രാമപഞ്ചായത്ത്
# കുളങ്ങൾ - കിണറുകൾ
# സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | വിസ്തീർണ്ണം 10 സെൻറിൽ താഴെ | 10-20 | 20-30 | കിണറുകൾ |
|---|---|---|---|---|
| 1 - 2 | 1 - (12 സെൻറ്) | | | 5 |
| | | | | 2 |
| 3 | 1. (4 സെൻറ്) | | | 3 |
| 4 | 1 (3 സെൻറ്) | | | 6 |
| 5 | 1 (3 സെൻറ് | | | 3 |
| 6 | | 2 | | 2 |
| 7 | | 1 | | 2 |
| 8 | 1 | | | 3 |
| 9 | 1 | | | |
| 10 | 1 | | | 2 |
| 11 | 1 | | | 3 |
| 12 | 1 | | | 2 |
| 13 | 1 | | | 3 |
| 14 | | | | 5 |
| 15 | 1 | | | |
| ആകെ | 8 6 | | | 41 |

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

### മൃഗസംരക്ഷണം

കഴിഞ്ഞ മൂന്നുപതിറ്റാണ്ടുകാലം നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹിക- സാംസ്ക്കാരിക വളർച്ചയിൽ മൃഗസംരക്ഷണമേഖല തനതായ സംഭാവന നല്കിയിട്ടുണ്ട്. ആളോഹരി കൃഷിഭൂമിയുടെ കാര്യത്തിൽ വന്ന കുറവും വ്യാവസായിക മുരടിപ്പും മൂലമുണ്ടായ തൊഴിലില്ലായ്മയും സൃഷ്ടിച്ച ദുരിതങ്ങളിൽ നിന്ന് ജനങ്ങളെ ഒരു പരിധി വരെ രക്ഷിക്കാൻ കന്നുകാലി വളർത്തലിന് കഴിയും. ചുരുങ്ങിയ മൂലധനമുടക്ക് മതിയായതിനാൽ ഏറെ ആശ്വാസകരമാണിത്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമാണ്. അതുകൊണ്ട് മൃഗസംരക്ഷണമേഖലയിൽ ഉണ്ടാകുന്ന ഏത് പുരോഗതിയും ഗ്രാമീണ കാർഷിക സമ്പദ്ഘടനയെ സമ്പുഷ്ടമാക്കുന്നതാണ്. ആസൂത്രിത പദ്ധതികളിലൂടെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മക്കു കൂടി പരിഹാരം കാണാൻ ഈ മേഖലയെ ഉപയോഗപ്പെടുത്താം. ശരിയായ മാനേജ്മെന്റ് സമ്പ്രദായം വേണമെന്ന് മാത്രം.

പന്മനയുടെ ഗ്രാമീണാന്തരീക്ഷം കാലിവളർത്തലിന് അനുയോജ്യമായതാണ്. കൃഷിയുടെ അഭിഭാജ്യഘടകമെന്ന നിലയിലായിരുന്നു മൃഗങ്ങളെ വളർത്തിയിരുന്നത്. കർഷക കുടുംബങ്ങളിൽ സമൃദ്ധിയുടെയും പ്രൗഢിയുടെയും പ്രതീകമെന്ന നിലയിൽ ഉയർന്നുനിന്നിരുന്ന കൂറ്റൻ കച്ചിത്തുറുവുകളും വാസ്തുശില്പവൈദഗ്ദ്ധ്യത്തോടെ പണിതുണ്ടാക്കിയ നീളമുള്ള കാലിത്തൊഴുത്തുകളും കാണാമായിരുന്നു. മകരകൊയ്ത്തുകഴിഞ്ഞാൽ പാടങ്ങളിൽ പുല്ലു മേയുന്ന പശുവിൻ പറ്റങ്ങൾ കർഷക ഹൃദയങ്ങൾക്ക് ആനന്ദം പകർന്നിരുന്നു. തലയിൽ ചുമ്മാടുറപ്പിച്ച് ചെറുകുട്ടകളും പേറി ചാണകം വാരാൻ വയലിലിറങ്ങുന്ന ബാലന്മാരും സായംസന്ധ്യാസമയത്തെ കൊയ്തൊഴിഞ്ഞ നെൽവയലുകളെ ചലനാത്മകമാക്കിയിരുന്നു.

പാലിന് വളർത്തുന്ന പശു, എരുമ, ആട് എന്നിവയ്ക്ക് പുറമേ നിലം ഉഴുത് മറിക്കാൻ വളർത്തുന്ന കാള, പോത്ത് എന്നിവയുമായിരുന്നു നമ്മുടെ മൃഗസമ്പത്തിന്റെ മുഖ്യഘടകം. വണ്ടി വലിക്കുക, എണ്ണ ആട്ടുക എന്നീ വ്യാപാരാവശ്യങ്ങൾക്കും കാളകളെ ഉപയോഗിച്ചിരുന്നു. കർക്കടകത്തിലെ മരമടി മഹോത്സവം മനസ്സിലുണർത്തിയിരുന്ന ആനന്ദം ഇന്നും മങ്ങലേല്ക്കാതെ നിൽക്കുന്നു. ആട്, പോത്ത്, എരുമ, പശു, കാള എന്നിവയുടെ മാംസം ഭക്ഷ്യവസ്തുവായി ഉപയോഗിച്ചുവരുന്നു. മൃഗങ്ങളുടെ എല്ലും തുകലും കൊഴുപ്പും അന്യസംസ്ഥാനങ്ങളിലേക്ക് കയറ്റി അയയ്ക്കുകയാണ്.

സ്വന്തം ഭവനങ്ങൾക്കുപുറമേ കുടിയാന്മാരുടെ വീടുകളിലും പശുവിനെ ഏല്പിച്ച് വളർത്തുന്ന ഏർപ്പാട് നമ്മുടെ ഗ്രാമത്തിൽ നിലവിലുണ്ടായിരുന്നു.

കാർഷിക വൃത്തിയുടെ ഭാഗമായിരുന്ന കാലിവളർത്തൽ, പുല്ല്, വൈക്കോൽ, പിണ്ണാക്ക്, തവിട്, ധാന്യ കഴുകുന്നവെള്ളം (കാടി) എന്നിവയെ ആശ്രയിച്ചായിരുന്നു നടത്തിയിരുന്നത്. വിശാലമായ കൃഷിഭൂമി വൈക്കോലിന്റെയും പുല്ലിന്റെയും തവിടിന്റെയും ലഭ്യത സുലഭമാക്കിയിരുന്നു.

ഇന്ന് സ്ഥിതി ആകെ മാറി. കൃഷിഭൂമി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ തുടങ്ങി. കൃഷി നഷ്ടമായതിനാൽ ബാക്കി വരുന്നതിൽ ഏറെ ഭാഗം തരിശ്ശിടുകയും ചെയ്യുന്നു. ഇതുകാരണം വൈക്കോൽ ആവശ്യത്തിന് ലഭിക്കാതായി. പുല്ലിന്റെ ലഭ്യതയും പ്രതിസന്ധിയെ നേരിടുന്നു. കാലിവളർത്തൽ നഷ്ടമായിത്തീർന്നു. വയൽകൃഷി കുറഞ്ഞുവന്നതിനാൽ കാർഷികപ്പണി ചെയ്യിക്കുവാൻ വേണ്ട ഉരുക്കളുടെ ആവശ്യവും കുറഞ്ഞുവന്നു. കാളവണ്ടികളുടെയും നാടൻ ചക്കുകളുടെയും സ്ഥാനത്ത് യന്ത്രവൽകൃത സൗകര്യങ്ങൾ ലഭ്യമായതോടെ ആ രംഗത്തും കാലികളെ ആവശ്യമില്ലാതായി. തുടർന്ന് നമ്മുടെ മൃഗപരിപാലന രംഗം മുരടിപ്പിനെ നേരിട്ടുകൊണ്ടേയിരുന്നു.

ജനസംഖ്യാവർദ്ധനവിനനുസരിച്ചും ക്ഷീരോല്പാദനം സാദ്ധ്യമാകാതെ വന്നു എന്നുമാത്രമല്ല ജൈവവളങ്ങളിൽ പ്രധാനമായ ചാണകം കാർഷികമേഖലയിൽ അസുലഭവസ്തുവുമായി. നമ്മുടെ മണ്ണിനെ വർദ്ധിതവീര്യമുള്ളതാക്കുവാൻ പച്ചിലയും ചാണകവും ചേർത്ത് ഉഴുതുമറിച്ചിരുന്നെങ്കിൽ ചാണകത്തിന്റെ കുറവ് നിമിത്തം ഇന്ന് അതിന് കഴിയാതെ വരുന്നു. രാസവളങ്ങൾ ചാണകത്തിന്റെ സ്ഥാനം കയ്യടക്കി. ഫലം – കൃഷിഭൂമി സ്വാഭാവിക മരണത്തിലേക്ക് വഴുതിവീണുകൊണ്ടേയിരിക്കുന്ന അവസ്ഥ സംജാതമായി. ഇത് കന്നുകാലി പരിപാലനരംഗത്തെ ശ്രദ്ധക്കുറവുണ്ടുണ്ടായ മറ്റൊരു വിനയായിത്തീർന്നിരിക്കുന്നു. ധവളവിപ്ലവത്തിന്റെ അല ഗ്രാമത്തിലും അടിച്ചിട്ടുണ്ട്. ഗ്രാമങ്ങളിലുള്ള മൃഗങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു.

പ്രത്യുല്പാദന രംഗത്ത് വലിയ മാറ്റങ്ങളുണ്ടായി. നാടൻ പശുക്കളെ നാടൻ കാളകളെകൊണ്ട് ഇണ ചേർത്ത് ഗർഭധാരണം നടത്തുന്ന പാരമ്പരിക സമ്പ്രദായത്തിന് പകരം വന്ന ആധുനിക മാർഗ്ഗങ്ങളാണ് ഇന്ന് ഇവിടെ അവംലബിക്കുന്നത്. ഒന്നോ രണ്ടോ ലിറ്ററിൽ ഒതുങ്ങിനിന്ന പാൽ ലഭ്യത ഇതുമൂലം പതിനഞ്ചും ഇരുപതും ലിറ്ററിൽ വരെ എത്തിയിട്ടുണ്ട്. സിന്ധികാളകളെ കൊണ്ട് ഇണചേർത്തും അവയുടെ ബീജം ശേഖരിച്ച് ഐസിൽ സൂക്ഷിച്ചും ബീജസങ്കലനം നടത്തിയും ഇവിടെ പ്രത്യുല്പാദനം നടത്തിയിരുന്നു. മാട്ടുപ്പെട്ടിയിൽ നിന്നും സ്വിസ്സ് ബ്രൗൺ കാളകളുടെ ബീജം ലിക്വിഡ് നൈഡ്രജനിൽ ശിതീകരിച്ചും ഉപയോഗിക്കുന്നതിന് പുറമേ ജഴ്സി, ഹോൾസ്റ്റെയിൻ എന്നീ വർഗ്ഗത്തിൽപെട്ട കാളകളുടെ ബീജവും ക്രിത്രിമ ഗർഭധാരണമാർഗ്ഗത്തിലൂടെ ഉപയോഗിക്കുന്നു. ഭ്രൂണമാറ്റം വഴി വർഗ്ഗശുദ്ധിയുള്ള മേൽത്തരം കാലികളുടെ ഉല്പാദനത്തെകുറിച്ച് പന്മനക്കാർ ഇനിയും അറിയാനിരിക്കുന്നതേയുള്ളൂ. മുറാവർഗ്ഗത്തിൽപ്പെട്ട പോത്തിൽ നിന്നും ബീജം ശേഖരിച്ച് നാടൻ എരുമകളിൽ ബീജസങ്കലനം നടത്തുന്ന ഏർപ്പാട് ഇവിടെ പ്രചാരത്തിലായിവരുന്നു.

പാലിന്റെ കാര്യത്തിൽ അത്യുല്പാദന ശേഷിയുള്ള ഇനങ്ങളെ പകരം കിട്ടിയെങ്കിൽ ഇന്ന് അതും പ്രതിബന്ധങ്ങളെ നേരിടുകയാണ്. പശുക്കളിൽ കാണുന്ന രോഗം കർഷകനെ തകർക്കുന്ന തരത്തിലുള്ളതാണ്. ഇവയ്ക്ക് വേണ്ട ഭക്ഷണത്തിന്റെ അളവിലുള്ള വർദ്ധന, പുല്ലിന്റെ ദൗർലഭ്യം, തീറ്റവസ്തുക്കളുടെ ക്രമാതീതമായ വിലക്കൂടതൽ, ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത, മൃഗത്തിന്റെ വിലയുടെയും അതിനെ വളർത്തുന്നതിനുള്ള ചെലവിന്റെയും വർദ്ധന, പാൽവിപണിയുടെ കുറവ്, കൃഷി ലാഭകരമല്ലാത്തതിനാൽ കർഷകന്റെ ഈ രംഗത്തു

പക്ഷിമൃഗാദികളുടെ സ്ഥിതിവിവര കണക്ക് 1987

| കറവയുള്ളവ | | പെൺ കറവയുള്ളതും ഇല്ലാത്തതും | | ആകെ | ആകെ | ആകെ | പോത്തുകൾ | | | ആകെ |
|---|---|---|---|---|---|---|---|---|---|---|
| സങ്കര വർഗ്ഗം | നാടൻ വർഗ്ഗം | സങ്കര വർഗ്ഗം | നാടൻ വർഗ്ഗം | പെൺ | ആൺ | കന്നുകാലികൾ | എരുമ വർഗ്ഗം | പോത്ത് | ആകെ | പക്ഷികൾ |
| 2519 | 507 | 3149 | 634 | 3783 | 417 | 4200 | 430 | 16 | 446 | 24989 |

നിന്നുള്ള പിന്മാറ്റം എന്നിവ മൃഗസംരക്ഷണ രംഗത്ത് ഗുരുതരമായ പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ട്.

ആവശ്യത്തിന് മേച്ചിൽസ്ഥലം കിട്ടാതിരിക്കുന്ന അവസ്ഥ നിലനിൽക്കുന്നു. വീട്ടുവളപ്പ് അടിസ്ഥാനമാക്കിയുള്ള കാലിവളർത്തൽ ഉണ്ടാക്കണം. വീടിനു ചുറ്റും ജൈവലഭ്യത വർദ്ധിപ്പിച്ചുകൊണ്ടുള്ള കാലിവളർത്തൽ ആസൂത്രണമാണുണ്ടാകേണ്ടത്. ജൈവസ്തുക്കളുടെ സ്രോതസ്സുകൾ വിപുലമാക്കി കാലിവളർത്തൽ സാഹചര്യം സചേതനമാക്കി ത്തീർക്കണം. വളർത്തുമൃഗങ്ങളെ തെരഞ്ഞെടുക്കുന്നത് കാർഷികപശ്ചാത്തലവും കർഷകരുടെ താല്പര്യവും കണക്കാക്കിയായിരിക്കണം. മൃഗസംരക്ഷണപരിശീലനം ആസൂത്രണം ചെയ്തു നടപ്പാക്കിയാൽ കൃഷി ആദായകരമാക്കാം.

ഗർഭിണികളായ പശുക്കളുടെ സംരക്ഷണം കാര്യക്ഷമമായി നടത്തിയില്ലെങ്കിൽ പ്രസവിച്ചുണ്ടാകുന്ന കുട്ടിക്ക് പലവിധ വൈകല്യങ്ങളുണ്ടാകും. ചെന പിടിക്കാതിരിക്കുന്ന സ്ഥിതിയും സംജാതമാകും. അഥവാ ചെന പിടിച്ചാൽ തന്നെ പ്രതീക്ഷിച്ച ക്ഷീരോല്പാദനം ഉണ്ടാകാതെയും പോകും. ഇത് ഉല്പാദനക്ഷമതയുള്ള പശുക്കളുടെ ദൗർലഭ്യം വരുത്തിവക്കും. "കന്നുകുട്ടി പരിപാലന പദ്ധതി" വേണ്ടതരത്തിൽ പ്രയോജനപ്പെടുത്തിയാൽ ഇതിന് ഒരു പരിഹാരമാകും. എല്ലാ ക്ഷീര സഹകരണ സംഘങ്ങളിലൂടെയും ഈ പദ്ധതി വിപുലപ്പെടുത്തേണ്ടതുണ്ട്. ഈ പദ്ധതിയുടെ പ്രയോജനം എല്ലാവർക്കും ലഭിക്കുവാൻ കിടാരികളെ വളർത്തുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് സഹായം ലഭ്യമാക്കേണ്ടതാണ്.

പാലുല്പാദനം വർദ്ധിപ്പിക്കുവാൻ വളരെ അനുകൂല സാഹചര്യങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഇവിടെ ഏകദേശം 3149 സങ്കരയിനത്തിൽപെട്ട പശുക്കളുണ്ട്. ഇന്ന് ഇവിടെയുള്ള പശുക്കളിൽ 98 ശതമാനവും സങ്കരയിനത്തിൽപെട്ടതാണ്. ഇത് 87-ൽ 83 ശതമാനമായിരുന്നു. നാടൻപശുക്കളെ കർഷകർ കയ്യൊഴിയുന്നതായാണ് കാണുന്നത്. സങ്കരയിനത്തിൽപെട്ടവയുടെ തീറ്റപ്രശ്നം രൂക്ഷമാണ്. 8 വാർഡുകളിൽ നാമമാത്രമായെങ്കിലും പുൽകൃഷി നടത്തുന്നുണ്ട്. ഇത് വ്യാപിപ്പിക്കണം. ഇതിനുപുറമേ കുറഞ്ഞ ചെലവിൽ കാലിത്തീറ്റ ലഭ്യമാക്കുവാൻ ഒരു ചെറുകിട "ഫീഡ്മിക്സിംഗ് യൂണിറ്റ്" ആരംഭിക്കുന്നത് നല്ലതാണ്.

കാർഷിക രംഗത്ത് അനുദിനം വളർന്നുകൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യകൾ കർഷകർക്ക് എത്തിച്ചുകൊടുക്കേണ്ടത് ആവശ്യമാണ്. ഇവർക്കുവേണ്ടി ഒരു പുസ്തകശേഖരം വായനശാലകളിൽ ഉണ്ടാക്കണം. മൃഗസംരക്ഷണമേഖലയെ പ്രതിപാദിക്കുന്ന വിഷയങ്ങൾ കൗതുകകരമായി സംവിധാനം ചെയ്തവയായിരിക്കണം ഇത്. ഇത് സംബന്ധിച്ച് ആനുകാലിക പ്രസിദ്ധീകരണങ്ങൾ കർഷക കുടുംബങ്ങളിൽ എത്തിക്കുവാൻ കഴിയണം. ബയോഗ്യാസ് നിർമ്മാണം നടത്തുന്നില്ല. സാങ്കേതികവിദ്യ അറിയാത്തതാണ് കാരണം. മുയലിനെ കൗതുകത്തിനായി മാത്രമേ വളർത്തുന്നുള്ളു. പന്നികൃഷിയില്ല.

പഞ്ചായത്തിൽ ആടുവളർത്തൽ കാര്യക്ഷമമായി നടത്തുവാൻ കഴിയും. മെച്ചപ്പെട്ട ജലസേചനസൗകര്യങ്ങളും സംവിധാനം ചെയ്ത പച്ചിലകൃഷിയിടങ്ങളും ഒരുക്കിയാൽ ആടുകൃഷി ലാഭകരമാക്കുവാൻ കഴിയും. മെച്ചപ്പെട്ട ജലസേചനസൗകര്യങ്ങളും സംവിധാനം ചെയ്ത പച്ചിലകൃഷിയിടങ്ങളും ഒരുക്കിയാൽ ആടുകൃഷി ലാഭകരമാക്കുവാൻ പറ്റിയതാണ് നമ്മുടെ പഞ്ചായത്ത്പ്രദേശം മുഴുവൻ. 100 ആടുകളെ വിവിധ യുണിറ്റുകളിലായി വളർത്താൻ കഴിയുമെന്ന് കണക്കാക്കപ്പെടുന്നു. മലബാർ, സൂറത്തി, ജമുന, പാരി എന്നീ ഇനങ്ങൾ ഇവിടുത്തെ സാഹചര്യത്തിന് യോജിച്ചതാണ്. മെച്ചപ്പെട്ട വിത്ത് ലഭ്യമാക്കണം. ആടുകൃഷിയോടൊപ്പം വിപണനകേന്ദ്രം കൂടി കണ്ടെത്തേണ്ടതുണ്ട്. അശ്രദ്ധമായി നായ്ക്കളെ വളർത്തുന്നത് മനുഷ്യനും മറ്റ് ജന്തുക്കൾക്കും പേവിഷബാധയുണ്ടാകാൻ കാരണമാകുന്നു.

വളപ്പിനുള്ളിലെ കോഴി, താറാവ് കൃഷി വ്യാപകമാക്കാം. നല്ലയിനം കുഞ്ഞുങ്ങളെ വിതരണം ചെയ്തും വിദഗ്ദ്ധോപദേശം നൽകിയും കർഷകരെ പ്രോത്സാഹിപ്പിക്കണം. അയൽവീട്ടിലെ കൃഷി നശിപ്പിക്കുന്ന രീതിക്കുപകരം മറ്റൊരു വളർത്തൽരീതി കണ്ടെത്തണം. നീണ്ടകര ഹാർബറിലെ തിരിവ് മത്സ്യം ഉപയോഗിച്ച് കൊഴിത്തീറ്റ നിർമ്മാണം നടത്തുവാൻ കഴിയും. ഇറച്ചിക്കോഴി കൃഷി ഇവിടില്ല. മുട്ടയിടുന്ന നാടൻ കോഴികളെയാണ് കണ്ടുവരുന്നത്. ഇവകളെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്ന യൂണിറ്റുകൾ ഉണ്ടാക്കണം. ഇന്ന് പഞ്ചായത്തിലെ കോഴികളുടെ എണ്ണം 24989 ആണ്. കൃഷിയും മൃഗപരിപാലനവും പരസ്പരപൂരകങ്ങളാണ്. ഇവ രണ്ടും സംയോജിപ്പിച്ച് നടത്തുവാൻ കഴിഞ്ഞാൽ ഗ്രാമീണ തൊഴിൽമേഖലയിൽ വമ്പൻ സാദ്ധ്യതകൾ ഉണ്ടാക്കുവാൻ കഴിയുന്നതാണ്.

### പ്രശ്നങ്ങൾ

1. സൗകര്യപ്രദമായ സ്ഥലത്തല്ല ഇപ്പോൾ മൃഗാശുപത്രി സ്ഥിതി ചെയ്യുന്നത്. I.C.D.P. സബ്സെന്ററുകൾക്ക് സ്വന്തമായി കെട്ടിടങ്ങളോ ഉപകരണങ്ങളോ ഇല്ല.
2. മൃഗാശുപത്രിയിൽ ആവശ്യത്തിന് മരുന്നില്ല.
3. കന്നുകാലി ഇൻഷ്വറൻസ് പ്രയോജനപ്രദമല്ല.
4. കീടാരി വളർത്തൽ സ്കീമിന്റെ പ്രയോജനം എല്ലാ കർഷകർക്കും കിട്ടുന്നില്ല.
5. മേൽത്തരം ആട്ടിൻകുട്ടികളെ ലഭിക്കുന്നില്ല.
6. മാതൃകാ കന്നുകാലി തൊഴുത്തിനും കന്നുകാലികൃഷിക്കും വേണ്ട ആനുകൂല്യങ്ങൾ കുറവാണ്.
7. പ്രതിരോധകുത്തിവയ്പ് ഫലപ്രദമായി നടത്തുന്നില്ല.
8. ബയോഗ്യാസ് പ്ലാന്റ് തുടങ്ങുന്നതിന് കർഷകർക്ക് സാങ്കേതിക പരിജ്ഞാനമില്ല.
9. പാൽവിപണനത്തിന് ആവശ്യയ മാർക്കറ്റില്ല.
10. ആവശ്യത്തിന് പുൽകൃഷി നടത്തുന്നില്ല. പുല്ല് ലഭിക്കുന്നില്ല
11. ഇറച്ചിക്കോഴി ആവശ്യമായത്ര ലഭ്യമല്ല.
12. മുട്ടക്കോഴി വളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ നടക്കുന്നില്ല. കോഴിത്തീറ്റയ്ക്ക് വിലക്കൂടുതലുണ്ട്.
13. വീട്ടുവളപ്പിലെ കോഴിവളർത്തലിന് വേണ്ടപരിശീലനമില്ല.
14. കോഴികൾക്ക് പ്രതിരോധകുത്തിവയ്പ് ഫലപ്രദമായി നടക്കുന്നില്ല.
15. പേപ്പട്ടിശല്യം ഉണ്ടാകാറുണ്ട്.
16. കശാപ്പുചെയ്യുന്ന മൃഗങ്ങളെ രോഗപരിശോധനയ്ക്ക് വിധേയമാക്കുന്നില്ല.
17. മുയൽ വളർത്തലിൽ അഭിരുചി കാണിക്കുന്നില്ല.
18. കാലിത്തീറ്റയുടെ വിലവർദ്ധനവ് തടയുവാൻ കാര്യക്ഷമമായി ഒന്നും ചെയ്യുവാൻ കഴിയുന്നില്ല.
19. പന്നിവളർത്തലിൽ താല്പര്യക്കുറവ്.
20. താറാവുകൃഷിക്ക് ജലദൗർലഭ്യമുണ്ട്.

### സാധ്യതകൾ

1. മൃഗാശുപത്രിക്ക് വേണ്ടി പോരൂക്കര പള്ളിക്ക് സമീപം സർക്കാർ വിലയ്ക്ക് വാങ്ങിയ സ്ഥലത്ത് കെട്ടിടം പണിയുകയും ചാമ്പകടവിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രി പുതിയ കെട്ടിടത്തിലേക്ക് മാറ്റുകയും വേണം. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന I.C.D.P. സബ്സെന്ററുകൾക്ക് സ്വന്തമായി കെട്ടിടം പണിയുക. പഞ്ചായത്തിന്റെ വടക്കൻമേഖലയായ പനയന്നാർകാവിൽ പുതിയ I.C.D.P. സബ്സെന്ററുകൾ തുടങ്ങുക. സബ്സെന്ററുകൾക്ക് ആവശ്യമുള്ള ഫർണ്ണിച്ചറുകൾ നല്കുക.
2. മൃഗാശുപത്രിക്കും സബ്സെന്ററുകൾക്കും ആവശ്യം വേണ്ട മരുന്നുകൾ ലഭ്യമാക്കുക.
3. നിലവിലുള്ള കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയുടെ പരാതികൾ ലഘൂകരിക്കുക. ഇൻഷ്വർ ചെയ്യുന്ന കാലികളെ വിൽക്കുമ്പോൾ വാങ്ങുന്ന ആളിന് അതിന്റെ ഇൻഷ്വറൻസ് പ്രയോജനം ലഭ്യമാക്കുവാൻ നിയമമുണ്ടാക്കുക.

4. കിടാരി വളർത്തൽ സ്കീമിൽ പഞ്ചായത്തിലെ മുഴുവൻ കന്നുകുട്ടികളേയും ഉൾപ്പെടുത്തുക.

5. ദുർഭലവിഭാഗത്തിൽപെട്ട മുഴുവൻ കർഷകർക്കും സൗജന്യനിരക്കിൽ മേൽത്തരം ആടുകളെ വിതരണം ചെയ്യുക.

6. ഡയറിയിൽ നിന്നുള്ള രണ്ട് പശുക്കൾക്കും മാതൃകാ കന്നുകാലി തൊഴുത്തിനുള്ള ആനുകൂല്യങ്ങൾ പഞ്ചായത്തിലോ ഓരോ വാർഡിലെ ഒരെണ്ണം വീതമെങ്കിലും നടപ്പിലാക്കുക.

7. കന്നുകാലിത്തൊഴുത്തുപണി, ക്ഷീരവികസനവകുപ്പ് നിർദ്ദേശിച്ച രീതിയിൽ പൂർത്തിയാക്കുന്ന കർഷകന് കൊടുക്കുന്ന സബ്സിഡി ഈ പഞ്ചായത്തിൽ കൂടുതൽപേർക്ക് അനുവദിക്കേണ്ടതാണ്. കൂടാതെ സബ്സിഡി ഉയർത്തുകയും വേണം.

8. പഞ്ചായത്ത് തലത്തിൽ പാൽസൊസൈറ്റിയുമായി ബന്ധിപ്പിച്ച് കോഴിത്തീറ്റ, കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുകയും സബ്സിഡി അനുവദിച്ചുവിതരണം ചെയ്യുകയും വേണം.

9. പഞ്ചായത്തിവെ മുഴുവൻ കന്നുകാലികൾക്കും അടപ്പൻ, കരളകടപ്പൻ, കരിങ്കാൽ, കുളമ്പ്രോഗം എന്നീ മാരകരോഗങ്ങൾക്ക് പ്രതിരോധ കുത്തിവയ്പ് നടത്തുക.

10. ബയോഗ്യാസ് പ്ലാന്റ് തുടങ്ങുന്നതിന് കർഷകർക്ക് ശാസ്ത്രീയമായ പരിശീലനം കൊടുക്കുകയും പ്ലാന്റ് തുടങ്ങുന്നതിന് ധനസഹായം നല്കുകയും ചെയ്യുക.

11. പാൽസൊസൈറ്റി ഇല്ലാത്ത മുഴുവൻ വാർഡുകളിലും സൊസൈറ്റി തുടങ്ങുക

12. പഞ്ചായത്തിൽ ഒരു ക്ഷീരവികസനആഫീസ് തുടങ്ങുക.

13. പുൽകൃഷിയുടെ പ്രോത്സാഹനാർത്ഥം വിത്തുംവളവും സൗജന്യമായി നല്കുക.

14. 10 സെന്റിൽ കൂടുതൽ സ്ഥലത്ത് പുൽകൃഷി ചെയ്യുന്ന കർഷകർക്ക് സബ്സിഡി നല്കുക.

15. കന്നുകാലി കർഷകർക്ക് ശാസ്ത്രീയമായ ബോധവത്കരണം നടത്തുക.

16. കന്നുകാലിപ്രദർശനവും കറവമത്സരവും നടത്തുക. മെച്ചപ്പെട്ട ഉരുക്കൾക്ക് പ്രോത്സാഹന സമ്മാനവും കൊടുക്കുക.

17. ക്ഷീരസംഘത്തിൽ കൂടുതൽ പാൽ നല്കുന്ന കർഷകന് ഇൻസെന്റീവ് സിസ്റ്റത്തിൽ ധനസഹായം ചെയ്യുക.

18. മാതൃകാഡയറിഫാം തുടങ്ങുക.

19. ഇറക്കുമതി ചെയ്യുന്ന ഇറച്ചിക്കോഴികൾക്ക് മേൽ സെസ് ഏർപ്പെടുത്തുക.

20. മുട്ടക്കോഴി വളർത്തലിന് നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക. എഗ്ഗർ നെഴ്സറി യൂണിറ്റുകൾ ആരംഭിക്കുകയും ഓരോ വാർഡിലും ബ്രോയിലർ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യുക.

21. പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും സൗജന്യനിരക്കിൽ ബാക്കയാർഡ് പാൾട്രി യൂണിറ്റുകൾ വിതരണം ചെയ്യുക.

22. ഇറച്ചിക്കോഴിവില്പനയ്ക്ക് വിപണനകേന്ദ്രം തുടങ്ങുക.

23. കാലാകാലങ്ങളിൽ കോഴികൾക്ക് വസന്തരോഗത്തിന് എതിരെയുള്ള കുത്തിവയ്പ് നടത്തുക.

24. പഞ്ചായത്തിലെ മുഴുവൻ നായ്ക്കളേയും പേവിഷനിർമ്മാർജ്ജനത്തിന് കുത്തിവയ്പ് നടത്തിയും തെരുവിൽ അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും പഞ്ചായത്തിനെ പേവിഷവിമുക്തമാക്കുകയും ചെയ്യുക.

25. പഞ്ചായത്തിൽ കശാപ്പിനുവേണ്ടി കൊണ്ടുവരുന്ന മാടുകളെ മൃഗസംരക്ഷണവകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ പരിശോധനയ്ക്ക് വിധേയമാക്കുക.

26. മുയൽവളർത്തലിന് ധനസഹായം ചെയ്യുകയും ശാസ്ത്രീയമായ ബോധവത്കരണം നടത്തുകയും ചെയ്യുക. മുയൽകുഞ്ഞുങ്ങളെ വിതരണം നടത്തുക.

27 ചെറുകിട ഫീഡ് മിക്സിംഗ് യൂണിറ്റുകൾ എല്ലാ പാൽസൊസൈറ്റികളും ചേർന്ന് ആരംഭിക്കുക.

28. മൃഗപരിപാലന ബോധവത്കരണം ലക്ഷ്യമാക്കിയുള്ള നിശ്ചിത എണ്ണം പുസ്തകങ്ങൾ വായനശാലകളിൽ വാങ്ങുവാൻ ഏർപ്പാടുണ്ടാക്കുക. ഇതു സംബന്ധിച്ച പ്രസിദ്ധീകരണങ്ങൾക്ക് പ്രചാരം വർദ്ധിപ്പിക്കുക. പാൽസൊസൈറ്റികളുടെ മായി ബന്ധപ്പെട്ട് സെമിനാറുകൾ സംഘടിപ്പിയ്ക്കുക.

## മത്സ്യബന്ധനം

പന്മന പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ നല്ലൊരുഭാഗവും ജലസമൃദ്ധമായതാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് 3.5 കി.മീ. അധികം നീളത്തിൽ കടലോരമാണ്. വടക്കുകിഴക്കുഭാഗത്തും അതിർത്തികളിൽകൂടി പള്ളിക്കലാർ ഒഴുകുന്നു. അറബിക്കടലോരത്തിനുസമാന്തരമായി കോവളം-കോട്ടപ്പുറം ദേശീയജലപാത പഞ്ചായത്തിലൂടെ കടന്നുപോകുന്നു. ഏകദേശം നാലുകിലോമീറ്റർ നീളമാണ് ദേശീയജലപാതയുടെ പന്മന ഭാഗത്തിലുള്ളത്. 10 സെന്റിൽ കുറയാതെ വിസ്തീർണ്ണമുള്ള 24 കുളങ്ങളും പഞ്ചായത്തിലെ ജലാശയസമ്പത്തിൽപെടുന്നു. നെൽവയലുകളിൽ കുറേഭാഗം ആഴമുള്ള വെള്ളക്കെട്ടുകളായി മാറിയിരിക്കുന്നു.

പ്രധാന തൊഴിൽമേഖലയായ കയർ കഴിഞ്ഞാൽ കൂടുതൽ ജനങ്ങൾ തൊഴിലെടുക്കുന്ന രംഗങ്ങളിലൊന്നാണ് മത്സ്യമേഖല. കടൽമത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ആയിരത്തിലധികം ആളുകൾ ഇവിടെ പ്രവർത്തിക്കുന്നു. ഉൾനാടൻ മത്സ്യബന്ധനരംഗത്തു പ്രവർത്തിക്കുന്നവർ 200-ലധികം വരും. മത്സ്യവിപണന രംഗത്ത് 200- ഓളം പേർ പങ്കെടുത്തുവരുന്നു.

കടലിൽ നിന്നും പ്രധാനമായി ഇവിടെ ലഭിക്കുന്ന മത്സ്യങ്ങൾ അയല, മത്തി, വാള, ചൂര, കലവ, നെത്തോലി, ആവോലി, നെയ്മീൻ, ചാള, കോര, സ്രാവ്, കണവ, തിരണ്ടി, ചെമ്പല്ലി, മങ്കട, താട, പരവ എന്നിവയാണ്. ജനുവരി മുതൽ മെയ്മാസം വരെ കിട്ടുന്ന മീനുകളിൽ പ്രധാനം അയല, മത്തി, നെത്തോലി, കലവ, വാള എന്നിവയാണ്. ഈ സമയം ചൂരയും കുറഞ്ഞ അളവിൽ ലഭിക്കുന്നുണ്ട്. ജൂൺ-ജൂലൈ- ആഗസ്റ്റ് മാസങ്ങളിൽ മത്തി, അയല, നെത്തോലി, സ്രാവ്, തിരണ്ടി എന്നിവയും ലഭിക്കുന്നു. സെപ്തംബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ മത്തി, അയല, കണവ, കലവഎന്നിവ സുലഭമാണ്. ജൂൺ- ജൂലൈ മാസങ്ങളിലെ ട്രോളിംഗ് നിരോധനസമയത്തും പരമ്പരാഗത മത്സ്യബന്ധനം വഴി ഇവിടെ മീൻ ലഭിക്കുന്നു. കടലിൽ നിന്നും ചെമ്മീൻ, ഞണ്ട്, വിവിധതരം കക്കകൾ, കൂരിക്ക എന്നിവയും ഇവിടെ ലഭിക്കുന്നുണ്ട്. ആധുനിക മത്സ്യബന്ധനോപകരണങ്ങൾ ഗണ്യമായ തോതിൽ മത്സ്യലഭ്യത കൂട്ടിയിട്ടുണ്ട്.

ഓരോകാലത്തും കിട്ടുന്ന മീനുകളുടെ ഇനം

ജനുവരി മുതൽ മേയ് വരെ – അയല, മത്തി, ചൂട, കലവ, വാള, കോര തുടങ്ങിയ

ജൂൺ മുതൽ ആഗസ്റ്റ് വരെ – അയല, മത്തി, ചൂര, സ്രാവ്, തിരണ്ടി, വങ്കട തുടങ്ങിയവ

സെപ്തംബർ മുതൽ ഡിസംബർ വരെ മത്തി, അയല, കലവ, കണവ, ചെമ്പല്ലി തുടങ്ങിയവ

ഉൾനാടൻ മത്സ്യബന്ധനഫലമായി കിട്ടുന്ന മീനുകൾ കോര, വരാൽ, മുശ്ശി, കരിമീൻ, മൊയ്യ്, നങ്ക, കണമ്പ്, കൂരി, നന്തൽ, ചാത്തി തുടങ്ങിയവയാണ്. മെയ്-ജൂൺ മാസകാലത്ത് കായലിൽ നിന്നും കക്കാ ലഭ്യമാണ്. കൂടാതെ കൊഞ്ച്, ഞണ്ട് എന്നിവയും കിട്ടുന്നുണ്ട്.

മത്സ്യകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും ഈ പഞ്ചായത്തിൽ കുറവാണ്. ഒന്നാംവാർഡിൽ ശുദ്ധജലമത്സ്യകൃഷി നടത്തുന്ന ഒരു ഹരിജൻ സഹകരണസംഘം നാലുവർഷമായി പ്രവർത്തി

| പ്രവർത്തനമേഖല | തൊഴിലാളികളുടെ എണ്ണം |
|---|---|
| കടൽമത്സ്യബന്ധനം, സംസ്കരണം | 1000 |
| ഉൾനാടൻ മത്സ്യബന്ധനം | 200 |
| മത്സ്യവിപണനം | 200 |
| ആകെ | 1400 |

ച്ചുവരുന്നു. ഈ രംഗത്ത് പന്മനയിൽ പ്രവർത്തിച്ചുവരുന്ന ഒരേയൊരു മത്സ്യത്തൊഴിലാളി സഹകരണസംഘമാണിത്. ഇവിടെ കൃഷി ചെയ്യുന്ന പ്രധാനപ്പെട്ട മത്സ്യയിനങ്ങൾ മൃഗാൾ, കട്‌ല, നാരൻ ചെമ്മീൻ, ടൈർ ചെമ്മീൻ എന്നിവയാണ്. നാല്, അഞ്ച്, ഒമ്പത് വാർഡുകളിൽ ചില വ്യക്തികൾ മത്സ്യകൃഷി രംഗത്ത് ഏർപ്പെട്ടിട്ടുണ്ട്.

ചെമ്മീൻകൃഷിക്കു പറ്റിയ ചതുപ്പുനിലങ്ങൾ പഞ്ചായത്തിൽ പല ഭാഗങ്ങളിലുമുണ്ട്. ഒന്ന്, ഏഴ്, എട്ട്, ഒമ്പത്, പത്ത്, പന്ത്രണ്ട്, പതിമൂന്ന് വാർഡുകളിൽ കാണപ്പെടുന്ന ചതുപ്പുനിലങ്ങൾ ചെമ്മീൻകൃഷിക്ക് അനുയോജ്യമാണ്. വട്ടക്കായലിന്റെയും പള്ളിക്കലാറിന്റെയും തീരഭാഗങ്ങളിലാണ് ഇവ കാണപ്പെടുന്നത്. എട്ട്, ഒമ്പത് വാർഡുകളിൽ ചെമ്മീൻ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളുണ്ട്.

പന്മന പഞ്ചായത്തിലെ ഏക മത്സ്യബന്ധനവാർഡാണ് പൊന്മന. കേരളത്തിലെ മൊത്തം കടലോരഗ്രാമങ്ങളിൽ നിന്നും പ്രത്യേകതകൾ ഏറെയുള്ള ഒരു പ്രദേശമാണിത്. സാധാരണ മത്സ്യബന്ധനഗ്രാമങ്ങളിൽ കണ്ടുവരുന്ന ഉച്ചാരണവ്യത്യാസം, വാമൊഴി വ്യത്യാസം എന്നിവ ഇവിടെയില്ല. സാധാരണമായുള്ള മലയാളമാണ് ഉപയോഗിച്ചുവരുന്നത്.

ഇടവം-മിഥുനം മാസങ്ങളിൽ പന്മനയ്ക്ക് മത്സ്യദൗർലഭ്യത്തിന്റെ നാളുകളാണ്. ഒരു തരത്തിലുള്ള മീൻപിടുത്തവും അസാധ്യമാകുമാറ് കടൽ ഇളകിമറിയും. എന്നാൽ വയലിൽ വെള്ളം നിറഞ്ഞ് ഇടവഴികൾ മുങ്ങും. കോരയും കൂരിയും വരാലും ഇഴഞ്ഞ് നടക്കും. ഇക്കാലയളവിനെ പഴയ തലമുറ ഒരു പഴമൊഴിപ്പാട്ടിൽ സൂചിപ്പിക്കുന്നു.

"ഇടവമാസത്തിൽ
ഇടവഴിതോറും വെള്ളം
ഇലയിൽപൊതിയും മീനും"

പഞ്ചായത്തിലെ കുളങ്ങൾ ശുദ്ധജലമുള്ളതും ഉപ്പുജലമുള്ളതുമുണ്ട്. ഓരുവെള്ളം ഒരുവലിയ പ്രശ്നമായിത്തീർന്നിരിക്കുന്നു. മണ്ണിന്റെ പ്രത്യേകത കൊണ്ടും ടൈറ്റാനിയം ഫാക്ടറി മൂലമുള്ള മലിനീകരണം കൊണ്ടും ഇവിടുത്തെ ജലാശയങ്ങൾ അമ്ലഗുണമേറിയതാണ്. തൽഫലമായി മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നു. ചില കുളങ്ങളിൽ നിന്ന് മത്സ്യം പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുന്നു. ഇതിനുപുറമേ മത്സ്യരോഗം പഞ്ചായത്തിലെ മത്സ്യസമ്പത്തിനു കാര്യമായ ക്ഷതം ഏല്പിച്ചിരിക്കുന്നു. ശുദ്ധജലമത്സ്യങ്ങളിൽ രുചികരമായ വരാൽമീനിന് വംശനാശം തന്നെ ഇവിടെ സംഭവിച്ചിട്ടുണ്ട്. കായലിലെ കരിമീൻ ഇനം ഗുരുതരമായ രോഗത്തെ അഭിമുഖീകരിക്കുകയാണ്. അവയുടെ ശരീരത്തിൽ ക്യാൻസർ വ്രണങ്ങൾ കാണപ്പെടുന്നു..

മത്സ്യവിപണന രംഗത്ത് പഞ്ചായത്ത് മുൻപന്തിയിലാണെന്നുപറയാം. പബ്ലിക് മാർക്കറ്റുകളിലും അന്തിച്ചന്തകളിലുമാണ് വിപണനം കാര്യമായി നടക്കുന്നത്. കൂടാതെ സൈക്കിൾചുമട് വഴിയും തലച്ചുമടുവഴിയും വിപണനം നടന്നുവരുന്നു. ഇടപ്പള്ളിക്കോട്ട പബ്ലിക് മാർക്കറ്റിൽ മാത്രമാണ് മത്സ്യവിപണനത്തിന് സ്ഥിരം കെട്ടിടം പണി കഴിപ്പിച്ചിട്ടുള്ളത്.

### പ്രശ്നങ്ങൾ

1. പന്മന കടൽതീരത്ത് കടലാക്രമണം രൂക്ഷമാണ്. 1958-ൽ നിർമ്മിച്ച കടൽഭിത്തി പൂർണ്ണമായും നശിച്ച് അപ്രത്യക്ഷമായ നിലയിലാണ്.

2. ഈ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ കുറവാണ്. കടൽ-ഉൾനാടൻ മത്സ്യബന്ധനത്തെ പ്രോത്സാഹിപ്പിക്കുന്ന ധനസഹായം ഉൾപ്പെടെയുള്ള നടപടികൾ പ്രസ്തുത സഹകരണസംഘങ്ങൾക്ക് എടുക്കാൻ കഴിയും.

3. ശുദ്ധജല-ഓരുജല മത്സ്യകൃഷി ഈ പഞ്ചായത്തിൽ കുറവാണ്. ഈ കൃഷിക്ക് സാധ്യതകൾ ഏറെയാണെങ്കിലും അതിനു മുന്നോട്ടുവരുന്ന സ്ഥാപനങ്ങളും വ്യക്തികളും പരിമിതമാണ്.

4. പൊതുകുളങ്ങളും സ്വകാര്യകുളങ്ങളും വശങ്ങളിടിഞ്ഞു നികന്നുകൊണ്ടിരിക്കുന്നു. ക്രമേണ കുളങ്ങൾ അപ്രത്യക്ഷമാകും.

5. പഞ്ചായത്തിലെ ഇപ്പോഴുള്ള മത്സ്യകൃഷിക്കാർക്ക് നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെയും തീറ്റയും ലഭിക്കുന്നില്ല. B.F.F.D.A. യുടെ യാതൊരു വിധ സഹായവും ലഭിക്കുന്നില്ല.

6. മത്സ്യത്തൊഴിലാളികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ മുടക്കം കൂടാതെ കിട്ടുന്നില്ല. മിക്ക കുട്ടികളും വിദ്യാഭ്യാസം ചെയ്യുന്നവരാണ്.

7. മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ താമസസൗകര്യവും ആരോഗ്യപരിപാലനവും ശുഷ്ക്കാന്തിയോടെ നടക്കുന്നില്ല. പല മാറാരോഗങ്ങളും പകർച്ചവ്യാധികളും കടലോരത്ത് വ്യാപകമാണ്.

8. മത്സ്യവിപണനത്തിന് അധികം വാർഡുകളിലും സ്ഥിരം കെട്ടിടങ്ങളില്ല. ഇതുമൂലം ജംഗ്ഷനുകളിൽ പരിസരമലിനീകരണം ഉണ്ടാകുന്നു.

9. കക്കാവാരൽ തൊഴിലാളികൾക്ക് ന്യായമായ പ്രതിഫലം വാങ്ങി കക്കാത്തോട് വിൽക്കാൻ കഴിയുന്നില്ല. തുച്ഛമായ വിലയേ ലഭിക്കുന്നുള്ളൂ. കക്കാ ഇറച്ചികൊണ്ട് അച്ചാർ തുടങ്ങിയ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ട സാങ്കേതിക പരിജ്ഞാനം ഇല്ല.

10. ടൈറ്റാനിയം ഫാക്ടറിയിൽ നിന്നുള്ള മലിനീകരണം പന്മനയുടെ ജലാശയങ്ങൾക്ക് കടുത്ത ഭീഷണിയാണ്. രാസവസ്തുക്കൾ ഒഴുക്കിവിടുന്നതുമൂലം മണ്ണും ജലവും അന്തരീക്ഷവും മലിനമായിരിക്കുന്നു. മത്സ്യകൃഷിക്ക് ഭീഷണമായ ഒരവസ്ഥയാണിത്.

### പരിഹാരനിർദ്ദേശങ്ങൾ

1. പൊന്മന കടൽതീരത്ത് കടൽഭിത്തി കെട്ടണം.

2. മത്സ്യതൊഴിലാളി സഹകരണസംഘങ്ങളും മത്സ്യകൃഷി സഹകരണസംഘങ്ങളും രൂപീകരിക്കുക.

3. ശുദ്ധ-ജല-ഓരുജല മത്സ്യകൃഷിക്ക് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ ധനസഹായം ഉൾപ്പെടെയുള്ള പ്രോത്സാഹനം ചെയ്യുക.

4. പൊതുകുളങ്ങളും സ്വകാര്യകുളങ്ങളും സൈഡ് ഭിത്തി കെട്ടിയും ആഴംകൂട്ടിയും സംരക്ഷിക്കുക.

5. മത്സ്യകർഷകർക്ക് നല്ലയിനം മത്സ്യകുഞ്ഞുങ്ങളും തീറ്റയും ലഭ്യമാക്കുക.

6. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം നല്കുക.

7. കടലോരഗ്രാമപ്രദേശത്ത് ആരോഗ്യപ്രവർത്തനം മെച്ചപ്പെടുത്തുക. മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണ വായ്പകൾ മത്സ്യഫെഡിൽ നിന്നു ലഭ്യമാക്കുക. നടപടിക്രമങ്ങൾ ലളിതമാക്കുക.

8. എല്ലാവാർഡുകളിലും മത്സ്യവിപണനത്തിന് സ്ഥിരം കെട്ടിടങ്ങൾ ഉണ്ടാക്കുക.

9. സഹകരണസംഘങ്ങളുടെ നേതൃത്വത്തിൽ കക്കാത്തോട് സംഭരണശാലകൾ സ്ഥാപിക്കുകയും വിപണനം നടത്തുകയും ചെയ്യുക. വ്യാവസായിക അടിസ്ഥാനത്തിൽ കക്കാ ഇറച്ചികൾ അച്ചാർ ഉണ്ടാക്കി വിപണനം നടത്തുവാൻ സാദ്ധ്യതയുണ്ടോ എന്ന് പരിശോധിക്കുക.

10. വട്ടക്കായലിൽ തീരത്തോടുചേർന്ന ഭാഗങ്ങളിൽ ബണ്ടുകെട്ടി മത്സ്യകൃഷിക്ക് അനുയോജ്യമാക്കുക. പൊതുചതുപ്പുനിലങ്ങൾ മത്സ്യകൃഷിക്ക് പാട്ടത്തിനുകൊടുക്കുക.

11. മേക്കാടിനെ മത്സ്യത്തൊഴിലാളി ഗ്രാമമായി പ്രഖ്യാപിച്ച് കരിന്തുറ, ചെറുശ്ശേരിഭാഗം, മേക്കാട്, പൊന്മന എന്നീ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി മത്സ്യത്തൊഴിലാളി ക്ഷേമനിധി ഓഫീസ് തുറക്കുക.

12. ടൈറ്റാനിയം ഫാക്ടറിയിൽ നിന്നുള്ള മലിനീകരണം തടയാനുള്ള സത്വരനടപടികൾ ഫാക്ടറി മാനേജ്മെന്റും സർക്കാരും സ്വീകരിക്കണം.

◆◆◆

# വനിത

അടുക്കളയിൽനിന്നും അരങ്ങത്തേക്ക്വന്ന കേരളീയ സ്ത്രീയുടെ പാരമ്പര്യവും വളർച്ചയും സ്വായത്തമാക്കാൻ പന്മനയിലെ സ്ത്രീസമൂഹത്തിന് മൊത്തത്തിൽ കഴിഞ്ഞിട്ടില്ല എന്നത് ഒരു സത്യം മാത്രമാണ്. പഴയ ഫ്യൂഡൽ കുടുംബസാമൂഹ്യ വ്യവസ്ഥയുടെ ഇരുൾ മൂടിയ ഇടനാളികളിൽ നിന്നും പന്മനയിലെ സ്ത്രീകൾ പൂർണ്ണമായും മോചിതരായില്ല എന്നർത്ഥം. അതേ സമയം മുതലാളിത്ത നഗര സംസ്കാരത്തിന്റെ അവശ്യ ഉൽപ്പന്നമായ ഉപഭോഗ സംസ്കൃതിക്ക് വിധേയരാകുന്ന സ്ത്രീകളുടെ എണ്ണം കുറവാണെങ്കിലും അവഗണിക്കാവുന്നതല്ല താനും. ഈ രണ്ടു പ്രവണതകൾക്കും നടുവിൽ യഥാർത്ഥ സ്ത്രീ വിമോചന പതാക ഏന്താൻ കഴിയുന്ന സ്ത്രീകളുടെ എണ്ണം തുലോം വിരളമാണെന്ന് പറയുമ്പോൾ പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങൾക്ക് വളക്കൂറുള്ള പന്മനയിൽ ,സാമൂഹ്യ വളർച്ച അർത്ഥപൂർണ്ണമാകാൻ നാം ഇനിയും വളരെ മുന്നോട്ട് പോകേണ്ടിയിരിക്കുന്നു എന്ന് ബോധ്യമാകും. ചിന്തകന്മാർ ചൂണ്ടിക്കാണിച്ചതുപോലെ ഒരു സമൂഹത്തിന്റെ വളർച്ച അളക്കാൻ ആ സമൂഹത്തിലെ സ്ത്രികളുടെ പുതോഗതി മനസ്സിലാക്കുകയാണ് മുഖ്യം. ഈ തത്വം പന്മനയ്ക്കും ബാധകമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

സ്ത്രീകളുടെ ശത്രു പലപ്പോഴും സ്ത്രീ തന്നെയാണെന്ന പറയാറുണ്ട്. പന്മനയിൽ പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളിൽ മിക്കവരുടേയും അനുഭവം ഇത് ശരിവയ്ക്കുന്നു. സാമൂഹിക വിലക്കുകളേയും അന്ധവിശ്വാസ ജഡിലമായ വീക്ഷണങ്ങളെയും വെല്ലുവിളിച്ചുകൊണ്ട് സാമൂഹിക രാഷ്ട്രീയ, സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കാൻ തയ്യാറാകുന്ന സ്ത്രീകളെ നിരുൽസാഹപ്പെടുത്താൻ പലപ്പോഴും സ്ത്രീകൾ തന്നെ തയ്യാറാകുന്നു. ഉയർന്ന സാമൂഹികബോധ നിലവാരത്തിന്റെ അഭാവമാണ് ഇതിനു കാരണം. എല്ലാ മേഖലകളിലും പുരുഷാധിപത്യം വെന്നിക്കൊടി പാറിപ്പിക്കുന്ന ഒരു സന്ദർഭത്തിൽ സ്ത്രീ വിമോചനം, സ്ത്രീ പുരുഷ സമത്വം, സ്ത്രീ സ്വാതന്ത്ര്യം തുടങ്ങിയ ആശയങ്ങൾ പിന്തിരിപ്പൻ-യാഥാസ്ഥിക ശക്തികളെ വിറളിപിടിപ്പിക്കുക സ്വാഭാവികമാണല്ലോ. പന്മനയിലും ഈ പൊതു തത്വത്തിന് അപവാദങ്ങളൊന്നുമില്ല. എന്തിനു പറയുന്നു തത്വത്തിൽ സ്ത്രീ പുരുഷ സമത്വം പറയുന്ന രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരായ പുരുഷന്മാർപോലും തങ്ങളുടെ സ്വന്തം ദാമ്പത്യ ജീവിതത്തിൽ സ്ത്രീ വിമോചന നിലപാടാണ് സ്വീകരിച്ചു കാണുന്നത്.

എല്ലാ സാമുഹ്യ ദുരന്തങ്ങൾക്കും ദുരിതങ്ങൾക്കും പെട്ടെന്ന് വിധേയരാകുന്ന വിഭാഗമാണ് സ്ത്രീകൾ. അവരുടെ പ്രശ്നങ്ങൾ നിരവധിയാണ്. സ്ത്രീധനം, ലിംഗപരമായ വിവേചനം, തൊഴിൽ രംഗത്തെ അവശതകൾ, ദാമ്പത്യ ജീവിത രംഗത്തെ പീഢനങ്ങൾ, മതപരമായ വിലക്കുകൾ, സ്ത്രീയെ വിൽപ്പനച്ചരക്കാക്കുന്ന മുലാളിത്ത സംസ്കാരം തുടങ്ങി എത്രയോ തീവ്രപ്രശ്നങ്ങൾ നമ്മുടെ ഗ്രാമത്തിന്റെ പശ്ചാത്തലത്തിൽ ചർച്ചചെയ്യേണ്ടിയിരിയ്ക്കുന്നു.

സ്ത്രീ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഉണ്ടായ പുരോഗതി, സ്ത്രീകൾക്കെതിരേ നിലനിന്നിരുന്ന മതപരമായ വിലക്കുകളിൽ വന്ന അയവ്, രാജ്യത്താകെ വളർന്നുവരുന്ന ലക്ഷ്യബോധമുള്ള സ്ത്രി വിമോചന പ്രസ്ഥാനം, വാർത്താവിനിമയ രംഗത്തും മാധ്യമരംഗത്തുമുണ്ടായ വിസ്ഫോടനാത്മകമായ വളർച്ച തുടങ്ങിയ സാഹചര്യങ്ങൾ സ്ത്രീകളുടെ ഉയർത്തെഴുന്നേല്പ് ഒരു യാഥാർത്ഥ്യമാക്കും എന്ന് നമുക്ക് പ്രതീക്ഷിക്കാം.

1991ലെ കനേഷുമാരി കണക്ക് പ്രകാരം പന്മന പഞ്ചായത്തിലെ വനിതകളുടെ എണ്ണം 22804 ആണ്. പുരുഷന്മാരെക്കാൾ 104 എണ്ണം കുറവാണ് സ്ത്രീകൾ. 1920കളിൽ പെൺകുട്ടികൾക്കു പ്രാഥമിക വിദ്യാഭ്യാസ സൗകര്യം ലഭിച്ചെങ്കിലും സാമ്പത്തിക പിന്നോക്കവസ്ഥയും ദാരിദ്ര്യവും മൂലം വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ സ്ത്രീ സമൂഹത്തിന് കഴിഞ്ഞില്ല. പൊതുവിൽ നിലനിന്ന സ്ത്രീ വിരുദ്ധ മനോഭാവവും പ്രത്യയശാസ്ത്രവും ഈ സാമ്പത്തിക പിന്നോക്കാവസ്ഥയോടൊപ്പം മറ്റ് കാരണങ്ങളായി മാറി. സ്ത്രീ വിദ്യാഭ്യാസം പ്രത്യുല്പാദനപരമല്ലെന്ന അബദ്ധചിന്താഗതിയും നിലനിന്നിരുന്നു. കുടുംബ സ്വത്ത് പെൺകുട്ടികളെ പഠിപ്പിക്കാൻ വിനിയോഗിക്കുന്നതുകൊണ്ട് പ്രയോജനമില്ലെന്നും അവർ അന്യാധീനകളാകേണ്ടവരായതു കൊണ്ട് ഫലശൂന്യമാണെന്നും പഴയതലമുറയിൽപ്പെട്ട കുടുംബ നേതൃത്വങ്ങൾ ചിന്തിച്ചിരുന്നു. അതേസമയം, പരമ്പരാഗത തൊഴിൽ മേഖലയിൽ ഒതുങ്ങികൂടേണ്ട ഗതിയോ ഗതികേടോ അധഃസ്ഥിതവിഭാഗങ്ങളിലെ സ്ത്രീകൾക്കുണ്ടായി.

പന്മനയിലെ സ്ത്രീകളിൽ ആദ്യത്തെ വനിതാഡോക്ടറായി ഉയർന്നത് ശ്രീമതി ചന്ദ്രലേഖയാണ്. ആദ്യത്തെ വനിതാ എഞ്ചിനിയർ ശ്രീമതി വല്സമ്മ ജോണും. സാമൂഹ്യരംഗത്ത് വളർന്നുവരുന്ന ഒട്ടേറെ വനിതകളെ സംഭാവന ചെയ്യാൻ പന്മനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് മെംബറായി ഉയർന്ന പൊന്മന കളങ്ങര കുടുംബാംഗമായ ശ്രീമതി സരസ്വതികുഞ്ഞികൃഷ്ണൻ, സി.പി.പി. വനിത വായനശാല സ്ഥാപകയും പന്മനയിലെ ആദ്യത്തെ കുടിൽ വ്യവസായ സംഘത്തിന്റെ മുഖ്യ സംഘാടകയുമായ കുംബളത്ത് ശ്രീമതി സരസ്വതിയമ്മയും ഇക്കൂട്ടത്തിൽ പ്രഥമ ഗണനീയരാണ്.

തൊഴിൽ മേഖലയിൽ സ്ത്രീകൾ കടുത്ത അവഗണനയും ചൂഷണവും നേരിടുന്നു. മാത്രമല്ല തൊഴിൽരഹിതരായ സ്ത്രീകളുടെ എണ്ണം അനുദിനം കൂടിവരുന്നു. ജീവിതത്തിന് മറ്റൊരു മാർഗ്ഗം കാണാതെവരുമ്പോൾ കയർ, കാർഷിക മേഖലകളിലേക്ക് സ്ത്രീകൾ കടന്നുവരുന്നു. ഈ മേഖലകളാകട്ടെ പ്രശ്നപൂർണ്ണമാണുതാനും. കാർഷിക മേഖല അന്യാധീനപ്പെട്ടുവരുന്നു. കാർഷിക തൊഴിൽ രംഗത്ത് കാലാകാലങ്ങളിൽ മാറ്റം വരുന്നുണ്ടെങ്കിലും കയർ രംഗത്തെ സ്ഥിതി അത് അല്ല. ഫ്യൂഡൽ വ്യവസ്ഥയിലെ ജന്മി-കുടിയാൻ ബന്ധംപോലെ ഈ രംഗത്ത് ഇപ്പോഴും ഉടമ- അടിയാൻ ബന്ധം നിലനിൽക്കുന്നു. അദ്ധ്യാപന-നഴ്സിംഗ് മേഖലകളിൽ പന്മന പഞ്ചായത്തിലെ ധാരാളം സ്ത്രീകൾ ഉൾപ്പെട്ടിട്ടുണ്ട്. തയ്യൽ ജോലിയോട് കൂടുതൽ താല്പര്യം കാട്ടാൻ അടുത്തകാലത്ത് സ്ത്രീകൾ തയ്യാറാകുന്നു. തയ്യൽ ജോലിയിലെ സ്വാതന്ത്ര്യവും ആയാസരാഹിത്യ

വുമാണ് ഈരംഗം തിരഞ്ഞെടുക്കാനുള്ള കാരണങ്ങളിൽ പ്രധാനം. പന്മന പഞ്ചായത്തിലെ സ്ത്രീ തൊഴിലാളികളുടെ പട്ടിക താഴെ ചേർക്കുന്നു.

| തൊഴിൽമേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| സർക്കാർ മേഖല | 2081 | 9307 |
| ഇടത്തരം തൊഴിൽ | 500 | 712 |
| കാർഷികം | 7 | 249 |
| കർഷകതൊഴിലാളി | 283 | 570 |
| കശുഅണ്ടിതൊഴിലാളി | 114 | 21 |
| കയർ തൊഴിലാളി | 720 | 146 |
| കെട്ടിട നിർമ്മാണം | 5 | 375 |
| ബീഡി തൊഴിലാളി | 30 | 251 |
| തയ്യൽ തൊഴിലാളി | 90 | 211 |

വ്യവസായങ്ങളുടെ ദുഃസ്ഥിതി മാറ്റി കൂടുതൽ തൊഴിലവസരം വളർത്തിയെടുക്കേണ്ടതുണ്ട് ഉദാഃ (കയർ വ്യവയായം ) കോഴി, ആട്, പച്ചക്കറിതോട്ടം, അച്ചാറ്, കറിപ്പൗഡർ യൂണിറ്റുകൾ, റെഡിമെയ്ഡ് യൂണിറ്റുകൾ എന്നിവിടങ്ങളിലേക്ക് വനിതകളുടെ ശ്രദ്ധ തിരിയണം.

സ്വാതന്ത്ര്യ സമര കാലഘട്ടങ്ങളിലെ പ്രക്ഷോഭങ്ങളിൽ വനിതകളുടെ പങ്കാളിത്തം ഇല്ലായിരുന്നു എങ്കിൽ പോലും സ്വാതന്ത്ര്യാനന്തരം വനിതകളെ സംഘടിപ്പിക്കുവാൻ കുമ്പളത്തെ സരസ്വതിയമ്മ രംഗത്തുണ്ടായിരുന്നു. വനിത സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിലും, വനിതവായനശാല സ്ഥാപിക്കുന്നതിനും സ്ത്രീകൾക്കെതിരെ നിലനിന്നിരുന്ന സാമൂഹിക വ്യവസ്ഥിതിക്കെതിരെ പോരാടുന്നതിനും ധീരോദാത്തമായ നേതൃത്വം നൽകിയെങ്കിൽപോലും പഞ്ചായത്തിൽ ആകമാനം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ കഴിഞ്ഞില്ല. എന്നാൽ 1920ന്ശേഷം ദേശീയധാരയോടൊപ്പം തന്നെ പന്മന പഞ്ചായത്തിലും സ്ത്രീ വിമോചന പ്രസ്ഥാനങ്ങളും വനിതാ സംഘടനകളും നിലവിൽ വന്നു. നിലവിൽ ഈ പഞ്ചായത്തിൽ ജനാധിപത്യ മഹിളാ അസ്സോസിയേഷന്റെ രണ്ട് വില്ലേജ് കമ്മിറ്റികൾ, ഐക്യ മഹിളാ സംഘത്തിന്റെ ഒരു പഞ്ചായത്ത് കമ്മിറ്റി, കേരളാ മഹിളാ സംഘത്തിന്റെ രണ്ട് വില്ലേജ് കമ്മിറ്റികളും, മഹിളാ കോൺഗ്രസിന്റെ മണ്ഡലം കമ്മിറ്റികളും ഈ രംഗത്ത് പ്രവർത്തിക്കുന്നു. എം എസ്എസ് , എഫ് ഇ സി എന്നീ സംഘടനകളിലൂടെ സ്ത്രീകളുടെ മുന്നേറ്റം മെച്ചപ്പെട്ടിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പ്രവർത്തനം പഞ്ചായത്തിൽ നിർണ്ണായകമായിരുന്നു. സ്വയം തൊഴിൽ രംഗത്ത് ട്രൈസം പോലുള്ള സർക്കാർ തലത്തിലുള്ള പരിശീലനവും തൊഴിൽ രംഗത്ത് തൊഴിൽരംഗത്ത് സ്ത്രീകളുടെ കഴിവുകൾ മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. വനിതകളുടെ മാത്രമായി 4 DWCRA യൂണിറ്റുകളും, ഒരു വായനശാലയും ഒരു മഹിളാ കുടിൽ വ്യവസായ സഹകരണ സംഘവും പ്രവർത്തിക്കുന്നു. DWCRA നേതൃത്വത്തിലുള്ള രണ്ട് യൂണിറ്റുകളുടെ പ്രവർത്തനം പരിശോധിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ 866 വീടുകളിൽ സ്തീകളാണ് കുടുംബനാഥകൾ. സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണത്തിലും പഠനത്തിലും പെൺകുട്ടികളാണ് മുന്നിൽ. ഡിഗ്രിതലംവരെ ഈ നിലതുടരുന്നു. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ കുറവാണ്. ഉന്നതവിദ്യാഭ്യാസരംഗത്തും ഈനില തുടരുന്നു. സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. എന്നാൽ ഈ കാലയളവിൽ സ്ത്രീപീഡനം ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. 90 കളിൽ സാക്ഷരതാ പ്രവർത്തനം സ്ത്രീകളുടെ ഇടയിലുള്ള നിരക്ഷരത്ത ഒരളവുവരെ കുറച്ചിട്ടുണ്ട്.

**പ്രശ്നങ്ങൾ:-**

തൊഴിലില്ലായ്മ സ്ത്രീകളുടെ മുഖ്യപ്രശ്നമായി നിലനിൽക്കുന്നു. ഉള്ളതൊഴിൽ മേഖലയിൽ തന്നെ കൂലിവിവേചനം നിലനില്ക്കുന്നു.

**പട്ടിക**

| തൊഴിൽ മേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കർഷകതൊഴിലാളി | 50 | 100 |
| കയർതൊഴിലാളി (സഹകരണസംഘം | 35 | – |
| കയർതൊഴിലാളി (സ്വകാര്യം) | 28 | – |
| കെട്ടിട നിർമ്മാണം | 75 | 120 |

സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്ന മേഖലകളിൽ കൂലി വളരെ കുറവാണ്. ഉദാഃകയർ, കർഷകത്തൊഴിലാലി മേഖല സാമൂഹിക രംഗങ്ങളിൽ കഴിഞ്ഞകാലത്ത് വളരെ പിന്നോട്ട് നിന്നിരുന്ന സ്ത്രീ സമൂഹത്തെ മുന്നോട്ട് കൊണ്ടുവരുന്നതിന് രാഷ്ട്രീയ-സാമുഹ്യ സംഘടനകൾ വലിയപങ്കുവഹിച്ചിട്ടുണ്ട്. എങ്കിലും പൊതുജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ സ്ഥാനം നേടുന്നതിന് ഇപ്പോഴും വളരെ പിന്നിലാണ്. ഇന്നത്തെ സാമൂഹ്യാവസ്ഥയനുസരിച്ച് ഉത്തരവാദിത്വങ്ങൾ ഏറ്റേടുത്ത് ജോലികൾ ഭംഗിയായി ചെയ്യുന്നതിന് സ്ത്രീകൾ മുന്നോട്ട് വരണം. വിദ്യാഭ്യാസരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിച്ചുവരുന്ന അനുഭവമാണുള്ളത്. ഏത് രംഗത്തേയും പോലെ സ്ത്രീകൾ അവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിനും, തിരിച്ചറിയുന്നതിനും വിമോചനപാത തിരച്ചറിയേണ്ടതുണ്ട്. സാമൂഹിക സാസ്കാരിക രംഗത്തെ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ഈ രംഗത്തെ പ്രവർത്തകർ മുൻകൈയെടുക്കണം. സ്ത്രീകൾക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കണം. കൂടുതൽ സ്ത്രീകളെ തങ്ങളുടെ നേതൃനിരയിൽ കൊണ്ടുവരാൻ സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകർ ശ്രമിക്കണം. പൊതുപ്രവർത്തന രംഗത്തുള്ള മുരടിപ്പുമാറ്റാൻ കൂടുതൽ സ്ത്രീകൾ ആ രംഗത്ത് കടന്നുവരേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അവരെ ബോധവൽക്കരിക്കണം. വനിതകളുടെ മാത്രമായ സംഘങ്ങൾക്ക് രൂപം നൽക്കുകയും, തൊഴിൽ യൂണിറ്റുകളും, സഹകരണസംഘങ്ങളും തുടങ്ങേണ്ടതുമാണ്. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നമ്മുടെ നാട്ടിലെ പരമ്പരാഗത വ്യവസായമായ കയർ മേഖലയെ പ്രോൽസാഹിപ്പിക്കണം. തൊഴിൽ സംരംഭങ്ങളും പ്രവർത്തനവും ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും വേണം. റെഡിമേയ്ഡ് വസ്ത്രരംഗത്തും തൊഴിൽ സാദ്ധ്യത സ്ത്രീകൾക്ക് ഏറെയുള്ളതാണ്. അടുക്കളത്തോട്ടം, കുറ്റിമുല്ല, ഓർക്കിഡുകൾ, ആന്തൂറിയം തുടങ്ങിയ കൃഷികളും തൊഴിൽ അവസരം വർദ്ധിപ്പിക്കാൻ ഉതകുന്ന മേഖലകളാണ്.

നമ്മുടെ പഞ്ചായത്ത്കളിൽ DWCRA യൂണിറ്റ്കൾ പലതും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഇതിന്റെ കാരണം സ്ഥാപനങ്ങളുടെ നേതൃത്വം സ്ത്രികളിലല്ല. ആവശ്യമായ പരിശീലനമോ, ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിംഗ് സൗകര്യമോ ലഭ്യമാകുന്നില്ല. വൈവിധ്യമുള്ളതും നൂതനവുമായ മേഖലകളിൽ

സ്ത്രീകൾക്ക് തൊഴിൽ പരിശീലനം പഞ്ചായത്ത്തലത്തിലോ ബ്ലോക്ക് തലത്തിലോ കഴിയണം. സ്ത്രികളുടേയും കുട്ടികളുടേയും ആരോഗ്യസംരക്ഷണത്തിന് ഹെൽത്ത് സെന്ററിന്റെ എണ്ണം വർദ്ധിപ്പിക്കണം, അംഗൻവാടികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.

## വനിതാമേഖല നേരിടുന്ന പ്രശ്നങ്ങൾ

1. തൊഴിൽ രംഗത്തെ ആധുനിക രീതിയിലുള്ള പരിശീലനക്കുറവ്.
2. സാമൂഹ്യ സേവന രംഗത്ത് സ്ത്രീകൾക്ക് കടന്നുവരുവാൻ പുരുഷാധിപത്യം മൂലം കഴിയുന്നില്ല.
3. വിദ്യാഭ്യാസമേഖലകളിൽ (നഴ്സിംഗ് മേഖലയൊഴികെ) സ്ത്രീകൾ അവഗണിക്കപ്പെടുന്നു.
4. തൊഴിൽ രംഗത്തെ കൂലിയിലും മറ്റു സേവന വേതന മേഖലകളിലും സ്ത്രീകൾ വിവേചനം നേരിടുന്നു.
5. സ്വയം തൊഴിൽ രംഗങ്ങളിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാനുള്ള ബുദ്ധിമുട്ട്.
6. സർക്കാരും വ്യവസായ വകുപ്പും സ്ത്രീകൾക്കായി മാത്രം ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ ഏതെന്ന് അറിയാതെ പോകുന്നു.
7. തൊഴിൽ രംഗത്തെ ആവർത്തന ചിലവുകളുടെ സാമ്പത്തിക ചുരുക്കം മൂലം പുതിയ യൂണിറ്റുകൾ തുടങ്ങുവാൻ കഴിയാതെ പോകുന്നു.
8. ഉന്നത വിദ്യാഭ്യാസരംഗത്ത് വിദ്യാർത്ഥിനികളുടെ പങ്കളിത്തം കുറവാണ്.
9. സ്വന്തം ക്രീയാശേഷി വർദ്ധിപ്പിക്കുവാനും, പ്രശ്നങ്ങൾ ഏറ്റെടുത്ത് വിജയപ്പിക്കുവാനുമാകാതെ നിസ്സഹായരായി നിൽക്കുന്നു.
10. വിദ്യാസമ്പന്നരിൽപ്പോലും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വളരെ വേഗം പടർന്നു പിടിക്കുന്നു.
11. സമൂഹത്തിൽ പുരുഷനോടൊപ്പം നിൽക്കുവാൻ സ്ത്രീകൾക്ക് കഴിയുമെന്ന വിശ്വാസം വളർത്തിയെടുക്കുവാൻ കഴിയാതെപോകുന്നു.
12. പൊതു രംഗത്തേക്ക് വരുന്ന സ്ത്രീകളെ നിരുൽസാഹപ്പെടുത്തുവാനും അവഹേളിക്കുവാനും പുരുഷന്മാരോടൊപ്പം സ്ത്രീകളും പങ്കുചേരുന്നു.
13. സ്ത്രീകളുടെ വിദ്യാഭ്യാസം ജീവിതോപാധികൾക്ക് ഉപകരിക്കില്ല എന്ന ധാരണ സമൂഹത്തിൽ നിലനിൽക്കുന്നു.
14. സ്ത്രീകൾ പുരുഷന്റെ ആജ്ഞാനുവർത്തിയായി പ്രവർത്തിക്കുന്നു എന്ന ധാരണ സമൂഹത്തിൽ നിലനിൽക്കുന്നു.
15. സ്ത്രീകൾക്കുവേണ്ടി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള സഹകരണസംഘങ്ങളിൽപോലും പുരുഷമേധാവിത്വം നിലനിൽക്കുന്നു.
16. നിത്യോപയോഗ സാധനങ്ങളുടെ വിലകയറ്റം സ്ത്രീകളെ സാമ്പത്തികമായും മാനസികമായും ബുദ്ധിമുട്ടിക്കുന്നു.
17. അംഗൻവാടികളുടെ കൂലിനിരക്ക് കാലോചിതമായി വർദ്ധിപ്പിക്കണം.
18. അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാകണം.
19. പരമ്പരാഗത തൊഴിൽരംഗത്ത് സ്ത്രീകളുടെ സമ്പത്തും ക്രീയാശേഷിയും നല്ലരീതിയിൽ ചൂഷണം ചെയ്യപ്പെടുന്നു.

## പരിഹാരം

1.. പരമ്പരാഗത രംഗത്ത് സഹകരണ അടിസ്ഥാനത്തിൽ DWCRA പോലുള്ള യൂണിറ്റുകൾ എല്ലാ വാർഡുകളിലും തിടങ്ങുക.
2. സ്വയം തൊഴിൽ സംരംഭങ്ങളിൽ ബോധവൽകരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.
3. പരമ്പരാഗത വ്യവസായരംഗത്തുള്ള കഠിനാദ്ധ്വാനം കുറയ്ക്കുവാൻ യന്ത്രവൽകരണമേർപ്പെടുത്തുക.
4. സ്കൂൾ തലങ്ങളിൽ സാങ്കേതിക വിദ്യകൾ വനിതകൾക്ക് ഏർപ്പെടുത്തുക.
5. മാതൃസംഗമങ്ങളിൽ സ്ത്രീകൾ വ്യാപകമായി പങ്കെടുക്കുക
6. വിദ്യാഭ്യാസം, കല, സാംസ്കാരിക, എന്നീ മേഖലകളിലിലുള്ള കഴിവുകൾ കണ്ടെത്തി വികസിപ്പിച്ചെടുക്കുന്നതിന്വേണ്ട നടപടികൾ ഉണ്ടാകണം.
7. വനിത വിമോചന പ്രസ്ഥാനങ്ങൾ സമൂഹത്തിൽ കാലഘട്ടത്തിന് അനുസരിച്ച് ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.
8. സമൂഹത്തിൽ എല്ലാകാര്യങ്ങളിലും പുരുഷനോടൊപ്പം നിൽക്കുവാൻ സ്ത്രീക്കും കഴിയുമെന്ന ആത്മവിശ്വാസം വളർത്തിയെടുക്കണം.
9. വിദ്യാഭ്യാസകാര്യങ്ങളിൽ അഭിപ്രായഭിന്നത ഒഴിവാക്കണം.
10. സ്ത്രീ സമത്വത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ പിന്തിരിപ്പന്മാരുടെ കൈകടത്തലിനെതിരെ പ്രതികരിക്കുക.
11. പരമ്പരാഗത രംഗത്ത് തൊഴിൽ എടുക്കുന്ന വനിതകളെ വേണ്ടരീതിയിൽ സംഘടിപ്പിക്കുവാൻ ട്രേഡ് യൂണിയനുകൾ ശ്രദ്ധിക്കണം.
12. സഹകരണ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുവാൻ കഴിണം.
13. പരമ്പരാഗത തൊഴിൽ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളിൽ ഉണ്ടാകുന്ന മാരകരോഗങ്ങൾക്കെതിരെ പ്രതിവിധി കാണണം.
14. പെൺകുട്ടികളുടെ വിവാഹപ്രായം 22 വയസ്സായി ഉയർത്തുന്നതിലേക്ക് മാതാപിതാക്കളുടെ മാനസികാവസ്ഥയിൽ മാറ്റം ഉണ്ടാകണം.
15. സ്ത്രീധന നിരോധനം നിർബന്ധമായും പ്രാവർത്തിക്കമാക്കണം.
16. സ്ത്രികൾക്കെതിരെയുള്ള അക്രമങ്ങളിൽ കൊലപാതകകുറ്റങ്ങൾക്ക് കൊടുക്കുന്ന ശിക്ഷ തന്നെ നടപ്പാക്കണം.
17. ക്രൂരതകൾക്ക് ഇരയാകുന്ന സ്ത്രീകളുടെ പരാതികൾക്കും, പരിഹാരങ്ങൾക്കും പ്രത്യേകമായ സംവിധാനം ഉണ്ടാകണം.

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

നൂറ്റാണ്ടുകളായി സമൂഹത്തിന്റെ അടിച്ചവർത്തലിനും ചൂഷണത്തിനും വിധേയമായ ഒരു വിഭാഗമാണ് പട്ടികജാതി പട്ടികവർഗ്ഗക്കാർ ചാതുർവർണ്ണ്യ വ്യവസ്ഥിതിയും ആയിത്തവും അനാചാരങ്ങളും കൊടികുത്തിവാണ ഒരു രാജ്യത്ത് പട്ടിക ജാതി പട്ടിക വർഗ്ഗത്തിന്റെ ഇന്നത്തെ നിലയിലേക്കുള്ള ഉയർത്തെഴുനേല്പ് ചെറുതായികാണാൻ കഴിയില്ല. ഇന്ത്യൻ ഭരണഘടനയുടെ 341ഉം 342 ഉം വകുപ്പുകൾ നൽകുന്ന പ്രത്യേക പദവിയും സംരക്ഷണയും രാഷ്ട്രീയ സാമൂഹ്യ പ്രസ്ഥാനങ്ങളിലൂടെ നേടിയെടുത്ത പുരോഗതിയുമാണ്. ഈ വിഭാഗത്തെ ഇന്നത്തെ നിലയിലേയ്ക്കെങ്കിലും എത്തിച്ചത്. കേരളത്തിലെ ഭൂപരിഷ്ക്കരണനിയമവും കൂടികിടപ്പവകാശവും ഇവർക്ക് സാമൂഹ്യ പുരോഗതി കൈവരിക്കാൻ സഹായിച്ച ഘടകങ്ങളാണ്.

പട്ടികജാതി – വർഗ്ഗകേമപ്രവർത്തനങ്ങൾക്ക് യാതൊരുപരിധിയുമില്ല (ഭരണഘടന) ഇതനുസ്സരിച്ച് പദ്ധ്തി അടങ്കലിന്റെ 10% പടികജാതി മേഖലയിലും 2 % പട്ടികവർഗ്ഗമേഖലയിലും ചെലവഴിക്കാൻ വ്യവസ്ഥയുണ്ട്. കൂടാതെ ഇപ്പോൾ ഗ്രാമ പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിട്ടുള്ള പദ്ധതി വിഹിനത്തിന്റെ 8%ഉം ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി ചിലവഴിക്കാം. സർക്കാർ തലത്തിലുള്ള കർക്കശ്ശമായ നിബന്ധനകളും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും, കെടുകാര്യസ്ഥതയും അഴിമതിയും കാരണം ഇവരുടെ പുരോഗതിയ്ക്കായി വിഭാവനം ചെയ്ത പദ്ധതികളൊന്നും പൂർണ്ണമായി ഇവരിലെത്തിച്ചേർന്നില്ല. കൂടാതെ കാര്യങ്ങളെകുറിച്ചുള്ള അറിവില്ലായ്മയും പ്രതിസന്ധി സൃഷ്ടിച്ചു.

പന്മന പഞ്ചായത്തിൽ 15 വാർഡുകളിലായി 1344 പട്ടികജാതി കുടുംബാങ്ങളുണ്ട്. ഇതിൽ രണ്ട് I.H.D. P കോളനികളടക്കം അംഗീകരിച്ച 21 പട്ടികജാതി കോളനികളും അംഗീകാരം കാത്തു കഴിയുന്ന 9 മറ്റ് കോളനികളുമുണ്ട്. പട്ടിക വർഗ്ഗക്കാരില്ല.

**പട്ടിക**
**പട്ടികജാതി കോളനികൾ**

| ക്രമ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം |
|---|---|---|
| 1 | ആക്കൽ | 47 |
| 2 | ആലകുളങ്ങര | 11 |
| 3 | ചിറ്റൂർ H.C | 11 |
| 4 | ദേവി W.S | 10 |
| 5 | കൈപ്പള്ളിക്കാവ് | 25 |
| 6 | കളരി | 10 |
| 7 | കണ്ണൻകുളങ്ങര | 11 |
| 8 | കോടിയാട്ട് | 104 |
| 9 | കോലം | 10 |
| 10 | ലക്ഷംവീട് വാർഡ് – I | 10 |
| 11 | മാമ്പള്ളി | 13 |
| 12 | മേക്കാട് WS, HDP | 10 |
| 13 | നേതാജി സ്മാരകം | IHDP 39 |
| 14 | നീലിയാടി | 23 |
| 15 | പന്മന HC | 24 |
| 16 | പൈനുവിള H.C, IHDP | 39 |
| 17 | പോരുക്കര 4 സെന്റ് | 23 |
| 18 | ഉതിരംകാവ് | 12 |
| 19 | വടക്കുംതല | 14 |
| 20 | വടശ്ശേരി | 10 |
| 21 | മുളംതറ | 24 |

വീടുകളിലേയും മേൽ പറഞ്ഞ കോളനികളിലെയും അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ല എന്നാണ് ഗ്രാമസഭകളിൻ നിന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. വീടുകളിലും കോളനികളിലും കുടിവെള്ളം, കക്കൂസ്, വീടുകൾ എന്നിവ നൽകിയതിനേക്കുറിച്ചും അതിന്റെ ഉപയോഗത്തെക്കുറിച്ചും ഒരു സമഗ്ര സർവ്വേ നടത്തണം. ആ സർവ്വേയിൽ നിന്ന് ഉരുത്തിരിഞ്ഞുവരുന്ന ഘടകങ്ങൾ വിശകലനം ചെയ്ത് ഏതൊക്കെ മേഖലകളിലാണ് ഈ സാഹചര്യങ്ങൾ എത്താത് എന്നു മനസ്സിലാക്കി ത്രിതല പഞ്ചായത്തുകൾ, താലൂക്ക് പട്ടികജാതി വികസന ഓഫീസ്, പട്ടികജാതി പട്ടികവർഗ്ഗ വികസനകോർപ്പറേഷൻ, വൈദ്യുതി ബോർഡ്, ജലഅതോറിറ്റി വില്ലേജുകൾ, കൃഷി ഭവൻ, മൃഗാശുപത്രി എന്നിവടങ്ങളിൽ നിന്നുള്ള പ്രവർത്തനങ്ങൾകൊണ്ട് പരിഹാരം കണ്ടെത്താം. ജീവിതത്തിൽ പട്ടികജാതിക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയെന്ന് വിശകലനം ചെയ്യാം.

## വിദ്യാഭ്യാസം

സ്വതന്ത്ര്യാനന്തരം ഭാരതത്തിലും പ്രത്യേകിച്ച് കേരളത്തിലും പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ നിലവാരം മറ്റുള്ളവരുടെതിൽ നിന്നും വളരെ പിറകിലാണ്. ഇതിന്റെ പന്മന പഞ്ചായത്തിന് സംബന്ധിച്ച ശരിയായ ചിത്രം കിട്ടണമെങ്കിൽ എല്ലാ പട്ടികജാതി കുടുംബങ്ങളിലെ കുട്ടികളെ കുറിച്ചും ഒരു അടിസ്ഥാന സർവ്വേ നടത്തേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ നിരവധിയാണ്. 1. വിദ്യാഭ്യാസകൊണ്ടുള്ള നേട്ടങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ 2. സാമ്പത്തിക പരാധീനത (ആഹാരം, വസ്ത്രം, പാഠ്യവും പാഠ്യേതരവുമായ ഘടകങ്ങൾ) 3. പ്രതികൂലമായ ചുറ്റുപാടുകൾ 4. സാമൂഹ്യമായ പിന്നോക്കാവസ്ഥ.

## തൊഴിൽ

ഒരു ചെറിയ വിഭാഗം സ്ഥിരം വരുമാനക്കാരെ ഒഴിച്ച് നിറുത്തിയാൽ മറ്റ് തൊഴിലെടുക്കുന്നവരുടെ കൂട്ടത്തിൽ 25%

കൃഷിപണിയിലും അനുബന്ധതൊഴിലുകളിലും ഏർപ്പെട്ട് ഉപജീവനം നടത്തുന്നവരാണ്. ബാക്കിയുള്ളവർ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു.

ബഹുഭൂരിപക്ഷവും കാർഷിക മേഖലകൊണ്ട് ജീവിക്കുന്നവരായിരുന്നു പഞ്ചായത്തിലുണ്ടായിരുന്നത്. നെൽപ്പാടങ്ങൾ കുറഞ്ഞതും ഉല്പാദനക്ഷമതയില്ലായ്മയും, കൂലിക്കുറവും, തൊഴിലിലുള്ള അസ്ഥിരതയും ഈ മേഖലയിൽ പണിയെടുത്ത് ജീവിക്കുന്നവരെ അലട്ടുന്ന പ്രശ്നങ്ങളാണ്. കയർ, കശുവണ്ടി, നെയ്ത്ത്, മത്സ്യബന്ധന സംസ്കരണം തുടങ്ങിയ പരമ്പരാഗത മേഖലയിലെ അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും ഈ മേഖലയിലെ യന്ത്രവത്കരണവും, തൊഴിൽ അസ്ഥിരതയും, വ്യവസായങ്ങളുടെ അന്യസംസ്ഥാനങ്ങളിലേക്കുള്ള പറിച്ചുനടിയിലും, ആരോഗ്യ പ്രശ്നങ്ങളും ഈ മേഖലയിലെ പ്രശ്നങ്ങളാണ്. നെയ്ത്ത്, തുന്നൽ, അലക്ക്, മരംകയറ്റം മറ്റ് കുലതൊഴിലുകൾ ചെയ്ത് ജീവിക്കുന്ന പട്ടിക്കജാതിക്കാർ ആ രംഗത്ത് കുറഞ്ഞുവരുന്നു. തൊഴിലിന് അനുസരിച്ചുള്ള വേതനമില്ലാതത്തും അത്തരം തൊഴിലികൾക്ക് സമൂഹത്തിൽ മാന്യതയില്ലന്നുള്ള തെറ്റായധാരണയുമാണ് ഈ രംഗത്തെ പ്രശ്നങ്ങൾ.

## പാർപ്പിടം

പഞ്ചായത്തിലെ പതിനെഞ്ച് വാർഡുകളിലായി 1374 പട്ടികജാതി കുടുംബങ്ങൾ ഉള്ളതിൽ ഏകദേശം 300 കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ലാത്തവരുള്ളു. ബാക്കിയുള്ളവർ സ്വന്തം നിലയിലും വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തും സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്നുള്ള ധനസഹായം ഉപയോഗിച്ചും വീടുകൾ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ നിലവിലുള്ള വീടുകൾ എല്ലാ അർത്ഥത്തിലും വാസയോഗ്യമായവയല്ല.

കാരണങ്ങൾ: 1. ഉറപ്പില്ലാത്ത അടിത്തറ 2. കാലപ്പഴക്കം കൊണ്ട് ചുമരുകൾക്കുണ്ടായിട്ടുള്ള ബലക്ഷയം 3. മേൽക്കൂരയുടെ ഉറപ്പില്ലായ്മ. 4. കുടുംബാംഗങ്ങളുടെ എണ്ണത്തിനനുസരിച്ചുള്ള വിസ്തീർണ്ണമില്ലായ്മ. 5. വേണ്ടത്ര ജനലുകളും കതകുകളും ഇല്ല 6. തേയ്ക്കാത്ത ചുമരുകൾ 7. വൈദ്യുതീകരിക്കാത്ത വീടുകൾ. 8. വീടുകൾക്ക് പലതിനും കക്കൂസ് സൗകര്യം ഇല്ല. 9. മലിനജലം ഒഴുക്കിക്കളയാനുള്ള ഓടയുടെ അഭാവം. 10. കുടിവെള്ള ക്ഷാമം.

300വീടില്ലാത്തവരിൽ 100കടുംബങ്ങൾക്ക് കിടപ്പാടമില്ലാത്തവരാണ്. ബാക്കിവരുന്ന 200 കുടുംബങ്ങൾ ചെറ്റക്കുടിലിൽ താമസ്സിക്കുന്നവരോ താൽക്കാലിക വീടുള്ളവരോ, വാസയോഗ്യമായ വീടില്ലാത്തവരോ ആണ്. ഇത് കൊല്ലക, മുല്ലക്കേരി, ചിറ്റൂർ, പോരൂക്കര, വടക്കുന്തല മേക്ക് എന്നീ വാർഡുകളിൽ വ്യാപിച്ചുകിടക്കുന്നു (അവലംബം ഗ്രാമസഭാ റിപ്പോർട്ട്)

## ആരോഗ്യം

കൂടുതൽ കായികാദ്ധ്വാനം വേണ്ടിവരുന്ന തൊഴിലുകളിലിൽ ഏർപ്പെടുന്നതുമൂലം കഠിനാദ്ധ്വാനം ചെയ്ത് ശാരീരീകാവശത അനുഭവിക്കുന്നർ പട്ടികജാതി ജനസംഖ്യയുടെ ഏകദേശം 10% ഉണ്ട്. കൂടാതെ പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങളും, മാനസ്സികമായും ശാരീരീകമായും പ്രായത്തിനൊത്തു വളർച്ചയാല്ലാത്തതുമായ കുട്ടികളും, അമ്മമാരും വേറെയുണ്ട്. പരമ്പരാഗത തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർക്ക് തജ്ജന്യമായ അസുഖങ്ങളും ഉണ്ടാകുന്നു. ഇതിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഇല്ലാത്തതിനാൽ ഉണ്ടാകുന്ന പകർച്ചവ്യാധികൾ വേറെയും, ക്യാൻസർ, കുഷ്ടം, ക്ഷയം, ഹൃദയ സംബന്ധമായ അസുഖങ്ങൾ തുടങ്ങി മാരകമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ. ഇത്രയുമാണ് ഈ മേഖലയിലെ പ്രശ്നങ്ങൾ.

നേതൃത്വം

ബഹുജന സംഘടനകളിൽ നേതൃത്വപരമായ പങ്കവഹിക്കുന്നവർ പട്ടികജാതി വിഭാഗത്തിൽ സാമാന്യേന കുറവാണ്. അതിനാൽ ഈ വിഭാഗങ്ങളുടെ പ്രധാന പ്രശ്നങ്ങൾ ബന്ധപ്പെട്ട വേദികളിൽ ഉന്നയിക്കുന്നതിനും പരിഹാരം കാണുന്നതിനും കഴിയാതെ വരുന്നു. ഇത് അവശത അനുഭവിക്കുന്നവരും പിന്നോക്കം നിൽക്കുന്നവരുമായ ഈ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ തടസ്സമായി നിൽക്കുന്നു.

സാമൂഹ്യപദവി

പട്ടികജാതിക്കാരുടെ സാമൂഹ്യ.പദവി ഭരണഘടനയിൽ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ സ്വാതന്ത്ര്യം കിട്ടി 50വർഷം കഴിഞ്ഞിട്ടും നേടാൻ സാധിച്ചിട്ടില്ല. അയിത്തവും അനാചാരവും പ്രകടമായി നിലനിൽക്കുന്നില്ലെങ്കിലും സാമൂഹ്യ ഉച്ചനീചത്വങ്ങൾ പന്മന പഞ്ചായത്തിൽ ചിലയിടങ്ങളിലെങ്കിലിമുണ്ടെന്ന് ഗ്രാമസഭാറിപ്പോർട്ടുകളിൽ കാണുന്നു. സമൂഹത്തിൽ നിലനിന്നിരുന്ന ജാതി വർണ്ണ വ്യവസ്ഥയുടെ അനന്തരഫലങ്ങൾ കൊണ്ടുണ്ടായിട്ടുള്ളതാണ്. ഭരണഘടനാ പരമായി പട്ടികജാതിക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എല്ലാ അർത്ഥത്തിലും ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. തൊഴിൽ മേഖലയിൽ ഇത് പ്രകടമാണ്. മറ്റുള്ളവരുടെ സങ്കുചിത താൽപര്യവും, ഈ വിഭഗക്കാരെ സഹജീവികളായി കാണുന്നതിലുള്ള അവരുടെ അസഹിഷ്ണുതയും, സാമൂഹ്യ പിന്നോക്കാവസ്ഥക്കു കാരണങ്ങളാണ്. എല്ലാ മേഖലയിലുമുള്ള ഉന്നത വിദ്യാഭ്യാസം ലഭിക്കാത്തതിന്റെ അഭാവവും മറ്റൊരു കാരണമാണ്.

ഈ വിഭാഗത്തിൽ, അന്യ സംസ്ഥാനങ്ങളിൽനിന്നും നമ്മുടെ നാട്ടിൽ വന്ന് കൂലിപ്പണിയെടുക്കുന്നവരില്ല.

**പട്ടികജാതി കോളനികളിലെ പ്രശ്നങ്ങൾ**

1. കോളനികളിൽ ഇപ്പോഴുള്ള അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്. (കുടിവെള്ളം. വൈദ്യുതി, റോഡ്.)
2. കോളനികളിൽ ഇപ്പോഴും വീടില്ലാത്തവരും വാസയോഗ്യമായ വീടില്ലാത്തവരും ഉണ്ട്.
3. കോളനികളിൽ കക്കുസില്ലാത്തവരുണ്ട്.
4. കമ്മ്യൂണിറ്റി ഹാളില്ല.
5. ഗ്രന്ഥശാലകൾ, വായനശാലകൾ, ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ അഭാവം.
6. പാരിസ്ഥിതിക പ്രശ്നം.
7. നഴ്സറി വിദ്യാഭ്യാസത്തിന്റെ അഭാവം.
8. പൊതു സ്മശാനമില്ല.
9. സമൂഹത്തിന്റെ അംഗീകാരം കിട്ടാതിരിക്കുക.
10. കൂട്ടായി തൊഴിലെടുക്കുന്നതിനുള്ള വേദികളില്ല.
11. വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക പിന്നോക്കാവസ്ഥ.

## പട്ടികജാതിക്കാർക്ക് പൊതുവിലുള്ള പ്രശ്നങ്ങൾ

1. കുട്ടികൾക്ക് നേഴ്സറി, സ്കൂൾ, ഉന്നത വിദ്യാഭ്യാസം എന്നിവ

ശരിയായ രീതിയിൽ കിട്ടുന്നില്ല.

2. കാർഷികമേഖലയിലെ തൊഴിലില്ലായ്മ
3. പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലില്ലായ്മ.
4. അഭ്യസ്തവിദ്യരായ യുവാക്കളുടെ തൊഴിൽ പ്രശ്നം.
5. 20% ത്തോളം കുടുംബങ്ങൾക്ക് വീടില്ല.
6. 10% കുടുംബങ്ങൾക്ക് സ്ഥലവും വീടുമില്ല.
7. 8%കുടുംബങ്ങൾക്ക് കക്കൂസില്ല.
8. വീടിന് അനുവദിക്കുന്ന തുക ആവശ്യത്തിന് തികയുന്നില്ല.
9. സാമ്പത്തികസഹായം കിട്ടാത്തതിനാൽ അറ്റകുറ്റപണികൾ യഥാസമയം ചെയ്യാൻ കഴിയുന്നില്ല.
10. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായപ എടുത്ത് സ്വയം തൊഴിൽ ചെയ്യുന്നതിന് ബാങ്കുകൾ സഹകരിക്കുന്നില്ല.
11. രോഗികൾക്കുള്ള ചികിത്സാസഹായം ആവശ്യത്തിനും യഥാസമയത്തും കിട്ടാതിരിക്കുക.
12. വിവാഹ ധനസഹായം അർഹതയുള്ള എല്ലാവർക്കും ലഭിക്കുന്നില്ല.
13. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ
14. എല്ലാ വകുപ്പുകളിൽ നിന്ന് നൽകുന്ന ധനസഹായം അർഹതയുള്ളവരിൽ എത്തിച്ചേരുന്നില്ല.
15. വിവിധ ഏജൻസികൾ നടപ്പാക്കുന്ന സ്കീമുകളുടെ നടപടിക്രമങ്ങളിലുള്ള സങ്കിർണ്ണത.
16. പെൻഷൻ കിട്ടുന്നില്ല, തുക നന്നേ കുറവ്.
17. പോഷകാഹാരക്കുറവും ആരോഗ്യപ്രശ്നങ്ങളും
18. ബഹുജന സംഘടനയുടെ നേതൃനിരയിലേക്ക് ഈ ആൾക്കാർ എത്തുന്നില്ല.
19. സാമൂഹ്യ പിന്നോക്കാവസ്ഥ.
20. സമൂഹത്തിൽ നിന്നുള്ള പീഡനം.

# സാധ്യതകൾ

**കോളനികൾ**

**1. അടിസ്ഥാന സൗകര്യങ്ങൾ**

കുടിവെള്ളം : പൈപ്പുവെള്ളം എത്തിയിട്ടുള്ള സ്ഥലങ്ങളിൽ ജല വിതരണം തടസ്സം കൂടാതെ നടത്തണം. ടാപ്പുകളില്ലാത്ത സ്ഥലങ്ങളിൽ കൂടുതൽ ടാപ്പുകൾ സ്ഥാപിക്കാവുന്നതാണ്. പൈപ്പു വെള്ളം ശുദ്ധമാണെന്നുറപ്പുവരുത്തണം. കിണറുകളില്ലാത്ത കോളനികളിൽ പുതിയ പൊതു കിണറുകൾ ഉണ്ടാക്കണം. നിലവിലുള്ള പൊതുകിണറുകൾ ജനപങ്കാളിത്തത്തോടുകൂടി ആഴം കൂട്ടുകയും വൃത്തിയാക്കുകയും ചെയ്യാവുന്നതാണ്. ശുദ്ധ ജല ക്ഷാമം രൂക്ഷമായിട്ടുള്ള കോളനികളിൽ വിവിധ വകുപ്പുകളായ ജല അതോറിറ്റി, ഭൂഗർഭ ജലവകുപ്പ്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നുള്ള സഹായം ഉപയോഗിച്ച് ഉടനടി പരിഹാരം കാണാവുന്നതാണ്.

വൈദ്യുതി : വയറിംഗ് ചെയ്തിട്ടില്ലാത്ത വീടുകൾ വയറിംഗ് ചെയ്ത് കറണ്ട് കണക്ഷൻ കിട്ടുന്നതിനാവിശ്യമായ നടപടി ക്രമങ്ങൾ വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട് ചെയ്യാം.വൈദ്യുതി കമ്പി വലിക്കാൻ തടസ്സമുള്ള പ്രദേശങ്ങളിൽ അഭിപ്രായ സമന്വയത്തിനായി ജനകീയ ഇടപെടൽ നടത്തി പ്രശ്നം പരിഹരിക്കാവുന്നതാണ്.

ഒരു നിലക്കും വൈദ്യുതി എത്തിക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിച്ച് ANERT ന്റെ സഹായത്തോടുകൂടി പ്രശ്നം പരിഹരിക്കാവുന്നതാണ്.

റോഡ് : പഞ്ചായത്തിലെ പകുതിയിൽ കൂടുതൽ കോളനികളിലേക്കുള്ള റോഡുകളും മുഴുവൻ കോളനികൾക്കുള്ളിലുള്ള റോഡുകളും കോളനി നിവാസികളുടേയും മറ്റു സന്നദ്ധ സംഘടനകളുടേയും ഗ്രാമപഞ്ചായത്തിന്റേയും സാമ്പത്തിക സഹായത്തോടുകൂടി സഞ്ചാരയോഗ്യ മാക്കാം.

കോളനിക്കുള്ളിൽ റോഡുകളില്ലാത്തിടത്ത് ബഹുജന പങ്കാളിത്തത്തോടു കൂടി പുതിയ റോഡുകൾ വെട്ടാം.

**2. വീടും കക്കൂസും**

J R Y, I A Y, M W S, Flood, Draught (നടപ്പാക്കുന്ന തട്ടുകൾ - ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്) സംയോജിത ഭവനനിർമ്മാണ പരിപാടി (താലൂക്ക് പട്ടികജാതി വികസന വകുപ്പ്) കോർപ്പറേഷൻ വീടുകൾ (പട്ടികജാതി പട്ടിക വർഗ്ഗ കോർപ്പറേഷൻ) പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള വീടുകൾ (കൃഷി , ഫിഷറീസ് വകുപ്പുകൾ) എന്നിവിടങ്ങളിൽനിന്നുള്ള സാമ്പത്തിക സഹായം ഉപയോഗിച്ച് പുതിയ വീടുകൾ നിർമ്മിക്കാം.

വിവിധ സർക്കാർ പദ്ധതികളിൽ 1990ന് മുമ്പ് വീടുണ്ടാക്കുകയും ഇപ്പോൾ കേടുപാട് വന്നിട്ടുള്ളതുമായ വിടുകൾക്ക് പ്രത്യേക ഘടക പദ്ധതിപ്രകാരം അനുവദിച്ചിട്ടുള്ള സംഖ്യ (വീടൊന്നിന് 5000രൂപ) ഉപയോഗിച്ച് കേടുപാടുകൾ നീക്കാം. ഈ ഇനത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള സംഖ്യ പരിമിതമാണ്. കൂടുതൽ തുക വകയിരുത്തണം.

**4. കമ്മ്യൂണിറ്റി ഹാൾ**

പൊതുസ്ഥലമുള്ള കോളനികളിൽ ആസ്ഥലമുപയോഗിച്ചും ഇല്ലാത്തിടത്ത് പഞ്ചായത്ത് സ്ഥലം എടത്തുകൊടത്തും പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടുകൂടി കോളനികളിൽ കമ്മ്യൂണിറ്റിഹാളുകൾ പണിയാം.

**5. ഗ്രന്ഥശാല, വായനശാല, TV**

കോളനികൾ കേന്ദ്രീകരിച്ച് ബഹുജനപങ്കാളിത്തത്തോടുകൂടി ഗ്രന്ഥശാല, വായനശാല എന്നിവ തുടങ്ങാം. ഇതിലേക്ക് ഗ്രന്ഥശാലാ സംഘത്തിന്റെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്താം.

കോളനിയുടെ പൊതുസ്ഥലത്ത് പഞ്ചായത്തിന്റെ സഹായത്തോടുകൂടി T.V. ക്യോസ്ക്ക് നിർമിച്ച് അവിടെ ജില്ലാ ഇൻഫർമേഷൻ വകുപ്പിന്റെ സഹായത്തോടുകൂടി T.V. സെറ്റ് സ്ഥാപിക്കാം.

**6. ശുചിത്വം**

വ്യക്തി, കുടുംബ, പരിസര ശുചിത്വത്തിന്റെ ആവശ്യകത കോളനി നിവാസികളിൽ ഉണ്ടാക്കുന്നതിനുവേണ്ടി ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ ബോധവത്കരണ മെഡിക്കൽ ക്യാമ്പുകൾ നടത്താം.

കോളനികളിൽ അഴുക്കും ചപ്പുചവറുകളും കെട്ടിക്കിടക്കാൻ സാധ്യതയുണ്ട്. അവിടങ്ങളിൽ കോളനി നിവാസികളുടെ സഹായത്തോടുകൂടി അതിന് പരിഹാരം കാണാം.

**7. നഴ്സറി വിദ്യാഭ്യാസം**

മേക്കാട്, കോടിയാട്, പയനുവിള, നേതാജി മെമ്മോറിയൽ എന്നീ കോളനികളിൽ ഓരോ നഴ്സറി സ്കൂളുകൾ പട്ടികജാതി കുട്ടികൾക്കുവേണ്ടി തുടങ്ങാം. ഇതിന് പട്ടികജാതി വികസന വകുപ്പിൽ ഇപ്പോൾ നിലവിലുള്ള സഹായം തേടാ

വുന്നതാണ്. ഇതുപോലെ അടുത്തുള്ള ഒന്നിൽ കൂടുതൽ കോളനികൾ കേന്ദ്രീകരിച്ച് അംഗൻവാടികളും തുടങ്ങാം.

8.പൊതു ശ്മശാനം

രണ്ടാം വാർഡിലുള്ള ശ്മശാനത്തിലേക്കുള്ള റോഡ് അടിയന്തിരമായി ടാർ ചെയ്യണം. പഞ്ചായത്ത് ഫണ്ട് ഇതിനായി ഉപയോഗിക്കാം. കൂടാതെ പന്മന വില്ലേജിൽ സൗകര്യമുള്ള സ്ഥലത്ത് ഒരു ശ്മശാനംകൂടി ഈ രീതിയിലുണ്ടാക്കാവുന്നതാണ്.

9. കൂട്ടായി തൊഴിൽകണ്ടെത്തൽ

പട്ടികജാതി സഹകരണ സംഘങ്ങൾ രൂപീകരിച്ചും ബ്ലോക്കിന്റെ D.W.C.R.A യൂണിറ്റുകൾ തുടങ്ങിയും വ്യവസായ വകുപ്പിന്റെ കീഴിൽ സഹകരണസംഘങ്ങൾ തുടങ്ങിയും, ഖാദി ബോർഡിന്റെ സഹായത്തോടുകൂടി സംയുക്ത സാമ്പത്തിക സംരംഭങ്ങൾ തുടങ്ങിയും കൃഷി, അനുബന്ധതൊഴിലുകൾ വ്യവസായം, മറ്റു സേവന മേഖലകളിലും കൂട്ടായ തൊഴിൽ സംരംഭങ്ങൾ കണ്ടെത്തണം. ഇതിനു പഞ്ചായത്ത് കമ്മിറ്റിയുടെ സഹായം തേടാവുന്നതാണ്.

10. പുതിയ കോളനികൾ

പത്തിൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങൾ സർവ്വെ നടത്തികണ്ടുപിടിച്ച് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടുകൂടി കോളനികളാക്കാം. അതിനുശേഷം വിവിധ വകുപ്പുകൾ വഴിയുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കാം.

11. വിദ്യാഭ്യാസം

വിദ്യാഭ്യാസം കൊണ്ടുള്ള ഗുണം അവരെ പറഞ്ഞു മനസ്സിലാക്കിയും പട്ടികജാതികുട്ടികൾക്ക് വിദ്യാഭ്യാസത്തിനുവേണ്ടി സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങളെകുറിച്ച് അവരെ ബോധവാൻമാരാക്കിയും കോളനികളിലെ കുട്ടികളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കാം.

## കോളനികൾ ഒഴിച്ചുള്ള മറ്റുവിഭാഗം.

1. വിദ്യാഭ്യാസം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നഴ്സറി വിദ്യാഭ്യാസം ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന രണ്ട് നഴ്സറി സ്കൂളുകൾ തെരഞ്ഞെടുത്ത് ഓരോ സ്കൂളിലും 10 കുട്ടികളെവീതം പഠിപ്പിക്കുന്നതിന് പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാവുന്നതാണ്. എസ്. എസ്. എൽ. സിയ്ക്ക് ശേഷം തുടർന്നു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇപ്പോൾ നൽകിവരുന്ന വിദ്യാഭ്യാസാനുകുല്യങ്ങൾ വർദ്ധിപ്പിക്കുകയും, നല്ലരീതിയിൽ പരീക്ഷ പാസ്സാകുന്ന വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന സമ്മാനത്തുക വർദ്ധിപ്പിക്കുകയും വേണം. എസ്. എസ്. എൽ. സിക്ക് തോറ്റു വീണ്ടും പഠിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതിന് ഏർപ്പെടുത്തിയട്ടുള്ള മാർക്കിന്റെ പരിധി എടുത്തുകളയുകയും, എല്ലാവിദ്യാർത്ഥികൾക്കും തുടർന്ന് പരീക്ഷയെഴുതുന്നതിന്നുള്ള അവസരം ലഭ്യമാക്കുന്നതിനും പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കാവുന്നതാണ്.

2. തൊഴിൽ കാർഷിക മേഖല

കാർഷിക മേഖലിയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി നെൽപ്പാടങ്ങൾ നികത്തുന്നതിനെതിരെ ഇപ്പോൾ നിലവിലുള്ള നിയമം കൂടുതൽ കർശനമാക്കണം.

തരിശിട്ടിരിക്കുന്ന കൃഷിഭൂമിയ്ക്ക് പശ്ചാത്തല സൗകര്യമൊരുക്കി കൃഷി ഇറക്കുന്നതോടുകൂടി കൂടുതൽ തൊഴിൽ സാദ്ധ്യത ആ മേഖലയിൽ ഉണ്ടാകുന്നു.

ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഒരുക്കി ഉല്പ്പാദനക്ഷമത വർദ്ധിപ്പിക്കണം.

കരകൃഷിയോടുകൂടി ഇടവിള ഇറക്കിയാൽ ആ രംഗത്ത് തൊഴിൽ സാദ്ധ്യതകൂടും.

പട്ടികജാതി പട്ടിക വർഗ കോർപ്പറേഷനിൽ നിന്ന് കൃഷിഭൂമിവാങ്ങുന്നതിനുണ്ടായിരുന്ന പദ്ധതി പുനഃസ്ഥാപിക്കണം.

3.തൊഴിൽ :- വ്യാവസായിക മേഖല

അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കിയും, ഉല്പാദനക്ഷമതകൂട്ടിയും, ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള കമ്പോള സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും, കാലാകാലങ്ങളിൽ വേണ്ട സാമ്പത്തിക സഹായവും സബ്സിഡിയും നല്കിയും ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിച്ച് തൊഴിലവസരങ്ങൾ കൂട്ടാം.

4.തൊഴിൽ - സേവന മേഖല

ഉന്നത വിദ്യാഭ്യാസം ചെയ്തവർക്ക് മത്സരപരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കുന്നതിന് ഇപ്പോൾ സംസ്ഥാനതലത്തിൽ പരിശീലന ക്ലാസ്സുകൾ സൗജന്യമായി നടത്തിവരുന്നുണ്ട്. ഇത് താലൂക്ക് തലത്തിലാക്കണം. മത്സരപരീക്ഷയ്ക്കും കൂടിക്കാഴ്ച്ചയ്ക്കും യാത്രപ്പടി ഇനത്തിൽ സർക്കാർ ഇപ്പോൾ നൽകുന്ന തുക വർദ്ധിപ്പിക്കണം. അത് കിട്ടാനുള്ള കാലതാമസം ഒഴിവാക്കണം.

വിദേശങ്ങളിൽ ജോലിതേടിപ്പോകുന്നവർക്ക് പട്ടികജാതി-വർഗ്ഗ കോർപ്പറേഷൻ നൽകിവരുന്ന സാമ്പത്തിക സഹായത്തുക വർദ്ധിപ്പിക്കണം.

5.പാർപ്പിടം - വീടില്ലാത്തവർ

കോളനികളിൽ പരാമർശിച്ചിട്ടുള്ള പരിഹാര മാർഗ്ഗങ്ങൾ ഇതിനും ബാധകമാക്കാവുന്നതാണ്.

6. പാർപ്പിടം - സ്ഥലമില്ലാത്തവർ

പഞ്ചായത്ത് പട്ടികജാതി വികസന വകുപ്പ് ഇവമുഖേന വീടുവെയ്ക്കാനുള്ള സ്ഥലം കണ്ടെത്താം. വീടുവെയ്ക്കുന്നതിന് ഈ വകുപ്പുകളിൽ നിന്നുള്ള സാമ്പത്തിക സഹായം ഉപയോഗപ്പെടുത്താം.

7. കക്കൂസുകൾ

കോളനികളിൽ പരാമർശിച്ചിട്ടുള്ള പരിഹാരമാർഗ്ഗങ്ങൾ ഇതിനും ബാധകമാക്കാവുന്നതാണ്.

8. വീടിനുള്ള സഹായം

ഇപ്പോൾ വീടിനു അനുവദിച്ചുകൊണ്ടിരിക്കുന്ന തുക കുറഞ്ഞത് 30000 എങ്കിലുമാക്കി ഉയർത്തണം.

**9. വീടിനുള്ള അറ്റകുറ്റ പണികൾ**

കോളനികളിൽ പരാമർശിച്ചിട്ടുള്ള പരിഹാരമാർഗ്ഗങ്ങൾ ഇതിനും ബാധകമാക്കാവുന്നതാണ്.

**10. ബാങ്കുകളുടെ നിസ്സഹകരണം**

കേന്ദ്രഗവൺമെന്റിന്റേയും റിസർവ് ബാങ്കിന്റേയും കർശനമായ നിർദ്ദേശം ബാങ്കുകൾക്ക് ഉണ്ടായാലേ ഇപ്പോൾ വായ്പ കിട്ടാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ കഴിയുകയുള്ളു. ജാമ്യവ്യവസ്ഥയിൽ നിന്നും പട്ടിക ജാതിക്കാരെ ഒഴിവാക്കണം.

**11. ചികിത്സാസഹായം**

ചികിത്സാസഹായം വർദ്ധിപ്പിക്കുകയും മാരകമായ എല്ലാരോഗങ്ങൾക്കും ദീർഘകാല ചികിത്സ വേണ്ടിവരുന്ന രോഗങ്ങൾക്കും ഇത് ബാധകമാക്കുകയും വേണം. സഹായം അനുവദിക്കുന്നതിലെ കാലവിളംബം ഒഴിവാക്കണം.

**12. വിവാഹ ധനസഹായം**

വിവാഹ ധനസഹായത്തിന് അർഹതയുള്ള എല്ലാവർക്കും കിട്ടുന്നതിനുവേണ്ടിയുള്ള ഫണ്ട് അനുവദിക്കണം.

**13. പദ്ധതികളെ കുറിച്ച് അറിവില്ലായ്മ**

സർക്കാരിന്റെ വിവിധ പദ്ധതികളെ കുറിച്ച് വില്ലേജിൽ ഒന്നെന്ന ക്രമത്തിൽ എല്ലാവകുപ്പ് ഉദ്യോഗസ്ഥന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ബോധവത്ക്കരണ ക്ലാസ് നടത്താം.

**14. സഹായം അർഹതയുള്ളവരിൽ എത്തിച്ചേരാൻ**

എല്ലാ പദ്ധതികളുടേയും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം ത്രിതല പഞ്ചായത്തുകൾക്ക് നൽകുക. ഇവിടെ തന്നെ പദ്ധതി അവലോകനവും, കൊടുത്ത സഹായം യഥാർത്ഥ ആവശ്യത്തിനു തന്നെ ഉപയോഗിക്കുന്നുണ്ടോ എന്നുറപ്പുവരുത്തുകയും ചെയ്യണം. ഇതിനു കൂടുതൽ സുതാര്യത ഉണ്ടാകുന്നത് നല്ലതായിരിക്കും. അതിന് ഗ്രാമസഭകളിൽ ചർച്ചചെയ്യാം.

**15. സങ്കീർണ്ണത**

വിവിധ ഏജൻസികൾ നടപ്പാക്കുന്ന പദ്ധതികളിലെ നടപടിക്രമങ്ങളിലുള്ള സങ്കീർണ്ണത ലഘൂകരിക്കണം.

**16. പെൻഷൻ**

പെൻഷൻ തുക കാലോചിതമായി പരിഷ്ക്കരിക്ക[...] സാമൂഹ്യ സാമ്പത്തിക സർവെ നടത്തി അർഹതയുള്ള മു[...]വൻ ആളുകളേയും കണ്ടുപിടിക്കാം.

**17. പോഷകാഹാരം, ആരോഗ്യം**

ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതോടുകൂടി ഇ[...] പ്രശ്നം പരിഹരിക്കും. എങ്കിലും കാലകാലങ്ങളിൽ വൈദ്യപ[...]ശോധനയും ബോധവതക്കരണ ക്ലാസ്സുകളും നടത്തുന്ന[...] നന്നായിരിക്കും.

**18. നേതൃത്വപരമായ പങ്ക്**

നേതൃത്വഗുണം വർദ്ധിപ്പിക്കുന്നതിന് രാഷ്ട്രീയ പാർട്ടി[...]കളും ബഹുജനസംഘടനകളും സന്നദ്ധ സംഘടനകളും ശ്ര[...]ക്കണം. അതിനുള്ള അവസരം ഒരുക്കിക്കൊടുക്കണം.

**19. പിന്നോക്കാവസ്ഥ**

ഭരണഘടനാപരമായ ആവകാശങ്ങളെകുറിച്ച് ഇവ[...] ബോധവാന്മാരാകണം. ഇക്കൂട്ടർ സഹജീവികളാണെന്നു[...] തങ്ങൾക്കുള്ളതുപോലെ എല്ലാ അധികാരാവകാശങ്ങളും പട്ടി[...]കജാതിക്കാർക്കുമുണ്ടെന്ന് മറ്റുള്ളവർക്ക് തോന്നണം. അവരെ[...] സമഭാവനയോടെ കാണുന്നതിനുള്ള മനോഭാവം വളർത്തിയെ[...]ടുക്കുകയും വേണം. ഇതിന് പട്ടികജാതിക്കാർക്ക് അവരെകുറി[...]ച്ചുള്ള തിരിച്ചറിവ് നടത്തേണ്ടിയിരിക്കുന്നു.

**20. പീഢനങ്ങൾ**

പട്ടികജാതിക്കാർക്കെതിരെയുള്ള പീഡനങ്ങൾ തടയു[...]ന്നതിന് ഭരണഘടനാപരമായി പൗരാവകാശസംരക്ഷണ നിയമം[...] പ്രാബല്യത്തിലുണ്ട്. അതിക്രമങ്ങൾ തടയുന്നതിന് നിയമ[...] പ്രകാരം സ്വീകരിക്കാവുന്ന ശിക്ഷണ നടപടികളെ കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കിയും, ഈ നിയമങ്ങളെ കർശനമായി പാലിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകുകയു വേണം. സമൂഹത്തിന്റെ കൂട്ടായ ചെറു[...]ത്തുനിലപ്പ് ഒരു പരിധിവരെ അതിക്രമങ്ങളെ കുറയ്ക്കാൻ സഹായിക്കും.

ജനകീയാസൂത്രണപ്രസ്ഥാനത്തിലൂടെ, ഒരു ജനമുന്നേ[...]റ്റത്തിലൂടെ, സമൂഹത്തിന്റെ അവഗണന എന്നും അനുഭവി[...]യ്ക്കേണ്ടി വന്ന അധഃസ്ഥിതരുടെ – പട്ടികജാതി പട്ടികവർഗ്ഗ[...]ക്കാരുടെ മോചനം അതിവിദൂര ഭാവിയിലെങ്കിലും നേടാൻ കഴി[...]യുമെന്ന് പ്രത്യാശിയ്ക്കാം.

# പട്ടികജാതി വികസനവകുപ്പിൽനിന്നും വിവിധപദ്ധതിയിൽ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളവരുടെ വിവരം

പട്ടിക–2

| | | 92-93 | | 93-94 | | 94-95 | | 95-96 | | 96-97 | |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഗുണഫോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
| 1 | ഓലമേയുന്നതിനുള്ള ധനസഹായം | 7 | 3500 | 3 | 1500 | 4 | 2000 | 2 | 1000 | തീരുമാനിച്ചിട്ടില്ല | |
| 2. | വിവാഹധനസഹായം | 5 | 10000 | 3 | 6000 | 14 | 28000 | ഇല്ല | | ഇല്ല | |
| 3. | ചികിത്സാ സഹായം | 4 | 2000 | 6 | 4500 | 1 | 1000 | 3 | 3000 | തീരുമാനിച്ചിട്ടില്ല | |
| 4. | മിശ്ര വിവാഹധനസഹായം | 1 | 2000 | ഇല്ല | | ഇല്ല | | 3 | 6000 | 2 | 4000 |
| 5. | കുട്ടികൾക്ക് ഇന്റർവ്യൂവിനും ടെസ്റ്റിനും പോകുന്നതിനുള്ള യാത്രപ്പടി | 14 | യഥാർത്ഥ ബസ്സ് ചാർജ്ജ് | 13 | യഥാർത്ഥ ബസ്സ് ചാർജ്ജ് | 4 | യഥാർത്ഥ ബസ്സ് ചാർജ്ജ് | ഇല്ല | | ഇല്ല | |
| 6. | S S L C ക്ക് തുടർന്നു പഠിക്കുന്നതിനുള്ള ധനസഹായം | 1 | 800 | 1 | 800 | 2 | 1600 | 3 | 2400 | 5 | 4000 |
| 7. | വ്യവസായ വായ്പ | ഇല്ല | | ഇല്ല | | 1 | 15000 | 5 | 75000 | ഇല്ല | |
| 8. | സംയോജിത ഭവനനിർമ്മാണം മേക്കാട് I H D P കോളനി മറ്റുള്ളവ | 1 | 12000 | 5 | 60000 | 1 | 12000 | 7 | 105000 | തീരുമാനം ആ.യിട്ടില്ല | |
| 9. | ഭൂരഹിത ഭവനരഹിത പുനരധിവാസം | 18 | 306000 | 2 | 34000 | 2 | 34000 | ഇല്ല | | ഇല്ല | |
| 10. | പാർപ്പിടസൗകര്യം മെച്ചപ്പെടുത്തൽ കക്കൂസ് കുളിമുറി | ഇല്ല | | 1 | 1800 | ഇല്ല | | ഇല്ല | | ഇല്ല | |

പട്ടിക 3

## പന്മന പഞ്ചായത്തിൽനിന്നും വിവിധ പദ്ധതികളിൽ Aനുവദിച്ച ആനുകൂല്യങ്ങൾ

| വർഷം | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച ആകെ തുക |
|---|---|---|---|
| 92-93 | സാനിട്ടറി കക്കൂസ് | 54 | 81000 |
| 93-94 | IHDP കോളനി റോഡ് | - | 101250 |
| | ഭൂരഹിത കർഷകത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിടം(സ്ഥലം) | 19 | - |
| 94-95 | സാനിട്ടറി കക്കൂസ് | 78 | 117000 |
| 95-96 | വൈദ്യുതീകരണം | 123 | 61500 |
| | തുന്നൽ മെഷീൻ | 45 | 86625 |

സ്കീമുകൾ- ഉപാദിരഹിത, പ്രത്യേകഘടക പദ്ധതി

പട്ടിക 4

1992 - 93 മുതൽ I R D P സഹായം കിട്ടിയ പട്ടികജാതി കുടുംബങ്ങൾ

| 92-93 | | 93-94 | | 94-95 | | 95-96 | | 96-97 | |
|---|---|---|---|---|---|---|---|---|---|
| ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
| 38 | 2.73 | 29 | 2.38 | 30 | 3.98 | 62 | 10.05 | കണക്കാക്കപ്പെട്ടിട്ടില്ല | |

പട്ടിക 5

1992 - 93 മുതൽ 96 -97 വരെ TRYSEM പരിശീലനം കിട്ടിയവരുടെ എണ്ണം

| 92-93 | | 93-94 | | 94-95 | | 95-96 | | 96-97 | |
|---|---|---|---|---|---|---|---|---|---|
| എണ്ണം | തൊഴിൽ കണ്ടെത്തിയവർ സഹായംകിട്ടിയവർ | എണ്ണം | തൊഴിൽ കണ്ടെത്തിയവർ സഹായംകിട്ടിയവർ | എണ്ണം | തൊഴിൽ കണ്ടെത്തിയവർ സഹായംകിട്ടിയവർ | എണ്ണം | തൊഴിൽ കണ്ടെത്തിയവർ സഹായംകിട്ടിയവർ | എണ്ണം | തൊഴിൽ കണ്ടെത്തിയവർ സഹായംകിട്ടിയവർ |
| 4 | തൊഴിൽ കണ്ടെത്തി | 2 | തൊഴിൽ കണ്ടെത്തി | 2 | തൊഴിൽ കണ്ടെത്തി | 4 | തൊഴിൽ കണ്ടെത്തി | കണക്കാക്കപ്പെട്ടിട്ടില്ല | |

പട്ടിക – 6

DWCRA സഹായം കിട്ടിയവരുടെ എണ്ണം

| വർഷം | 92–93 | 93–94 | 94–95 | 95–96 | 96–97 |
|---|---|---|---|---|---|
| എണ്ണം | ഇല്ല | 11 | 3 | ഇല്ല | ഇല്ല |

പട്ടിക – 7

IAY വീട് കിട്ടിയവരുടെ എണ്ണം

| വർഷം | 92–93 | 93–94 | 94–95 | 95–96 | 96–97 |
|---|---|---|---|---|---|
| എണ്ണം | 4 | 12 | 12 | 31 | കണക്കാക്കപ്പെട്ടിട്ടില്ല |

പട്ടിക – 8

MWS വീട് കിട്ടിയവരുടെ എണ്ണം

| വർഷം | 92–93 | 93–94 | 94–95 | 95–96 | 96–97 |
|---|---|---|---|---|---|
| എണ്ണം | 6 | 5 | 7 | 8 | കണക്കാക്കപ്പെട്ടിട്ടില്ല |

പട്ടിക – 9

JRY വീട് കിട്ടിയവരുടെ എണ്ണം

| വർഷം | 92–93 | 93–94 | 94–95 | 95–96 | 96–97 |
|---|---|---|---|---|---|
| എണ്ണം | 18 | 18 | 7 | 6 | കണക്കാക്കപ്പെട്ടിട്ടില്ല |

പട്ടിക – 10

CRSP വീട് കിട്ടിയവരുടെ എണ്ണം

| വർഷം | 92–93 | 93–94 | 94–95 | 95–96 | 96–97 |
|---|---|---|---|---|---|
| എണ്ണം | ഇല്ല | ഇല്ല | 3 | 4 | ഇല്ല |

പട്ടിക – 11

പന്മന കൃഷിഭവനിൽ പ്രത്യേകഘടക പദ്ധതിയിൽ അനുവദിച്ച ആനുകൂല്യം

| ക്രമനമ്പർ | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|
| 1 | ഹരിജൻ കോളനി വികസനം | 4 | 48400 |

# സംസ്കാരം

സാംസ്കാരിക നഭസ്സിൽ ഈടുവയ്പ് ഏറെയുള്ളൊരു പാരമ്പര്യത്തിന്റെയും സമൃദ്ധി നിറഞ്ഞ
കേരളത്തിന്റെ സാംസ്കാരിക നഭസ്സിൽ ... ഒരു ഗ്രാമമാണ് പന്മന. കേരളീയ ഗ്രാമങ്ങളിൽ പുരാപ്രസിദ്ധികൊണ്ടും
ഒരു വളർച്ചയുടെയും പ്രകാശം പരത്താൻ കഴിഞ്ഞ ഒരു ഗ്രാമമാണ് പന്മന ഇന്നും പരക്കെ ശ്രദ്ധിക്കപ്പെടുന്നു. പതിനാലാം നൂറ്റാണ്ടിന്റെ
ഉൽപ്പതിഷ്ണുത്വത്തിന്റെ ചലനാത്മകതകൊണ്ടും പന്മന ഇന്നും ... ഉണ്ണുനീലി സന്ദേശത്തിൽ പന്മനയെ പ്രാധാന്യത്തോടുകൂടി പരാമ
ഉത്തരാർദ്ധത്തിൽ വീരചരിതമെന്നു കരുതപ്പെടുന്ന ... പൂർവ്വസന്ദേശം 91-ാം ശ്ലോകത്തിലാണ്. പന്മനക്ഷേത്രവും കന്നേറ്റിയും
ർശിക്കുന്നുണ്ട്. ഉണ്ണുനീലി സന്ദേശകാവ്യത്തിലെ പൂർവ്വസന്ദേശം
പരാമർശ വിധേയമാകുന്നത്

*"പിന്നെച്ചെമ്മേ പുതിയ പൊഴിയും തോഴ !*
*പൂക്കതൈയും നീ പിന്നിട്ടമ്പിൽ തൊഴുക*
*വഴിമേൽപ്പന്മനത്തമ്പിരാനെ*
*പിന്നച്ചാർത്തിൻ കുരലിൽ മുരളും*
*കാളവും കൊമ്പുമെല്ലാം മന്നിൽപ്പൊങ്ങും*
*പടയൊടുകടന്നീടുകൻറേറ്റി തന്നെ"*

പല മനകളുടെ സംഗമഭൂമിയായിരുന്ന പന്മന അറബിക്കടൽ തീരത്തെ ഗ്രാമീണ സംസ്കൃതികളിൽ പുകൾപ്പെറ്റ
പല മനകളുടെ സംഗമഭൂമിയായിരുന്ന ... പഴമയും ചരിത്രവും ഈ നാടിന് അവകാശപ്പെടാനുണ്ട്.
ഒന്നായിരുന്നു. പത്തുപതിനൊന്നു നൂറ്റാണ്ടുകളുടെയെങ്കിലും പഴമയും ... ശേഷമായിരിക്കണം പന്മന ചരിത്രത്തിന്റെ ഗതിവി
ഏഴും എട്ടും നൂറ്റാണ്ടുകളിലുണ്ടായ നമ്പൂതിരി കുടിയേറ്റത്തിനു ശേഷമായിരിക്കണം ... മണ്ണും ഹൃദയാവർജകമായ പ്രകൃതി ഭംഗിയും
ഗതികളിൽ സജീവസാന്നിദ്ധ്യം വഹിച്ചു തുടങ്ങിയത്. ഫലഭൂയിഷ്ടമായ മണ്ണും ... ഇവിടുത്തെ പ്രാചീന തലമുറകളെ പ്രചോദിപ്പിച്ചിട്ടുണ്ടാവണം.
സുഖകരമായ കാലാവസ്ഥയും പന്മനയിൽ വാസമുറപ്പിക്കാൻ ഇവിടുത്തെ പ്രാചീന തലമുറകളെ ... പന്മനയിലും മുഴങ്ങിക്കേട്ടിട്ടുണ്ട്. പന്മനയുടെ ഉദാത്തമായ

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ പടഹധ്വനികൾ പന്മനയിലും മുഴങ്ങിക്കേട്ടിട്ടുണ്ട്. ... അർഥപൂർണ്ണമായ പ്രതീകങ്ങളായി, ത്യാഗോജ്ജ്വല കർമ്മസാര
സ്വാതന്ത്ര്യദാഹത്തിന്റെ കരുത്തിയന്ന നാവുകളായി, അർഥപൂർണ്ണമായ ... ജി. എം. ഫെറിയയും, എം. കെ. രാമനും കോൺഗ്രസ്സ്
ഥികളായി കുമ്പളത്തു ശങ്കുപിള്ളയും എം. എസ്. നീലകണ്ഠനും, ജി. എം. ... അല്ലാത്തവരുമായ എത്രയോ ധീര വീര രാജ്യസ്നേഹികളേയും
ഗോപാലപിള്ളയും ഉൾപ്പടെയുള്ള അറിയപ്പെടുന്നവരും അല്ലാത്തവരുമായ ... കഴിഞ്ഞിരിക്കുന്നു. 1936-ലെ തിരുവിതാംകൂർ ക്ഷേത്രപ്രവേശന
ദേശാഭിമാനികളെയും സംഭാവനചെയ്യാൻ ഈ മണ്ണിനു കഴിഞ്ഞിരിക്കുന്നു. ... ഹിന്ദുമതത്തിലെ അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾക്ക് വടക്കുംതല
വിളംബരത്തിന് എത്രയോ നാളുകൾക്കു മുമ്പു തന്നെ ഹിന്ദുമതത്തിലെ ... എന്നറിയുമ്പോൾ പന്മനയുടെ പുരോഗമന ബോധത്തിന് പഴക്കവും
ക്ഷേത്രത്തിൽ പ്രവേശനം സുസാദ്ധ്യമാക്കിയിരുന്നു എന്നറിയുമ്പോൾ ... ക്ഷേത്ര പ്രവേശന വിളംബരത്തിനുശേഷവും അവർണ്ണഹിന്ദുക്കളോട്
ഉറപ്പുമുള്ള ഒരടിത്തറയുണ്ടെന്ന് ബോധ്യമാകും. ക്ഷേത്ര പ്രവേശന ... യാഥാസ്ഥിതിക ശക്തികൾക്കുനേരെ വിരൽ ചൂണ്ടാനും സ്വന്തം
പഴയ പിന്തിരിപ്പൻ മനോഭാവം തുടരാൻ വെമ്പിയ യാഥാസ്ഥിതിക ... തോല്പിക്കാനും പന്മനയുടെ പരിവർത്തനാത്മകബോ
ഇച്ഛാശക്തിയുടെ അന്യസാധാരണമായ പ്രകടനംകൊണ്ടവയെ തോല്പിക്കാനും ... ആദ്യം നെഞ്ചുവിരിച്ചു നിന്ന് അമർഷം പ്രകടിപ്പിച്ച
ധത്തിനു കഴിഞ്ഞു. ദിവാൻ സർ. സി. പി. രാമസ്വാമിക്കെതിരെ ആദ്യം ... കവിതയും കഥകളിയും ഒപ്പനയും ആരചിച്ച സൗന്ദ
ധീരതയും പന്മനയുടേതായിരുന്നു. ഈ വെൺമണൽപ്പരപ്പിൽ കവിതയും ...
ര്യബോധവും അവിസ്മരണീയം തന്നെ.

ആത്മീയ വിശുദ്ധിയുടെ ഉടജാന്തരീക്ഷം പന്മനയ്ക്കു സമ്മാനിക്കുന്ന പന്മന ആശ്രമം കേരളത്തിലെ സാമൂഹ്യ
ആത്മീയ വിശുദ്ധിയുടെ ... സമാധിസ്ഥലമാണ്. മനുഷ്യസ്നേഹത്തിന്റെ രക്തവും മാംസ
പരിഷ്ക്കർത്താക്കളിലൊരാളായ ശ്രീ ചട്ടമ്പി സ്വാമികളുടെ സമാധിസ്ഥലമാണ്. ... പാദസ്പർശം ഏല്ക്കാനും പന്മനയുടെ മണ്ണിന് ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്.
വുമായി നമുക്കു മുന്നേ നടന്ന മഹാത്മജിയുടെ പാദസ്പർശം ... പരമാചാര്യനായിരുന്ന വിനോബ ഭാവെയും ഈ മനോഹ
സർവോദയ പ്രസ്ഥാനത്തിന്റെയും ഭൂദാനയഞ്ജത്തിന്റെയും പരമാചാര്യനായിരുന്ന ...
രതീരം സന്ദർശിച്ചിട്ടുണ്ട്.

ഇങ്ങനെ സാംസ്കാരിക ധന്യതയുടേതായ ഒരു വർണോജ്വല ചിത്രമാണ് നമുക്ക് കാണാൻ കഴിയുക, ഗ്രന്ഥ
ഇങ്ങനെ സാംസ്കാരിക ... സമിതികൾ എന്നിങ്ങനെ വിവിധതരം സാംസ്കാരിക സ്ഥാപനങ്ങൾ പന്മ
ശാലകൾ, വായനശാലകൾ, കലാ-കായിക സമിതികൾ എന്നിങ്ങനെ ... അതിന്റെ വിന്യാസം അസമമാണ്. ആർട്സ് ആൻറ്
നയിൽ താരതമ്യേന ഏറെയുണ്ടെങ്കിലും വാർഡടിസ്ഥാനത്തിലുള്ള അതിന്റെ ... ഊർജ്ജസ്വലമാക്കേണ്ടിയിരിക്കുന്നു. പരിഗണനാർഹമായ പ്രവ
സ്പോർട് ക്ലബ്ബുകളുടെ പ്രവർത്തനം ഇനിയും കൂടുതൽ ഊർജ്ജസ്വലമാക്കേണ്ടിയിരിക്കുന്നു. ... ഈ പഞ്ചായത്തിലുണ്ടെന്ന് ഗ്രാമസഭാ ചർച്ചകളിൽനിന്നും
ർത്തനങ്ങളൊന്നും നടക്കാത്ത ചില വാർഡുകളെങ്കിലും ഈ പഞ്ചായത്തിലുണ്ടെന്ന് ...
വ്യക്തമാകുന്നു.

പഞ്ചായത്തു ലൈബ്രറി ഉൾപ്പെടെ ആകെ ആറുഗ്രന്ഥശാലകളാണ് ഇപ്പോൾ പന്മന ഗ്രാമത്തിൽ പ്രവ
പഞ്ചായത്തു ലൈബ്രറി ... ആദ്യകാല പ്രവർത്തനങ്ങൾക്കു തന്നെ രംഗവേദി ഒരുക്കാൻ പന്മന
ർത്തിച്ചുവരുന്നത്. ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ ആദ്യകാല പ്രവർത്തനങ്ങൾക്കു ... കണ്ണൻകുളങ്ങര, ചിറ്റൂർ, വടക്കുംതല എന്നിവിടങ്ങളിൽ
യ്ക്കു കഴിഞ്ഞിരുന്നു. ഗ്രാമോദ്ധാരണ സമിതികളുടെ ഭാഗമായി കണ്ണൻകുളങ്ങര, ... കെട്ടിടങ്ങളിലായിരുന്നു താനും.
വായനശാലകൾ നിലവിൽ വന്നു. വായനശാലകൾ പ്രവർത്തിച്ചിരുന്നതാകട്ടെ സ്വന്തം കെട്ടിടങ്ങളിലായിരുന്നു താനും.

എന്തിന്, ഇന്നത്തെ പന്മന പഞ്ചായത്ത് ആഫീസ് കെട്ടിടം പഴയ കണ്ണൻകുളങ്ങര വായനശാല പ്രവർത്തിച്ചിരുന്ന കെട്ടിടമാണ്. ഇവിടുത്തെ ആദ്യഗ്രന്ഥശാല ചട്ടമ്പിസ്വാമികളുടെ പ്രവർത്തന കേന്ദ്രമായിരുന്ന മനയിൽ ഗ്രന്ഥശാലയാണ്. ഒരു മഹിളാ വായനശാലയും മാതൃകാപരമായി ഇവിടെ പ്രവർത്തിച്ചിരുന്നു. മനയിൽ സ്ഥാപിതമായ സി. പി. പി. സ്മാരക മഹിളാ വായനശാലയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

അമ്പതിലധികം കലാ -കായിക സമിതികളും പത്തോളം വായനശാലകളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ ഒരു പഞ്ചായത്തു സാസ്കാരിക നിലയവുമുണ്ട്. വിവിധ വാർഡുകളിലായി അഞ്ചു പൊതു ടി. വി. സെറ്റുകളും നാല് പൊതുറേഡിയോ സെറ്റുകളുമുണ്ട്. രണ്ടു പ്രൊഫഷണൽ നാടക സമിതികൾ പന്മനയിൽ കേന്ദ്രീക രിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവയ്ക്കു പുറമേ നാടകമേഖലയിൽ ഏറെ നാളുകളായി പ്രവർത്തിച്ചുവരുന്ന ആറ് അമച്വർ നാടക സംഘങ്ങളുമുണ്ട്.

ഒരു നൂറ്റാണ്ടിലുമേറെ പഴക്കമുള്ള ശങ്കരമംഗലം ഹൈസ്ക്കൂളും വടക്കുംതല സെൻറ് അലോഷ്യസ് എൽ. പി. സ്കൂളും കൊല്ലക സി. എം. എസ് എൽ. പി. സ്കൂളും പന്മനയുടെ വിദ്യാഭ്യാസ പാരമ്പര്യം വിളിച്ചോതുന്നു. നാടിൻെറ സാംസ്കാരിക വളർച്ചയിൽ ഈ വിദ്യാലയങ്ങൾ നിർവ്വഹിച്ച പങ്ക് നിസ്തുലമാണ്. ഇന്ന് മൊത്തം അഞ്ച് ഹൈസ്കൂളും നാല് യു. പി. സ്കൂളുകളും ഏഴ് എൽ. പി. സ്കൂളുകളും പ്രവർത്തിക്കുന്നു. സർക്കാർ, എയിഡഡ്, അൺഎയിഡഡ് മാനേജ്മെൻറുകൾക്കുകീഴിലാണ് ഇവയെന്നും പ്രസ്താവ്യമാണ്.

ഹൈന്ദവക്ഷേത്രങ്ങളും മുസ്ലീം പള്ളികളും ക്രിസ്ത്യൻ ചർച്ചുകളുമാണ് പഞ്ചായത്തിലെ ആരാധനാലയ ങ്ങൾ. അവയിൽ വടക്കുംതല ദേവീക്ഷേത്രവും പന്മനക്ഷേത്രവും കണ്ണൻകുളങ്ങര ക്ഷേത്രവും കോവിൽത്തോട്ടം, കൊല്ലക ക്രിസ്ത്യൻപള്ളികളും, പുതുശ്ശേരിക്കോട്ട, പോരൂക്കര മുസ്ലീം ദേവാലയങ്ങളും വിശ്രുതങ്ങളാണ്. ചട്ടമ്പിസ്വാ മികളുടെ സമാധിസ്ഥലമായ പന്മന ആശ്രമവും അതിനോടു ചേർന്ന ശ്രീ ഭട്ടാരകക്ഷേത്രവും ഇപ്പോൾ കേരളത്തിലെ മുഖ്യതീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നായിമാറിയിട്ടുണ്ട്.

ദേശീയോത്സവങ്ങളും മറ്റു പൊതുആഘോഷങ്ങളും കഴിഞ്ഞാൽ ദേവാലയ ഉത്സവങ്ങളാണ് പന്മനയിൽ പ്രചാരത്തിലുള്ള ഉത്സവാഘോഷ പരിപാടികളിൽ മുഖ്യം. ഈ ഉത്സവങ്ങൾ കരക്കാരുടെ കൂട്ടായ്മയിൽ സംഘടിപ്പി ക്കപ്പെടുന്നു. കലാ കായിക സമിതികളുടെ വാർഷികാഘോഷങ്ങളും ഇവിടുത്തെ എടുത്തുപറയത്തക്ക ഉത്സവ പരിപാ ടികളാണ്. പന്മനയിലെ മിക്ക സ്കൂളുകളിലും വാർഷികാഘോഷങ്ങൾ നടത്താറുണ്ട്. ഓണം, ദീപാവലി, ക്രിസ്തുമസ്, നബിദിനം എന്നിവ ആവേശപൂർവ്വം ആഘോഷിച്ചുവരുന്നു.

സാമൂഹ്യ പരിഷ്ക്കരണത്തിൻെറ പ്രചണ്ഡമായ കാറ്റു വീശിയകാലത്ത് അതിൻെറ അലയൊലി പന്മനയിലും ഉളവായി. സഹോദരൻ അയ്യപ്പൻെറ സുപ്രസിദ്ധമായ സമൂഹ പന്തിഭോജനത്തെ അനുസ്മരിപ്പിക്കുമാറ് ഈ പന്മ നയിലും ഒരു സമൂഹ പന്തിഭോജനം നടന്നു. നാനാ ജാതി മതസ്ഥർ പങ്കെടുത്ത ഈ പന്തിഭോജനം പ്രശസ്ത മലയാളഭാഷാ പണ്ഡിതനായ പ്രൊഫ. പന്മന രാമചന്ദ്രൻനായരുടെ മുത്തച്ഛൻെറ വീട്ടിൽ വച്ചായിരുന്നു. യാഥാസ് ഥിതിക മുരട്ടുവാദികളുടെ എതിർപ്പുകളേയും ഭീഷണികളേയും അതിജീവിച്ച് അതിനു നേതൃത്വം കൊടുത്തതാകട്ടെ കുമ്പളത്ത് ശങ്കുപിള്ളയും. പനയന്നാർകാവിൽ നടന്ന പന്തിഭോജനം ചരിത്രകാരൻമാർ അതു വേണ്ടത്ര ശ്രദ്ധിച്ചില്ല എന്നു പറഞ്ഞേതീരൂ. പരിവർത്തനവിരോധികൾക്ക് ഞടുക്കം സൃഷ്ടിച്ച മറ്റൊരു സംഭവവും കുമ്പളത്തിൻെറ ഉശിരാർന്ന നേതൃത്വത്തിൽ നടന്നു. കൊറ്റംകുളങ്ങര ദേവീക്ഷേത്രം വക കുളത്തിൽ അവർണ്ണഭക്തൻമാർക്കു കുളിക്കാൻ അവ സാരമില്ലായിരുന്നു. ഒരു പ്രാവശ്യം യാഥാസ്ഥിതിക വിലക്കു ലംഘിച്ച് കുളിക്കാനൊരുങ്ങിയ അവർണ്ണ ജനങ്ങളെ മൃഗീയമായി മർദ്ദിക്കുകയും ചെയ്തു. ഇതിൽ രോഷം പൂണ്ട കുമ്പളത്തു ശങ്കുപിള്ളയും മറ്റ് ഉല്പതിഷ്ണുക്കളും ആ കുളത്തിൽ അവർണ്ണരെ ഇറക്കി കുളിപ്പിച്ചു.

പന്മന മതമൈത്രിക്ക് പ്രസിദ്ധി കേട്ട നാടാണ്. ഹിന്ദുക്കൾ ക്രിസ്തീയ -- മുസ്ലീം ദേവാലയങ്ങളിലെ ഉത്സവച്ചടങ്ങുകൾക്കും മറ്റും സഹകരിക്കുകയും സഹായിക്കുകയും ചെയ്യുന്നു. നേരേ മറിച്ചു സാഹോദര്യത്തിൻെറയും സൗഹാർദ്ധത്തിൻെറയും സമീപനമാണ് അതിപുരാതനകാലം മുതലേ ഇവിടുള്ളത്. വടക്കുംതല ത്രീകിംഗ്സ് ചർച്ചിലെ പിരിശത്തിന് ഹിന്ദുക്കളും മുസ്ലീംങ്ങളും ക്രിസ്തന്യാനികളോടൊപ്പം നിന്ന് വരവേല്പു നൽകുന്ന ദൃശ്യം പന്മനയിലെ മതമൈത്രിക്ക് ഉത്തമ നിദർശനമാണ്. രാജ്യത്തിൻെറ ഇതരഭാഗങ്ങളിൽ വർഗീയ ഭ്രാന്തിൻെറ വിഷം ചുരന്നൊഴുകിയ നാളുകളിൽ പോലും കുത്തിത്തിരുപ്പുകാരുടെ കുതന്ത്രങ്ങളെ പുച്ഛിച്ചുതള്ളി മതസൗഹാർദ്ധത്തിൻെറയും മതനിരപേക്ഷ തയുടെയും പതാക ഉയർത്തിപ്പിടിച്ചവരാണ് പന്മനയിലെ ജനങ്ങൾ. ഷഷ്ടിവൃതവും വൃശ്ചികമാസത്തെ ഭജനം പാർ ക്കലുമാണ് ഇവിടുത്തെ പ്രത്യേക ആചാരങ്ങൾ.

കായിക രംഗത്ത് കിളിത്തട്ടും പന്തു കളിയും ഗോലികളിയും ചൂട്ടേറും കമ്പടികളിയും മുതൽ കബഡിയും ക്രിക്കറ്റും വോളീബാളുമൊക്കെ പന്മനയിൽ പ്രചാരത്തിലുണ്ട്.

നാടൻ കലാരൂപങ്ങളുടെയും നാടോടി വിജ്ഞാനത്തിൻെറയും ഒരു സമ്പന്ന ഭൂമികതന്നെയാണ് പന്മന. കാക്കാലചരിതം അവതരിപ്പിക്കുന്ന കാക്കാരിശ്ശിനാടകവും ഓണാഘോഷത്തിൻെറ പ്രാധാനകലാവിഭവമായ പുലികളിയും കരടികളിയും പിന്നെ തിരുവാതിരയും ഒപ്പനയും ആധുനിക കലാരൂപങ്ങളായ നാടകവും കഥാപ്രസംഗവും ഗാനമേളയും മിമിക്സും നൃത്ത്യനൃത്ത്യങ്ങളും ഒക്കെ ഈ നാടിൻെ സഹൃദയ സദസ്സുകൾക്കു മുമ്പിൽ ഇന്നും സൗന്ദര്യവും ചൈതന്യവും തുടിക്കുന്ന അരങ്ങേറ്റങ്ങളായിരുന്നു.

പ്രശ്നങ്ങൾ

1. പൊതുവിൽ സാംസ്കാരിക സംഘടനകളുടെ പ്രവർത്തനം തൃപ്തികരമല്ല. ഓണക്കാലത്ത് കൂണുകൾപോലെ പൊട്ടി മുളയ്ക്കുകയും പൊടുന്നനെ അപ്രത്യക്ഷമാകുകയും ചെയ്യുന്ന ക്ളബ്ബുകൾ ഇവിടെ ധാരാളം. ചില കൗതുകങ്ങളും നിക്ഷിപ്ത താല്പര്യങ്ങളും മാത്രമാണ് ഈ പ്രതിഭാസത്തിനു പിറകിൽ. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. നിയതമായ സംഘടനാരൂപങ്ങളോ ആദർശമോ ഇല്ലാത്ത ഇത്തരം ക്ലബ്ബുകളുടെ സാമ്പത്തിക സ്വരൂപണവും ചെലവഴിക്കലും പൊതുജനപരിശോധനയ്ക്കു വിധേയമാകുന്നില്ല.

2. അതേ സമയം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ക്ലബുകളിൽ പലതും ആണ്ടിലൊരിക്കൽ മാത്രം ഉണരുന്ന സ്വഭാവമുള്ളതാണ്. അവ സംഘടിപ്പിക്കുന്ന കലാ-കായിക മത്സരങ്ങളിൽ ഇപ്പോഴും ജനകീയ പങ്കാളിത്തം അപര്യാപ്തം.

3. ടി. വി. മാധ്യമത്തിൻെറ അതിപ്രസരം പന്മനയേയും ബാധിച്ചിട്ടുണ്ട്. സർക്കാർ - സ്വകാര്യ ടെലിവിഷൻ കേബിൾ ശൃംഖലകളിലൂടെ നടത്തുന്ന മനോമലിനീകരണ പ്രവർത്തനങ്ങൾക്ക് ഇളം തലമുറ എളുപ്പം വിധേയമാകുന്നു. മൗലികമായ മാനുഷ്യമൂല്യങ്ങളോടുള്ള അനാദരവോ പുച്ഛമോ ഒക്കെ അവരിൽ ചിലരെങ്കിലും വളർന്നു വന്നിരിക്കുന്നു.

4. മാധ്യമങ്ങളുടെ കടന്നാക്രമണംമൂലം ഈ പഞ്ചായത്തിലും ഉപഭോഗസംസ്കാരം വളർന്നുകൊണ്ടിരിക്കുന്നു. ആകർഷകമായ പരസ്യങ്ങളിലുടെയും ലോലവികാരങ്ങളെ ഇക്കിളിയൂട്ടുന്ന സോപ്പ് ഒപ്പറകളിലൂടെയും ക്ഷുദ്രഫിക്ഷൻ പരിപാടികളിലൂടെയും ആണ് കമ്പോള വ്യവസ്ഥയുടെ വിജയത്തിന് ആവശ്യമായ ഉപഭോഗസംസ്കാരം സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. വ്യക്തി മഹസ്സിൻെറയും സമൂഹ മനസ്സിൻെറയും കോളനിവൽക്കരണം എന്ന പ്രക്രിയയാണ് ഇതിനു പിറകിൽ.

5. വായനാശീലം പ്രത്യേകിച്ചും ലക്ഷ്യബോധമുള്ള വായനാശീലം ഇവിടെയും കുറഞ്ഞു വരുന്നു. മഹിളകളുടെ കാര്യത്തിലാണ് വായനാശീലം ഭീതിദമായ തോതിൽ കുറഞ്ഞിട്ടുള്ളത്.

6. സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോകൽ പന്മനയിലെ പല സ്കൂളുകളിലും ഇപ്പോഴും ബാധകമാണ്. സാക്ഷരതാ പ്രവർത്തനത്തിൻെറ തുടർപരിപാടികൾ ശക്തമാക്കാനുള്ള നീക്കങ്ങളുടെ അഭാവം നിലനില്ക്കുന്നു.

7. കായിക സംസ്കാര വികസനത്തിന് ഉതകുന്ന സൗകര്യങ്ങളുടെ കുറവ് ശ്രദ്ധേയമാണ്.

പരിഹാരനിർദ്ദേശങ്ങൾ

1. രജിസ്റ്റർ ചെയ്യാതെ വല്ലപ്പോഴും പ്രവർത്തിക്കുന്ന പണപ്പിരിവുക്ലബ്ബുകളെ, ജനങ്ങൾ നിരുത്സാഹപ്പെടുത്തണം.

2. രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ക്ലബ്ബുകൾ സന്നദ്ധസേവനത്തിൻെറ മേഖലയിലേക്കു കൂടുതൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കണം. സമകാലിക സാമൂഹ്യ സാംസ്കാരിക പ്രശ്നങ്ങളോട് ഉത്തരവാദിത്തത്തോടും സത്യസന്ധതയോടും കൂടി പ്രതികരിക്കാൻ ഈ ക്ലബ്ബുകൾ ശ്രദ്ധിക്കണം. ബഹുജനവിദ്യാഭ്യാസത്തിൻെറ വേദികളായി അവ മാറണം. രാഷ്ട്ര പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആവശ്യമായ നേതൃപരിശീലനത്തിൻെറ കളരികളാകാൻ അവയ്ക്കു കഴിയണം.

3. കലാ-കായിക മത്സരങ്ങളിൽ കൂടുതൽ ജനപങ്കാളിത്തം ഉണ്ടാക്കുന്നതിന് ആകർഷകമായ സമ്മാനങ്ങൾ പ്രഖ്യാപിക്കണം. വ്യാപകമായ പ്രചരണം നടത്തണം. ഓരോ ക്ലബ്ബും അതിലെ അംഗങ്ങളുടെ കലാ-കായിക കഴിവുകൾ വളർത്താനുള്ള പരിശീലനം ഏർപ്പെടുത്തണം. സത്യസന്ധമായ ജഡ്ജ്മെൻറും, മത്സരങ്ങൾക്ക് ആവശ്യമാണ്.

4. നന്നായി പ്രവർത്തിക്കുന്ന കലാ-കായിക ക്ലബ്ബുകൾക്ക് പ്രോത്സാഹനാർത്ഥമെങ്കിലും ധനസഹായം ചെയ്യാൻ പ്രാദേശിക സർക്കാരുകൾ തയ്യാറാവണം. പഞ്ചായത്ത് സാംസ്കാരിക നിലയത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കണം. പഞ്ചായത്തിലെ എല്ലാ സാംസ്കാരിക സംഘടനകളുടെയും പ്രവർത്തനം ഏകോപിപ്പിക്കണമെന്നും അതിലേക്കായി പഞ്ചായത്തു ഭരണസമിതിയുടെ ഭാഗമായി ഒരു സാംസ്കാരിക സബ്കമ്മിറ്റി രൂപീകരിക്കുക.

5. ഗ്രന്ഥശാലാ പ്രവർത്തനം മെച്ചപ്പെടുത്താൻ ഓരോ ഗ്രന്ഥശാലയ്ക്കും പ്രവർത്തന ധനസഹായം കൊടുക്കണം. നിലവിലുള്ള ഗ്രാൻറ് വർധിപ്പിക്കണം. മൊബൈൽ ലൈബ്രറി സംവിധാനം നടപ്പിലാക്കണം. പഞ്ചായത്തു ലൈബ്രറി ജനകീയകമാക്കണം.

6. സ്ത്രീകളുടെ വായനാശീലം മെച്ചപ്പെടുത്താൻ വനിതാവായനശാലകൾ രൂപവൽക്കരിക്കണം. നിലവിലുള്ള മനയിൽ സി. പി. പി. മഹിളാ വായനശാലയുടെ പ്രവർത്തനം സജീവമാക്കണം. വനിതകൾക്കു മാത്രമായി മൊബൈൽ ലൈബ്രറി ഉണ്ടാക്കണം.

7. ടി. വി യുടെ അതിപ്രസരം അതിജീവിക്കാൻ രാത്രി 7 മുതൽ 9 മണിവരെ വിനോദപരിപാടികൾ സംപ്രേഷണം ചെയ്യരുതെന്നാണ് പൊതുവിൽ ഗ്രാമസഭകളുടെ അഭിപ്രായം. ടി. വി. കേബിൾ ടി. വി. ശൃംഖലകൾ ആക്കം കൂട്ടുന്ന സാംസ്കാരിക ജീർണ്ണതകൾക്കെതിരെ സാംസ്കാരിക കലാ കായിക സമിതികളും പഞ്ചായത്തു സമിതിയും ബോധവൽക്കരണ പ്രചാരണപരിപാടികൾ സംഘടിപ്പിക്കണം.

8. സാക്ഷരതാ തുടർപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ പഞ്ചായത്തും സന്നദ്ധസംഘടനകളും മുന്നിട്ടിറങ്ങണം. സ്കൂളുകളിലെ കൊഴിഞ്ഞുപോകൽ തടയാൻ കൊഴിഞ്ഞുപോകാൻ സാധ്യതയുള്ള കുട്ടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ പഞ്ചായത്തു നടപടി സ്വീകരിക്കണം. സന്നദ്ധ സംഘടനകൾക്ക് ഇക്കാര്യത്തിൽ നിർദ്ദേശം കൊടുക്കണം. അധ്യാപകർ മനഃശാസ്ത്ര സമീപനം സ്വീകരിക്കണം.

9. കായിക പരിശീലനത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. സ്പോർട്സ് കോച്ചിംഗ് ക്യാമ്പുകൾ നടത്തണം. എല്ലാ ക്ലബുകളുടെയും ഭാഗമായി യോഗാകേന്ദ്രങ്ങൾ തുറക്കണം. നീന്തൽ കുളങ്ങൾ നിർമ്മിക്കണം. നാടൻ കളികളെ പ്രോത്സാഹിപ്പിക്കണം.

ഇലകിട്രിസിറ്റിയുടെ യുഗത്തിനു ശേഷം ഇലക്ട്രോണിക്സിൻെറ യുഗം പിറവിയെടുത്തിരിക്കുന്നു. ഇലക്ട്രോണിക് വാർത്താ വിനിമയ മാധ്യമങ്ങളുടെ മേഖലയിലുണ്ടായ വിസ്ഫോടനാത്മകമായ പുരോഗതി നമ്മുടെ ലോകത്തെ ഒരു ആഗോളഗ്രാമമാക്കി ചുരുക്കിയിരിക്കുന്നു. ദൂരവും സമയവും കീഴടക്കാനുള്ള വെമ്പലിൽ പക്ഷേ, മനുഷ്യത്വ മൂല്യങ്ങൾപോലും മറന്നുപോയിരിക്കുന്നു. ജനാധിപത്യം ധനാധിപത്യമായി മാറ്റപ്പെടുന്നു. എല്ലാം കമ്പോളത്തിനുവേണ്ടിയുള്ള ചരക്കുകളായി പരിഗണിക്കപ്പെടുന്നു. ഈ അവസ്ഥ മനുഷ്യനും പ്രകൃതിക്കും ഭീഷണിയാണ്. ഉപഭോഗസംസ്കാരം നമ്മെ മൂല്യങ്ങളിൽ നിന്നും നാളത്തെ ലോകത്തെക്കുറിച്ചുള്ള ശുഭാപ്തി വിശ്വാസത്തിൽനിന്നും അകറ്റിക്കൊണ്ടുപോയിരിക്കുന്നു. ഇത് നമ്മുടെ ലോകത്തിൻെറ മുഴുവനുമായ സാംസ്കാരിക പ്രശ്നമാണ്. അതുകൊണ്ടുതന്നെ അതു പന്മനയുടേതുമാണ്. ലോക കമ്പോള വ്യവസ്ഥയുടെ സാസ്കാരികാധിനിവേശത്തിനെതിരായ ഒരു സാംസ്കാരിക ചെറുത്തുനില്പിനായി നമുക്കൊത്തുചേരാം.

# വിഭവ സമാഹരണം

പന്മന പ്രകൃതിവിഭവങ്ങൾ കൊണ്ട് സമ്പന്നമാണ്. മനുഷ്യന്റെ മനീഷയും കരങ്ങളും സൃഷ്ടിക്കുന്ന സമ്പത്തിന്റെ കാര്യത്തിലും ഈ ഗ്രാമം ഇതര കേരളീയ ഗ്രാമങ്ങൾക്ക് ഏറെ പുറകിലല്ല എന്ന് ഉറപ്പാണ്. പക്ഷെ പഞ്ചായത്ത് ഭരണം കാര്യക്ഷമമാക്കാനാവശ്യമായ ധനം കണ്ടെത്തുന്നതിൽ വലിയ പ്രയാസങ്ങൾ നാം അഭിമുഖീകരിക്കുന്നു. ഇതിന് കാരണം പഞ്ചായത്തിന് പണം സ്വരൂപിക്കുവാൻ കഴിയുന്ന മേഘലകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന തകർച്ചയാണ്. ഈ തകർച്ചയ്ക്ക് പരിഹാരം കണ്ടെത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. വമ്പൻ വ്യവസായ സ്ഥാപനമായ K M ML ൽ നിന്ന് തൊഴിൽ നികുതിയും കെട്ടിടനികുതിയുമാണ് പഞ്ചായത്തിന് ലഭിക്കുന്നത്. കേരകൃഷികൊണ്ടും നെൽകൃഷി കൊണ്ടും കേരോൽപ്പന്ന വ്യവസായങ്ങൾ കൊണ്ടും പന്മന ഒരിക്കൽ സമ്പുഷ്ടമായിരുന്നു. നാളികേരത്തിന്റെ ലഭ്യത കുറഞ്ഞു എന്ന് മാത്രമല്ല, തെങ്ങുരോഗങ്ങൾ മൂലം ഓലകൾപോലും കിട്ടാത്ത സ്ഥിതിയായിരിക്കുന്നു. ചകിരി അസംസ്കൃത പദാർത്ഥമായുള്ള കയർ വ്യവസായം ഊർദ്ധശ്വാസം വലിച്ചുകൊണ്ടിരിക്കുന്നു. തെങ്ങ്രോഗങ്ങൾക്ക് ശരിയായ പ്രതിവിധി കണ്ടെത്തി തെങ്ങുകളെ സംരക്ഷിക്കുന്നതിന് കഴിയണം. പന്മനയുടെ കായലോരങ്ങളിലും തോടുകളിലും അഴുക്കി സംസ്കരിച്ചുകൊണ്ടിരുന്ന തൊണ്ട് ഇന്ന് ഇവിടെ നിന്നും തമിഴ്നാട്ടിൽ പോയി യന്ത്രവത്കരണത്തിലൂടെ പച്ചചകിരിയായി വീണ്ടും നമ്മുടെ ഗ്രാമങ്ങളിലെത്തുകയും കയറായി രൂപംകൊള്ളുകയും ചെയ്യുന്നു. ഈ രീതിയൽ ലഭിക്കുന്ന കയറിന് ഗുണമേന്മ കുറവുമാകുന്നു. തന്മൂലം തൊണ്ട് തല്ലിന്റെ ശബ്ദം കൊണ്ട് സംഗീത സാന്ദ്രമായിരുന്ന നമ്മുടെ കായലോരം ഇന്ന് ശ്മശാന മൂകതയിലാണ്. തൊണ്ട് തല്ലി ചകിരിയാക്കി തങ്ക നൂല് നൂറ്റിരുന്നവരുടെ കൈകളിലേക്ക് യന്ത്ര റാട്ടുകൾ നൽകുന്നതിന് ഈ രംഗം യന്ത്രവത്കരണത്തിലൂടെ വൈവിധ്യവത്കരിച്ചു.

നെൽപാടങ്ങൾ നികത്തുന്നതുമൂലവും, കുഴിച്ച് മണ്ണെടുത്ത് മാറ്റുന്നത് മൂലവും കൃഷിക്കനുയോജ്യമല്ലാതായിതീരുന്നു. തന്മൂലം നെല്ലുൽപാദനത്തിൽ നാം വളരെ പിന്നോക്കം പോയിരിക്കുന്നു നമ്മുടെ ഗ്രാമത്തിലെ VI, XV വാർഡുകളിലായി ഏകദേശം 40-ഓളം കുടുംബങ്ങൾക്ക് ഉപജീവന മാരഗ്ഗമായ കൈകുത്തരി വ്യവസായം നെല്ലുൽപാദനത്തിൽ വന്ന കുറവുമൂലം പ്രതിസന്ധിയിലാണ്.ഇപ്പോൾ കുട്ടനാട് കൊട്ടാരക്കര തുടങ്ങിയ വിദൂര സ്ഥലങ്ങളിൽ നിന്ന് നെല്ല് കൊണ്ടുവന്ന് സംസ്കരിക്കുന്നതു മൂലം ഉൽപാദനത്തിന് ചെലവേറുകയും ഉൽപ്പന്നത്തിന് വില വർദ്ധനവുണ്ടാവുകയും ചെയ്യുന്നു. വിറകിന്റെ ദൗർലഭ്യവും ഈ വ്യവസായത്തിന് തടസ്സമാകുന്നു. വീടുകൾ കേന്ദ്രീകരിച്ച് നടക്കുന്നതിനാൽ സ്ത്രീകളാണ് ഇതിൽ കൂടുതലും പങ്കാളികളാകുന്നത്. കായംകുളം മുതൽ ചാത്തന്നൂർ വരെയുള്ള കൈക്കുത്തരിയുടെ കമ്പോളം പന്മനയുടെ കുത്തകയായി തുടരുന്നു. ഇടവം മുതൽ ചിങ്ങം വരെയും റംസാൻ മാസവും ഏറ്റവും കൂടുതൽ വിപണന സാധ്യതയുള്ള കാലമാണ്. ഇതിന്റെ ഉപോൽപ്പന്നമായ ഉമി ഇന്ന് കത്തിച്ചുകളയുകയാണ് ചെയ്യുന്നത്. ഉമിക്കരി ഇന്ന് നമ്മുടെ മാർക്കറ്റിൽ സാധാരണമായിരിക്കെ ഇവിടുത്തെ കുത്തരി യൂണിറ്റുകളോടനുബന്ധിച്ച് ഉമിക്കരി വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ചാൽ വിപണനസാധ്യത ഏറെയുണ്ട്താനും. സാമ്പത്തികമായി ഈ വിഭാഗത്തെ സഹായിക്കുന്നതിന് വൈശ്യ ബാങ്കിന് വലിയ പങ്ക് വഹിക്കാൻ കഴിയും.

വ്യാവസായികമായി ലോക ശ്രദ്ധ പിടിച്ചുപറ്റിയ കൂറ്റൻ വ്യവസായ സംരംഭമായ കെ. എം. എം. എൽ (ടൈറ്റാനിയം കമ്പനി)പാരിസ്ഥിതിക പ്രശ്നങ്ങൾ ഏറെ ഉണ്ടാക്കുന്നുണ്ടെങ്കിലും നമ്മുടെ ഗ്രാമത്തിന്റെ വികസനത്തിൽ മുന്നിൽ നിൽക്കുന്ന വിഭവഘടകം തന്നെ. ധാതു സമ്പത്തുകൊണ്ട് ധന്യമായ നമ്മുടെ ഗ്രാമത്തിന്റെ പടിഞ്ഞാറൻ അതിർത്തിയിലുള്ള ഏകദേശം മൂന്നര കിലോമീറ്റർ കടൽ തീരമായ പൊന്മന പ്രദേശത്തെ കരിമണൽ ഉപയോഗിച്ച് നടത്തുന്ന സ്ഥാപനങ്ങളായ I R E, K M M L എന്നിവയുടെ വികസനം സാദ്ധ്യമാക്കി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കണം.

കെ. എം. എം. എല്ലിൽ നിന്നും കെട്ടിട നികുതിയായി 108108 രൂപയും 1401 തൊഴിലാളികളിൽ നിന്ന് തൊഴിൽക്കരമായി 3,56810 രൂപയും പഞ്ചായത്തിന് പ്രതിവർഷം ലഭിക്കുന്നു. ഇവിടെ നിന്നുള്ള ഉപോൽപ്പന്നങ്ങളുപയോഗിച്ച് നടത്തുവാൻ കഴിയുന്ന പല വ്യവസായ സംരംഭങ്ങളും പലപ്പോഴും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ യാതൊന്നും ഇന്നേവരെ പ്രാവർത്തികമായി കണ്ടിട്ടില്ല. അതിന്റെ കാരണം കണ്ടെത്തുകയും കമ്പനിയുടെ മുഴുവൻ ശേഷിയും പ്രയോജനപ്പെടുത്തത്തക്കവണ്ണം ഗവേഷണ നിരീക്ഷണങ്ങൾ നടത്തി വസ്തുതകൾ ജനങ്ങളെ ബോധ്യപ്പെടുത്തിയാൽ കമ്പനിയെക്കുറിച്ച് അവരുടെ ഇടയിലുള്ള സംശയങ്ങൾ ദൂരീകരിക്കുവാനും വ്യവസായ സംരംഭകരെ കണ്ടെത്തുവാനും കഴിയും. ടൈറ്റാനിയം ഡൈഓക്സൈഡ് ഉപയോഗപ്പെടുത്തി പെയിന്റ് നിർമ്മാണം ആരംഭിക്കുന്നതിന് കഴിയണം. ഇത് തൊഴിൽ സാധ്യതയ്ക്കോപ്പം പഞ്ചായത്ത് വരുമാനം വർദ്ധിപ്പിക്കുവാനും കഴിയും

## ഗവൺമെന്റ് ഗ്രാന്റുകൾ

പഞ്ചായത്തിന്റെ വികസനത്തിന് ഫണ്ടുകൾ അപര്യാപ്തമായിരിക്കെ തന്നെ പഞ്ചായത്തുകൾ ആശ്രയിക്കുന്നത് ഗവ: ഗ്രാന്റുകളാണ്. ഇവ യഥാസമയം പഞ്ചായത്തുകൾക്ക് ലഭിക്കാതിരിക്കുന്നതുമൂലം ഫണ്ടുകൾ ദുരുപയോഗം ചെയ്യപ്പെടുന്നു.

ഗവഃ ഗ്രാന്റുകൾ അതാതു വർഷം തന്നെ പഞ്ചായത്തുകൾക്ക് വിതരണം ചെയ്താൽ ഫണ്ടുകളുടെ ദുരുപയോഗം ഒഴിവാക്കാൻ കഴിയും. ഗ്രാന്റ് വിതരണം, ദാരിദ്ര്യരേഖക്കിടയിലുള്ളവർ, പട്ടികജാതി പട്ടിക വർഗ്ഗക്കാർ, സ്ത്രീകൾ എന്നീ വിഭാഗങ്ങളുടെ ജനസംഖ്യാ അടിസ്ഥാനത്തിൽ നീതിപൂർവ്വമായ വിതരണം നടത്തണം.

പഞ്ചായത്തിലെ വരുമാനത്തിന്റെ വ്യതിയാനം.

| ഇനം | 91–92 | 95–96 | വ്യത്യാസം | വരുമാനം ശതമാനത്തിൽ |
|---|---|---|---|---|
| കെട്ടിട നികുതി | 1,93,856 | 2,92,118 | +98262 | +50.69 |
| സർവ്വീസ് ടാക്സ് | 71,167 | 1,09,125 | +3795 | +53.33 |
| വിനോദ നികുതി (തിയറ്റർ) | 51,206 | 38,380 | −12826 | −25.05 |
| തൊഴിൽ നികുതി | 2,41,765 | 7,05,042 | +463277 | +191.62 |
| ഉപാധിരഹിത ഫണ്ട് | 1,06,000 | 1,42,310 | +36310 | +34.25 |
| എസ് സി പി | 75,000 | 1,62,395 | +87395 | +116.52 |
| ജെ ആർ വൈ | 2,87,604 | 3,67,355 | +79751 | +27.73 |
| ഗ്രാന്റുകൾ, സംഭാവനകൾ | 77,391 | 3,61,276 | +283885 | +366.81 |
| ആകെ വരവ് | 11,03,989 | 21,78,001 | 10,99,664 | +99.61 |
| ഭരണപരമായ് ചെലവ് | 4,48,511 | 6,60,245 | +211734 | +47.21 |

മേൽ കാണിച്ചിരിക്കുന്ന സൂചികയിൽ നിന്നും നമ്മുടെ പഞ്ചായത്തിന്റെ വരവു ചെലവുകളെ പറ്റി മനസ്സിലാക്കാം

## കെട്ടിട നികുതി

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ കെട്ടിട നികുതി ഈടാക്കുന്നത് വാർഷികവാടകയുടെ 10% അററകുറ്റ പണികൾക്കുവേണ്ടി നീക്കി, ശേഷിക്കുന്ന തുകയുടെ 6% കെട്ടിട നികുതിയും വാർഷിക വാടകയുടെ 2% സർവ്വീസ് നികുതിയായും കെട്ടിട നികുതിയുടെ 5% ലൈബ്രറി സെസ്സായും ആണ്. എന്നാൽ വീട് വാടക അസ്സസ്സ് ചെയ്യുന്നതിൽ വരുന്ന പിഴവുകൾ നിമിത്തം ധാരാളം പരാതികൾ നിലവിലുണ്ട് എന്നുമാത്രമല്ല; വൻ സാമ്പത്തിക ചോർച്ചയും ഉണ്ടാകുന്നു. ഇത് ഒഴിവാക്കുന്നതിന് വീട്ടുടമസ്ഥനെ ഈ കണക്കുകൾ ബോധ്യപ്പെടുത്തുന്നതിന് തയ്യാറായാൽ ഇത് ഒരു പരിധിവരെ പരിഹരിക്കപ്പെടും. നികുതി ശാസ്ത്രീയമായി പരിഷ്കരിക്കുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണം, വീട് നിർമ്മാണത്തിനുപയോഗിച്ചിരിക്കുന്ന വസ്തുക്കളുടെ വിലയും ആഡംബരത്വവും കൂടി മാനദണ്ഡമാക്കണം. ഈ രീതിയിൽ അനാവശ്യ ധൂർത്ത് ഈ മേഘലയിൽ ഒഴിവാക്കാൻ കഴിയും. പകരം ചെലവു കുറഞ്ഞ രീതിയിലുള്ളതും ഉയർന്ന സാങ്കേതിക വിദ്യയും ഉപയോഗിച്ച് നിർമ്മാണരംഗത്ത് പ്രവർത്തനം നടത്തുന്നതുമായ നിർമ്മിതി കേന്ദ്രയുടെ ഒരു യൂണിറ്റ് നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കാം. പാഴായിപോകുന്ന തുക സമാഹരിച്ച് മൂലധനമാക്കിമാറ്റാവുന്നതാണ്. കെട്ടിട നികുതി അസ്സസ്സ്മെന്റിന് വാർഡുതല ജനകീയ വികസന സമിതികളെക്കൂടി പങ്കെടുപ്പിച്ചാൽ നികുതികൊടുക്കുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും കഴിയും. വാടക കെട്ടിടങ്ങളുടെ നികുതി യഥാർത്ഥ വാടകയെ അടിസ്ഥാനപ്പെടുത്തി പുനർനിർണ്ണയം ചെയ്യുകയും വേണം.

## തൊഴിൽ നികുതി

ഗവഃ സ്ഥാപനങ്ങൾ പൊതുമേഘലാസ്ഥാപനങ്ങൾ എയിഡഡ് സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുമാണ് ശരിയായ കണക്കുകൾ പ്രകാരം തൊഴിൽ നികുതി പിരിഞ്ഞു കിട്ടുന്നത്. ആറു മാസത്തെ ശമ്പളത്തിന്റെ ശരാശരികണക്കാക്കി ഗവൺമെന്റ് നിശ്ചയിച്ച സ്ലാബ് പ്രകാരം തൊഴിൽ നികുതി കണക്കാക്കുന്നു. സ്വകാര്യ സാഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന കണക്കുകൾ മിക്കതും ശരിയായ വസ്തുതകൾ അല്ലാത്തതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് വരുമാന ചോർച്ചയുണ്ടാകുന്നു. ആയതിനാൽ പഞ്ചായത്തിലെ തൊഴിൽ ചെയ്യുന്ന മുഴുവൻ ആളുകളേയും പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിന്റെ കീഴിൽ കൊണ്ടുവന്നാൽ അംഗത്വമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി ഈടാക്കാൻ കഴിയും. മദ്യ വ്യവസായം നിർമ്മാണ തൊഴിലാളികൾ തുടങ്ങിയവരെ കൂടി ഇതിൽ ഉൾപ്പെടുത്താം.

## വിനോദനികുതി

നമ്മുടെ പഞ്ചായത്തിന്റെ പരിധിയൽ രണ്ട് തിയേറ്ററുകളാണ് ഉള്ളത്. കുറ്റിവട്ടത്തും, വടുതലയിലും. ഈ രംഗത്ത് നികുതി ചോർച്ച സംഭവിക്കുന്നു. ശരിയായ വസ്തുതകൾ മനസ്സിലാക്കി ശാസ്ത്രീയമായി നികുതി കോംപൗണ്ട് ചെയ്ത് നല്കിയാൽ വരുമാനം പഞ്ചായത്തിന് വർദ്ധിപ്പിക്കുവാനും ഇതുവഴിയുള്ള പാഴചെലവുകൾ ഒഴിവാക്കുവാനും കഴിയും.

## കളിസ്ഥലം

കായിക പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകുന്നതിന് പുതിയ പദ്ധതികൾ പലതും ആവിഷികരിച്ച്കൊണ്ടിരികകുന്ന ഇക്കാലത്ത് നമുക്ക് ഒരു സ്റ്റേഡിയത്തിന്റെ അഭാവം വളരെ വലുതാണ്. K M M L, I R E, Govt: കോളേജ്, Girls H S, Boys H. S, I TC തുടങ്ങിയ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നത് ശങ്കരമംഗലത്തും പ്രാന്തപ്രദേശങ്ങളിലുമാണ്. നാഷൽ ഹൈവേയോട് ചേർന്ന് കിടക്കുന്ന ഈ പ്രദേശത്ത് ചവറ ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ട് K M M L, I R E തുടങ്ങിയ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ ഒരു സ്റ്റേഡിയം നിർമ്മിച്ചാൽ അവിടെ നടത്തുന്ന പരിപാടികളെ വിനോദ നികുതിയിൽ ഉൾപ്പെടുത്തി സാമ്പത്തികം സമാഹരിക്കുന്നതിന് കഴിയും.

## ലൈസൻസ് ഫീസ്

കച്ചവടക്കാരിൽ നിന്നും ലഭിക്കുന്ന കച്ചവട ലൈസൻസ് ഫീസ് ഇനത്തിൽ 1995–96 വർഷം നമുക്ക ലഭിച്ചത് 8855/– രൂപയാണ്. ഇത് നമ്മുടെ പഞ്ചായത്തിലെ വ്യാപാര സ്ഥാപനങ്ങളുടെ കണകകുകൾ പരിശോധിച്ചാൽ നികുതി കൊടുക്കുന്നതിൽ നിന്നും നല്ലൊരു ഭാഗം ഒഴിഞ്ഞു നിൽക്കുന്നതായി കാണാൻ കഴിയും. ഇത് ഒഴിവാക്കി മുഴുവൻ വ്യാപാരികളേയും ലൈസൻസ് ഫീസ് നൽകുന്നവരാക്കി മാറ്റിയേ തീരു. കൂടാതെ നമ്മുടെ പഞ്ചായത്ത് പരിധിയിലുള്ള കോൺട്രാക്ടർമാർ, K M M L കോൺട്രാക്ടർമാർ തുടങ്ങിയവരെക്കൂടി ഈ വിധത്തിൽ നികുതിദായകരാക്കിയാൽ പഞ്ചായത്തിന്

വിഭവ സമാഹരത്തിൽ ഒരു കുതിച്ചു കയറ്റം നടത്തുവാൻ കഴിയും. സ്വർണ്ണ വിപണനം നടത്തുന്ന ജുവലറികളെ പ്രത്യേക ലൈസൻസ് ഏർപ്പെടുത്തി നികുതിയുടെ പരിധിയിൽ കൊണ്ടുവരണം

## ബാങ്കിംഗ്

നമ്മുടെ ഗ്രാമത്തിൽ ബാങ്കിംഗ് രംഗത്ത് പ്രവർത്തനം നടത്തുന്നത് രണ്ട് സർവ്വീസ് സഹകരണ ബാങ്കുകളും ഒരു ഷെഡ്യൂൾഡ് ബാങ്കും ഒരു നാഷണലൈസ്ഡ് ബാങ്കും ലൈസൻസ്ഡ് മണിലെൻഡർമാരായി രണ്ടുപേരും അഞ്ച് ചിട്ടി സ്ഥാപനങ്ങളുമാണ്.

സർവ്വീസ് സഹകരണബാങ്കുകൾ പന്മന സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 3035, ചവറ സർവ്വീസ് സഹകരണബാങ്ക് ക്യൂ 147 എന്നിവയാണ്. ഈ ബാങ്കുകളുടെ പ്രവർത്തനം പരിശോധിക്കുമ്പോൾ മുന്നിൽ നിൽക്കുന്നത് പന്മന സർവ്വീസ് സഹകരണ ബാങ്കാണ്.

നിക്ഷേപം –1996ൽ – 1,39,56000രൂപ സമാഹരിച്ച ടി. സംഘം ജില്ലാ ബാങ്കിന്റെ ധനസഹായത്താൽ വായ്പാ സൗകര്യം ലഭ്യമാക്കുന്ന കാര്യത്തിലും മുൻപന്തിയിലാണ്. ചവറ സർവ്വീസ് സഹകരണ ബാങ്കാകട്ടെ ശരാശരി ഒരു വർഷത്തെ നിക്ഷേപ സമാഹരണം 9,52,833 രൂപയാണ്. വായ്പകൾ നൽകുന്ന കാര്യത്തിലും പിന്നോട്ടാണ്.

സഹകരണരംഗത്ത് കൂടി സമാഹരിക്കുന്ന ധനം മുഴുവൻ ഇവിടെ വിനിയോഗിക്കാമെന്നിരിക്കെ ഈ രംഗത്ത് ഊർജ്ജിതമായ പ്രവർത്തനം നടത്തിയേ മതിയാവൂ. അതിനായി ടി. ബാങ്കുകളുടെ കണക്കുകളുടെ കാര്യത്തിൽ സുതാര്യതയും, ജനങ്ങളിൽ വിശ്വാസ്യതയും നേടണം. അതിലൂടെ കൂടുതൽ നിക്ഷേപകരെ സഹകരണ രംഗത്തേക്ക് ആകർഷിക്കാം. വിശിഷ്യാ വിപുലമായ ഒരു വിദേശ മലയാളി സമൂഹം നമുക്ക് ഉണ്ടായിരിക്കെ അവരെ കൂടുതൽ ആകർഷിക്കുന്നതിന് മാതൃകാപരമായ പ്രവർത്തനം നടത്തുന്നതിന് സഹകരണ ബാങ്കുകൾക്ക് കഴിയണം.

ദേശവൽകൃത ബാങ്കുകൾ കേരളത്തിൽ അവരുടെ നിക്ഷേപം 30 മുതൽ 40 ശതമാനം വരെ വായ്പയായി നല്കണമെന്ന ബാങ്കിംഗ് രംഗത്തെ രീതി പ്രതിഷേധാർഹമാണ്. കാരണം തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ ഇത് 50 മുതൽ 60% ആണ്. ഈ രംഗത്ത് നീതിപൂർവ്വമായ സമീപനങ്ങൾ ഉണ്ടാകണം. നമ്മുടെ പഞ്ചായത്തിലെ VI, VII, VIII, IX, X, XV എന്നീ വാർഡുകൾ ഷെഡ്യൂൾ ബാങ്കായ പുത്തൻ ചന്തയിൽ സ്ഥിതിചെയ്യുന്ന വൈശ്യാ ബാങ്കിന്റെ പരിധിയിലുള്ളതാണ്. വായ്പകൾ നൽകുന്ന കാര്യത്തിൽ ടി ബാങ്കിന്റെ പ്രവർത്തനം ആശാവഹമല്ല. ദുർബല വിഭാഗങ്ങൾക്കുള്ള ഐ ആർ ഡി പി വായ്പ ചെറുകിട വ്യാപാരി വായവസായികൾക്കുള്ള വായ്പ തുടങ്ങിയവ വ്യാപകയി നൽകുന്നതിന് താൽപര്യം കാണിക്കുന്നില്ല. ഇടപ്പള്ളിക്കോട്ടയിൽ സ്ഥിതിചെയ്യുന്ന ബാങ്ക് ഓഫ് ഇൻഡ്യയുടെ ശാഖ നിക്ഷേപ വായ്പാ അനുപാതത്തിനനുസരിച്ച് വായ്പകൾ നൽകുന്നില്ല എങ്കിലും വലിയ പരാതികൾക്കിടയില്ലാത്തവിധം പ്രവർത്തിക്കുന്നു.

സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളുടെ പ്രവർത്തനം നമ്മുടെ ഗ്രാമത്തിൽ വ്യാപകമായി നടക്കുന്നു. ചെറുകിട വ്യവസായ വാണിജ്യ സംരംഭകർക്കോ തൊഴിൽ സംരംഭകർക്കോ ഈ വിഭാഗത്തിൽ നിന്നും വലിയ നേട്ടമുണ്ടാകുന്നില്ല. ഈ രംഗത്ത് തമിഴിനാട്ടിൽ നിന്നുള്ള പണമിടപാടുകാർ ഇപ്പോൾ കടന്നുകയറ്റം നടത്തിക്കൊണ്ടിരിക്കുന്നു. ചിട്ടി നടത്തിപ്പു സ്ഥാപനങ്ങളുടെ കാര്യത്തിലും നമ്മുടെ ഗ്രാമം വളരെ മുൻപന്തിയിലാണ്. പക്ഷേ ഇതും സ്വകാര്യ മേഘലയുടെ കുത്തകയാണ്. പന്മന സർവ്വീസ് സഹകരണ ബാങ്ക് ഈ രംഗത്ത് നാമമാത്രമായ പ്രവർത്തനം നടത്തുന്നുണ്ട്. പന്മനയുടെ സമ്പദ് വ്യവസ്ഥയിൽ ചൂഷണം ഒഴിവാക്കുന്നതിനായി, ഈ രംഗത്ത് കടന്നു കയറ്റം നടത്തിക്കൊണ്ടിരിക്കുന്ന സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കുന്നതിന് ആവശ്യമായ ലൈസൻസിംഗ് സമ്പ്രദായം നിർബന്ധിതമാക്കുകയും നികുതികളുടെ പരിധിയിലി കൊണ്ടുവരുന്നതിനും ഗ്രാമ പഞ്ചായത്ത് സഭകൾക്ക് കഴിഞ്ഞാൽ വരുമാനത്തിൽ വർദ്ധനവുണ്ടാകുന്നതിന് ഉപകരിക്കും.

## മാർക്കറ്റ്

ഇടപ്പള്ളിക്കോട്ടയിലാണ് പഞ്ചായത്തിന്റെ വകയായുള്ള മാർക്കറ്റ് ഉള്ളത്. പുത്തൻ ചന്തയിലും കുറ്റിവട്ടത്തുംരണ്ട് സ്വകാര്യ മാർക്കറ്റും അംഗീകാരത്തോടെ പ്രവർത്തിക്കുന്നു. 1995–96ലെ മാർക്കറ്റ് ഇന വരുമാനം 4742 രൂപാ മാത്രമാണ്. സ്വകാര്യ മാർക്കറ്റുകളിൽ നിന്നും തുച്ഛമായ തുക ലൈസൻസ് ഫീസായി ലഭിക്കുമ്പോൾ യാതൊരു നിയന്ത്രണവുമില്ലാതെ നെറ്റിയാട്ട്, പറമ്പിമുക്ക്, വൈറ്റമുക്ക് മുക്ക്, കൈചൂണ്ടിമുക്ക്, കൊല്ലക C N മുക്ക്, കോവിൽത്തോട്ടംതുടങ്ങിയ സ്ഥലങ്ങളിൽ മത്സ്യമാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവ പഞ്ചായത്ത് ഏറ്റെടുത്ത് പഞ്ചായത്ത് മാർക്കറ്റുകളോ ലൈസൻസ്ഡ് മാർക്കറ്റുകളോ ആക്കിമാറ്റണം. ഇടപ്പള്ളിക്കോട്ട മാർക്കറ്റ് ഒരു മിനി മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ളക്സ് ആക്കി മാറ്റി വിഭവ സമാഹരണത്തിന് ആക്കം കൂട്ടാൻ കഴിയും. പഞ്ചായത്തിന്റെ വകയായി സ്ലാട്ടർ ഷെഡ്ഡുകൾ നിർമ്മിച്ച് പഞ്ചായത്തിലെ മുഴുവൻ ഇറച്ചിവെട്ടുകാരേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരണം. കുറ്റിവട്ടം സെന്ററിലുള്ള പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 57 സെന്റ് സ്ഥലം അനധികൃതമായ കൈയേറ്റക്കാരെ ഒഴിവാക്കി ഐ ആർ ഡി പി ബോർഡിന്റെ വായ്പ ഉപയോഗിച്ച് അടിയന്തരമായി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കണം. പഞ്ചായത്തിലെ പ്രസിദ്ധമായ പുതുക്കാട്ട് കന്നുകാലി ചന്ത പുനസ്ഥാപിക്കണം.

## സ്റ്റാമ്പ് ഡ്യൂട്ടി

സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് തടയുന്നതിന് സമഗ്രമായ നിയമ നിർമ്മാണം നടത്തുകയും യഥാസമയം പഞ്ചായത്തുകൾക്കു തുക ലഭ്യമാക്കുകയും വേണം.

## വി. റ്റി. സി.

റോഡ് വികസനത്തിന് അനുവദിക്കുന്ന ഈ ഫണ്ട് റോഡിന്റെ വിസ്തൃതി കണക്കിലെടുത്ത് നീതിപൂർവ്വം വിതരണം നടത്തണം. ഇതിന്റെ ഉപയോഗം പ്രധാന റോഡുകൾക്കുവേണ്ടി പരിമിതപ്പെടുത്തുകയും ചെയ്യണം.

## ഉപാധിരഹിത ഫണ്ട്

ജനറൽ സെക്റ്ററിലേത് പൊതു ഉപയോഗത്തിന്റെ പ്രാധാന്യം

കണക്കാക്കി വിനിയോഗിക്കണം. ഇത് അവികസിത മേഖലയ്ക്ക് മുൻഗണന കൊടുക്കുന്ന ക്രമത്തിൽ വേണം.

## ജെ ആർ വൈ

ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ട് അതാതു വിഭാഗങ്ങൾക്ക് ഗുണപ്പെടുന്നവിധം വിനിയോഗിക്കേണ്ടതാണ്. കൂടാതെ ക്ഷേമ പദ്ധതികൾക്കായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ ഒരേ സ്വഭാവത്തിലുള്ള സ്കീമുകൾ ഒരേ ഗുണഭോക്താവ് തന്നെ ആവർത്തിച്ച് ഉപയോഗപ്പെടുത്തുന്ന രീതി ഒഴിവാക്കുകയും, വികസന സമിതികളെക്കൂടി ഉൾപ്പെടുത്തിയ ജനകീയ കമ്മിറ്റിയേക്കൊണ്ട് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ചെയ്താൽ ദുരുപയോഗം തടയാൻ കഴിയും.

## പഞ്ചായത്ത്വക വസ്തുവകകൾ

പഞ്ചായത്ത്വക വസ്തുക്കളിലൂടെയുള്ള ഫല വൃക്ഷങ്ങളുടെ ലേലത്തിലൂടെ 95-96 ൽ 1,500/- രൂപ ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് വക സ്ഥലങ്ങളിൽ മിക്കതും അനധികൃതമായി കൈയ്യേറിക്കഴിഞ്ഞിരിക്കുന്നു. ഈ അനധികൃത കൈയേറ്റക്കാരെ ഒഴിവാക്കി ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തികൾ തിരിക്കുകയും പഞ്ചായത്തിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് സ്ഥിരമായി കെട്ടിടമുണ്ടാക്കുന്നതിന് നൽകുകയോ സ്വകാര്യ വ്യവസായ സംരംഭകർക്ക് പാട്ടത്തിന് കൊടുക്കുകയോ ചെയ്യണം. നികത്തിയിട്ടിരിക്കുന്ന പള്ളിയാടി കുളം, മണ്ണൂർ കുളം, കിഴക്കുന്തൂർ കുളം, ഉപ്പണ്ടാട്ടു കുളം മുതലായവ ഈ പട്ടികയിൽപെടും. ഉപയോഗയോഗ്യമല്ലാത്ത കുളങ്ങളായി നമ്മുടെ പഞ്ചായത്തിന്റെ 6,7,8,9,13,2,14,12,4,15 വാർഡുകലായി കിടക്കുന്ന 14 കുളങ്ങൾ ജലസേചനത്തിന് ഉപയുക്തമാക്കാൻ കഴിയുന്നവ അങ്ങനെ മാറ്റുകയും അല്ലാതെയുള്ളവ മത്സ്യ കൃഷിക്ക് ഉപയോഗിക്കുന്നതിന് വേണ്ടി യുവജന സന്നദ്ധ സംഘടനകൾക്കോ, സ്വകാര്യ സംരംഭകർക്കോ പാട്ട വ്യവസ്ഥയിൽ നൽകണം. പൊന്മന വട്ടക്കായൽ പ്രദേശം വൻ വിപണന സാധ്യതയുള്ള ചിപ്പി വളർത്തലിന് ഉപയുക്തമാക്കാൻ കഴിയും.

## വൈദ്യുതി, വെള്ളക്കരം

ഈ ഇനത്തിൽ പഞ്ചായത്ത് ചിലവിടുന്ന തുകയുടെ ഉപയോഗം ശരിയായ അപഗ്രഥനം നടത്തേണ്ടതാണ്. കത്താത്ത തെരുവു വിളക്കുകൾക്കും ഉപയോഗ യോഗ്യമല്ലാത്ത വാട്ടർ ടാപ്പുകൾക്കും ചാർജ്ജു നൽകുന്ന രീതി ഒഴിവാക്കപ്പെടേണ്ടതാണ്.

## ഖനനം

നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറൻ അതിർത്തിയിൽ ഏകദേശം മൂന്നര കിലോമീറ്റർ നീളത്തിൽ കിടക്കുന്ന കടൽ തീരത്തുനിന്നും ഖനനം ചെയ്യുന്ന ധാതുമണലിന് യാതൊരു വിധമായ മുടക്കുമുതലും ഈരംഗത്തെ വ്യവസായ സംരംഭകരായ K. M. M. L, I. R. E എന്നീ സ്ഥാപനങ്ങൾ ഉപയോഗിക്കുന്നില്ല. ഇവിടെ ജന ജീവിതം തന്നെ ദുസ്സഹമാക്കുന്ന രീതിയിലുള്ള പ്രകൃതിക്ഷോഭങ്ങൾക്ക് വഴിയൊരുക്കുന്നു. പ്രദേശത്തെ ജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളുമുണ്ടാക്കുന്ന ഈ രണ്ടു സ്ഥാപനങ്ങളും അവരുടെ ലാഭത്തിന്റെ 5% വീതം ഈ വ്യവസായംമൂലം ദോഷം അനുഭവിക്കുന്ന പന്മന പഞ്ചായത്തിന്റെ വികസനത്തിന്വേണ്ടി നൽകുന്നതിന് തയ്യാറാകണം.

## കക്കവ്യവസായം

കക്ക വളരെ സുലഭമായി ലഭിക്കുന്ന ഒരു പ്രദേശമാണ് കന്നേറ്റിൽ മുതൽ കോവിൽത്തോട്ടം വരെയുള്ള കായലോരവും, പൊന്മന കടൽത്തീരവും. എന്നാൽ കക്കയുടെ സംസ്കരണം ഇവിടെ വളരെ ചെറിയ തോതിലെ നടക്കുന്നുള്ളു. ഏറ്റവും കൂടുതൽ നീറ്റുകക്കയുടെ വിപണന സാധ്യതയുള്ള ഒരു പ്രദേശവും കൂടിയാണ് നമ്മുടെ ഗ്രാമം. ഒരുപക്ഷേ കേരളത്തിലെതന്നെ വൻകിട കുമ്മായ ഉപഭോക്താക്കളിൽ ഒന്നായ K. M. M. L നമ്മുടെ തൊട്ടു മുന്നിൽ തന്നെയുള്ളപ്പോൾ വിപണി തേടി പോകേണ്ട ഗതികേട് നമ്മൾക്കില്ലാഞ്ഞിട്ട്കൂടി എന്തുകൊണ്ടോ ഈ രംഗത്ത് നമ്മുക്ക് ആശാവഹമായ രീതിയിൽ പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. കെ എം എം എൽ ലെ ആസിഡ് നിർവീര്യമാക്കുന്നതിന് ഒരുദിവസം ഏകദേശം 3 ലോഡ് കുമ്മായം (600ചാക്ക്) ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. നിലവിലുള്ള കോൺട്രാക്റ്ററുടെ നിരക്കനുസരിച്ച് ലോഡൊന്നിന് 27000 രൂപാ പ്രകാരം ഒരു ദിവസം 81000 രൂപാ കമ്പിനി ചെലവിടുന്നു. ഇത് ചെന്നെത്തുന്നതാകട്ടെ കോട്ടയത്തുള്ള സ്വകാര്യ മുതലാളിയുടെ പക്കലേക്കാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്തിന്റെ അധീനതയിലോ സഹകരണാടിസ്ഥാനത്തിലോ ഒരു കക്കാ സംസ്കരണ ശാല ആരംഭിക്കുന്നതിന് കഴിയണം, മാത്രവുമല്ല ഇതിന് ആവശ്യമായ പാർക്കിംഗ് സാമഗ്രികളായ പ്ലാസ്റ്റിക്ക് കവറുകളും ചാക്കുകളും നിർമ്മിക്കുന്നതിനുള്ള അനുബന്ധ യൂണിറ്റും ഉണ്ടായാൽ വനിതകൾ ഉൾപ്പടെയുള്ള തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുവാൻ പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുവാനും കഴിയും. ആവശ്യത്തിന് കക്ക തികയാതെ വന്നാൽ ആലപ്പുഴയിൽനിന്നും ജലമാർഗ്ഗം കൊണ്ടുവരാൻ സാധിക്കും. K. M. M. L, I R E എന്നീ സ്ഥാപനങ്ങൾക്ക് അത്യാവശ്യമായ പാക്കിംഗ് സാമഗ്രികൾ ഇവിടെനിന്നും നൽകാൻ കഴിയും. ഈ വ്യവസായങ്ങൾ തുടങ്ങും മുൻപ്തന്നെ സർക്കാർ സ്ഥാപനങ്ങളായ ടി കമ്പനികൾ ഉൽപ്പന്നം വാങ്ങിക്കൊള്ളുമെന്നുള്ള ഉറപ്പും വാങ്ങേണ്ടതാണ്.

## വ്യവസായ സംരംഭകർ

വിഭവ സമാഹരണത്തിന് ആക്കം കൂട്ടുന്നതിലേക്കായി കാർഷിക വ്യാവസായിക രംഗത്ത് വളർച്ചയുണ്ടായേ മതിയാകൂ. നമ്മുടെ പഞ്ചായത്തിൽ അത്തരത്തിലുള്ള ഒരു പ്രവർത്തനത്തിനുവേണ്ടി പഞ്ചായത്ത് അടിസ്ഥാനത്തിൽ വിവിധ തുറകളിലുള്ള വിദഗ്ധരായ ആളുകളെ കണ്ടെത്തി, വ്യവസായ സംരംഭകരെക്കൂടി കൂട്ടി ഒരു സെമിനാർ സംഘടിപ്പിക്കണം. വ്യവസായങ്ങൾ തുടങ്ങുന്നതിന് നമ്മുടെ ഗ്രാമത്തിലെ സമ്പന്നരുടേയും വിദേശത്ത് ജോലി ചെയ്യുന്ന വിശിഷ്യ ഗൾഫ് മലയാളികളുടെയും ഒരു സമൂഹം നമുക്കുണ്ട്. ഇവരുടെ സമ്പത്ത് ഇവർക്കും നാടിനും ഒരുപോലെ ഫലപ്രദമായി ഉപയോഗിക്കുവാൻ നമുക്ക് കഴിയണം. ഏകദേശം 25ഓളം സമ്പന്ന കുടുംബങ്ങളും കൂടാതെ ഗൾഫ് മേഖലയിലൂടെ സാമ്പത്തിക ഭദ്രത നേടിയ 20 ഓളം കുടുംബങ്ങളും ഉണ്ട്. ഇവരെ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിലേക്ക് ആകർഷിക്കുവാനും സന്നദ്ധരാക്കുവാനും കഴിയണം. വിദേശത്ത് ജോലി ചെയ്യുന്ന പന്മന സ്വദേശികളായ 1003 പേരുള്ളതായി ഗ്രാമസഭകളിൽ നിന്നും വന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഗൾഫ്കാരുടെ വാർഡ്

തിരിച്ചുള്ള പട്ടിക

| I | II | III | IV | V | VI | VII | VIII | IX | X | XI | XII | XIII | XIV | XV |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 65 | 97 | 70 | 200 | 100 | 50 | 20 | 75 | 26 | 20 | 55 | 35 | 40 | 45 | 75 |
| 10 | | | | | | | 10 | | | | | 10 | | |

ഇതിൽ 973 പേർ ഗൾഫിലും 30 പേർ അമേരിക്ക മുതലായ വിദേശ രാജ്യങ്ങളിലും തൊഴിലെടുക്കുന്നവരാണ്. ഇവരിൽ നിന്നുമുള്ള സമ്പത്ത് ഇന്ന് മുഖ്യമായും ചിലവിട്ടുകൊണ്ടിരിയ്ക്കുന്നത് കെട്ടിട നിർമ്മാണ രംഗത്തും ചെറിയ തോതിൽ മോട്ടോർ വിപണനത്തിനുമാണ്. ഇത് പ്രത്യുൽപാദനപരമായ മേഖലകളിലേക്ക് തിരിച്ചുവിടാൻ കഴിഞ്ഞാൽ പന്മനയുടെ വ്യവസായരംഗം സംപുഷ്ടമാക്കാൻ നമുക്ക് കഴിയും. ഇതിലേക്കുള്ള സമൂർത്തമായ നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

## പഞ്ചായത്തിലെ വരവ് ചെലവ് കണക്കുകൾ

പഞ്ചായത്തിലെ വരവ് ചെലവ് കണക്കുകൾക്ക് സുതാര്യത ഉണ്ടായിരിക്കണം. പഞ്ചായത്തിലെ വരവ് ചെലവ് കണക്കുകൾ പൊതുജനങ്ങളെ ബോധ്യപ്പെടുത്തുകയും വേണം. 1953 ൽ നിലവിൽ വന്ന പന്മന വില്ലേജ് പഞ്ചായത്തിന്റെ അദ്യത്തെ ഭരണ സമിതിയുടെ പ്രവർത്തനം തന്നെ ഇത്തരുണത്തിൽ സ്മരണീയമാണ്.1954 ൽ ശ്രീ. ചട്ടമ്പി സ്വാമികളുടെ ശദാബ്ദി ആഘോഷങ്ങളിൽ പങ്കെടുക്കുന്നതിന് ആശ്രമത്തിൽ എത്തിച്ചേരുന്ന രാജ പ്രമുഖന് സ്വികരണം നൽകുന്നതിന് പഞ്ചായത്ത് സമിതി തീരുമാനിച്ചു. അതിനുണ്ടാകുന്ന ചെലവുകൾ 125രുപാ ലമിത് അംഗങ്ങൾ 10 പേരും കൂടി ചേർന്ന് സ്വന്തം പോക്കറ്റുകളിൽ നിന്നുമെടുക്കുകയും ഇതിന്റെ വരവ് ചെലവ് കണക്കുകൾ കമ്മിറ്റിയിൽ പാസാക്കുകയും മിനിറ്റ്സ് ചെയ്യുകയും ചെയ്തതായി രേഖകളിൽ കാണുന്നു. നമ്മുടെ മുൻഗാമികളായിരുന്നവരുടെ നിസ്വാർത്ഥതയും നിഷ്കളങ്കതയും, വാഴ്ത്തപ്പെടേണ്ടതും നമുക്ക് അനുകരണീയമാക്കേണ്ടതുമാണ്.

നമ്മുടെ പഞ്ചായത്തിലെ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ഒരു വിഭാഗത്തെ നമുക്ക് കാണാൻ കഴിയും. എന്നാൽ നികുതി നൽകുന്ന ഘടകങ്ങൾ പരിശോധിച്ചാൽ ഈ സമ്പന്നത അവിടെ പ്രകടമായി കാണുന്നില്ല. നികുതികൾ പരിഷ്കരിക്കുമ്പോൾ അത് സാധാരണക്കാരന് ഭാരമാകാത്ത തരത്തിലും, നികുതി കൊടുക്കുന്നത് രാജ്യത്തെ ഓരോ പൗരന്റേയും കടമായാണെന്ന ബോധം അവനിൽ സൃഷ്ടിക്കുവാനും അങ്ങനെ എല്ലാവരും നികുതി കൊടുക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും, അതുവഴി ഗ്രാമത്തിന്റെ വികസനത്തിൽ പങ്കാളികളാകുന്നതിന് ഓരോരുത്തരേയും സന്നദ്ധരാക്കുന്നതിനും കഴിയണം. ഇതിന് വാർഡിലെ വികസന സമിതികളുടെ നേതൃത്വത്തിൽ വമ്പിച്ച ബോധവത്കരണം നടത്തേണ്ടതായിട്ടുണ്ട്.

95–96 ലെ നമ്മുടെ പഞ്ചായത്തിന്റെ വരവിന്റെ 5.05% പൊതുമരാമത്തിനും, 1.16% വിദ്യാഭ്യാസത്തിനും 0.38% സാമൂഹ്യക്ഷേമത്തിനും28.33% ഭരണ ചെലവുമാണ്. പൊതുമരാമത്തിന്റെ കണക്കുകൾ പരിശോധിക്കുമ്പോൾ ഇത് മുഴുവനും (രൂപ 1,32,466) റോഡുകളുടെ അറ്റകുറ്റ പണികൾക്ക് വേണ്ടിയാണ് ചെലവിട്ടിരിക്കുന്നത്. വർഷം തോറും നല്ല ഒരു തുക ഇങ്ങനെ ചെലവഴിക്കുന്നു, ഇതിലേറെയും റോഡ് മണ്ണിട്ടു നികത്തുന്നതിനാണ് ഉപയോഗിക്കുന്നതും. മഴ പെയ്യുമ്പോൾ മണ്ണൊലിച്ചു പോകുന്നതുകൊണ്ടാണ് ആവർത്തന ചെലവായി ഇത് സംഭവിക്കുന്നത്. ഇത് ഒഴിവാക്കുന്നതിന് ഓടകൾ കെട്ടിയും ചാലുകൾ നിർമ്മിച്ചും റോഡുകളെ സംരക്ഷിക്കണം. മഴ ആരംഭിക്കുന്നതിന് മുമ്പ് തന്നെ ഓടകളും, ചാലുകളും വൃത്തിയാക്കുന്നതിന് വികസന സമിതികൾക്ക് കഴിയുകയും വേണം. ഇതിലൂടെ പഞ്ചായത്തിന്റെ സാമ്പത്തിക ചെലവ് കുറയ്ക്കാൻ കഴിയും. ഭരണചിലവിനത്തിൽ സിംഹഭാഗവും ജീവനക്കാരുടെ ശമ്പളമാണെന്നിരിക്കെ കാര്യമായ യാതൊരു കുറവും വരുത്താൻ കഴിയില്ലയെന്നു മാത്രമല്ല ഇത് വർദ്ധിച്ചുകൊണ്ടിരിക്കുകയേയുള്ളു. പഞ്ചായത്തിൽ നാല് മുഴുവൻ സമയ തൂപ്പുക്കാരുൾപ്പടെ പതിനാറ് ജിവനക്കാരാണുള്ളത്. ഇവർക്ക് ശമ്പളയിനത്തിൽ 95–96ൽ 6,64,484 രൂപ ചെലവഴിച്ചിട്ടുണ്ട്. 95–96 ൽ ആകെ വരവ് 26,25,255 രൂപയാണ്.

കൊല്ലം ചവറ ബസ്സ് സർവ്വീസ് ശങ്കരമംഗലം വരെ നിട്ടണമെന്ന് ആവശ്യം വ്യാപകമായിരിക്കെ ദേശീയ പാതയിൽ കരുനാഗപ്പള്ളി കഴിഞ്ഞ് കൊല്ലത്തിനുള്ള വഴിയിൽ ഏറ്റവും കൂടതൽ വികസന സാദ്ധ്യതയുള്ള സ്ഥലമാണ് ശങ്കരമംഗലം. ഗവൺമെന്റ് ഓഫീസുകളും, പോലീസ് സ്റ്റേഷൻ, ബ്ലോക്ക് ഓഫീസ്, തുടങ്ങിയ ഓഫീസുകളും ഉണ്ടായിരിക്കെ കെ. എസ്. ആർ. റ്റി. സിയുടെ ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിനും എല്ലാ ഗവൺമെന്റ് ഓഫിസുകളും ഒരുകൂരയ്ക്ക് കീഴിൽ കൊണ്ടുവരുന്നതിനും, നേരത്തെ സൂചിപ്പിച്ചിട്ടുള്ള രീതിയിലുള്ള സ്റ്റേഡിയം പണിയുമ്പോൾ അതോടൊണിച്ച് ഈ കെട്ടിടങ്ങളും അതിൽ ഉൾപ്പെടുത്തി സ്റ്റേഡിയം കം ഷോപ്പിംഗ് കോംപ്ലക്സായി മാറ്റാൻ കഴിയും.

## ടൂറിസം:

ടൂറിസ്റ്റ് വികസന സാദ്ധ്യതകൾ ഏറെയുള്ള ഒരു പഞ്ചായത്താണ് പന്മന. മനം കവരുന്ന പ്രകൃതിസൗന്ദര്യവും നിലാഭംഗിപൂത്ത വെൺമണൽ തറകളും സമൃദ്ധി നിറയുന്ന തോപ്പുകളും ഇനിയും ഒരു ഓർമ്മയായി അലിഞ്ഞുതീരാൻ വിസമ്മതിക്കുന്ന ഹരിത കുളിർമ്മയുടെ വയലേല തുണ്ടുകളും അവിടവിടെ ഗതകാല മഹിമയുടെ അവശിഷ്ടങ്ങളായി തലയുയർത്തി നിൽകുന്ന കാവുകളും നന്മകളാൽ സമൃദ്ധമാക്കുന്ന ഒരു തനി കേരളീയ ഗ്രാമമാക്കി പന്മനയെ മാറ്റുന്നു. അറബി കടലും, പള്ളിക്കൽ ആറും പടിഞ്ഞാറു അതിരിടുന്ന ഈ ഗ്രാമത്തിന്റെ മുഖശ്രീയായി സുപ്രസിദ്ധമായ പന്മന ആശ്രമം പരിലസിക്കുന്നു. ഇവിടെയാണ് യുഗ പ്രഭാവനായ ശ്രീ ചട്ടമ്പിസ്വാമി തിരുവടികൾ സമാധികൊള്ളുന്നത്. നിരവധി തീർത്ഥാടകർ ഇവിടം സന്ദർശിച്ചുവരുന്നു. ഒരു വലീയ തീർത്ഥാടനകേന്ദ്രമായി അനധിവദൂരഭാവിയിൽ ഇതു മാറിയേക്കും. ചരിത്ര സാമുഹ്യ ശാസ്ത്ര വിദ്യാർത്ഥികളുടേയും ഗവേഷകന്മാരുടേയും പഠന പര്യടനകേന്ദ്രങ്ങളിൽ അനുപേക്ഷണീയമായ ഒരു കേന്ദ്രമാണ് ഇതെന്ന കാര്യം ഗൗരവത്തോടെ മനസ്സിലാക്കി പന്മന ആശ്രമത്തെ വിപുലപ്പെടുത്തണം. വിദേശീയ, തദ്ദേശീയരായ ടൂറിസ്റ്റുകൾക്കും ഈ സ്ഥലം കൂടുതൽ പരിചിമാക്കണം.

പള്ളിക്കലാറിന്റെ പതന സ്ഥലമായ വട്ടക്കായൽ പന്മന പഞ്ചായത്തിലെ നയനാഭിരാമമായ ഒരു സ്ഥലമാണ്. ഒരു ചെറുനദീമുഖത്തിന്റെ ലാവണ്യാംശങ്ങൾ മുഴുവൻ അലിഞ്ഞുചേരുന്ന ഈ പ്രദേശം വിനോദസഞ്ചാരികളെ ഹഠാതാകർഷിക്കുമെന്നതിൽ രണ്ടു പക്ഷമില്ല. ബോട്ടിംഗിനും സുഖവാസ വിശ്രമങ്ങൾക്കും വേണ്ട സൗകര്യങ്ങൾക്ക് ഇവിടെ സാദ്ധ്യത വേണ്ടുവോളമുണ്ട്. പന്മനയുടെ പടിഞ്ഞാറെ അതിർത്തിയിൽ തെക്കെയറ്റം അറബികടലോരത്ത് രണ്ടു സ്ഥലങ്ങൾകൂടി വളർച്ചാസാദ്ധ്യതയുള്ളവയാണ്. അഞ്ചുമനയ്ക്കലും, കാട്ടിൽ ക്ഷേത്രപരിസരവുമാണ് ഈ രണ്ടു സ്ഥലങ്ങൾ. അഞ്ചുമനയ്ക്കൽപൊഴിയും കാട്ടിൽ കടൽതീരവും ചേർത്ത് വളരെ

മെച്ചപ്പെട്ട ഒരു ടൂറിസ്റ്റ് ബീച്ച് രൂപപ്പെടുത്താവുന്നതാണ്. കൂടാതെ പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലുള്ള കോവിൽത്തോട്ടം പള്ളിയും പന്മന സുബ്രഹ്മണ്യ സ്വാമി ക്ഷേത്രവും പുതുശേരിക്കോട്ട മസ്ജിദും പഴക്കവും പെരുമയുമുള്ള ദേവാലയങ്ങളാണ്. അടുത്ത പ്രദേശമായ അഷ്ടമുടിക്കായൽ വിദേശീയരുടെ ശ്രദ്ധാകേന്ദ്രമായി മാറിയിരിക്കുന്നു. കോവളം-കോട്ടപ്പുറം ദേശീയ ജലപാത ഇവിടെക്കൂടി കടന്നുപോകുന്നു. മാത്രമല്ല 47-ാം ദേശീയ പാതയ്ക്ക് തൊട്ടടുത്ത് സ്ഥിതി ചെയ്യുന്നതിനാൽ റോഡ് ഗതാഗത സൗകര്യങ്ങൾ ഇക്കാര്യത്തിൽ വളരെ കൂടുതലാണ്. തൊട്ടടുത്തുതന്നെ അറബിക്കടൽ തീരവുമുണ്ട്. ഒരു ബീച്ച് റിസോർട്ട്സിന്റെ പ്രയോജനം ചെയ്യും ഇത്. ഈ സാദ്ധ്യതകൾവച്ച് നോക്കുമ്പോൾ ഒരു ടൂറിസ്റ്റ് കേന്ദ്രമായി വളരുന്നതിന് പന്മനയ്ക്ക് കഴിയും. വിഭവ മേഖലയിൽ പഞ്ചായത്തിനും രാജ്യത്തിനും ഗണ്യമായ പ്രയോജനം ഇത മൂലം കിട്ടും.

### മനുഷ്യശേഷി:

വിഭവത്തിന്റെ കാര്യത്തിൽ ഉറവവറ്റാത്ത സ്രോതസ്സായ മനുഷ്യശേഷിയെ ശരിയായ മാർഗ്ഗത്തിലേക്ക് തിരിച്ചുവിടുവാൻ നമുക്ക് കഴിഞ്ഞാൽ വികസനത്തിന് പുതിയ മാനങ്ങൾ കണ്ടെത്താൻ കഴിയും. സാക്ഷരതയിൽ വളരെ മുന്നിൽ നിൽക്കുന്ന നമ്മുടെ ഗ്രാമത്തിൽ അഭ്യസ്തവിദ്യരായ യുവതി യുവാക്കളുടെ സംഖ്യ വളരെ വലുതാണ്. സാക്ഷരതാ പ്രവർത്തനത്തിൽ ഈ ശേഷി നല്ലോരളവിൽ നമ്മൾ പ്രയോജനപ്പെടുത്തിയെന്നുള്ളത് സ്മരണീയമാണ്. നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസനിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന സ്കൂളുകളിലെ നിലവാരമുയർത്തുവാൻ ഇവരെ പ്രയോജനപ്പെടുത്തുവാൻ കഴിയും. ശുചീകരണത്തെകുറിച്ചും, പരിസരമലിനീകരണത്തെകുറിച്ചും, ആരോഗ്യ പരിപാലനത്തെ സംബന്ധിച്ചും, മദ്യം, മയ്ക്കുമരുന്ന്, അക്രമവാസന, വർഗ്ഗീയത, തുടങ്ങിയവയുടെ ദോഷഫലങ്ങളെക്കുറിച്ചും ആളുകളെ ബോധവാൻമാരാക്കാനും നമ്മുക്ക് നല്ലോരളവ് വരെ അഭ്യസ്തവിദ്യരുടെ സേവനം പ്രയോജനപ്പെടുത്താം. വോട്ടർ പട്ടിക തയ്യാറാകൽ വിവിധ സെൻസ്സസുകൾ തുടങ്ങിയ ജോലികൾക്ക് ഇവരെ പ്രയോജനപ്പെടുത്താം. ഇതിനുവേണ്ടി പഞ്ചായത്തിൽ ലേബർ ബാങ്കുകൾ രൂപീകരിച്ച ഇതിന്റെ പ്രവർത്തനം വാർഡുതലത്തിലേക്ക് വ്യാപിപ്പിക്കണം. വിവിധരംഗങ്ങളിൽ വ്യാപരിക്കുന്ന തൊഴിലില്ലാത്തവരുടെ പട്ടിക പഞ്ചായത്തിൽ ഉണ്ടാക്കണം. ഇത് തയ്യാറാക്കുമ്പോൾ ഇവരുടെ സന്നദ്ധതകൂടി ഉറപ്പാക്കണം. നിർമ്മാണ പ്രവർത്തനരംഗത്ത് സന്നദ്ധപ്രവർത്തനം നടത്തിയും റോഡുകളുടെ സംരക്ഷണത്തിന് മഴക്കാലം ആരംഭിക്കുന്നതിന് മുമ്പ് റോഡുകളുടെ ഇരുവശവും ചാലുകൾ കീറുകയും ഓടകൾവൃത്തിയാക്കുകയും ചെയ്താൽ റോഡുകളെ തകർച്ചയിൽനിന്നും സംരക്ഷിക്കാൻ കഴിയും. ജലസേചന പദ്ധതികൾക്കായുള്ള തോട്നിർമ്മാണത്തിനും മനുഷ്യശേഷി പ്രയോജനപ്പെടുത്താം.

മുഴുവൻ ഗ്രാമസഭകളിൽനിന്നു വന്ന റിപ്പോർട്ടുകളിൽ മനുഷ്യദ്ധ്വാനം നിർമ്മാണരംഗത്തും കാർഷികരംഗത്തും, ജലസേചനത്തിനും റോഡ് നിർമ്മാണത്തിനും, ആരോഗ്യരംഗത്തും മറ്റും വ്യാപകമായി ഉപയോഗപ്പെടുത്താമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

എല്ലാ രാഷ്ട്രീയ സാമൂഹിക സംഘടനകൾക്കും ആധിപത്യമുള്ള നമ്മുടെ പഞ്ചായത്തിൽ ഇവരെ മുഴുവൻ കൂട്ടിയിണക്കി ഒരു സംഘ ശക്തിയെ കെട്ടഴിച്ചുവിടുവാൻ കഴിഞ്ഞാൽ വിഭവസമാഹരണത്തിൽ നമുക്ക് പ്രശംസനീയമായ നിലയിലെത്താൻ കഴിയുമെന്നുറപ്പാണ്. അതുവഴി രാഷ്ട്ര പുനർനിർമ്മാണത്തിൽ നമ്മൾക്ക് പങ്കെടുക്കുവാൻ കഴിഞ്ഞു എന്ന് ചാരിതാർത്ഥ്യമടയാം.

## നിർദ്ദേശങ്ങൾ

1. പരമ്പരാഗത വ്യവസായരംഗത്തും കാർഷികരംഗത്തും ഉണ്ടായ തകർച്ചയിൽ നിന്നും മോചനം നേടുന്നതിനും ഈ രംഗങ്ങളിൽ യന്ത്രവത്കരണം ഉൾപ്പടെയുള്ള പരിഷ്ക്കാരങ്ങൾ വരുത്തി വ്യവസായത്തെ വൈവിധ്യവത്കരിച്ച് നഷ്ടപ്പെട്ട തൊഴിൽദിനങ്ങൾ സൃഷ്ടിക്കുക.
2. നെല്ലുൽപാദനം വർദ്ധിപ്പിച്ച് കൈക്കുത്തരിപോലുള്ള കുടിൽവ്യവസായങ്ങളെ സംരക്ഷിച്ചുനിർത്തുക. കൈക്കുത്തരി യൂണിറ്റുകളോടൊപ്പം ഉമിക്കരി നിർമ്മാണ യൂണിറ്റുകൾ തുടങ്ങുണം.
3. കെ എം എം എൽ ലെ ഉപോൽപന്നങ്ങൾ ഉപയോഗിച്ച് അനുബന്ധ വ്യവസായങ്ങൾ ആരംഭിച്ച് തൊഴിൽ രംഗം വിപുലമാക്കുക.
4. ഗവ: ഗ്രാന്റുകൾ ജനസംഖ്യാനുപാതത്തിൽ വിതരണം നടത്തു കയും അത് യഥാസമയം ലഭ്യമാക്കുകയും വേണം.
5. കെട്ടിട നികുതി കണക്കാക്കുമ്പോൾ നിർമ്മാണത്തിനുപയോഗിച്ചിരിക്കുന്ന വസ്തുക്കൾ, ആഡംബരത്വം, മുതൽമുടക്ക് ഇവകൂടി കണക്കാക്കുകയും, അസ്സസ്സ്മെന്റിലുള്ള അപാകതകൾ പരിഹരിച്ച് പരാതിക്കിടനൽകാത്ത രീതിയിൽ വീട്ടുടമസ്ഥനെ ബോധ്യപ്പെടുത്തുകയും, അസ്സസ്സ്മെന്റ് കമ്മിറ്റിയിൽ വികസന സമിതിയുടെ പ്രധിനിധികളെക്കൂടി ഉൾപ്പെടുത്തുകയും വേണം.
6. തൊഴിൽ നികുതി പിരിവ് കുറ്റമറ്റതാക്കുന്നതിന് തൊഴിൽ ചെയ്യുന്ന പഞ്ചായത്തിലെ മുഴുവൻ ആളുകളേയും ഗ്രൂപ്പ് ഇൻഷ്വറൻസിന്റെ കീഴിൽ കൊണ്ടുവന്നാൽ തൊഴിൽ നികുതി വ്യാപകമാക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യാം.
7. വിനോദ നികുതിയിലെ ചോർച്ച ഒഴിവാക്കുന്നതിന് സിനിമാ തീയറ്റർ നികുതി കോമ്പൗണ്ട് ചെയ്യണം. കായികപ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിന് ശങ്കരമംഗലം ഹൈസ്കൂൾ ഗ്രൗണ്ട് സ്റ്റേഡിയം കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക ഇവിടെ മത്സരങ്ങൾക്കും പൊതുപരിപാടികൾക്കും വേണ്ടി ഉപയോഗിക്കുവാൻ കൊടുക്കുകയും വാടകയും നികുതിയും വസൂലാക്കാൻ കഴിയുകയും ചെയ്യും. ഇതോടനുബന്ധിച്ച് ഗവൺമെന്റ് ഓഫീസുകളുടെ സമുച്ചയവും കെ. എസ്. ആർ. ടി. സിയുടെ ഓപ്പറേറ്റിംഗ് സെന്ററും പ്രവർത്തിപ്പിക്കാൻ കഴിയണം.
8. ലൈസൻസ് ഫീസ്

പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ്ഡ് ആക്കുകയും സ്വർണ്ണ വ്യാപാരം നടത്തുന്നവരെ പ്രത്യേക ലൈസൻസിൻ പിരധിയിൽ കൊണ്ടുവരണം.

9. ബാങ്കിംഗ്

സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കുകയും, സഹകരണ ബാങ്കുകളുടെ ക്രയശേഷി വർദ്ധിപ്പിച്ച് ബാങ്കുകളുടെ പ്രവർത്തനം ജനാധിപത്യവത്കരിച്ച് വിപുലീകൃതമാക്കുകയും വേണം. വൈശ്യാ ബാങ്ക് ചെറുകിട വ്യവസായങ്ങൾക്കും, കുടിൽ വ്യവസായങ്ങൾക്കും, വ്യാപാര സംരം

ഭകർക്കും വായ്പകൾ കൊടുക്കുന്ന കാര്യത്തിലെ അലസ സമീപനം ഒഴിവാക്കണം.

10. ഇടപ്പള്ളിക്കോട്ടയിലെ പഞ്ചായത്ത് മാർക്കറ്റ് പുനരുദ്ധാരണ പ്രവർത്തനം നടത്തി മിനിഷോപ്പിംഗ് കോംപ്ലക്സായി ഉയർത്തണം. കുന്നിവട്ടം സെന്ററിലെ പഞ്ചായത്ത് വക പുറംപോക്ക് സ്ഥലത്തെ അനധീകൃത കൈയേറ്റക്കാരെ ഒഴിവാക്കി R D P ബോർഡിന്റെ വായ്പ ലഭ്യമാക്കി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം അടിയന്തിരമായി നടപ്പിലാക്കണം. പുതുക്കാട്ട് കന്നുകാലിചന്ത പുനഃസ്ഥാപിക്കണം. സ്ലാട്ടർ ഹൗസ് നിർമ്മിച്ച് ഇറച്ചിവെട്ടുകാരെ മുഴുവൻ ലൈസൻസിന്റെ പരിധിയിൽ വരുത്തണം.
11. സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് തടയുകയും തുക യഥാസമയം പഞ്ചായത്തിന് ലഭ്യമാക്കുകയും വേണം.
12. വി. റ്റി. സി : റോഡ് വികസനത്തിന് ഉപയോഗിക്കുന്ന ഈ ഫണ്ട് റോഡിന്റെ വിസ്തൃതി കണക്കിലെടുത്ത് വിതരണം നടത്തുകയും ഉപയോഗം പ്രധാന റോഡുകളുടെ പണിക്ക് വിനിയോഗിക്കുകയും ചെയ്യുക.
13. ഉപാധിരഹിതമായ ഫണ്ട് പ്രാധാന്യം കണക്കാക്കി അവികസിത മേഖലകളിലേക്ക് വിനിയോഗിക്കണം.
14. ജെ. അർ. വൈ. : അതാത് വിഭാഗങ്ങൾക്ക് മാത്രമായി ചിലവഴിക്കുക.
15. സാമൂഹ്യക്ഷേമ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ആവർത്തനം ഒഴിവാക്കുന്നതിന് ശ്രദ്ധിക്കണം.
16. പഞ്ചായത്തുവക പുറമ്പോക്ക് വസ്തുവകകൾ കൈയ്യേറ്റക്കാരെ ഒഴിവാക്കി അളന്ന് തിട്ടപ്പെടുത്തി മതിലുകൾ കെട്ടി സംരക്ഷിക്കുകയും, ഗവൺമെന്റ് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് കൊടുക്കുകയോ, വ്യവസായ സംരംഭകർക്ക് പാട്ടത്തിന് കൊടുക്കുകയോ ചെയ്യാം. കൃഷിക്ക് ഉപയുക്തമല്ലാത്ത കുളങ്ങൾ മത്സ്യ കൃഷിക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. പൊന്മന വട്ടക്കായൽ പ്രദേശത്ത് ചിപ്പി വളർത്തലിന് പ്രോത്സാഹിപ്പിക്കണം.
17. ഉപയോഗിക്കാത്ത വെള്ളത്തിനും കത്താത്ത തെരുവു വിളക്കുകൾക്കും ചാർജ്ജ് കൊടുക്കരുത്.
18. കരിമണൽ ഖനനം നടത്തുന്ന I R E, K M M L എന്നീ സ്ഥാപനങ്ങളുടെ ലാഭവിഹിതത്തിൽനിന്നും 5% പന്മന പഞ്ചായത്തിന് നൽകണം.
19. പൊന്മനയിൽ കക്ക സംസ്കരണശാലയും പ്ലാസ്റ്റിക്ക് ബാഗ് നിർമ്മാണ യൂണിറ്റും ആരംഭിക്കുക.
20. വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് സമ്പന്നരെ കണ്ടെത്തി വിദഗ്ദന്മാരെ പങ്കെടുപ്പിച്ച് ഒരു വ്യവസായ സെമിനാർ സംഘടിപ്പിക്കണം. ഗൾഫ് മലയാളികളെ കണ്ടെത്തി അവരുടെ സമ്പത്ത് പ്രത്യുൽപാദന രംഗത്തേക്ക് തിരിച്ചുവിടുന്നതിന് ആവശ്യമായ പരിപാടികൾ അവിഷ്ക്കരിക്കണം.
21. ഇന്ദിരാ വികാസ് പത്രയിൽ നിക്ഷേപിക്കുന്ന തുകയുടെ 25% പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ലഭിക്കുന്നതിനാൽ ഈ പദ്ധതിയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിന് കഴിയണം. കൂടാതെ സമാനസ്വഭാവമുള്ള നിക്ഷേപ പദ്ധതികളായ കിസാൻ വികാസ് പത്ര, പ്രതിമാസ വരുമാന പദ്ധതി, നാഷണൽ സേവിംഗ് സർട്ടിഫിക്കറ്റുകൾ, ടൈം ഡെപ്പോസിറ്റുകൾ, സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ എന്നിവയിലൂടെ സ്വരൂപിക്കുന്ന തുകയുടെ 25% ശതമാനംകൂടി പഞ്ചായത്തിന് ലഭ്യമാക്കണം.
22. പരസ്യനികുതി നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കണം.
23. വട്ടക്കായലിൽനിന്ന് ചെളിയും മണ്ണും അനധികൃതമായി കൊരുന്നത് നിയന്ത്രിക്കുന്നതിന് ലേല സമ്പ്രദായമോ, ലൈസൻസിംഗ് സമ്പ്രദായമോ നടപ്പിലാക്കണം.
24. പോരൂക്കര പള്ളിമുക്കിൽ നാഷണൽ ഹൈവേയോട് ചേർന്ന് നടക്കുന്ന മത്സ്യ കമ്മീഷൻ കച്ചവടം ദിനം പ്രതി ലക്ഷക്കണക്കിന് രൂപ ലാഭമുണ്ടാക്കുന്നു. എന്നാൽ പഞ്ചായത്തിനോ സർക്കാരിനോ യാതൊരു വരുമാനവും ലഭിക്കുന്നില്ല. ഇവിടെ വരുന്ന വാഹനങ്ങളിൽ നിന്നും ടോൾ പിരിച്ചാൽപോലും നല്ലോരു തുക സംഭരിക്കാൻ കഴിയുന്നതാണ്. കൂടാതെ കമ്മീഷൻ ഏജന്റുമാരെ ടേൺ ഓവർ ടാക്സ് ചുമത്താവുന്നതാണ്.
25. നാഷണൽ ഹൈവേയിൽ പ്രധാന കവലകളിൽ റോഡ് സൈഡുകളിൽ വാഹന പാർക്ക് ചെയ്യുന്നത് കൂടുതൽ അപകടങ്ങൾക്ക് കാരണമാകുന്നു. ഇതിന് പരിഹാരം കാണുന്നതിന് ഇപ്പോൾ പ്രധാന കവലകൾക്ക് സമീപം നാഷണൽഹൈവേയുടെ ഉപയോഗ്യമല്ലാത്ത സ്ഥലങ്ങൾ പഞ്ചായത്തിന് കൈമാറുകയോ, ഉപയോഗിക്കുവാനുള്ള അനുമതി ലഭ്യമാക്കുകയോ ചെയ്താൽ ഓട്ടോ ടാക്സി സ്റ്റാന്റുകൾ നിർമ്മിച്ച്, പാർക്കിംഗ് ഫീസ് ഈടാക്കാവുന്നതാണ്.
26. കെ. എം. എം. എൽന് വേണ്ടി സ്ഥലമെടുത്തപ്പോൾ പഞ്ചായത്ത് വക റോഡുകൾക്കുള്ള നഷ്ടപരിഹാരം പഞ്ചായത്തിന് ലഭിക്കുകയുണ്ടായില്ല. എന്നാൽ അതിന് പരിഹാരമായി ടൈറ്റാനിയം ജംഗ്ഷനിൽ ഒരു പബ്ലിക്ക് മാർക്കറ്റ് തുടങ്ങാനുള്ള സ്ഥലം കമ്പനി പഞ്ചായത്തിന് നൽകണം.
27. ടൂറിസം മേഖലയിലം തദ്ദേശീയരും വിദേശീയരുമായ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പന്മന ആശ്രമവും പൊന്മന വട്ടക്കാവിൽ, കടൽതീരം മുതലായവ ബന്ധപ്പെടുത്തി ടൂറിസ്റ്റ് റിസോർട്ട് രൂപപ്പെടുത്തുക.
28. ഹിന്ദുസ്ഥാൻ പെട്രോളിയം കമ്പനിയുടെ വികസനം അടിയന്തരമായി പൂർത്തിയാക്കണം.
29. പഞ്ചായത്തിലെ വരവ് ചെലവ് കണക്കുകൾ പഞ്ചായത്ത് നിവാസികളെ ബോധ്യപ്പെടുത്തുന്നതിന് വേണ്ടി പരസ്യപ്പെടുത്തുക.
30. മനുഷ്യാദ്ധ്വാനം നിർമ്മാണപ്രവർത്തനങ്ങൾക്കും, കാർഷികം, വിദ്യാഭ്യാസം, ആരോഗ്യം മുതലായ രംഗങ്ങളിലും ഉപയോഗപ്പെടുത്തുവാൻ കഴിയത്തക്കവിധം പഞ്ചായത്തിൽ ലേബർ ബാങ്ക് രൂപീകരിക്കുക.

# ഭവന നിർമ്മാണവും സാമൂഹ്യ ക്ഷേമവും

## ഭവന നിർമ്മാണം

വിവിധ ജാതി മതസ്ഥർ സൗഹാർദ്ദത്തോടെ ഒരുമിച്ച് ജീവിച്ചിരുന്ന ഒരു പാരമ്പര്യമാണ് പന്മനയ്ക്ക് പറയാനുള്ളത്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ രണ്ടു തരം ഭവനങ്ങളായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. ഒന്ന് പഴമയുടെ ആഭിജാത്യം വിളിച്ചോതുന്ന, കേരളീയ തച്ച് ശാസ്ത്ര വിദ്യയുടെ മകുടോദാഹരണങ്ങളായ എട്ട് കെട്ടുകളും നാലുകെട്ടുകളും പുറത്ത് പടിപ്പുരയും, വിശാലമായ നടുമുറ്റവും, പ്രൗഢി വിളിച്ചോതുന്ന ഭൂമുഖവും, കെട്ടിനകവും പത്തായപ്പുരയും, നിലവറ ക്കുഴിയും, അടുക്കളയും, ഉപശാലകളും അടങ്ങുന്ന പ്രതാപത്തിന്റേതായ നാലുകെട്ടുകൾ എട്ടു കെട്ടുകൾ. മറ്റൊന്ന് ഓലമേഞ്ഞ ചെറ്റക്കുടിലുകളോ, മണ്ണ് കുഴച്ച് കെട്ടിയുയർത്തിയ മൺചുവരോടുകൂടിയ സാധാരണ വീടുകൾ. ഈ വീടുകൾക്ക് പറയത്തക്ക വിശേഷണങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ലെങ്കിലും വൃത്തിയും വെടിപ്പുമുള്ള വീടുകളായിരുന്നു ഇവയും.

ആളോഹരി നിയമം വന്നതോടുകൂടി വലിയ ഭവനങ്ങളും സ്വത്തുക്കളും വിഭജിക്കപ്പെടുകയും പുതിയ പുതിയ വീടുകൾ ഉണ്ടാകാൻ തുടങ്ങുകയും ചെയ്തു. 50 വർഷങ്ങൾക്ക് മുൻപ് ഓലമേഞ്ഞ വീടുകളായിരുന്നു പന്മന പഞ്ചായത്തിലെ 15 വാർഡുകളിലും സാധാരണ കണ്ടിരുന്നത്. മുപ്പതുകളിലും നാൽപതുകളിലും ഓല യുടെ സ്ഥാനത്ത് ഓടും; ഓടിന്റെ സ്ഥാനത്ത് ടെറസ്സും യഥാക്രമം സ്ഥാനം പിടിച്ചു. ചിലവു കുറഞ്ഞ വീടുക ളായിരുന്നു അധികവും. എങ്കിലും അവയുടെ നിർമ്മാണ ത്തിനാവശ്യമായ സാധന സാമഗ്രികളുടെ ദൗർലഭ്യം ജനങ്ങളെ മറ്റ് വഴികൾ തേടിപ്പോകാൻ പ്രേരിപ്പിച്ചതായി കാണാം. ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെട്ടു തുടങ്ങി. ഇതിന്റെ ഒരു പ്രതിഫലനം ഭവന നിർമ്മാണ രംഗത്തും ഉണ്ടായി. അച്ഛനും അമ്മയും മക്കളും അവരുടെ മക്കളും അടങ്ങുന്ന വലിയ കുടുംബത്തിന്റെ സ്ഥാനത്ത് ചെറിയചെറിയ കുടുംബങ്ങൾ ഉണ്ടാകുകയും വീടുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ ഒരു വലിയ കുതിച്ചുചാട്ടം തന്നെ നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകുകയും ചെയ്തതായി കാണാം.

പഞ്ചായത്തിലെ 15 വാർഡുകളിൽ 12239 കുടുംബ ങ്ങൾ ഉള്ളതിൽ 4177 പേർക്ക് ഓടിട്ട വീടും 2906 പേർക്ക് ഓലമേഞ്ഞ വീടും 3165 ടെറസ്സും (കോൺക്രീറ്റ്) 847 കുടുംബങ്ങൾക്ക് ഒന്നിൽ കൂടുതൽ നിലകളുള്ള വീടും 1907 മറ്റുള്ളവയുമാണ്.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ നിലകളുള്ളകെട്ടിടങ്ങളുടെ എണ്ണം | മേൽപുരയുടെ സ്വഭാവം — ഒരു നിലയുള്ള കെട്ടിടങ്ങൾ: കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1 | 741 | 4 | 190 | 311 | 199 | 37 |
| 2 | 592 | 6 | 132 | 254 | 140 | 60 |
| 3 | 1039 | 4 | 298 | 328 | 255 | 154 |
| 4 | 954 | 2 | 228 | 298 | 230 | 196 |
| 5 | 1085 | 5 | 260 | 328 | 296 | 196 |
| 6 | 1080 | 15 | 263 | 319 | 288 | 195 |
| 7 | 1185 | 6 | 301 | 396 | 297 | 185 |
| 8 | 774 | 1 | 201 | 299 | 183 | 90 |
| 9 | 794 | 1 | 203 | 278 | 147 | 165 |
| 10 | 728 | 3 | 215 | 273 | 128 | 109 |
| 11 | 874 | 4 | 203 | 299 | 243 | 125 |
| 12 | 652 | 10 | 185 | 232 | 160 | 65 |
| 13 | 1051 | 22 | 301 | 347 | 192 | 189 |
| 14 | 690 | 1 | 185 | 215 | 148 | 141 |
| ആകെ | 12239 | 84 | 3165 | 4177 | 2906 | 1907 |

കുറിപ്പ്: ഇപ്പോൾ പതിനഞ്ച് വാർഡ് നിലവിലുണ്ട്. 15—ാം വാർഡ് വേർതിരിച്ചെടുത്തിട്ടില്ല. അതിനാൽ പ്രത്യേകം ചേർത്തിട്ടില്ല.

1979ന് ശേഷം ഇങ്ങോട്ട് വന്നിട്ടുള്ള പഞ്ചായത്ത് ഭരണ സമിതിയുടെ കാലാകാലങ്ങളിൽ വാർഡുകളിലെ ഒട്ടുമിക്ക ഇടവഴികളും; വഴിയില്ലാതിരുന്ന സ്ഥലങ്ങളിലും പുതിയ റോഡുകൾ വെട്ടുകയുണ്ടായി. ഈ പുതിയ റോഡുകളുടെ ഇരുവശങ്ങളിലും പുതിയ വീടുകളും ക്രമേണ ഉയർന്നു വരാൻ തുടങ്ങി. എങ്കിലും കൂടുതൽ ഗതാഗത സൗകര്യമുള്ള റോഡുകളുടെ വശങ്ങളിലാണ് കൂടുതൽ പണം ചിലവഴിച്ച് കെട്ടിടങ്ങൾ പണിഞ്ഞിട്ടുള്ളത് എന്ന് കാണാം.

കെട്ടിടങ്ങളുടെ മേൽക്കൂരകൾ ഏത് തരത്തിലാണെന്നുള്ളതിന് സമ്മിശ്ര പ്രതികരണമാണ് ഗ്രാമസഭകളിൽനിന്ന് ഉയർന്നു വന്നിട്ടുള്ളത്. എന്നാൽ കണക്കുകളിൽ നിന്ന് ഓടിട്ട വീടുകളാണം കൂടുതലെന്ന് കാണാം. എന്നാൽ മനയിൽ വാർഡിൽ കൂടുതലും വാർത്ത വീടുകളാണ് ഉള്ളതെന്ന് റിപ്പോർട്ടിൽ കാണുന്നു. അതിന് അടിസ്ഥാനമായ ഒരു സാമൂഹ്യ സാമ്പത്തിക സാഹചര്യം അവിടെ ഉയർന്നു വരുന്നതായി വിലയിരുത്താം. എങ്കിലും അമിതമായി പണം ചിലവഴിച്ച് വമ്പൻവീട് വയ്ക്കുന്നതും അവിടെ വിലപിടിപ്പുള്ള അത്യന്താധുനിക വീട്ടുസാധനങ്ങൾ വാങ്ങി അലങ്കരിക്കുന്നതും ആരോഗ്യകരമായ പ്രവണതയല്ല. മിച്ചവരുമാനം പ്രത്യുൽപാദനപരമായ മേഖലകളിൽ വിനിയോഗിക്കുകയാണെങ്കിൽ അത് ആ വ്യക്തിയ്ക്കും അതിലൂടെ സമൂഹത്തിനും കൂടുതൽ പ്രയോജനകരമായിരിക്കും.

## ഭവന നിർമ്മാണ രംഗത്തെ സഹകരണ സ്ഥാപനം

നമ്മുടെ പഞ്ചായത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം പ്രവർത്തിക്കുന്നില്ല. ചവറ ബ്ലോക്ക് റൂറൽ ഹൗസിംഗ് കോ—ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനം ചവറ പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്നുണ്ട്. പന്മന പഞ്ചായത്തും ഈ സ്ഥാപനത്തിൻെറ സേവന മേഖലയിൽ വരും. എന്നാൽ പന്മന പഞ്ചായത്തിൽ നാമമാത്രമായ സംഖ്യയെ ഈ ബാങ്കിൽനിന്ന് ഭവന നിർമ്മാണ വായ്പ നൽകിയിട്ടുള്ളു എന്ന് രേഖകളിൽ കാണുന്നു.

### പട്ടിക—2

**ചവറ ബ്ലോക്ക് റൂറൽ ഹൗസിംഗ് കോ—ഓപ്പറേറ്റീവ് സൊസൈറ്റിയിൽനിന്ന് നൽകിയ ഭവന നിർമ്മാണ വായ്പയുടെ വിവരം**

| വർഷം | വായ്പ കിട്ടിയവരുടെ എണ്ണം | തുക |
|---|---|---|
| 92-93 | 2 | 45000 |
| 93-94 | 1 | 42000 |
| 94-95 | 9 | 517000 |
| 95-96 | - | - |
| 96-97 | - | - |

പഞ്ചായത്തിലെ വീടില്ലാത്തവരുടെ എണ്ണം കണക്കാക്കുമ്പോൾ ഈ സ്ഥാപനത്തിൻെറ പ്രവർത്തനം തൃപ്തികരമല്ല. കുറഞ്ഞ മൂലധന നിക്ഷേപവും ഉദ്യോഗസ്ഥൻമാരുടെ അപര്യാപ്തതയും ആവശ്യക്കാരുടെ ബാഹുല്യവും, കുറഞ്ഞ പലിശ നിരക്കും, തിരിച്ചടവിൽ വീഴ്ചയും ഈ സ്ഥാപനത്തെ നഷ്ടത്തിലേയ്ക്ക് കലാശിയ്ക്കാൻ ഇടയാക്കിയിട്ടുണ്ട്.

ഇനി വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഏജൻസികളിൽനിന്നും പന്മന പഞ്ചായത്തിൽ ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകിയത് പരിശോധിയ്ക്കാം.

## സഹകരണ കാർഷിക വികസന ബാങ്ക് കരുനാഗപ്പള്ളി

ഈ സ്ഥാപനത്തിൽ നിന്ന് പന്മന പഞ്ചായത്തിൽ ഭവന നിർമ്മാണത്തിന് 1995—96ൽ 72 പേർക്ക് 13,50,000 രൂപ വായ്പ നൽകിയിട്ടുണ്ട്. ബാങ്കിൻെറ നിക്ഷേപവുമായി തട്ടിച്ചു നോക്കുമ്പോൾ ഈ സംഖ്യ വളരെ ചെറുതാണ്. പന്മന പഞ്ചായത്തിലെ പാർപ്പിട പ്രശ്നം കണക്കാക്കുമ്പോൾ ഇത്തരം വായ്പാ രംഗത്ത് ബാങ്ക് കുറെക്കൂടി ഉദാരവൽക്കരണം നടത്തേണ്ടിയിരിക്കുന്നു.

## ജില്ലാ സഹകരണ ബാങ്ക്

സാധാരണക്കാർക്ക് സ്ഥാപനത്തിൽനിന്ന് വായ്പകിട്ടാൻ വളരെ ബുദ്ധിമുട്ടുണ്ട്. കർക്കശമായ ജാമ്യ വ്യവസ്ഥകളും ഉയർന്ന പലിശ നിരക്കും സാധാരണക്കാരെ ഇതിൽനിന്ന് വായ്പയെടുത്ത് വീട് നിർമ്മിക്കുന്നതിൽ നിന്ന് അകറ്റി നിർത്തുന്നു. അപേക്ഷ നൽകുന്നതിും ബുദ്ധിമുട്ടുണ്ട്. അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിനും ഗുരുതരമായ കാലതാമസമുണ്ട്.

### പട്ടിക—3

**ജില്ലാ സഹകരണ ബാങ്കിൽ നിന്ന് കഴിഞ്ഞ 5 വർഷം ഭവന നിർമ്മാണ വായ്പ നൽകിയതിൻെറ വിവരം**

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| 92-93 | ഇല്ല | ഇല്ല |
| 93-94 | ഇല്ല | ഇല്ല |
| 94-95 | 3 | 152900 |
| 95-96 | 7 | 466000 |
| 96-97 | 4 | 256000 |

## ഭവന നിർമ്മാണ അവാർഡ്

കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി കൊല്ലം ഭവന നിർമ്മാണ ബോർഡിൽനിന്ന് വിവിധ പദ്ധതികളിൽ 308 കുടുംബങ്ങൾക്ക് 1,59,65,100 രൂപാ കെട്ടിട നിർമ്മാണ വായ്പയായി നൽകിയിട്ടുണ്ട്. പാർപ്പിട പ്രശ്നത്തിന് ഇപ്പോൾ കാര്യമാത്ര പ്രസക്തമായി പരിഹാരം കാണുന്നതിൽ ഭവന നിർമ്മാണ ബോർഡിൻെറ പങ്ക് വലുതാണ്. കുറഞ്ഞ വരുമാനമുള്ളവർക്കും കൂടിയ വരുമാനമുള്ള വർക്കും ഒരേ പോലെ വായ്പ നൽകുന്നത് ഈ സ്ഥാപത്തിൻെറ പ്രത്യേകതയാണ്. കുറഞ്ഞ പലിശ നിരക്കും ആകർഷകമായ സബ്സിഡിയും ശാസ്ത്രീയമായ തവണ വ്യവസ്ഥകളും കാരണം ഭവന നിർമ്മാണ ബോർഡിൽ വായ്പാ അപേക്ഷകരുടെ എണ്ണം ദിനം പ്രതി വർദ്ധിച്ചു വരുന്നു. എന്നാൽ വായ്പക്ക് അപേക്ഷിക്കുന്നവർക്ക് എല്ലാം സമയത്തിന് സംഖ്യ കിട്ടാത്തതും അപേക്ഷകളിന്മേൽ നടപടി എടുക്കാനുള്ള കാലതാമസവും ഒരു പോരായ്മയായി കാണണം. വായ്പയ്ക്കുള്ള രേഖകൾ തയ്യാറാക്കുന്നതിനും അപേക്ഷകർ വളരെ ബുദ്ധിമുട്ടുന്നു. വില്ലേജ് ഓഫീസിൻെറയും, സബ് രജിസ്ട്രാർ ഓഫീസിൻെറയും കാര്യം എടുത്തു പറയേണ്ടിയിരിയ്ക്കുന്നു. അവിടെ മാമൂൽ കൊടുത്താലെ കാര്യങ്ങൾ നടക്കുകയുള്ളു.

### പട്ടിക—4
**കൊല്ലം ഹൗസിംഗ് ബോർഡിൽ നിന്ന് കഴിഞ്ഞ അഞ്ചുവർഷം ഭവന നിർമ്മാണ വായ്പ നൽകിയതിൻെറ വിവരം**

| വർഷം | പദ്ധതിയുടെ പേര് | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | ആകെ |
|---|---|---|---|---|
| 1992-93 | ദുർബല വിഭാഗങ്ങൾക്കുള്ളത് E.W.S. 92 | 12,500 | 125 | 15,62,500 |
| 93-94 | താഴ്ന്ന വിഭാഗങ്ങൾക്കുള്ളത് LIG-93 | 34,000 | 25 | 8,50,000 |
| | ഇടത്തരം വിഭാഗങ്ങൾക്കുള്ള MIG-93 | 1,00,000 | 15 | 15,00,000 |
| 94-95 | ഉയർന്ന വരുമാനക്കാർക്കുള്ളത് HIG 94 | 2,00,000 | 5 | 10,00,000 |
| | ഇടത്തരം വരുമാനക്കാർക്കുള്ളത് LIG 95 | 55,000 | 60 | 33,00,000 |
| 95-96 | ഇടത്തരം വരുമാനക്കാർക്കുള്ള MIG 95 | 1,75,000 | 15 | 26,25,000 |
| | ദുർബലവിഭാഗങ്ങൾക്കുള്ള EWS | 26,400 | 159 | 41,97,600 |
| 96-97 to 10/96 | ഉയർന്ന വരുമാനകാർക്കുള്ളത് HIG | 3,00,000 | 3 | 9,00,000 |
| | മൈത്രി E.W.S. | 30,000 | 1 | 30,000 |
| ആകെ | 9 സ്കീം | — | 308 | 1,59,65,100 |

## ചവറ ഗ്രാമവികസന ബ്ലോക്ക്

പൂർണ്ണമായും തിരിച്ചടയ്ക്കണ്ടാത്ത സംഖ്യയാണ് വീടുവയ്ക്കുന്നതിനായി ബ്ലോക്കിൽനിന്ന് നൽകുന്നത്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള രണ്ട് സെൻറ് സ്ഥല മെങ്കിലും സ്വന്തമായുള്ള നല്ല വീടില്ലാത്ത പട്ടിക ജാതിക്കാരും അല്ലാത്തവരുമായ കുടുംബങ്ങൾക്കാണ് വീടിൻെറ ആനുകൂല്യം ലഭിയ്ക്കുന്നത്. ജവഹർ റോസ്ഗാർ യോജന (JRY) ഇന്ദിര ആവാസ് യോജന (IAY) പത്തു ലക്ഷം കിണർ പദ്ധതി (MWS) എന്നിവയിൽ വീടുവയ്ക്കാൻ സാമ്പത്തിക സഹായം നൽകുന്നു. വീട് കൂടാതെ കക്കൂസ്, വയറിംഗ്, പുകയില്ലാത്ത അടുപ്പ്, ഭൂമിനിരപ്പാക്കൽ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കാണ് സാമ്പത്തിക സഹായം നൽകുന്നത്. 92—93ൽ 11200 രൂപയും, 93—94ൽ 13,300 രൂപയും, 94—95, 95—96ൽ 15800 രൂപയുമാണ് നൽകിയിരുന്നത്.

22000 രൂപ ഇപ്പോൾ ഈ വീട് പദ്ധതികൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഇപ്പോഴത്തെ വിലവച്ച് നോക്കുമ്പോൾ ഈ തുകകൊണ്ട് വീട്പണി പൂർത്തീകരിയ്ക്കാൻ കഴിയില്ല.

### പട്ടിക—5

**വിവിധ പദ്ധതികളിൽ ചവറ ബ്ലോക്കിൽ നിന്ന് വീടിന് സഹായധനം നൽകിയതിൻെറ വിശദവിവരം**

| വർഷം | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 92-93 | IAY | 3 | 33,900 |
| | MWS | 5 | 66,500 |
| | JRY | 18 | 239400 |
| 93-94 | IAY | 17 | 221000 |
| | MWS | 5 | 66500 |
| | JRY | 18 | 239400 |
| 94-95 | IAY | 12 | 189600 |
| | MWS | 7 | 110600 |
| | JRY | 7 | 110600 |
| 95-96 | IAY | 41 | 647800 |
| | MWS | 8 | 126400 |
| | JRY | 6 | 94800 |

## പന്മന ഗ്രാമപഞ്ചായത്ത്

JRY പദ്ധതിയിൽ പന്മന ഗ്രാമപഞ്ചായത്തിൽ നിന്ന് വീടില്ലാത്തവർക്ക് വീട് വയ്ക്കുന്നതിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ബ്ലോക്കിൽ നിന്ന് അനുവദിയ്ക്കുന്നതിനുള്ള നിബന്ധനകൾതന്നെ ഇതിനും ബാധകമാണ്.

### പട്ടിക—6

**JRY പദ്ധതിയിൽ പന്മന പഞ്ചായത്തിൽ നിന്ന് വീട് കിട്ടിയവരുടെ വിശദവിവരം**

| വർഷം | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 92-93 | JRY | 7 | 78400 |
| 93-94 | " | 5 | 66500 |
| 94-95 | " | 1 | 15800 |
| 95-96 | " | 9 | 142200 |

## കൃഷിഭവൻ

പ്രത്യേക ഘടകപദ്ധതിയിൽപെടുത്തി പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിന് പന്മന കൃഷി ഭവനിൽനിന്ന് 4 വീടുകൾക്ക് വീടൊന്നിന് 12100 രൂപാവീതം 48400 രൂപ അനുവദിച്ചിട്ടുണ്ട്. മേക്കാട് പട്ടികജാതി കോളനിയിലെ കുടുംബങ്ങൾക്കാണ് ഈ ആനുകൂല്യം ലഭിച്ചിരിക്കുന്നത്.

## വാണിജ്യ ബാങ്കുകൾ

പന്മനപഞ്ചായത്ത് സേവന മേഖലയായി എടുത്തിട്ടുള്ളത് പന്മനബാങ്ക് ഓഫ് ഇൻഡ്യയും പുത്തൻചന്ത വൈശ്യാബാങ്കും, തേവലക്കര ഇൻഡ്യൻ ബാങ്കുമാണ്.

## വില്ലേജ് ഓഫീസ്

പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടിട്ടുള്ളവർക്കു പുനരധിവാസ ഭവന നിർമ്മാണ പരിപാടി അനുസരിച്ച് വില്ലേജ് ഓഫീസുകൾവഴി വീട് വയ്ക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നുണ്ട്. വടക്കുംതല പന്മന എന്നീ രണ്ട് വില്ലേജുകളാണ് പന്മന പഞ്ചായത്തിലുള്ളത്. രണ്ടെടുത്തുനിന്നും സഹായം നൽകിയതിനെക്കുറിച്ച് വിവരം കിട്ടിയിട്ടില്ല.

## പട്ടിക—7

**ബാങ്കുകളിൽ നിന്ന് ഭവന നിർമ്മാണ വായ്പ നൽകിയതിൻെറ വിവരം**

| വർഷം | ബാങ്ക് ഓഫ് ഇൻഡ്യ, പന്മന | | വൈശ്യാ ബാങ്ക്, പുത്തൻചന്ത | | ഇൻഡ്യൻ ബാങ്ക്, തേവലക്കര | |
|---|---|---|---|---|---|---|
| | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
| 92-93 | 2 | 80,0000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 93-94 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 94-95 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 95-96 | ഇല്ല | ഇല്ല | 1 | 3,00,000 | ഇല്ല | ഇല്ല |
| 96-97 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1 | 1,00,000 |

### താലൂക്ക് പട്ടികജാതി വികസന ഓഫീസ്

ഇവിടെനിന്ന് ഭവന നിർമ്മാണത്തിന് 1992 മുതൽ 96—97വരെ 14 പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

## പട്ടിക—8

**താലൂക്ക് പട്ടികജാതി വികസന ഓഫീസിൽനിന്ന് പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിന് നൽകിയ സാമ്പത്തിക സഹായം**

| വർഷം | അനുവദിച്ച വീടിൻെറ എണ്ണം | ഒരു വീടിന് അനുവദിച്ച തുക | ആകെ അനുവദിച്ച തുക |
|---|---|---|---|
| 92-93 | 1 | 12000 | 12000 |
| 93-94 | 5 | 12000 | 60000 |
| 94-95 | 1 | 12000 | 12000 |
| 95-96 | 7 | 15000 | 105000 |
| 96-97 | തീരുമാനമായിട്ടില്ല | | |

96—97—ൽ വീട് അനുവദിച്ചിട്ടില്ല. അനുവദിയ്ക്കുന്ന തുക പൂർണ്ണമായും സഹായധനമാണ് എങ്കിലും ഇപ്പോഴത്തെ ചുറ്റുപാടിൽ ജനസംഖ്യ ഉപയോഗിച്ച് വീടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാക്കാൻ കഴിയില്ല.

കൂടാതെ മത്സ്യത്തൊഴിലാളി ക്ഷേമനിധി, കയർ, തൊഴിലാളി ക്ഷേമനിധി, കയർ പ്രോജക്ട് ഓഫീസ് എന്നിവിടങ്ങളിൽനിന്ന് അതാത് മേഖലകളിൽ തൊഴിലെടുക്കുന്ന ജീവനക്കാർക്ക് ഭവനനിർമ്മാണ വായ്പയും സബ്സിഡിയും അനുവദിയ്ക്കുന്നുണ്ട്.

1971—ൽ കേരളത്തിൽ കിടപ്പാടമില്ലാത്തവർ കടത്തിണ്ണകളിൽ അന്തിയുറങ്ങുന്നവർക്കും വേണ്ടി നിർമ്മിച്ചു നൽകിയ ലക്ഷം വീട് പദ്ധതി പന്മന പഞ്ചായത്തിലും നടപ്പാക്കി. പല ഘട്ടങ്ങളിലായി കൊല്ലക, വടക്കുംതലമേക്ക്, മനയിൽ, കണ്ണൻകുളങ്ങര, മാവേലി എന്ന ീ വാർഡുകളിൽ വീടില്ലാത്ത 100 കുടുംബങ്ങൾക്ക് 50 വീട് നിർമ്മിച്ച് നൽകിയിരുന്നു.

## പട്ടിക—9

**പഞ്ചായത്തിലെ ലക്ഷം വീടുകൾ**

| വർഷം | ലക്ഷംവീട് കോളനിയുടെ പേര് | വീടുകളുടെ എണ്ണം |
|---|---|---|
| I | കൊല്ലക ല. വീ. കോ. | 10 |
| V | മനയിൽ ല. വീ. കോ. | 10 |
| XI | കണ്ണൻകുളങ്ങര ല. വീ. കോ. | 10 |
| XIII | വടക്കുംതല മേക്ക് ല.വീ.കോ. | 10 |
| XIV | പോരൂക്കര ല. വീ. കോ. | 10 |

ഈ വീടുകൾക്ക് ഒരുപാട് പോരായ്മകളുണ്ട്. (1) ഒരു വീട്ടിൽ രണ്ട് വശങ്ങളിലായി രണ്ട് കുടുംബങ്ങൾ താമസിക്കുന്നു. (2) വീടിനുള്ളിലെ പരിമിതമായ സൗകര്യങ്ങൾ (3) അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, കിണർ, വൈദ്യുതി, റോഡുകൾ എന്നിവ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തിയിട്ടില്ല. (4) പരിമിതമായ സ്ഥല സൗകര്യം (5) കാലാകലങ്ങളിൽ അറ്റകുറ്റപണികൾ നടത്താത്തിനാൽ വീടുകൾ മിക്കതും പൊട്ടിപ്പൊളിഞ്ഞ് വാസയോഗ്യമല്ലാതായിത്തീർന്നിരിക്കുന്നു. ആധുനിക ജീവിത സാഹചര്യങ്ങളിൽ കോളനിവൽക്കരണത്തോടുള്ള വിമുഖത.

പുതിയ വീടുകൾ, കോളനികൾ എന്നിവ നിർമ്മിക്കുവാൻ വേണ്ടി മാറ്റിവയ്ക്കുവാൻ വല്ല പ്രദേശവും വാർഡിലുണ്ടോ എന്ന ചോദ്യത്തിന് 8 വാർഡുകളിൽനിന്ന് അനുകൂലമായ പ്രതികരണമാണ് ഉണ്ടായിട്ടുള്ളത്. സ്ഥലമില്ലാത്തവർക്ക് പുറംപോക്കിൽ താമസിക്കുന്നവർക്ക് വീടില്ലാത്തവരായ പഞ്ചായത്തിലെ

രണ്ടായിരത്തോളം കുടുംബങ്ങൾ സർക്കാരിന്റെ പദ്ധതികളായ IAY, JRY, MWS, VHS എന്നിവയിൽ ഏതെങ്കിലും ഒന്നിലോ, ഭവന നിർമ്മാണ ബോർഡ്, എൽ.ഐ.സി. എന്നീ ഏജൻസികൾ വഴിയോ വീടുകൾ നിർമ്മിച്ച് നൽകാം. കോളനികൾ നിർമ്മിക്കുമ്പോൾ പശ്ചാത്തല സൗകര്യങ്ങൾകൂടി ഉണ്ടായിരിക്കുകയും വേണം. ഈയിനത്തിൽ പാർപ്പിടരംഗത്ത് ഇപ്പോൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ഒരുപരിധിവരെ പരിഹരിക്കാൻ പറ്റും.

പാടം നികത്തി കെട്ടിടം പണിയുന്ന രീതി പന്മന പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമുണ്ട്. വാർഡുകൾ 4, 5, 6, 7, 8, 10, 11, 12, 13, 14, 15 എന്നിവയിൽ പാടം നികത്തി വീട് വച്ചിട്ടുള്ളത് എവിടെയും കാണാം. ഇത് ഏറ്റവും രൂക്ഷമായിട്ടുള്ളത് മുല്ലക്കേരി, നടുവത്തുചേരി, വടക്കുംതലമേക്ക്, മാവേലി എന്നീ വാർഡുകളിലാണ്. പാടം നികത്തി വീട്വയ്ക്കുന്നതുകൊണ്ട് പല ദോഷങ്ങളുമുണ്ട്. (1) നെൽപാടങ്ങൾ കുറയുന്നു. (2) ഭക്ഷ്യ ദൗർലഭ്യമുണ്ടാകുന്നു. (3) തൊഴിൽ നഷ്ടപ്പെടുന്നു. (4) കൃഷി നശിയ്ക്കുന്നു. (5) പരിസ്ഥിതി പ്രശ്നങ്ങൾ (6) വീട്വയ്ക്കാനുള്ള ചെലവ് കൂടുന്നു.

കെട്ടിട നിർമ്മാണ സാമഗ്രികൾ ഒന്നുംതന്നെ പഞ്ചായത്തിൽ നിർമ്മിക്കുന്നില്ലെന്ന് പറഞ്ഞുകൂടാ. നടുവത്തുചേരി വാർഡിലും, കൊല്ലകയിലും കളരി മേക്കാട് ഓരോ ചുടുകട്ട നിർമ്മാണം.

നടുവത്തുചേരി വാർഡിൽ ഹോളോബ്രിക്സ്—കളുടെ കമ്പനികളുണ്ട്. കട്ടള, ജന്നൽ, കതക്, എന്നിവ ഉണ്ടാക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളും വാർഡുകളിലുണ്ട്. സിമന്റ് മറ്റ് കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്ന വ്യവസായ സ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിൽ ഉള്ളതായി അറിയില്ല. വെട്ടുകല്ലില്ല, കരിങ്കല്ലില്ല. മെറ്റൽ ചെറിയ തോതിൽ ഉൽപാദിപ്പിക്കുന്നുണ്ട്. ഇടത്തരം വീട് നിർമ്മാണത്തിന് സിമന്റ് കട്ടകൾ സ്വന്തമായി ഉണ്ടാക്കി ഉപയോഗിക്കുന്നു. പൊതുവിൽ പഞ്ചായത്തിലെ കെട്ടിട നിർമ്മാണത്തിന് മറ്റ് സ്ഥലങ്ങളിൽ ഉൽപാദിപ്പിക്കുന്ന സാധന സാമഗ്രികൾ കൂടിയ വിലകൊടുത്ത് വാങ്ങേണ്ടി വരുന്നു. ഇതിനാൽ ഭവനനിർമ്മാണത്തിന് മറ്റ് സ്ഥലങ്ങളിൽ ഉള്ളതിനേക്കാൾ കൂടുതൽ തുക ചിലവാക്കേണ്ടി വരുന്നുണ്ട്. കെട്ടിട നിർമ്മാണ സാധന സാമഗ്രികളുടെ അനിയന്ത്രിതമായ വില വർദ്ധനവും അവശ്യസാധനങ്ങളുടെ ദൗർലഭ്യവും, കരിഞ്ചന്തയും, പൂഴ്ത്തിവയ്പും സാധാരണ ഇടത്തരം വരുമാനക്കാരെ അലട്ടുന്ന പ്രശ്നങ്ങളാണ് നവംബർ മുതൽ മാർച്ച് മാസംവരെയാണ് കെട്ടിട നിർമ്മാണ സീസൺ. ഈ കാലയളവിൽ കല്ലിനും കട്ടയ്ക്കും മണലിനും സിമന്റിനും കമ്പിയ്ക്കും മറ്റ് കെട്ടിട നിർമ്മാണ സാധനങ്ങൾക്കും ക്രമാതീതമായി വില വർദ്ധിയ്ക്കുന്നു.

ആവശ്യത്തിന് കെട്ടിട നിർമ്മാണ തൊഴിലാളികളെ കിട്ടാത്തതും മറ്റൊരു പ്രശ്നമാണ്. വേണ്ടത്ര ആളുകൾ തൊഴിലിനായി ഈ രംഗത്തേയ്ക്ക് കടന്നു വരുന്നില്ല. ഉള്ളവർക്ക് തന്നെ മറ്റ് തൊഴിൽ രംഗങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട വേതനമാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. എങ്കിലും കൂടുതൽ തൊഴിൽ തേടി, കൂലിതേടി പട്ടണങ്ങളിൽ പോകുന്നുണ്ട് ഈ രംഗത്തെ തൊഴിലാളികൾ. വിദഗ്ദ്ധന്മാരായ തൊഴിലാളികൾ നന്നെ കുറവാണ്. ഈ രംഗത്തെ ചെലവ് കുറഞ്ഞ പുതിയ രീതികൾ ഇവരിൽ പലർക്കും വശമില്ല. തൊഴിൽ അസ്ഥിരതയും; വർഷം മുഴുവൻ തൊഴിൽ കിട്ടാത്തതും; കിട്ടുന്ന തൊഴിലിൽ നിന്ന് ലഭിയ്ക്കുന്ന വേതനംകൊണ്ട് കുടുംബം പുലർത്താൻകഴിയാത്തതും കെട്ടിട നിർമ്മാണ തൊഴിലാളികളെ ആ രംഗത്ത് സ്ഥിരമായി തൊഴിൽ ചെയ്യുന്നതിൽ നിന്ന് പിൻതിരിയാൻ പ്രേരിപ്പിക്കുന്ന സാഹചര്യങ്ങളും ഈ പഞ്ചായത്തിലുണ്ട്. കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധിയും മറ്റ ആനുകൂല്യങ്ങളും ഉണ്ടെങ്കിലും അജ്ഞതകൊണ്ടോ അതിനോടുള്ള വൈമനസ്യം കൊണ്ടോ, ക്ഷേമനിധി ആനുകൂല്യങ്ങൾ കിട്ടുന്നതിലെ കാലതാമസംകൊണ്ടോ, മറ്റ് നൂലാമാലകളുടെ ഫലമായോ തൊഴിലാളികളിൽ വളരെ കുറച്ച് പേരേ ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്നിട്ടുള്ളു. കെട്ടിട നിർമ്മാണ തൊഴിലാളികൾ അസംഘടിതരാണ്. അതിനാൽ ആരംഗത്ത് വളരെയേറെ ചൂഷണത്തിന് വിധേയരാവുന്നുണ്ടവർ.

മറ്റു ജില്ലകളിലെ ഗ്രാമങ്ങളെ അപേക്ഷിച്ച് കെട്ടിട നിർമ്മാണ തൊഴിൽ മേഖലയിലേക്ക് നമ്മുടെ നാട്ടിലെ സ്ത്രീകൾ കടന്നു വരുന്നില്ല. കൂടുതൽ കായികാദ്ധ്വാനം വേണ്ടുന്ന തൊഴിലാണിത്. അതുകൊണ്ട്കൂടിയാവാം സ്ത്രീകൾ ഈ രംഗത്തേയ്ക്ക് കടന്നു വരാത്തത്. ഏത് തൊഴിലും നല്ലതാണെന്നും അത് ചെയ്ത് ഉപജീവനം നടത്താമെന്നുമുള്ളബോധം നാട്ടിൻപുറത്തെ സ്ത്രീകൾക്കുണ്ടാകണം. കെട്ടിട നിർമ്മാണ തൊഴിൽ മേഖലയിൽ ഉണ്ടായിട്ടുള്ള കൂലിവർദ്ധനയുടെ ഒരു താരതമ്യപഠനം ചുവടെ ചേർക്കുന്നു.

ഇതിൽ വാർപ്പ്പണി, പ്ലമ്പർ, പെയിന്റർ, വയർമാൻ എന്നിവർ, മറ്റുള്ളവർ എന്നിവർക്ക് കരാർ അടിസ്ഥാനത്തിലും തൊഴിൽ ചെയ്യുന്നുണ്ട്. അവരുടെ വേതനം അതിനാൽ പൂർണ്ണമായി ക്ലിപ്തപ്പെടുത്താൻ കഴിയുന്നില്ല.

## പട്ടിക—10

**കെട്ടിട നിർമ്മാണ തൊഴിലാളികളും അവരുടെ കൂലി നിരക്കും**

| നമ്പർ | തൊഴിൽ | ഒരു വർഷം പരമാവധി കിട്ടുന്ന തൊഴിൽ ദിനങ്ങൾ | കൂലിനിരക്ക് താരതമ്യപഠനം | | |
|---|---|---|---|---|---|
| | | | 1985 | 1990 | 1996 |
| 1 | മേസൻ | 150 | 70 | 90 | 125 |
| 2 | ഹെൽപ്പർ (മയ്ക്കാട് | 120 | 50 | 60 | 90 |
| 3 | ആശാരി | 100 | 80 | 100 | 130 |
| 4 | വാർപ്പ് പണിക്കാരൻ | 80 | 50 | 60 | 100 |
| 5 | പ്ലംബർ | 60 | 70 | 80 | 100 |
| 6 | വയർമാൻ | 60 | 70 | 80 | 100 |
| 7 | പെയിൻറർ | 60 | 70 | 80 | 100 |
| 8 | മറ്റുള്ളവർ | 80 | 50 | 60 | 80 |

### വീടില്ലാത്തവർ

സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾ വാർഡുകളിൽ ശരാശരി 200 വരും. ഗ്രാമസഭാ റിപ്പോർട്ടുകളിൽ മനയിൽ 300ഉം ചിറ്റൂരിൽ 247ഉം പൊന്മന മുല്ലക്കേരി എന്നിവിടങ്ങളിൽ 200 വീതവും ഉണ്ടെന്ന് കാണുന്നു. ഇതൊരു സ്ഥിതി വിവരക്കണക്കെടുത്തതിൻെറ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയതാണെന്ന് പറയാൻ കഴിയുന്നില്ല. എങ്കിലും എല്ലാ വാർഡുകളിലും വീടില്ലാത്തവർ അവശേഷിക്കുന്നുണ്ടെന്ന് കാണാൻ കഴിയും.

വീടില്ലാത്തവർ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ് (റിപ്പോർട്ട്). എന്നാൽ ഏതെങ്കിലും പ്രത്യേക ജാതിയിലോ മതത്തിലോപെട്ടവരല്ല. കൃഷിയിൽനിന്നോ വ്യവസായത്തിൽനിന്നോ മറ്റ് തൊഴിലുകളിൽനിന്നോ സ്ഥായിയായ വരുമാനമില്ലാത്തവരാണെന്ന് കാണാം. സമൂഹത്തിൻെറ താഴെ തട്ടിലുള്ളവർ ദുർബല വിഭാഗത്തിൽപെട്ടവർ, അവശത അനുഭവിയ്ക്കുന്നവർ ധാരാളമാണ്. ഇപ്പോഴത്തെ ചുറ്റുപാടിൽ ഏറ്റവും കുറഞ്ഞ സൗകര്യങ്ങളുള്ള ഒരു വീട് വയ്ക്കുന്നതിനുപോലും ഭാരിച്ച ഒരു തുക ചിലവഴിക്കേണ്ടി വരുന്നതിനാൽ, അതിനുള്ള സാമ്പത്തിക ശേഷിയില്ലാത്തതിനാൽ, വീടുണ്ടാക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽപോലും അതിന് കഴിയാതെ വരുന്നു.

കുടിലുകളിൽ താമസിക്കുന്നവർ ഒരു പ്രത്യേക വിഭാഗത്തിലും പെട്ടവരല്ല. സ്വന്തമായി വീടുണ്ടാക്കാൻ ശേഷിയില്ലാത്തവരാണ്. കുടിലുകളിൽ അല്ലെങ്കിൽകൂടി നാട്ടിൻപുറത്ത് കുറഞ്ഞ വിലയ്ക്ക് ഇന്ന് കിട്ടാവുന്ന സാധനങ്ങൾ ഉപയോഗിച്ച് ഏതെങ്കിലും തരത്തിലുള്ള ഒരു താൽകാലികവീട്‌വച്ച് താമസിക്കുന്നു.

ചേരി പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ലെങ്കിലും പുറംപോക്കിൽ താമസിക്കുന്ന കുടുംബങ്ങളുണ്ട്. കോളനികളോട് ചേർന്നുള്ള പഞ്ചായത്തിൻെറ സ്ഥലത്തും പൊന്മന വാർഡിലെ സി.എസ്സ്. കനാലിൻെറ വശങ്ങളിലും മൂന്നാം വാർഡിലെ പുത്തൻവീട്ടിൽ കോളനിയുടെ പുറംപോക്കിലും റോസ് പുറംപോക്കിലും മറ്റ് പൊതു സ്ഥലങ്ങളിലും എന്തിന് ഒരു കൂരവയ്ക്കാൻ സൗകര്യമുള്ള എവിടെയും താമസിക്കുന്നവരുണ്ട്. കടത്തിണ്ണകളിൽ അന്തിയുറങ്ങുന്നവർ അലഞ്ഞ് തിരിഞ്ഞ് നടക്കുന്നവരോ ഒറ്റപ്പെട്ടവരോ ആയിരിക്കും. തമിഴ്നാട്ടിൽ നിന്ന് വന്ന് കുടിയേറി താമസിക്കുന്ന കുടുംബങ്ങളില്ല.

### വാസ്തുശിൽപ മാതൃകയിൽ വന്നിട്ടുള്ള മാറ്റങ്ങൾ

കേരളത്തിൻെറ ഭൂപ്രകൃതിയും കാലാവസ്ഥയ്ക്കും അനുയോജ്യമായ കേരളത്തനിമ വിളിച്ചോതുന്ന വാസ്തുശിൽപ മാതൃകകളല്ല വീട് നിർമ്മാണത്തിന് ഇന്ന് ആളുകൾ അനുവർത്തിച്ചു വരുന്നത്. ബഹുനില കെട്ടിടങ്ങളോടും അനാവശ്യമായ എടുപ്പുകളോടും കൂടിയ വീടുകൾ പരക്കെ കാണാം. പാശ്ചാത്യ മാതൃകകളോടും കോൺക്രീറ്റ് സൗധങ്ങളോടുമുള്ള താൽപര്യം കൂടികൂടിവരുന്നു. വില പിടിപ്പുള്ള സാധന സാമഗ്രികൾ വാങ്ങി നല്ലയൊരു സംഖ്യ ചെലവഴിച്ച് വീടുകൾ മോടിപിടിപ്പിക്കുന്നു. ഇതൊരു ആരോഗ്യകരമായ പ്രവണതയല്ല. ഇന്നത്തെ ആധുനിക രീതിയിലുള്ള മതിലുകളുടെ സ്ഥാനത്ത് ഒരു

കാലഘട്ടത്തിൽ വേലികളും ജൈവവേലികളുമായിരുന്നു, നമ്മുടെ നാട്ടിൽ.

## കോളനികളും ഇടതൂർന്ന വീടുകളും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ

മിക്ക കോളനികളിലെയും ഇന്നത്തെ സ്ഥിതി വളരെ പരിതാപകരമാണ്. ഉറപ്പില്ലാത്ത വീടുകൾ, അറ്റകുറ്റ പണികൾ നടത്താൻ കഴിയാത്ത അവസ്ഥ, ചെറിയവീട്, വീടിനുള്ളിലെ അസൗകര്യങ്ങൾ, വീടുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, കറണ്ട്, റോഡുകൾ, സാനിട്ടറി കക്കൂസ് ഇവ ഇല്ലാതിരിക്കുക. അഴുക്കുചാലുകൾ ഇല്ലാതിരിക്കുക. ചപ്പുചവറുകൾ നശിപ്പിക്കുന്നതിനുള്ള അസൗകര്യങ്ങൾ, ചെറിയ പരിസരം, കുട്ടികൾക്ക് കളിക്കുന്നതിനോ വീട്ടു മൃഗങ്ങളെയും പക്ഷികളെയും വളർത്താനുള്ള സൗകര്യമില്ലായ്മ, ഇതെല്ലാം കോളനികളെ അലട്ടുന്ന പ്രശ്നങ്ങളാണ്. പൊതുവെ കോളനി ജീവിതത്തോട് ആളുകൾക്ക് താൽപര്യം കുറഞ്ഞു വരുന്നു. ഒറ്റക്കൊറ്റയ്ക്ക് താമസിക്കാനാണ് ജനങ്ങൾക്ക് താൽപര്യം. 15 വാർഡുകളിലെയും കോളനികളുടെ അവസ്ഥ ഇതിൽനിന്ന് വ്യത്യസ്ഥമല്ല.

പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലായ മേക്കാട്, ചിറ്റൂർ, പേരൂക്കര, വടക്കുംതലമേക്ക്, വിശിഷ്യാ പൊന്മന വാർഡുകളിലെ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളും കർഷക തൊഴിലാളികളും പൊന്മനയിലെ മത്സ്യതൊഴിലാളികളും അധിവസിക്കുന്ന പ്രദേശങ്ങളിലും, ആൾക്കാർ ഇടതിങ്ങി പാർക്കുന്നതായി കാണാൻ കഴിഞ്ഞു. അവിടെയും മേൽ സൂചിപ്പിച്ചപോലെ കോളനികൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ട് അനുഭവിയ്ക്കുന്നവരാണ് മിക്ക കുടുംബങ്ങളും. എന്നാൽ ഇതിനൊരു പരിഹാരം എന്ന നിലയിൽ പട്ടണങ്ങളെപ്പോലെ ഫ്ലാറ്റ് പണിയുന്നതിന് ഉടനെ സാദ്ധ്യതയില്ല.

പന്മന പഞ്ചായത്തിലെ പൊന്മന വാർഡിൽ കടലിനോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ കടൽ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. കടൽ ക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർ നിരവധിയാണ്. അവർക്ക് വീടുവച്ച് കൊടുക്കുന്നതിനോ, അടിയന്തിര സഹായം എത്തിക്കുന്നതിനോ അധികാരികൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. (റിപ്പോർട്ട്) കടൽക്ഷോഭത്തെ നേരിടുന്നതിനുള്ള ഒരു ശാശ്വതപരിഹാരത്തെക്കുറിച്ചും ദുരിതമനുഭവിയ്ക്കുന്നവർക്ക് സഹായമെത്തിക്കുന്നതിനെക്കുറിച്ചും സത്വരനടപടി ഉണ്ടാകണം.

സർക്കാരിൽനിന്ന് സൗജന്യമായി ലഭിയ്ക്കുന്ന വീടുകൾ കൈമാറ്റം ചെയ്യുന്ന പ്രവണത ചിലയിടങ്ങളിലുണ്ട്. ഒരിടത്തുനിന്ന് വീടിനുള്ള ആനുകൂല്യം കൈപ്പറ്റി വീടുണ്ടാക്കിയിട്ട് ഉടനെ വിലക്കുകയും അടുത്തുള്ള പഞ്ചായത്തിൽ ചെന്ന് വീണ്ടും ഈ ആനുകൂല്യം നേടിയെടുക്കുകയും ചെയ്യുന്നു.

## പാർപ്പിട രംഗത്ത് ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ

1. സ്വന്തമായി വീടില്ലാത്തവർ നിരവധിയാണ്.
2. അറ്റകുറ്റപണികൾക്ക് സാമ്പത്തികസഹായം കിട്ടുന്നില്ല.
3. ഭവന നിർമ്മാണ സഹകരണ സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല.
4. സഹകരണ സ്ഥാപനങ്ങൾ ഭവന നിർമ്മാണ വായ്പ നൽകുന്നില്ല.
5. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് സാധാരണക്കാർക്ക് ഭവന നിർമ്മാണ വായ്പ ലഭിക്കുന്നില്ല.
6. ഒരേ വായ്പക്ക് വിവിധ സ്ഥാപനങ്ങളിൽ വിവിധ തരം പലിശ നിരക്കും തിരിച്ചടവ് വ്യവസ്ഥകളും.
7. വില്ലേജ് ആഫീസ് സബ് രജിസ്ട്രാർ ആഫീസ് എന്നിവിടങ്ങളിൽനിന്ന് രേഖകൾ കിട്ടാനുള്ള താമസം.
8. വരവിന്റെ നല്ലൊരു പങ്ക് വീടുപണിയുന്നതിനായി ഉപയോഗിക്കുന്നു.
9. കോൺക്രീറ്റു വീടുകൾ പാരിസ്ഥിതിക പ്രശ്നം സൃഷ്ടിക്കുന്നു.
10. പാശ്ചാത്യരീതികളോടുള്ള ഭ്രമം
11. പാടം നികത്തി വീട് വയ്ക്കുന്ന പ്രവണതകൂടി വരുന്നു.
12. IAY, JRY, MWS, IHS, SCP, RHS എന്നീ പദ്ധതികളിൽ വീടുവയ്ക്കുന്നതിന് അനുവദിച്ചിരുന്ന സംഖ്യവളരെ കുറവാണ്. അർഹതയുള്ളവരിൽ വളരെ കുറച്ച് പേർക്ക് മാത്രമാണ് ഈ പദ്ധതികളുടെ പ്രയോജനം ലഭിയ്ക്കുന്നത്.
13. വീടിനുള്ള ആനുകൂല്യം ദുർവിനിയോഗം ചെയ്യുന്നു.
14. അസംഘടിത തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് വീടില്ല.
15. ലക്ഷം വീടുകളുടെയും പട്ടികജാതി കോളനികളുടെയും പരിമിതികൾ.
16. കെട്ടിടനിർമ്മാണ സാധനങ്ങളുടെ അനിയന്ത്രിതമായ വിലക്കയറ്റവും, കരിഞ്ചന്തയും, പൂഴ്ത്തിവയ്പും.
17. പ്രകൃതി ക്ഷോഭത്തിലും കടൽക്ഷോഭത്തിലും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിയ്ക്കണം.

## പരിഹാര മാർഗ്ഗങ്ങൾ

1. പഞ്ചായത്തിലെ 15 വാർഡുകളിലും വീടുകളുടെ സമഗ്ര സർവ്വെ നടത്തി പാർപ്പിടമില്ലാത്തവരെയും, വീടില്ലാത്തവരെയും, വീടിന് അറ്റകുറ്റപ്പണി നടത്തേ

ണ്ടവരെയും കണ്ടെത്തി ഇപ്പോൾ വിവിധ വകുപ്പു കൾ വഴിയും, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ധനകാര്യസ്ഥാപനങ്ങൾ എന്നിവവഴിയും സാമ്പത്തിക സഹായം നൽകുന്നതിന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപടി സ്വീകരിയ്ക്കുന്നത് ഉചിതമായിരിക്കും.

2. ഇവിടെ പാർപ്പിടമില്ലാത്തവരുടെ പ്രശ്നം രൂക്ഷമാണ്. പഞ്ചായത്ത് പരിധിയിൽ ഉടനെ തന്നെ ഒരു ഭവന നിർമ്മാണ സഹകരണ സംഘം തുടങ്ങണം.

3. സഹകരണ സ്ഥാപനങ്ങളിൽനിന്ന് ഭവന നിർമ്മാണ വായ്പ ലഭിക്കുന്നതിന് വേണ്ടി ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

4. പലിശനിരക്കും തവണ വ്യവസ്ഥകളും പുതുക്കി നിശ്ചയിക്കുകയും ഏകീകരിക്കുകയും വേണം.

5. ധനകാര്യസ്ഥാപനങ്ങൾ അവർക്ക് നിശ്ചയിച്ചിട്ടുള്ള വിഹിതം ഭവന നിർമ്മാണ രംഗത്ത് നാട്ടിൻപുറങ്ങളിൽ ചെലവഴിക്കുന്നുണ്ടോ എന്ന് പഞ്ചായത്ത് കമ്മിറ്റി പരിശോധിയ്ക്കണം.

6. വില്ലേജ് ഓഫീസിലും സബ് രജിസ്ട്രാർ ഓഫീസിലും ഇപ്പോൾ നടന്നു വരുന്ന രീതികൾക്ക് ഒരു വ്യത്യാസം വരുത്താൻ ജനകീയ ഇടപെടൽ കൂടിയെ കഴിയൂ.

7. വീട്പണിയുടെ ദുർവ്യയവും, കോൺക്രീറ്റും വീടുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നവും പാശ്ചാത്യ രീതികളോടുള്ള കടുത്തഭ്രമവും അവസാനിപ്പിക്കാൻ നിയമ നടപടികൾകൊണ്ട് മാത്രമാവില്ല. അതിന് ബോധവൽക്കരണം കൂടിയെ കഴിയൂ. ചിലവു കുറഞ്ഞ വീടുകളും, വീടുപണിയിലെ നൂതന സാങ്കേതികവിദ്യയും ഇതിലൂടെ ജനങ്ങളെ മനസ്സിലാക്കിക്കണം. നിർമ്മിതി കേന്ദ്രം ഈ രംഗത്ത് കാര്യമായ സംഭാവന നൽകിയിട്ടുണ്ട്.

8. വിവിധ വകുപ്പുകളിലൂടെ സർക്കാർ നൽകുന്ന ഭവന നിർമ്മാണ ഗ്രാന്റ് ഏകീകരിക്കണം. തവണ വ്യവസ്ഥ കുറയ്ക്കുകയും തുക 50,000 രൂപയായി ഉയർത്തുകയും വേണം. അധികം വരുന്ന സംഖ്യ ഗുണഭോക്താവിന്റെ വിഹിതമായും, അവരുടെ അദ്ധ്വാനമായും, സ്വന്തമായെടുക്കാവുന്ന സാധന സാമഗ്രികളായും, സന്നദ്ധ സംഘടനയിൽനിന്നുള്ള സംഭാവനയായും സ്വരൂപിയ്ക്കാം. ഇപ്പോൾ തന്നെ പല സാമൂഹ്യ സന്നദ്ധസംഘടനകളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. അവരുടെ സേവനം പ്രയോജനപ്പെടുത്താൻ ഗ്രാമപഞ്ചായത്ത് മുൻകൈയെടുക്കണം. വിവിധ ഏജൻസികളിലൂടെ നൽകുന്ന ഭവന നിർമ്മാണ സഹായങ്ങളുടെ വിവിരങ്ങൾ ശേഖരിച്ച് പഞ്ചായത്തിൽ സൂക്ഷിയ്ക്കണം.

9. വീടിനുള്ള ആനുകൂല്യം വാങ്ങി ദുർവിനിയോഗം ചെയ്യുന്നതും, കിട്ടിയ വീട് വിൽക്കുന്നതും തടയാൻ നിയമ വ്യവസ്ഥകളുണ്ട്. അതൊന്നും പരിഹാര മാർഗ്ഗമല്ല. ഗുണഭോക്താവിന്റെ അത്യന്താപേക്ഷിതമായ ജീവിതാവശ്യങ്ങൾ ആദ്യം നിറവേറ്റണം അത് കഴിയാതെ വരുന്നതും ആവശ്യമായ ബോധവൽക്കരണമില്ലാത്തതുകൊണ്ടുമാണ് ഇങ്ങനെയുണ്ടാകുന്നത്.

10. അസംഘടിത തൊഴിൽ മേഖലയിൽ തൊഴിലാളികൾക്ക് ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കി ത്തുടങ്ങിയിട്ടുണ്ട്.

11. ലക്ഷം വീടുകളിലെയും കോളനികളിലെയും പരിമിതികൾ പരിഹരിയ്ക്കാൻ പഞ്ചായത്തിന് കഴിയും കൂടാതെ സന്നദ്ധ സംഘടനകളുടെ സേവനവും പ്രയോജനപ്പെടുത്താം. കോളനി നിവാസികൾക്കും പുറത്തുള്ളവർക്കും ബോധവൽക്കരണം നടത്തണം.

12. കെട്ടിട നിർമ്മാണ സാധനങ്ങളുടെ വിലനിയന്ത്രിക്കാൻ അത്യാവശ്യ സാധനങ്ങൾ സിവിൽ സപ്ലൈസ് വഴി വിതരണം നടത്തണം. കെട്ടിട നിർമ്മാണ സാധനങ്ങൾ ഉണ്ടാക്കുന്ന ചെറിയ യൂണിറ്റുകൾ പഞ്ചായത്തിൽ തുടങ്ങാൻ വേണ്ട പ്രോത്സാഹനം നൽകണം. കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയാൻ ബഹുജന മുന്നേറ്റം ആവശ്യമാണ്.

13. പ്രകൃതി ക്ഷോഭത്തിലും കടൽക്ഷോഭത്തിലും വീട് നഷ്ടപ്പെടുന്നവർക്കുള്ള ധനസഹായം പഞ്ചായത്ത് വഴിനൽകാനുള്ള നടപടിയുണ്ടാകണം.

പാർപ്പിടപ്രശ്നം അടിയന്തിരശ്രദ്ധയർഹിക്കുന്ന ഒരു കാര്യമാണ്. വീടില്ലാത്തവർക്ക് മുഴുവൻ വീടുണ്ടാകുന്നത് തന്നെ ഒരു സാമ്പത്തിക വളർച്ചയാണ്. വീടുണ്ടാകുന്നതോടുകൂടി ജീവിതത്തിലെ വലിയ ഒരു ആഗ്രഹം സാധിക്കുകയും ചെയ്യുന്നു. എല്ലാവർക്കും വീടും സമസ്ലൈശ്വര്യങ്ങളും ഉണ്ടാകുന്നതിന് ജനകീയാസൂത്രണം ഒരു പുതിയ കാൽവയ്പായിത്തീരുമെന്ന് പ്രത്യാശിയ്ക്കാം.

# സാമൂഹ്യക്ഷേമം

ഒരു ഗ്രാമത്തിൻെറ വികസന മേഖലകളിൽ ഏറ്റവും കൂടുതൽ പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിൽ ഒന്നാണ് സാമൂഹ്യ ക്ഷേമം. പേരുപോലെതന്നെ സമൂഹത്തിലെ മുഴുവൻ ജനതയുടെയും ക്ഷേമവും ഐശ്വര്യവും പൂർണ്ണ മാകണമെന്ന ഒരു തത്വംകൂടി ഇതിന് പിന്നിലുണ്ട്. ഗ്രാമ സ്വരാജിലൂടെ മഹാത്മജി ആഗ്രഹിച്ചതും മറ്റൊന്നല്ല. ഇൻഡ്യയിൽവച്ച് ഏറ്റവും വിപുലമായ സാമൂഹ്യ സുര ക്ഷിതത്വ ശൃംഖലയും കേരളത്തിൻെറതാണ്. ആരാലും അവഗണിക്കപ്പെട്ടിരുന്ന സമൂഹത്തിൻെറ ഏറ്റവും താഴെത്തട്ടിലുള്ള, ജീവിതകാലം മുഴുവൻ പട്ടിണിയും ദാരിദ്ര്യവുമായി കഴിഞ്ഞിരുന്ന ഒരു വിഭാഗത്തിന് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ആശ്വാസമേകും എന്നുള്ള കാര്യത്തിൽ സംശയമില്ല.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ മൂന്നായി തരംതിരിയ്ക്കാം. (1) ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്ത നങ്ങൾ (2) സാമൂഹ്യക്ഷേമ പദ്ധതികൾ (3) പൊതുവിതരണ സമ്പ്രദായം.

## ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടി

കേന്ദ്രീകൃതാസൂത്രണത്തിൻെറ പ്രധാന വെല്ലുവിളി ദാരിദ്ര്യ നിർമ്മാർജ്ജനമായിരുന്നു എങ്കിലും ആദ്യത്തെ മൂന്ന് പഞ്ചവത്സര പദ്ധതികളിലും ഉണ്ടായിട്ടുള്ള വളർച്ച സാധാരണക്കാരൻെറ ജീവിതത്തിലേക്കും കിനിഞ്ഞി റങ്ങും എന്നായിരുന്നു അന്നത്തെ ചിന്താഗതി. തുടർന്ന് കർഷകരെ കേന്ദ്രീകരിച്ച് ചില പദ്ധതികൾ തുടങ്ങി യെങ്കിലും അവയൊന്നും ഉദ്ദേശിച്ചത്ര ഫലംതന്നില്ല. അങ്ങിനെയാണ് ഏഷ്യയിലെ തന്നെ ഏറ്റവും ശ്രദ്ധേയമായ ദാരിദ്ര്യ നിർമ്മാർജ്ജനപരിപാടിയ്ക്ക് — ഐ.ആർ. ഡി.പിയ്ക്ക് രൂപം നൽകുന്നത്.

## സംയോജിത ഗ്രാമ വികസന പരിപാടി (I.R.D.P)

ഈ പദ്ധതി 1989—90ൽ കേരളത്തിൽ നടപ്പായി. ഓരോ പദ്ധതി ആരംഭത്തിലും നമ്മുടെ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും—ഇതിനെ വടക്കുംതല, ഇടപ്പള്ളിക്കോട്ട—1, ഇടപ്പള്ളിക്കോട്ട—2, പുത്തൻചന്ത എന്നീ വി.ഇ.ഒ. സർക്കിളുകളായി തിരിച്ചിരിക്കുന്നു—കുടുംബ സർവ്വെ നടത്തി ദാരിദ്ര്യരേഖയ്ക്ക് (ഇപ്പോൾ 11000 രൂപ വാർഷിക കുടുംബ വരുമാനം) താഴെയുള്ളവരെ കണ്ടെത്തി അതിൽ ഏറ്റവും താഴ്ന്ന വരുമാനക്കാർക്ക് ഓരോ വർഷവും ഐ.ആർ.ഡി.പി.യിൽ സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പയും സഹായധനവും നൽകുന്നു. അതിലൂടെ ഓരോ കുടുംബത്തിൻെറയും വരുമാനം വർദ്ധിക്കുകയും അങ്ങനെ തൊഴിലും ഉപജീവനമാർഗ്ഗവും കണ്ടെത്താൻ കഴിയുകയും ചെയ്യുന്നു.

1992—ലും തുടർന്ന് 95ലും നടത്തിയ ഐ.ആർ.ഡി.പി സർവ്വെയിൽ പഞ്ചായത്തിലാകെ ദാരിദ്ര്യ രേഖയ്ക്ക് താഴെ 3414 കുടുംബങ്ങളുള്ളതിൽ കേവലം 326 പേർക്കാണ് 4 വർഷമായി ഐ.ആർ.ഡി.പി. വായ്പ കിട്ടിയിട്ടുള്ളത്. ഇത് ആശാവഹമല്ല. കേരളത്തിലെ ജീവിത സാഹ ചര്യങ്ങൾവച്ച് നോക്കുമ്പോൾ ദാരിദ്ര്യരേഖയുടെ നിർവ്വചനംതന്നെ മാറ്റേണ്ടിയിരിക്കുന്നു. പദ്ധതി നടത്തിപ്പ് മാർഗ്ഗരേഖയിൽ ഊന്നിനിന്ന് കൊണ്ടാകയാൽ അർഹതയുള്ള ധാരാളംപേർ സഹായം കിട്ടാതെ അവശേഷിക്കുന്നു.

ഓരോരുത്തരുടെയും അഭിരുചിക്കനുസരിച്ചുള്ള പദ്ധതികൾ തെരഞ്ഞെടുക്കുന്നതിന് കഴിയുന്നില്ല എന്നുള്ളതും, വായ്പയ്ക്ക് അപേക്ഷിച്ചാൽ യഥാസമയം അത് ലഭിക്കുന്നതിനോ, ആവശ്യത്തിനുള്ള പണം കിട്ടുന്നതിനോ ധനകാര്യസ്ഥാപനങ്ങൾ താൽപര്യം കാണിക്കുന്നില്ല എന്നതും ഇതിൻെറ പോരായ്മയാവണം. ജീവനോപാധി ലഭിയ്ക്കുന്നവർ പലരും അത്വേണ്ട രീതിയിൽ ഉപയോഗിക്കുന്നില്ല. അതിനാൽ യഥാർത്ഥ ലക്ഷ്യം നേടാതെ വരുന്നു. സ്കീം നടപ്പാക്കുന്നതിന് കാലോചിതമായ മാറ്റവും ആവശ്യമാണ്.

### പട്ടിക—1
**I.R.D.P. വായ്പയെ സംബന്ധിച്ച വിവരങ്ങൾ 1992-93 മുതൽ 95-96 വരെ**

| നമ്പർ | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ | I.R.D.P. സഹായം ലഭിച്ചവർ | ബാക്കി യുള്ളവർ |
|---|---|---|---|
| 1 | 272 | 31 | 241 |
| 2 | 221 | 13 | 208 |
| 3 | 396 | 26 | 370 |
| 4 | 171 | 17 | 154 |
| 5 | 231 | 33 | 198 |
| 6 | 230 | 27 | 203 |
| 7 | 216 | 10 | 206 |
| 8 | 270 | 32 | 238 |
| 9 | 332 | 19 | 313 |
| 10 | 184 | 15 | 169 |
| 11 | 236 | 23 | 213 |
| 12 | 104 | 17 | 87 |
| 13 | 362 | 55 | 307 |
| 14 | 189 | 8 | 181 |
| **ആകെ** | **3414** | **326** | **3088** |

## ട്രൈസം

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. 18നും 35നും മദ്ധ്യേയുള്ള വരാണ് ഇതിന്റെ ഗുണഭോക്താക്കൾ. ഐ.ആർ.ഡി.പി. ലിസ്റ്റിൽനിന്ന് തിരഞ്ഞെടുത്ത് തൊഴിൽ പരിശീലനം നൽകി. ആ തൊഴിൽ ചെയ്യുന്നതിന് വായ്പയും സഹായധനവും നൽകി നിശ്ചിത തൊഴിൽ മേഖലയിൽ അവരെ കുടിയിരുത്തി കുടുംബത്തിന്റെ വരുമാനം ഉയർത്തുന്നതിനുള്ള ഐ.ആർ.ഡി.പി.യുടെ അനുബന്ധ പരിപാടിയാണിത്.

4 വർഷംകൊണ്ട് 34 യുവാക്കൾക്ക് പരിശീലനം നൽകിയതിൽ 21 പേർ സ്വയം തൊഴിൽ കണ്ടെത്തുകയും മറ്റുള്ള 13 പേർ വേറെ തൊഴിൽ തേടിപോകുകയും ചെയ്തു. 3414 കുടുംബങ്ങളിൽ 4 വർഷംകൊണ്ട് 34 പേർക്ക് മാത്രമെ പരിശീലനം നൽകാൻ കഴിഞ്ഞിട്ടുള്ളു. ഫണ്ടിന്റെ അപര്യാപ്തതയും അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ തെരഞ്ഞെടുക്കാൻ കഴിയാത്തതും, തുച്ഛമായ സ്റ്റൈഫൻറും, തൊഴിൽ പരിശീലനം നൽകുന്ന സ്ഥാപനത്തില നിസ്സഹകരണവും ഈ പദ്ധതിയുടെ വൈകല്യങ്ങളാണെന്ന് വിശകലനത്തിൽ തെളിയുന്നു. പരിശീലനം കിട്ടുന്നവർ ആ രംഗത്ത് ഉറച്ച് നിൽക്കുന്നില്ല.

### പട്ടിക—2

**1992-93 മുതൽ 95-96 വരെ TRYSEM പരിശീലനം നേടിയവരുടെ വിവരം**

| വാർഡ് | ട്രേഡിന്റെ പേര് | പരിശീലനം നേടിയവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | മറ്റ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ |
|---|---|---|---|---|
| 1 | ഖാദി നെയ്ത്ത് | 4 | - | 4 |
| 1 | സ്ക്കൂട്ടർ റിപ്പയറിംഗ് | 3 | 3 | - |
| 2 | പായ് നെയ്ത്ത് | 3 | 3 | - |
| 2 | ഷീറ്റ്മെറ്റൽ വർക്ക്സ് | 4 | 1 | 3 |
| 3 | പ്ലംബിംഗ് | 2 | 2 | - |
| 3 | വയറിംഗ് | 2 | 2 | - |
| 4 | ഖാദി നെയ്ത്ത് | 1 | 1 | - |
| 5 | ഖാദി നെയ്ത്ത് | - | - | - |
| 6 | ഖാദി നെയ്ത്ത് | 1 | - | 1 |
| 7 | ഖാദി നെയ്ത്ത് | - | - | - |
| 8 | പായ് നെയ്ത്ത് | 1 | 1 | - |
| 9 | പായ് നെയ്ത്ത് | 1 | 1 | - |
| 9 | ഖാദി നെയ്ത്ത് | 1 | 1 | - |
| 9 | പ്ലംബിംഗ് | 1 | 1 | - |
| 10 | നാര് ഉൽപന്നം | 2 | 2 | - |
| 10 | വീവിംഗ് | 5 | - | 5 |
| 11 | ഖാദി നെയ്ത്ത് | 1 | 1 | - |
| 11 | പ്ലമ്പിംഗ് | 1 | 1 | - |
| 12 | പ്ലമ്പിംഗ് | - | - | - |
| 13 | പ്ലമ്പിംഗ് | - | - | - |
| 14 | പായ് നെയ്ത്ത് | 1 | 1 | - |
| **ആകെ** | **7 വിഷയങ്ങൾ** | **34** | **21** | **13** |

## ഗ്രാമീണ വനിത ശിശുവികസന പരിപാടി

വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി അവരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടിക്ക് വായ്പയും സഹായധനവും നൽകുന്ന പദ്ധതിയാണിത്. നമ്മുടെ പഞ്ചായത്തിൽ വടക്കുംതലമേക്കിൽ രണ്ട് കയർ യൂണിറ്റുകളും ചിറ്റൂരിൽ ഒരു ഫുഡ് പ്രോസസ്സിംഗ് യൂണിറ്റും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. മേക്കാട് ഒരു യന്ത്രവൽകൃത കയർ നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടെയുള്ളു. ഈ മൂന്ന് യൂണിറ്റിലും കൂടി 42 സ്ത്രീകൾ തൊഴിൽ ചെയ്യുന്ന തായിട്ടാണ് വയ്പെങ്കിലും ഇതിൽ ചിറ്റൂരുള്ള യൂണിറ്റൊഴികെ മറ്റുള്ളവ രണ്ടും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നില്ലെന്നാണ് അറിയാൻ കഴിഞ്ഞത്.

അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള കമ്പോള സൗകര്യമില്ലായ്മയും തൊഴിലാളികളെ സമയത്തിന് കിട്ടാത്തതും തൊഴിലാളികളുടെ അറിവില്ലായ്മയും ഈ പദ്ധതിയുടെ നടത്തിപ്പിനെ ദോഷകരമായി ബാധിക്കുന്നു.

### പട്ടിക—3
**D.W.C.R.A. യൂണിറ്റുകൾ**

| വാർഡ് | പദ്ധതിയുടെ പേര് | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 8 | ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ് | 1993-94 | 12 |
| 10 | യന്ത്രവൽകൃത കയർ യൂണിറ്റ് | 1994-95 | 11 |
| 13 | കയർ യൂണിറ്റ്—2 | 1994-9 | 30 |

## ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പദ്ധതി

അവശത അനുഭവിക്കുന്ന ഗ്രാമീണ കൈത്തൊഴിലുകാർക്ക് മെച്ചപ്പെട്ട പണിയായുധങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതിയാണിത്. പന്മന പഞ്ചായത്തിൽ 1994—95ൽ 10 കുടുംബങ്ങൾക്കാണ് ഇതുമൂലം സഹായം കിട്ടിയിട്ടുള്ളത്. ഉപകരണങ്ങൾ ലഭിച്ചവർ എല്ലാംതന്നെ അത് പ്രയോജനപ്പെടുത്തിയിരിക്കുന്നതായിട്ടാണ് അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിൽനിന്ന് അറിയാൻ കഴിഞ്ഞത്. ഈ ഇനത്തിൽ കൂടുതൽ ഫണ്ട് അനുവദിച്ച് അർഹതയുള്ള ആവശ്യക്കാർക്കെല്ലാം ഇതിന്റെ പ്രയോജനം ലഭിയ്ക്കാൻ നടപടി സ്വീകരിയ്ക്കാവുന്നതാണ്.

## പൊതുനിർദ്ദേശങ്ങൾ

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളെക്കുറിച്ച് ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ

1. ഈ വിധത്തിൽ നൽകുന്ന സഹായങ്ങൾ എല്ലാവർക്കും കിട്ടുന്നില്ല എന്നുള്ളതാണ്.
2. ഇതിനുവേണ്ടി വർഷങ്ങളോളം കാത്തിരിക്കേണ്ടി വരുന്നു.
3. വായ്പതരുന്നതിൽ ബാങ്കിന്റെ ഭാഗത്ത്നിന്നുള്ള നിസ്സഹകരണം. ഇതിൽ എടുത്തു പറയാനുള്ളത് പൊന്മന ചിറ്റൂർ വാർഡുകളുടെ സർവ്വീസ് ഏരിയ ബാങ്കായാ പുത്തൻചന്ത വൈശ്യാബാങ്കാണ്. ആ സ്ഥാപനത്തിന് പകരം ഇടപ്പള്ളിക്കോട്ട ബാങ്ക് ഓഫ് ഇൻഡ്യയുടെ സർവ്വീസ് ഏരിയ ആക്കണം പ്രസ്തുത വാർഡുകൾ.
4. പല സഹായങ്ങൾക്കും അർഹത നിശ്ചയിക്കുന്നത് ഐ.ആർ.ഡി.പി. കുടുംബ സർവ്വെ ആണ് എന്നുള്ളതുകൊണ്ട്; സർവ്വെ ലിസ്റ്റിൽ ഇനിയുംപെടാത്ത അർഹതയുള്ള മുഴുവൻ ആളുകളെയും ഉൾപ്പെടുത്താൻ പുതിയ കുടുംബ സർവ്വെ നടത്തണം.

## പ്രശ്നങ്ങൾ

1. ഐ.ആർ.ഡി.പി. കുടുംബ സർവ്വെ പൂർണ്ണമല്ല.
2. ദാരിദ്ര്യരേഖയുടെ വരുമാന പരിധി കാലോചിതമായി പരിഷ്ക്കരിക്കുന്നില്ല.
3. സഹായം കിട്ടുന്നതിനുവേണ്ടിയുള്ള കാത്തിരിപ്പ്
4. ക്രമാനുഗത വായ്പ ലഭിയ്ക്കാതിരിക്കുക.
5. ബാങ്കിന്റെ ഭാഗത്തുനിന്നുള്ള നിസ്സഹകരണം
6. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ.
7. ആസ്തി ദുരുപയോഗം ചെയ്യേണ്ടി വരുന്നു.
8. കുറഞ്ഞ സ്റ്റൈപ്പൻറ് നിരക്ക്
9. പദ്ധതിക്ക് ആനുപാതികമായി TRYSEM പരിശീലനം ലഭിയ്ക്കുന്നില്ല. കിട്ടുന്നവരുടെ എണ്ണം കുറവ്.
10. D.W.C.R.A. ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള ബുദ്ധിമുട്ട്
11. ചൂഷണം
12. അന്ത്യോദയ സമീപനത്തിലെ തടസ്സങ്ങൾ

## സാദ്ധ്യതകൾ

1. സമഗ്രമായ ഐ.ആർ.ഡി.പി. കുടുംബ സർവ്വെ നടത്തണം.

2. കേരളത്തിലെ ജീവിത ചുറ്റുപാടുകളുടെ വെളിച്ചത്തിൽ ദാരിദ്ര്യരേഖയ്ക്ക് പുതിയ നിർവ്വചനം വേണം

3. ഒരു വാർഡിൽ ഒരു വർഷം നാലഞ്ചുപേർക്ക് സഹായം എന്നുള്ളത് മാറ്റി ലിസ്റ്റിലുള്ളതിൻെറ 10% പേർക്കെങ്കിലും ഒരു വർഷം സഹായം നൽകണം. ഒപ്പം ഒരു തവണ സഹായം കിട്ടി പൂർണ്ണമായി വിനിയോഗിച്ചവർക്ക് എല്ലാവർക്കും ആവശ്യമെങ്കിൽ വീണ്ടും സഹായം നൽകണം.

4. ബാങ്കിനെക്കുറിച്ചുള്ള പരാതി നിത്യസംഭവമാണ്. പഞ്ചായത്തിൻെറ ഇടപെടലിലൂടെ അതിന് പരിഹാരം കണ്ടെത്താം.

5. ബോധവൽക്കരണ ക്ലാസ്സ് നടക്കുന്നുണ്ടെങ്കിലും അത് ഫലപ്രദമാകുന്നില്ല. അതാത് പഞ്ചായത്ത് കേന്ദ്രീകരിച്ച് ഇത് നടത്തുന്നത് ഉചിതമായിരിക്കും.

6. മനുഷ്യൻെറ അടിയന്തിരാവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്തതുകൊണ്ടാണ് പലപ്പോഴും ആസ്തിദുരുപയോഗം ചെയ്യുന്നത്.

7. TRYSEM സ്റ്റൈപ്പൻറ് കാലോചിതമായി പരിഷ്ക്കരിക്കണം. അഭിരുചിയുള്ള തൊഴിലുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകണം.

8. ഏത് പദ്ധതി തുടങ്ങുന്നതിന് മുൻപും അതിൻെറ വരുംവരായ്മകളെക്കുറിച്ച് വിദഗ്ദ്ധർമാരുമായി ആലോചിക്കുന്നത് നല്ലതാണ്.

9. ജനകീയ ഇടപെടലിലൂടെ ഈ രംഗത്തെ ചൂഷണം കുറയ്ക്കാം.

## സാമൂഹ്യ ക്ഷേമപദ്ധതികൾ

സാമൂഹ്യ സുരക്ഷിതത്വം പദ്ധതികളായ പെൻഷൻ പദ്ധതികളാണം ഇതിൽപെടുന്നത് കേരളത്തിലെ അസംഘടിത തൊഴിൽ മേഖലയിലെ 60 വയസ്സ് കഴിഞ്ഞ, ജനസംഖ്യയുടെ ഏതാണ് 30% ആൾക്കാരും വിവിധ പെൻഷൻ പദ്ധതികളിൽപെടുന്നവരാണ്. വില്ലേജ് ഓഫീസുവഴിയും റവന്യൂ വകുപ്പുവഴിയും ഉള്ള ക്ഷേമ പദ്ധതികൾ

**1. തീപിടുത്തമൂലം വീട് നശിച്ചവർക്ക് ധനസഹായം:**

ഇത് നമ്മുടെ പഞ്ചായത്തിൽ ഒറ്റപ്പെട്ട സംഭവങ്ങളെയുള്ളു. നഷ്ടപരിഹാരത്തുക വളരെ കുറവാണ്. അപേക്ഷ കൊടുത്താൽ അത് കിട്ടാനുള്ള കാലതാമസവുമുണ്ട്.

**2. പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് സാമ്പത്തികസഹായം:**

മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്ന പ്രദേശങ്ങളാണ് പഞ്ചായത്തിൻെറ പടിഞ്ഞാറൻ ഭാഗത്തുള്ളത്. പൊന്മന വാർഡിൽ കടൽക്ഷോഭംമൂലം വീട് തകർന്ന നിരവധികുടുംബങ്ങളുണ്ട്. മറ്റു പ്രകൃതി ക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർ വേറെയും ഇവർക്കാർക്കും യഥാസമയം സഹായം എത്തിക്കാനോ നൽകുന്ന സഹായസംഖ്യ വർദ്ധിപ്പിക്കാനോ ഇന്നത്തെ സംവിധാനത്തിന് കഴിയുന്നില്ല.

**3. വ്യക്തിപര അപകട ഇൻഷ്വറൻസ്:**

അപകടം സംഭവിച്ച് കാലങ്ങൾ കഴിഞ്ഞായിരിക്കും ഗുണഭോക്താവ് ഈ സ്കീമിനെക്കുറിച്ച് അറിയുന്നത്.

**4. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി:**

പാവപ്പെട്ടവരെ, കഷ്ടത അനുഭവിയ്ക്കുന്നവരെ സഹായിക്കാനുള്ള ഈ പദ്ധതി പ്രയോജനകരമാണ്. 5000 രൂപവരെ കളക്ടർക്കും അതിന് മുകളിൽ സർക്കാരിനും സഹായം അനുവദിയ്ക്കാം എന്ന് പറയുന്നതല്ലാതെ ദുരിതത്തിൻെറ തീവ്രതയ്ക്കനുസരിച്ച് സഹായം കിട്ടിയതായി അറിവില്ല.

**5. കുഷ്ഠരോഗികൾക്കും ക്യാൻസർ രോഗികൾക്കുമുള്ള പെൻഷൻ:**

ഈ വിഭാഗത്തിലുള്ളവർക്ക് ആനുകൂല്യം കിട്ടുന്നുണ്ടെങ്കിൽ ആവശ്യത്തിന് തികയാത്ത അവസ്ഥയാണ്. അപേക്ഷ നൽകി ആനുകൂല്യം കാത്തിരിക്കുന്നവർ നിരവധിയാണ്.

**6. വിധവ പെൻഷൻ:**

ഈ പദ്ധതിയുടെ ആനുകൂല്യം ലഭിയ്ക്കാത്ത അർഹതയുള്ളവർ എല്ലാവരും ഇതിനെക്കുറിച്ചുള്ള അറിവില്ലായ്മ കാരണം അപേക്ഷ നൽകാനോ ആനുകൂല്യം നേടിയെടുക്കാനോ കഴിയാത്തവരാണ്.

**7. വികലാംഗ പെൻഷൻ:**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അന്ധർ, ബധിരർ, മൂകർ തുടങ്ങി അംഗവൈകല്യമുള്ളവരെ സാമ്പത്തികമായി സഹായിക്കലാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പഞ്ചായത്തിൽ രണ്ടു വില്ലേജുകളിലായി അർഹതയുള്ളവർക്ക് പെൻഷൻ കിട്ടുന്നതായാണ് അറിയാൻകഴിഞ്ഞത്.

**8. വാർദ്ധക്യകാല പെൻഷൻ:**

സാമ്പത്തിക ദുരിതമനുഭവിക്കുന്ന വൃദ്ധൻമാക്കും വൃദ്ധകൾക്കുമുള്ള ആനുകൂല്യമാണിത്. ആൺമക്കളില്ലാത്തവർക്കും പ്രതിമാസം 100 രൂപയിൽതാഴെ വരുമാനമുള്ളവർക്കും മാത്രമെ ഇതിൻെറ ആനുകൂല്യം കിട്ടുന്നുള്ളു. വരുമാനപരിധി അശാസ്ത്രീയമാണ്. കാലോചിതമായി പരിഷ്ക്കരിയ്ക്കണം. ആനുകൂല്യം വളരെ കുറച്ചുപേർക്കെ കിട്ടുന്നുള്ളു.

കുറിപ്പ്: പട്ടികചേർക്കത്തക്ക രീതിയിൽ വിവരങ്ങൾ ലഭിച്ചിട്ടില്ല.

9. **മിശ്ര വിവാഹിതർക്കുള്ള സാമ്പത്തികാനുകൂല്യം:**

മിശ്ര വിവാഹം ചെയ്തതിനാൽ ദുരിതമനുഭവിയ്ക്കുന്ന പട്ടികജാതിയിൽപെട്ട (ആരെങ്കിലും ഒരാൾ) ദമ്പതികൾക്ക് ആശ്വാസമെന്ന തരത്തിൽ 2000 രൂപ ഒരിക്കൽ മാത്രം നൽകുന്നു. പഞ്ചായത്തിൽ വളരെ കുറച്ചുപേരെ ഇത്തരത്തിലുള്ളു. അതിൽ തന്നെ നാമമാത്രമായ ആൾക്കാരെ ഈ ആനുകൂല്യത്തിന് അപേക്ഷ നൽകിയിട്ടുള്ളു. 2000 രൂപ ഇന്നത്തെ സാഹചര്യത്തിൽ പരിമിതമായ സംഖ്യയാണ്.

### പട്ടിക—4
**പന്മന പഞ്ചായത്തിൽ മിശ്ര വിവാഹ ധനസഹായം ലഭിച്ചതിന്റെ വിവരം**

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 92-93 | 1 | 2000 |
| 93-94 | ഇല്ല | ഇല്ല |
| 94-95 | ഇല്ല | ഇല്ല |
| 95-96 | 3 | 6000 |
| 96-97 | 2 | 4000 |

10. **കർഷകത്തൊഴിലാളി പെൻഷൻ:**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുറഞ്ഞത് 10 വർഷമെങ്കിലും കാർഷികമേഖലയിൽ പണിയെടുത്തിട്ടുള്ള 60 വയസ്സ് കഴിഞ്ഞ കാർഷിക തൊഴിലാളികൾക്കുള്ള ആനുകൂല്യമാണിത്. നിരവധി കർഷകതൊഴിലാളികളുള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. 262 പേർക്ക് കഴിഞ്ഞ അഞ്ചുവർഷമായി പെൻഷൻ കിട്ടിക്കൊണ്ടിരിക്കുന്നു. ഇതിലും എത്രയോ അധികംപേർ ആനുകൂല്യം കിട്ടേണ്ടവരായിട്ടുണ്ട്. അപേക്ഷ സ്വീകരിയ്ക്കുന്ന സമയത്ത് അപേക്ഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും അപേക്ഷ സ്വീകരിച്ചാലും തീരുമാനമാകാനുള്ള കാലതാമസവും ആണ് ഈ രംഗത്തെ പ്രശ്നങ്ങൾ. പെൻഷൻ ആനുകൂല്യം തുച്ഛമാണ്. കാലോചിതമായി പരിഷ്കരിയ്ക്കണം.

11. **തൊഴിലില്ലായ്മ വേതനം:**

18നും 35നും ഇടയ്ക്ക് പ്രായമുള്ളവരും എസ്.എസ്.എൽ.സി പാസ്സായവരും (പട്ടികജാതി പട്ടികവർഗ്ഗത്തിന് തോറ്റാലും മതി) കുടുംബ വാർഷിക വരുമാനം 4000 രൂപയിൽ താഴെയുള്ളവരും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ട് മൂന്നുവർഷം കഴിഞ്ഞവരുമായ തൊഴിൽ രഹിതർക്കാണ് ഇതിന്റെ ആനുകൂല്യം കിട്ടുന്നത്. വേതനം കുറവും യഥാസമയം കിട്ടുന്നില്ല എന്നുള്ളതുമാണ് പ്രശ്നങ്ങൾ.

മേൽപറഞ്ഞിരിക്കുന്ന പെൻഷൻ ക്ഷേമ പദ്ധതികൾ കൂടാതെ സാമൂഹ്യക്ഷേമം, റവന്യൂ, തൊഴിൽ പട്ടികജാതി പട്ടികവർഗ്ഗം, ഉന്നത വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസ ഡയറക്ടറേറ്റ്, പബ്ലിക് റിലേഷൻസ്, ആസൂത്രണം സാമ്പത്തിക കാര്യം എന്നീ വകുപ്പുകളിലൂടെ 60ൽപരം പെൻഷൻക്ഷേമ ആനുകൂല്യങ്ങൾ നൽകുന്നു. അജ്ഞതകൊണ്ടോ, അത് നേടിയെടുക്കാനുള്ള ബുദ്ധിമുട്ടുകൊണ്ടോ ആനുകൂല്യത്തിന് അർഹതയുള്ളവർ പലരും അത് നേടിയെടുക്കുന്നില്ല. അതിന് ശ്രമിക്കുന്നില്ല. ഭാവിയിൽ ഉണ്ടാകുന്ന ഗ്രാമസഭകളിൽ ഈ പദ്ധതികളെക്കുറിച്ച് വിശദീകരിക്കുകയാണെങ്കിൽ ഇതിനൊരു പരിഹാരം കാണാവുന്നതാണ്.

## പൊതുനിർദ്ദേശങ്ങൾ

പെൻഷൻ ക്ഷേമ പദ്ധതികളെക്കുറിച്ച് ഗ്രാമസഭകളിൽനിന്ന് ഉയർന്ന നിർദ്ദേശങ്ങളിൽ (1) ചില പദ്ധതികളിൽ കുറച്ചുപേർക്ക് ആനുകൂല്യം കിട്ടുന്നുണ്ടെങ്കിലും അത് കൃത്യമായി കിട്ടുന്നില്ല. (2) അപേക്ഷകളിൻമേൽ തീരുമാനമെടുക്കാൻ കാലതാമസം വരുന്നു (3) പെൻഷൻ നൽകാനുള്ള ചുമതല ഗ്രാമപഞ്ചായത്തിനെ ഏൽപിക്കണം. (4) അറിവില്ലായ്മ ദൂരീകരിയ്ക്കാൻ ബോധവൽക്കരണം നടത്തണം.

## പ്രശ്നങ്ങൾ

1. അർഹതയുള്ള മുഴുവൻ ആളുകൾക്കും ആനുകൂല്യങ്ങൾ കിട്ടുന്നില്ല.
2. അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിൽ ഗുരുതരമായ കാലതാമസം വരുത്തുന്നു.
3. അശാസ്ത്രീയമായ അർഹത വിലയിരുത്തൽ
4. ആനുകൂല്യം വളരെ തുച്ഛം, അതുകൊണ്ട് ജീവിക്കാൻ കഴിയില്ല.
5. അപേക്ഷകരെ ബുദ്ധിമുട്ടിച്ച് അതിൽനിന്ന് പിൻതിരിപ്പിക്കുന്നു.
6. ഓഫീസുകൾ സ്ഥിതി ചെയ്യുന്നത് വളരെ ദൂരത്തിലാണ്.
7. അർഹതയ്ക്കുള്ള വരുമാന പരിധിയുയർത്തണം.
8. ഉദ്യോഗസ്ഥൻമാരുടെ കാര്യപ്രാപ്തിയില്ലായ്മ
9. പ്രലോഭങ്ങൾക്ക് വിധേയരായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാർ.

## സാദ്ധ്യതകൾ

1. പഞ്ചായത്തിലെ 15 വാർഡുകളിലും സമൂല സർവ്വെ നടത്തി പെൻഷൻ ക്ഷേമ പദ്ധതികൾക്ക് അർഹതയുള്ള മുഴുവൻ ആൾക്കാരെയും കണ്ടെത്തി അപേക്ഷ കൊടുപ്പിയ്ക്കണം.
2. അർഹതയ്ക്കുള്ള വരുമാനപരിധി ഇപ്പോൾ

നിശ്ചയിച്ചിരിക്കുന്നത് ശരിയല്ല. പുതുക്കി നിശ്ചയിക്കാവുന്നതാണ്.

3. ക്ഷേമ, പെൻഷൻ സംഖ്യ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നതിൽനിന്ന് 50% കൂടി വർദ്ധിപ്പിയ്ക്കണം.

4. മേലുദ്യോഗസ്ഥൻമാർ സർക്കാർ ഉത്തരവുകൾ യഥാസമയം ബന്ധപ്പെട്ട ഓഫീസുകളിൽ എത്തിക്കുകയും ഉദ്യോഗസ്ഥൻമാരെ അത് മനസ്സിലാക്കി പ്രവർത്തിക്കാൻ നിർദ്ദേശം നൽകുകയും വേണം.

5. പെൻഷൻ അനുവദിയ്ക്കുന്നതിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കാലതാമസം, സ്വജന പക്ഷപാദം, അഴിമതി എന്നിവ ദൂരീകരിക്കാൻ ഒരു ജനകീയ ഇടപെടൽ കൂടിയെ കഴിയൂ. അത് ചെയ്യണം.

6. പെൻഷൻ ക്ഷേമ കാര്യങ്ങളെക്കുറിച്ച് ഗ്രാമസഭകളിൽ വിലയിരുത്താം.

7. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഇപ്പോൾ നൽകിയിരിക്കുന്ന വകുപ്പുകൾ കൂടാതെ മുഴുവൻ പെൻഷൻ ക്ഷേമ പദ്ധതികളും ത്രിതല പഞ്ചായത്തിനെ ഏൽപിയ്ക്കണം. നടപടിക്രമങ്ങൾ ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നത് മതിയാകും.

## ക്ഷേമ നിധികൾ

തൊഴിലാളിക്കും തൊഴിലുടമ/സർക്കാരിനും തുല്യപങ്കാളിത്തമുള്ള പദ്ധതിയാണ് ക്ഷേമനിധികൾ. ഇത്തരം 18 ക്ഷേമനിധികൾ ഇന്ന് കേരളത്തിൽ നിലവിലുണ്ട്. ഇതിൽ ഭൂരിപക്ഷം നിധികളും ഓരോരോ പ്രത്യേക മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെയും അവരുടെ കുടുംബത്തിൻെറയും ക്ഷേമം ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. കർഷകതൊഴിലാളി, കയർ തൊഴിലാളി നിർമ്മാണ തൊഴിലാളി, മത്സ്യതൊഴിലാളി, തയ്യൽ തൊഴിലാളി, ബീഡി തൊഴിലാളി, കള്ള് ചെത്ത് തൊഴിലാളി, ആർട്ടിസാൻസ് എന്നിവയിലാണ് നമ്മുടെ പഞ്ചായത്തിൽ പരക്കെ തൊഴിലാളികൾ അംഗങ്ങളായിട്ടുള്ള ക്ഷേമനിധികൾ.

## പ്രശ്നങ്ങൾ

1. അസംഘടിത തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന ഈ പഞ്ചായത്തിലെ മുഴുവൻ തൊഴിലാളികളെയും ക്ഷേമനിധിയിൽകൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല.

2. അംഗങ്ങളായിട്ടുള്ളവരുടെ സംഖ്യ, വിഹിതം അടയ്ക്കുന്നതിന് ദൂരസ്ഥലങ്ങളിൽ പോകേണ്ടി വരുന്നു.

3. ക്ഷേമനിധിയിൽനിന്ന് ഇപ്പോൾ നൽകുന്ന ആനുകൂല്യങ്ങൾ പരിമിതമാണ്.

4. അപേക്ഷ നൽകിയാലും ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

## പരിഹാര നിർദ്ദേശങ്ങൾ

1. ഗ്രാമസഭകളുടെ സഹായത്തോടെ മുഴുവൻ തൊഴിലാളികളെയും കണ്ടെത്തി ക്ഷേമനിധിയിൽ അംഗങ്ങളാക്കാം.

2. ക്ഷേമനിധി പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ എത്തത്തക്ക രീതിയിൽ വികേന്ദ്രീകരിയ്ക്കണം.

3. ഇപ്പോൾ നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും പുതിയവ ഉൾപ്പെടുത്തുകയും വേണം.

4. ക്ഷേമനിധി അടയ്ക്കുന്നതിന് പ്രാദേശിക സഹകരണ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തണം.

## അംഗൻവാടികൾ

സാമൂഹ്യ ക്ഷേമ വകുപ്പിൻെറ കീഴിൽ 1978—ൽ ചവറ I.C.D.S. പ്രോജക്ട് പ്രവർത്തനം ആരംഭിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി ആരംഭിച്ച ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആറ് വയസ്സിന് താഴെയുള്ള കുട്ടികളും 14നും 45നും ഇടയ്ക്കുള്ള അമ്മമാരുമാണ്. ചവറ പ്രോജക്ടിന്റെ കീഴിൽ വരുന്ന പന്മന പഞ്ചായത്തിൽ 47 അംഗൻവാടി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. 3 വയസ്സുമുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രീസ്കൂൾ വിദ്യാഭ്യാസം, അമ്മമാർക്കുള്ള ആരോഗ്യപഠനം റഫറൽ സർവ്വീസ്, കുട്ടികൾക്കും ഗർഭിണികൾക്കും ഉള്ള പ്രതിരോധ കുത്തിവയ്പ്, പോഷകാഹാര വിതരണം ആരോഗ്യപരിശോധന തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങളാണ അംഗൻ വാടികളിലൂടെ നടത്തേണ്ടത്.

47 അംഗൻവാടികളിൽ സ്വന്തമായി കെട്ടിടമുള്ളത് 6 എണ്ണത്തിനാണ് ബാക്കിയുള്ളവ താൽക്കാലിക സൗകര്യങ്ങളിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ 6 എണ്ണത്തിൽ കക്കൂസ് സൗകര്യമുള്ളവ കുറവുമാണ്. ഇവിടെ ഒരു വർക്കറും, ഹെൽപ്പറും ജീവനക്കാരായുണ്ട്.

കുട്ടികളിൽ അറിവിൻെറ ദീപം തെളിയിക്കാൻ കഴിയുന്ന സ്ഥാപനങ്ങളാണ് അംഗൻവാടികളെങ്കിലും അവിടെ ധാരാളം പരിമിതികൾ ഉള്ളതായാണ് ഗ്രാമസഭാ റിപ്പോർട്ടുകളിൽനിന്ന് ഉയർന്നു വന്നത്.

## പ്രശ്നങ്ങൾ

ഇപ്പോഴത്തെ 1000 ജനസംഖ്യയ്ക്കും ഒരു അംഗൻവാടി എന്നുള്ളത് 500 ആക്കി താഴ്ത്തണം. ചിലതിന് സ്ഥലമില്ല, സ്ഥലമുള്ളതിന് കെട്ടിടമില്ല, കെട്ടിടമുള്ളതിന് മറ്റുപകരണങ്ങൾ ഇല്ല. മിക്ക അംഗൻവാടികളിലും വിജ്ഞാനപ്രദമായ പാഠ്യേതര സാധനങ്ങൾ ആവശ്യത്തിനില്ല. വൃത്തിഹീനമായ പരിസരം. മറ്റൊരു പ്രധാന പരാതി അവിടുത്തെ വർക്കറും ഹെൽപ്പറും കൃത്യമായി ആ സ്ഥാപനത്തിൽ എത്തുന്നില്ല എന്നുള്ളതാണ്. ഭവന സന്ദർശനം പേരിന് മാത്രം. പശ്ചാത്തല സൗകര്യങ്ങളായ കക്കൂസോ കുടിവെള്ളമോ വെളിച്ചമോ ലഭ്യമല്ല. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വൈദ്യപരിശോധന, ആഹാരപോഷകാഹാര വിതരണം എന്നിവ യഥാസമയം നടത്തുന്നില്ല. അംഗൻ വാടിയോട് കേന്ദ്രീകരിച്ചുള്ള മഹിളാ സമാജം പ്രവർത്തനങ്ങൾ ചിലയിടങ്ങളിൽ മാത്രമായി ഒതുങ്ങുന്നു. കുട്ടികളുടെ കലാകായിക ശേഷികളെ വളർത്തുന്നതിനുതകുന്ന അവസരങ്ങൾ

കുറവ്, ജീവനക്കാർക്ക് ഇപ്പോൾ നൽകുന്ന വേതനം വളരെ തുച്ഛം. ജീവനക്കാർക്ക് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനങ്ങളില്ല. ഭക്ഷണം പാകം ചെയ്യുന്നതിന് വിറകില്ല. അങ്ങനെ പരാതികളുടെയും പരിമിതികളുടെയും നടുവിലാണ് നാളെയുടെ വാഗ്ദാനങ്ങളായ കുരുന്നുകളുടെ സരസ്വതീക്ഷേത്രങ്ങളായ അംഗൻവാടികൾ.

## പരിഹാര നിർദ്ദേശങ്ങൾ

1. സ്വന്തം സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾക്ക് ഉദാരമതികളായ നാട്ടുകാരിൽ നിന്നോ, വില്ലേജ് പഞ്ചായത്ത് പുറംപോക്കുകൾ ഉപയോഗിച്ചോ, പഞ്ചായത്തു നേരിട്ട് സ്ഥലം വാങ്ങിയോ സ്ഥലം കണ്ടെത്താം. അതിൽ ഇപ്പോൾ നിലവിലുള്ള ഫണ്ട് ഉപയോഗിച്ച് കെട്ടിടം പണിയാം. ഇതിന് വകയിരുത്തിയിട്ടുള്ള തുക 25000 രൂപയിൽ നിന്ന് 50000 രൂപയാക്കി ഉയർത്തണം.
2. 500 ആളുകൾക്ക് ഒരു അംഗൻവാടി എന്നുള്ള ആലോചിയ്ക്കാം.
3. ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, ചാർട്ടുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള വിറകോ അതിന്റെ തുകയോ ബഹുജന സഹായത്തോടുകൂടി സ്വരൂപിയ്ക്കാം.
4. വെള്ളം, വെളിച്ചം, കക്കൂസ് എന്നിവ പഞ്ചായത്തിന്റെ സഹായത്തോടുകൂടി നടപ്പാക്കാം.
5. അംഗൻവാടികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ മേൽ ഉദ്യോഗസ്ഥൻമാരുടെ ഇടവിട്ടുള്ള സന്ദർശനവും, ഉപദേശവും, ഗുണനിലവാരവുമുള്ള പരിശീലനവും സഹായകരമായിരിക്കും.
6. ഭവന സന്ദർശനം കൃത്യമായി നടത്തണം.
7. മഹിളാ സമാജങ്ങൾ കേന്ദ്രീകരിച്ച് സ്ത്രീകൾ സംയുക്തമായി നടത്തുന്ന തൊഴിൽ സംരംഭങ്ങൾ തുടങ്ങാം.
8. മെഡിക്കൽ ക്യാമ്പുകൾ, ബോധവത്ക്കരണം ക്ലാസ്സുകൾ എന്നിവ കാലാകാലങ്ങളിൽ നടത്തണം.
9. ജീവനക്കാരുടെ വേതനം വർദ്ധിപ്പിയ്ക്കണം.
10. കുട്ടികളുടെ കലാകായിക സാംസ്കാരികശേഷികളെ പോഷിപ്പിക്കുന്ന പരിപാടികൾ സംഘടിപ്പിയ്ക്കണം.

## പൊതുവിതരണം

1961ൽ ആണ് റേഷനിംഗ് സമ്പ്രദായം ആരംഭിച്ചത്. ഇന്ത്യയിലെ മറ്റേത് സംസ്ഥാനങ്ങൾക്കും മാതൃകയാകാവുന്ന മെച്ചപ്പെട്ട പൊതുവിതരണ സമ്പ്രദായമാണ് കേരളത്തിന്റേത്. കുറഞ്ഞവിലക്ക് ആളുകൾക്ക് ഭക്ഷണ സാധനങ്ങൾ എത്തിക്കുക എന്നുള്ളതാണ് പൊതുവിതരണ സമ്പ്രദായത്തിന്റെ ലക്ഷ്യം. ദൗർഭാഗ്യകരം എന്നു പറയട്ടെ ഇതുകൊണ്ട് സാധാരണക്കാർക്ക് ഉദ്ദേശിച്ച പ്രയോജനം കിട്ടുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ 27 റേഷൻ ഷോപ്പുകളും ഒരു മാവേലി സ്റ്റോറുമുണ്ട്. ഓണക്കാലത്ത് കൺസ്യൂമർ സ്റ്റോറുകളും സഹകരണ മാവേലി നിത്യോപയോഗ സാധനങ്ങൾ വിൽക്കുന്നുണ്ട്. റേഷൻ കടകളെക്കുറിച്ച് പരാതികളൊഴിഞ്ഞിട്ട് നേരമില്ല (റിപ്പോർട്ട്)

## പ്രശ്നങ്ങൾ

1. വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങൾ ഗുണനിലവാരമുള്ളവയല്ല.
2. ഇപ്പോൾ അനുവദിച്ചിട്ടുള്ള യൂണിറ്റ് ആവശ്യത്തിന് തികയുന്നില്ല.
3. അളവിൽ കുറവ്
4. സാധനങ്ങൾ കടകളിൽ സമയത്ത് എത്തിച്ചേരുന്നില്ല.
5. കരിഞ്ചന്തയും പൂഴ്ത്തിവയ്പും
6. കടകൾ കൃത്യസമയത്ത് തുറക്കുന്നില്ല.
7. സാധനങ്ങൾക്ക് ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നതിൽ കൂടുതൽ വില ഈടാക്കുന്നു.
8. മേലുദ്യോഗസ്ഥൻമാരുടെ കട പരിശോധന കാര്യക്ഷമമല്ല.
9. കാർഡുകളുടെ ബാഹുല്യം
10. പുതിയ റേഷൻകാർഡ് കിട്ടുന്നതിനും പുതിയ ആളുകളെ ചേർക്കുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
11. മാവേലി സ്റ്റോറുകളിൽ അവശ്യ സാധനങ്ങൾ എല്ലാം എത്തുന്നില്ല.
12. ഉപഭോക്താക്കളുടെ ചോതനയ്ക്കനുസരിച്ച് സാധനങ്ങൾ കൊടുക്കാൻ കഴിയുന്നില്ല.
13. സീസൺ മാർക്കറ്റുകൾ വല്ലപ്പോഴുമേ നടത്തുന്നുള്ളു.

## പരിഹാര നിർദ്ദേശങ്ങൾ

1. ഗുണനിലവാരമുള്ള ഭക്ഷ്യ സാധനങ്ങൾ കടകളിൽ എത്തിയ്ക്കാൻ ഗവൺമെന്റ് ശ്രദ്ധിയ്ക്കണം.
2. യൂണിറ്റ് പുതുക്കി നിശ്ചയിക്കണം.
3. അളവിൽ കുറവ്, സമയത്ത് സാധനങ്ങൾ കടകളിൽ എത്താതിരിക്കുക, കരിഞ്ചന്തയും പൂഴ്ത്തിവയ്പും, കടകൾ കൃത്യസമയത്ത് തുറക്കാതിരിക്കുക, കൂടുതൽ വില ഈടാക്കുക എന്നിവയ്ക്ക് ഒരു പരിധിവരെ അറുതിവരുത്താൻ ഗ്രാമപഞ്ചായത്തിന് കഴിയും.
4. കാർഡുടമകളുടെ ബാഹുല്യം കുറയ്ക്കുന്നതിനും പുതിയ ആളെ കാർഡിൽ ചേർക്കുന്നതിനും പുതിയ കാർഡ് അനുവദിക്കുന്നതിനുമുള്ള നടപടികൾ താലൂക്ക് സപ്ലൈ ഓഫീസിൽ ചെയ്യാവുന്നതാണ്.
5. കടപരിശോധന കുറ്റമറ്റതാക്കാൻ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥൻമാരും ജനപ്രതിനിധികളും ശ്രദ്ധിയ്ക്കണം.
6. ആഭ്യന്തര കമ്പോളങ്ങളിൽനിന്ന് കുറഞ്ഞ വിലക്ക് സാധനങ്ങൾ വാങ്ങി മാവേലി സ്റ്റോറിൽ എത്തിച്ചാൽ ഒരു പരിധിവരെ സാധനങ്ങളുടെ കുറവും നികത്താം.
7. സീസൺ മാർക്കറ്റുകൾ വിജയകരമായിരുന്നു. തുടർന്ന് നടത്താം.

# ഗതാഗതം

ഒരു നാടിന്റെ വികാസത്തിലും പുരോഗതിയിലും റോഡും ഗതാഗതവും വഹിക്കുന്ന പങ്ക് നിസ്സാരമല്ല. കാർഷിക വ്യാവസായിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ് അവ. വാണിജ്യ വികസനത്തിന്റെ കാര്യത്തിൽ ആണെങ്കിൽ പറയാനും ഇല്ല. ആധുനിക പരിഷ്കൃതിയും സംസ്കൃതിയും അത്രത്തോളം നിരത്തുകളുമായി ബന്ധപ്പെട്ടിരിക്കുന്നു.

പന്മന പഞ്ചായത്തിൽ സിരാപടലം പോലെ റോഡുകൾ ഉണ്ട്. ദേശീയ പാതയും സംസ്ഥാന പാതയും ഗ്രാമ പാതകളും കച്ഛാ റോഡുകളും ഒക്കെ ഇക്കൂട്ടത്തിൽ ഉണ്ട്. വളർന്ന് വരുന്ന ആവശ്യങ്ങളുമായി തട്ടിച്ച് നോക്കുമ്പോൾ പുതിയ ചില റോഡുകൾ നിർമ്മിക്കേണ്ടതുണ്ട്. പല റോഡുകളും പുതുക്കി പണിയേണ്ടതുണ്ട്. പഞ്ചായത്തിലെ പൊതു ജീവിതവുമായി വളരെയധികം ഉറ്റബന്ധം പുലർത്തുന്ന ചില റോഡുകൾ ടാർ ചെയ്യേണ്ടതുമുണ്ട്. ബസ് സർവ്വീസിന്റെ കാര്യത്തിൽ പന്മന ഇന്ന് അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ എത്രയും പെട്ടെന്ന് പരിഹരിക്കേണ്ടതുമുണ്ട്.

പഞ്ചായത്ത് രൂപീകൃതമാകുന്നതിന് മുമ്പ് പന്മന പ്രദേശത്ത് ഉണ്ടായിരുന്ന മൺറോഡുകളിൽ പ്രധാനപ്പെട്ടവ ശങ്കരമംഗലം-കന്നേറ്റി, ശങ്കരമംഗലം - കോവിൽത്തോട്ടം, കൈചൂണ്ടിപ്പലകമുക്ക് - പുത്തൻചന്ത, ഇടപ്പള്ളിക്കോട്ട - പന്മന ആശ്രമം, കൊല്ലകപ്പള്ളിമുക്ക് - പണ്ടാലക്കടവ്, കുറ്റിവട്ടം - കാഞ്ഞിരവിളമുക്ക്, ഇടപ്പള്ളിക്കോട്ട - കന്നിട്ടക്കടവ്, കോലത്ത്മുക്ക് - കൊട്ടാരക്കടവ് എന്നിവ ആയിരുന്നു. അന്നത്തെ ഗതാഗതയോഗ്യമായ റോഡുകളുടെ ആകെ നീളം പതിനഞ്ച് കിലോമീറ്റർ വരും. ജലഗതാഗതം അന്നത്തെ ഒരു മുഖ്യ മാർഗ്ഗമായിരുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് തെക്ക് വടത്തായി സ്ഥിതി ചെയ്യുന്ന ചവറ - പന്മന കനാൽ ആണ് ഇതിന് സഹായിച്ചത്. ഇന്നും കോവിൽത്തോട്ടം, കോട്ടാരക്കടവ്, കന്നിട്ടക്കടവ്, കന്നേറ്റി ജട്ടികൾ പോയകാല പ്രതാപം അയവിറക്കി നിലനിൽക്കുന്നു.

ഇപ്പോൾ പന്മനയിൽ മൊത്തം 138.6 കിലോമീറ്റർ റോഡ് ഉണ്ട്. ഇതിൽ സർക്കാരിന്റെ പൊതുമരാമത്തു വകുപ്പ് ടാർ ചെയ്ത് സംരക്ഷിക്കുന്ന 30 കിലോമീറ്റർ റോഡുണ്ട്. 13.2 കിലോമീറ്റർ റോഡ് പഞ്ചായത്ത് ആണ് ടാർ ചെയ്തിരിക്കുന്നത്. മെറ്റൽ ചെയ്ത റോഡിന്റെ മൊത്തം നീളം 6.4 കിലോമീറ്ററും ഗ്രാവൽ ഇട്ട റോഡിന്റെ ആകെ നീളം 66 കിലോമീറ്ററും ആണ്. കച്ഛാറോഡുകളുടെ ആകെ നീളം ആകട്ടെ 23 കിലോമീറ്റർ വരും. (പട്ടിക അന്യത്ര കൊടുത്തിട്ടുണ്ട്.) ഒന്നരകിലോമീറ്റർ നീളത്തിൽ ഈ പഞ്ചായത്തിലൂടെ കടന്ന് പോകുന്ന ഒരു റെയിൽവേ ലൈനും ഉണ്ട്. ടൈറ്റാനിയം ഡൈഓക്സൈഡ് പിഗ്മെന്റ് യൂണിറ്റിലേയ്ക്ക് മാത്രമായുള്ള റെയിൽവേയുടെ ഭാഗമാണിത്.

10.42 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പന്മന പഞ്ചായത്തിൽ 1991 ലെ കാനേഷുമാരി പ്രകാരം 48,722 ജനങ്ങൾ ഉണ്ട്. നമ്മുടെ പഞ്ചായത്തിന്റെ വിസ്തൃതിയും ജനസംഖ്യയും പരിശോധിക്കുമ്പോൾ ഇവിടുത്തെ റോഡുകൾക്ക് സംസ്ഥാനത്തെ റോഡുകളുടെ ശരാശരി നിലവാരത്തിലേയ്ക്ക് എത്തുവാൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്ത് പ്രദേശത്തെ അഞ്ച് പ്രധാനപ്പെട്ട റോഡുകളിൽകൂടി ബസ് സർവ്വീസ് നടന്നുവരുന്നു. പുത്തൻചന്ത, ടൈറ്റാനിയം ജംഗ്ഷൻ, ശങ്കരമംഗലം, ഇടപ്പള്ളിക്കോട്ട, വെറ്റമുക്ക്, കുറ്റിവട്ടം, കൊല്ലക - പള്ളിമുക്ക്, പറമ്പിമുക്ക് എന്നിവിടങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ വലിയ പ്രയാസങ്ങൾ നേരിടുന്നു. റോഡിന്റെ പാർശ്വങ്ങളിൽ പാർക്ക് ചെയ്യുന്നത് മൂലം അപകട സാദ്ധ്യത ഏറിയിരിക്കുന്നു.

ജലഗതാഗതം ഇന്ന് കൂടുതൽ ശ്രദ്ധ ആകർഷിക്കുന്ന മേഖലയാണ്. വിനോദസഞ്ചാരവുമായി അതിന് വളരെയധികം ബന്ധമുണ്ട്. കന്നിട്ടകടവിൽ നിന്നും ആലപ്പുഴയിലേയ്ക്കും മറ്റും ജലമാർഗ്ഗം പോകുന്ന വിദേശികളുടെ എണ്ണം അനുദിനം വർദ്ധിച്ച് വരുന്നു. ഹിന്ദുസ്ഥാൻ പെട്രോളിയത്തിന്റെ പന്മന ടിപ്പോയിലേയ്ക്ക് എണ്ണ എത്തിയ്ക്കുന്നതും ജലഗതാഗതം വഴിയാണ്. പന്മന പഞ്ചായത്തിലെ അഞ്ചുമനയ്ക്കൽ ഭാഗത്ത് പൊഴി മുറിഞ്ഞ് ടി.എസ്. കനാൽ നികന്ന് കിടക്കുന്നതിനാൽ കന്നിട്ട കടവിൽ നിന്നും കൊല്ലത്തേയ്ക്കുള്ള ബോട്ട് യാത്ര അസാധ്യമായിരിക്കുന്നു.

പഞ്ചായത്തിൽ റോഡ് ഗതാഗതത്തിനും ജല ഗതാഗതത്തിനും അനുബന്ധമായി നിരവധി കടത്തുകൾ ഉണ്ട്. ഇതിൽ ഇടത്തുരുത്ത്, കന്നിട്ടക്കടവ്, കൊട്ടാരക്കടവ് എന്നിവ പഞ്ചായത്തിന്റെ പൂർണ്ണ നിയന്ത്രണത്തിൽ ഉള്ളവയാണ്.

വിപണി സാദ്ധ്യതകൾ വളരെ കൂടുതലുള്ള വ്യാവസായിക കാർഷികോല്പന്നങ്ങൾ പന്മനഗ്രാമത്തിൽ ജനകീയാസൂത്രണ ഫലമായി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. ഇടപ്പള്ളിക്കോട്ട, കോവിൽത്തോട്ടം, കുറ്റിവട്ടം, പുത്തൻചന്ത എന്നിവ പതിറ്റാണ്ടുകൾക്ക് മുൻപ് സ്വകാര്യ ചന്തകളായിരുന്നു. അന്ന് പ്രദേശ വാസികൾ പ്രധാന കാർഷിക വിളകളായ നാളികേരം, നെല്ല്, മരച്ചീനി, പച്ചക്കറി സാധനങ്ങൾ, അടയ്ക്കാ എന്നിവ തലച്ചുമടായി മാർക്കറ്റ് കേന്ദ്രങ്ങളിൽ എത്തിച്ച് വിപണനം നടത്തിവന്നിരുന്നു. ഇത് കൂടാതെ കയറും മത്സ്യവും വില്പനയ്ക്കായി എത്തിച്ചിരുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മിക്കവാറും എല്ലാ കവലകളിലും വാഹനങ്ങൾ പാർക്ക് ചെയ്യാൻ സൗകര്യം ഇല്ല.
2. പഞ്ചായത്തിൽ നിലവിൽ നിരവധി നടപാതകൾ ഉണ്ട്. യാത്രയ്ക്ക് ഇവ സുഗമമല്ല.
3. നിലവിലുള്ള ടാർ റോഡുകളുടെ സ്ഥിതി ശോചനീയമാണ്. നിർമ്മാണപരമായ അശാസ്ത്രീയത, ഗുണനിലവാരം കുറഞ്ഞ സാധന സാമഗ്രികളുടെ ഉപയോഗം, സാങ്കേതിക ഉപദേഷ്ടാക്കളുടെ ശ്രദ്ധക്കുറവ് എന്നിവ സ്പഷ്ടമാണ്.
4. ഓവുചാലുകളിലെ നീർക്കെട്ട്, മതിയായ ഓടകളുടേയും കലുങ്കുകളുടേയും അഭാവം, അറ്റകുറ്റപ്പണികളിൽ വരുന്ന വീഴ്ച, മുൻഗണനാ ക്രമം നിശ്ചയിക്കുന്നതിനുള്ള വൈരുദ്ധ്യം ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തത എന്നിവ പഞ്ചായത്തിലെ റോഡുകളെ സാരമായി ബാധിച്ചിരിക്കുന്നു.
5. കന്നിട്ടകടവിൽ നിന്നും കൊല്ലത്തേക്കുള്ള ജലഗതാഗതം തടസ്സപ്പെട്ടുകിടക്കുന്നു. അഞ്ചുമനയ്ക്കൽ ഭാഗത്തെ പൊഴി തകർന്ന് തോട് നികന്നതുമൂലമാണ് ഈ സ്ഥിതി ഉണ്ടായിരിക്കുന്നത്.
6. കരുനാഗപ്പള്ളി, കൊല്ലം, ശങ്കരമംഗലം എന്നീ പ്രധാനകേന്ദ്രങ്ങളിലേയ്ക്ക് വേണ്ടത്രബസ്സ് സർവ്വീസുകൾ ഇല്ലാ

ത്തതിനാൽ പഞ്ചായത്തിലെ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നു.

7. ഗ്രാമവാസികളുടെ ചിരകാലസ്വപ്നമായ ചാമ്പക്കടവ് പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ട് ഏഴ് വർഷം പിന്നിട്ടെങ്കിലും പണി പൂർത്തിയായിട്ടില്ല. പന്മന പഞ്ചായത്തിന്റെ ഭാഗമായ പൊന്മന കടലിനും കായലിനും മദ്ധ്യേയാണ് സ്ഥിതി ചെയ്യുന്നത്. പൊന്മനയും പഞ്ചായത്തിന്റെ ഇതര പ്രദേശങ്ങളുമായി ബന്ധപ്പെടുത്തുന്ന ഒരു പാലത്തിന്റെ അഭാവം വലിയ പ്രശ്നമാണ്. പൊന്മന ഇടത്തുരുത്തും ചിറ്റൂർ വാർഡിലെ ഓലംതുരുത്തും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലവും പ്രാധാന്യം അർഹിക്കുന്നു.

**സാദ്ധ്യതകൾ**

1. യാത്രക്കാരുടെയും വാഹനങ്ങളുടെയും ബാഹുല്യം പരിഗണിച്ച് ഇപ്പോൾ നിലവിലുള്ള ടാർറോഡുകൾ ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യണം.

2. റോഡുകളുടെ സുസ്ഥിതി നിലനിർത്താൻ പര്യാപ്തമായ ഓടകളും കലുങ്കുകളും നിർമ്മിക്കണം.

3. റോഡുനിർമ്മാണത്തിൽ സംഭവിക്കുന്ന സാങ്കേതിക വിദഗ്ദ്ധരുടെ ശ്രദ്ധക്കുറവ് ഗുണനിലവാരം കുറഞ്ഞ സാധനസാമഗ്രികളുടെ വിനിയോഗം, നിർമ്മാണവസ്തുക്കളുടെ ശോഷണം, ടെൻഡറിംഗ് സംവിധാനത്തിലെ അശാസ്ത്രീയത എന്നിവ പൂർണ്ണമായും ഒഴിവാക്കണം. ജനകീയമേൽനോട്ടവും പങ്കാളിത്തവും ഇക്കാര്യത്തിൽ സംഘടിപ്പിക്കണം.

4. പഞ്ചായത്ത് ഓഫീസിൽ നിലവിലുള്ള റോഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥിതി വിവരകണക്കുകൾ അപൂർണ്ണമാണ്. അത് ശാസ്ത്രീയമായി പുനഃക്രമീകരിക്കണം.

5. പഞ്ചായത്ത് പ്രദേശത്തെ പ്രധാനകവലകളിൽ ഓട്ടോ, ടാക്സി, ടെമ്പോ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തണം. ഇത് പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗം കൂടിയാണ്.

6. കൊല്ലത്തുനിന്നും ചവറ വരെ സർവ്വീസ് നടത്തുന്ന എല്ലാ പ്രൈവറ്റ് ബസ് സർവ്വീസുകളും ചവറ ടൈറ്റാനിയം ജംഗ്ഷൻ വരെ നീട്ടുകയും അവിടെ പ്രൈവറ്റ് ബസ് സ്റ്റാൻഡ് സ്ഥാപിക്കുകയും ചെയ്യുക.

7. കൊട്ടാരക്കടവിൽ നിന്നും കൊല്ലം കരുനാഗപ്പള്ളി പത്തനംതിട്ട റൂട്ടുകളിലേക്ക് കെ.എസ്.ആർ.ടി.സി.ബസ് സർവ്വീസ് ആരംഭിക്കുക.

8. കന്നിട്ടകടവിൽ നിന്നും ഇടപ്പള്ളോക്കോട്ട വഴി കരുനാഗപ്പള്ളിക്കുള്ള ബസ് സർവ്വീസ് പുനഃസ്ഥാപിക്കുക. കൊല്ലം, ഇടപ്പള്ളിക്കോട്ട, പന്മന ആശ്രമം, നമ്പ്യാരുയ്യത്ത് മുക്ക് വഴി അടൂരിനുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനഃസ്ഥാപിക്കുക

9. കരുനാഗപ്പള്ളിയും ശങ്കരമംഗലവുമായി ബന്ധപ്പെടുത്തി രാവിലെയും വൈകുന്നേരവും കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുക.

10. പണി പൂർത്തിയാകാത്ത ചാമ്പക്കടവ് പാലം ഉടൻ പൂർത്തീകരിക്കുക. കന്നിട്ടകടവ് പാലം ഇടത്തുരുത്ത് പാലം എന്നിവയുടെ പണി ആരംഭിക്കുക.

11. പഞ്ചായത്ത് അതിർത്തിയിലുള്ള പ്രധാനറോഡുകളിൽ സ്വാഗതവും നന്ദിയും വിസ്തൃതിയും മറ്റും വിശദമായി സൂചിപ്പിക്കുന്ന ആകർഷകമായ ബോർഡുകൾ സ്ഥാപിക്കണം.

12. കാർഷിക പരമ്പരാഗത വ്യവസായ മേഖലകളിലെ ഉത്പന്നങ്ങൾ വിറ്റഴിക്കുവാൻ കേന്ദ്രീകൃത സ്വഭാവമുള്ള ഒരു ആഴ്ച ചന്ത ഉണ്ടാക്കണം.

13. മത്സ്യവിപണനത്തിന് സ്ഥിരം കെട്ടിടങ്ങൾ മാർക്കറ്റുകളിൽ നിർമ്മിക്കണം.

**പട്ടിക 1 ടാർ റോഡുകൾ**

| നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | ദൂരം (കി. മീറ്റർ) | വീതി(മീ.) | ബസ്/മറ്റാവശ്യങ്ങൾ |
|---|---|---|---|---|---|
| 1. | പനയന്നാർകാവ് പീടികമുക്ക് | പഞ്ചായത്ത് | 2.5 | 6 | ഉണ്ട് |
| 2. | പള്ളിമുക്ക് സി.എൻ.മുക്ക് to പണ്ടികശാല റോഡ് | PWD | 1.5 | 8 | ഉണ്ട് |
| 3. | കുറ്റിവട്ടം കാഞ്ഞിരംവിള മുക്ക് റോഡ് | P.W.D. | 4 | 8 | ഉണ്ട് |
| 4. | ചമ്പകടവ് പറയരുകടവ് | പഞ്ചായത്ത് | 1.4 | 6 | ഉണ്ട് |
| 5. | പനയന്നാർകാവ് ആശ്രമം റോഡ് | P.W.D. | 2.5 | 6 | ഉണ്ട് |
| 6. | നെല്ലിപറമ്പിൽമുക്ക് മാംപള്ളിമുക്ക് റോഡ് | പഞ്ചായത്ത് | 0.9 | 5 | ഉണ്ട് |
| 7. | വെറ്റമുക്ക് പറയരുതോട് റോഡ് | P.W.D. | 2.5 | 8 | ഉണ്ട് |
| 8. | വെറ്റമുക്ക് – ആലയിൽമുക്ക് | പഞ്ചായത്ത് | 1.4 | 6 | ഉണ്ട് |
| 9. | വലിത്തുമുക്ക് – ആറുമുറിക്കട | P.W.D. | 3.5 | 8 | ഉണ്ട് |
| 10. | മനയിൽ പുത്തൻചന്ത | പഞ്ചായത്ത് | 1.4 | 6 | ഉണ്ട് |
| 11. | പുത്തൻചന്ത – ശ്രീ വർദ്ധനത്ത് | പഞ്ചായത്ത് | 1.4 | 6 | ഉണ്ട് |
| 12. | ഇടപ്പള്ളിക്കോട്ട പന്മന ആശ്രമം വലിയത്ത് മുക്ക് | P.W.D. | 2.5 | 6 | ഉണ്ട് |
| 13. | ആശാൻതറമുക്ക് വഴി കൽകടവ് | പഞ്ചായത്ത് | 1 | 6 | ഉണ്ട് |
| 14. | ഇടപ്പള്ളികോട്ട കന്നിട്ടക്കടവ് | പഞ്ചായത്ത് | 1.4 | 8 | ഉണ്ട് |
| 15. | ടൈറ്റാനിയം ജംഗ്ഷൻ ഏഴംകുളം | P.W.D. | 3 | 8 | ഉണ്ട് |
| 16. | ശങ്കരമംഗലം കോവിൽതോട്ടം | P.W.D. | 1.5 | 8 | ഉണ്ട് |
| 17. | ശങ്കരമംഗലം ശ്രീവർദ്ധനംറോഡ് | P.W.D. | 4 | 8 | ഉണ്ട് |
| 18. | ശങ്കരമംഗലം – കന്നേറ്റി പാലം | NH 47 | 5 | 1.6 | ഉണ്ട് |
| 19. | കോലത്ത്മുക്ക് കൊട്ടാരത്തിൻകടവ് | പഞ്ചായത്ത് | 1.5 | 6 | ഉണ്ട് |
| 20. | കറ്റാണത്ത് മുക്ക് പൈപ്പ്റോഡ് | പഞ്ചായത്ത് | 0.300 | 6 | ഉണ്ട് |
| 21. | മുട്ടത്തുതറമുക്ക് പുത്തൻവീട്ടിൽമുക്ക് (പുതുശ്ശേരിക്കോട്ട പള്ളിവഴി) | പഞ്ചായത്ത് | 0.700 | 4 | |
| 22. | വലിയത്ത് വടക്കേമുക്ക് പൈപ്പ്റോഡ് | | 300മീ. | 4 | |
| | ആകെ | | 44.200 കി.മീ. | | |

**ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ**

| നമ്പർ | വാർഡ് | റോഡിന്റെ പേര് | ദൂരം.(കി.മീ.) | വീതി.(മീ) |
|---|---|---|---|---|
| 1 | I | പീടികമുക്ക്-കല്ലേകടവ് റോഡ് | 0.700 | 6 |
| 2. | I | പട്ടാളംമുക്ക്-പീടികമുക്ക് | 0.600 | 6 |
| 3. | II | കൊടിയാട്ട്മുക്ക്-വാത്തിയത്ത്മുക്ക് | 1.00 | 6 |
| 4. | IV, XIV | വെറ്റമുക്ക്- പഞ്ചായത്താഫീസ് റോഡ് | 1.300 | 6 |
| 5. | IV | തയ്യിൽമുക്ക്-പൈനുവിള കോളനിവഴി കാരാളിമുക്ക് | 1.00 | 6 |
| 6. | VIII | ശാസ്തമംഗലംമുക്ക്-കൊപ്രായിൽമുക്ക് | 1.400 | 5 |
| 7. | VIII | ചമ്പോളിമുക്ക്-തിരുമുഖത്ത് മുക്ക് | 0.300 | 5 |
| 8. | XI | വലിയവീട്ടിമുക്ക്-വെള്ളിക്കരമുക്ക് | 0.700 | 5 |
| 9. | XIII | മുഹമ്മദൻ L.P.S. - ത്രീകിംഗ് ചർച്ച് | 0.500 | 5 |
| | | ആകെ | – 7.5 K.M. | |

**പട്ടിക 3**

**മെറ്റൽചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ**

| നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം(കി.മീ.) | വീതി (മീറ്റർ) |
|---|---|---|---|---|
| 1 | I | പള്ളിമുക്ക് – CMS LPS റോഡ് | 0.900 | 4 |
| 2 | I | പുല്ലംപള്ളിമുക്ക് ലക്ഷംവീട് കോളനി-കുന്നക്കടവ് | 0.700 | 3 |

| | | | | |
|---|---|---|---|---|
| 3. | I | പുല്ലംപള്ളിമുക്ക്-കായൽവാരം റോഡ് | 0.300 | 3 |
| 4. | II | ചക്കാലയിൽമുക്ക്-ജമായത്ത് LPS വഴി കൊണ്ടോടിമുക്ക് | 1.4 | 4 |
| 5. | II | അയണിമൂട്ടിമുക്ക്-വിളക്കുമാടത്തു റോഡ് | 0.700 | 4 |
| 6. | II | വേലശേരിമുക്ക്-ശ്മശാനം റോഡ് | 0.800 | 4 |
| 7. | II | ഊപ്പത്തിമുക്ക്-തടത്തിമുക്ക് | 0.700 | 4 |
| 8. | II | ട്രാൻസ്ഫോർമർ മുക്ക്-ഫിഷ്ഫാം റോഡ് | 0.400 | 4 |
| 9. | III | തറമേൽമുക്ക് കിഴക്കുന്നുംകുളം - ചുമടുതാങ്ങിമുക്ക് | 1.500 | 4 |
| 10. | III | കോളറമുക്ക്-വെറ്റമുക്ക് | 0.400 | 4 |
| 11. | III | ഊപ്പൻവിളമുക്ക്-പള്ളമുക്ക് | 0.300 | 4 |
| 12. | IV | പറമ്പിമുക്ക്-പള്ളിമുക്ക് | 0.700 | 4 |
| 13. | IV | ഞെട്ടറമുക്ക്-കണ്ണത്തുമുക്ക് | 0.300 | 4 |
| 14. | IV | നമ്പ്യരയ്യത്തുമുക്ക്-പുത്തൻകുളം | 0.800 | 4 |
| 15. | IV | വെറ്റമുക്ക് ഒറ്റത്തെങ്ങുംമുക്ക് (ഉറവുകരമുക്ക് വഴി) | 0.800 | 4 |
| 16. | IV | പാലപ്പുഴമുക്ക് - പള്ളിക്കൽകോട്ട | 0.500 | 4 |
| 17. | IV | ചുമടുതാങ്ങിമുക്ക് - കോലത്തുമുക്ക് | 0.700 | 3 |
| 18. | V | പുതുശേരി കോട്ടപള്ളി - പറയന്റയ്യത്തുമുക്ക് | 1.400 | 4 |
| 19. | V | തൈക്കാവ്മുക്ക്-കണ്ണങ്കര മുക്ക് | 0.900 | 4 |
| 20. | V | കാക്കോന്റയ്യത്ത്മുക്ക്-പുള്ളിക്കൽ കോട്ട | 1 | 4 |
| 21. | V | കണ്ണങ്കരമുക്ക്-വെട്ടിളച്ചംവീട് വഴി മുഖംമൂടി മുക്ക് | 1.250 | 4 |
| 22. | V | കടച്ചിക്കോട്മുക്ക് - പുതുശേരി കോട്ടപള്ളിറോഡ് | 0.800 | 4 |
| 23. | V | തയ്യിൽമുക്ക് മുതൽ കണ്ണങ്കത്ത് മുക്ക് വരെ (പൈപ്പ് ലൈൻ കടന്ന്) | 0.700 | 4 |
| 24. | VI | നടുവലത്തിചേരിമുക്ക് - പഞ്ചമൻമുക്ക് | 1.200 | 4 |
| 25. | VI | മണപ്പുഴമുക്ക് - ചെറുവെള്ളിമുക്ക് | 1.500 | 4 |
| 26. | VI | വെള്ളയിൽമുക്ക് - നീലൂട്ടിമുക്ക് | 1.500 | 4 |
| 27. | VI | പെരുമ്പള്ളിമുക്ക്-കോക്കാട്ടുമുക്ക് | 0.700 | 4 |
| 28. | VI | സരിതാജംഗ്ഷൻ - പൈപ്പ്റോഡ് | 1 | 4 |
| 29. | VI | ആയിരേഴ്ത്ത്മുക്ക്-കണ്ണന്റേഴ്ത്ത് മുക്ക് | 0.500 | 4 |
| 30. | vI | കൊക്കാട്ട്മുക്ക് - വെള്ളയിൽമുക്ക് | 0.700 | 4 |
| 31. | VII | വൈദ്യശാലമുക്ക് - മാധവശേരിമുക്ക് | 1.200 | 4 |
| 32. | VII | കോലത്തുമുക്ക്-കോടൂക്കോട്ടുമുക്ക് | 1 | 4 |
| 33. | VII | ശ്രീരംഗത്തുമുക്ക് - കാരാളിമുക്ക് | 1.500 | 4 |
| 34. | VII | പൈപ്പുമുക്ക് - തെങ്ങുംപള്ളിമുക്ക് | 0.500 | 4 |
| 35. | VIII | കൊപ്രായിൽമുക്ക്-അഞ്ചുമനക്കൽ റോഡ് | 1 | 4 |
| 36. | VIII | കോവിൽതോട്ടം മാർക്കറ്റ്-പാണയത്ത് മുക്ക് | 1 | 4 |
| 37. | VIII | പൊസ്റ്റാഫീസ് - വഴുതിയിൽമുക്ക് | 0.700 | 4 |
| 38. | IX | താഴ്ചയിൽകടവ്-കന്നിട്ടകടവ് റോഡ് | 0.700 | 4 |
| 39. | X | ചിറ്റൂർ വായനശാല- പാലവിളമുക്ക് | 0.700 | 4 |
| 40. | X | വാഴപ്പള്ളിമുക്ക്-പള്ളിശേരി | 0.500 | 4 |
| 41. | X | ചിറ്റൂർ വായനശാല-പനച്ചാത്തറമുക്ക് | 1 | 4 |
| 42. | X | ഉപ്പുകുന്ന്-സെറ്റിൽ മെന്റ് കോളനി വഴി ഞാറുവേല | 1.200 | 4 |
| 43. | X | ബംഗ്ലാവുമുക്ക്-കണ്ണന്റെകടവ് | 0.800 | 4 |
| 44. | X | ഉപ്പുകുന്ന്-പള്ളിശേരി റോഡ് | 0.500 | 4 |
| 45. | XI | മാമൂലയൽമുക്ക്-പന്മന ക്ഷേത്രം -കാട്ടാരക്കടവ് റോഡ് വരെ | 0.500 | 4 |
| 46. | XI | നല്ലോട്ടിമുക്ക് മുതൽ തെക്കോട്ട് പള്ളിയാടിമുക്ക് വരെ | 1 | 4 |
| 47. | XI | ആക്കൽ കണ്ണൻകുളങ്ങര റോഡ് | 1 | 4 |
| 48. | XI | വൈക്കോട്ട്മുക്ക്-ബംഗ്ലാവിൽ മുക്ക് | 0.500 | 4 |
| 49. | XII | പടിക്കൽമുക്ക്-മോഴിശേരിമുക്ക് | 0.700 | 4 |
| 50. | XII | വെറ്റമുക്ക്-കോന്തറ കടവ് | 1.00 | 4 |
| 51. | XII | കുറ്റാമുക്ക്-മുക്കോണത്തുകാവ് | 0.400 | 4 |
| 52. | XII | കുറ്റാമുക്ക്-വലിയപാടം | 0.400 | 4 |
| 53. | XIII | കുറ്റാമുക്ക്-കൊതുമുക്ക് റോഡ് | 0.700 | 4 |
| 54. | XIII | ചെങ്കള്ളിമുക്ക്-ത്രീകിംഗ്ചർച്ച് | 0.200 | 4 |
| 55. | XIII | തെങ്ങിൽ ക്ഷേത്രം - പുത്തൂർ മുക്ക് ആണ്ടുവാരം മുക്ക് | 2.00 | 4 |
| 56. | XIV | തൈക്കാവ്മുക്ക് - ആശാന്തറ മുക്ക് | 0.600 | 4 |
| 57. | XIV | പുളിയ്ക്കൽ കോട്ട-കോട്ടക്കകത്തുമുക്ക് | 0.300 | 4 |
| 58. | XIV | മുളമൂട്ടിമുക്ക്-കരിയിൽമുക്ക് | 0.900 | 4 |
| 59. | XIV | മുണ്ടപ്പള്ളിമുക്ക്-ചീരാങ്കളത്ത് മുക്ക് | 0.750 | 4 |
| 60. | XIV | കവണംപള്ളിമുക്ക്-തൈക്കാവ് മുക്ക് | 0.500 | 4 |
| 61. | XIV | കുരീത്തറമുക്ക്-നീലിയാടി മുക്ക് | 0.600 | 4 |
| 62. | XV | പുറമാവിൽമുക്ക്-പരിച്ചേരിമുക്ക് | 0.700 | 4 |
| 63. | XV | വടുതലമുക്ക്-ആണുവേലി ക്ഷേത്രം | 0.800 | 4 |
| 64. | Xv | പോങ്ങോട്ടുമുക്ക്-വെളിയത്തുമുക്ക് | 0.900 | 4 |
| 65. | XV | പുറമാവിൽമുക്ക്-ചോലേപാടം | 0.250 | 4 |
| 66. | XV | കൊല്ലശേരി-പാലേത്ത് മുക്ക് | 0.400 | 4 |
| 67. | Xv | പെരുമന-കാരാളച്ചംവീട് | 0.200 | 4 |
| 68. | XV | ചെപ്പള്ളിമുക്ക്-പാരിച്ച വീട്ടിൽ മുക്ക് | 0.200 | 4 |
| 69. | XV | ആണുവേലി-പാലക്കുന്നത്ത് | 0.600 | 4 |
| 70. | XV | തരുക്കോട്ട-തൈക്കാവ് | 0.800 | 4 |
| 71. | XV | ചെപ്പള്ളിമുക്ക്-പരിച്ചേരിമുക്ക് | 1 | 4 |
| 72. | XV | പൊക്കണ്ണേഴത്ത് - കരുവാഴത്ത് ക്ഷേത്രം | 0.300 | 4 |
| 73. | XV | പുത്തൻചന്ത-വാലയിൽ മുക്ക് | 0.700 | 4 |
| 74. | XV | തോപ്പിൽമുക്ക്-ആണുവേലി ക്ഷേത്രം വഴി പിമ്മാട്ടിമുക്ക് | 1.500 | 4 |

| | | | | |
|---|---|---|---|---|
| 140 | XI | പന്മന ക്ഷേത്രത്തിന് കഴിക്കുവശത്തുനിന്നും പെരുമാൾത്തറ കോളനി വഴി ഇടപ്പള്ളിക്കോട്ട മാർക്കറ്റ് | 0.500 | 3 |
| 141 | XII | കുന്നച്ചംവീട് മുക്ക് വടക്കോട്ട് നരീത്തറ | 0.500 | 3 |
| 142 | XII | മോഴശ്ശേരി തോടിന്റെ സൈഡിൽകൂടി കായൽവാരം വരെ | 0.300 | 3 |
| 143 | XII | മോഴിശ്ശേരി മുക്ക് - ചെമ്പോലിമുക്ക് | 0.500 | 3 |
| 144 | XII | കല്ലുംമൂട്ടിതോടിന്റെ സൈഡിൽകൂടി നടപ്പാത | 0.200 | 3 |
| 145 | XII | ദീനിയ ഐസ് പ്ലാന്റ് തൊട്ട് വടക്കോട്ട് ചെങ്ങഴത്ത് മുക്ക് വരെ | 0.300 | 3 |
| 146 | XII | ആനയടിത്തറ-കോട്ടക്കുഴി | 1.00 | 3 |
| 147 | XII | കണ്ണങ്കര മൂലമുക്ക്-മുക്കോണത്ത് കാവ് | 0.300 | 3 |
| 148 | XII | പോരൂക്കര പള്ളി ലെവൽക്രോസ് മുതൽ പാലക്കത്തറ മുക്ക് | 0.500 | 3 |
| 149 | XII | കരുവേലി കലങ്കുമുതൽ പടിഞ്ഞാറോട്ട് | 0.150 | 3 |
| 150 | XII | പുതിയവീട്ടിൽ പടിഞ്ഞാറോട്ട് കളീലിൽ കോട്ട | 0.300 | 3 |
| 151 | XIII | കന്നേറ്റിപള്ളി-കായൽവാരം | 0.400 | 2 |
| 152 | XIII | ഉറവുക്കരമുക്ക്-തെങ്ങിൽ ക്ഷേത്രം | 0.300 | 3 |
| 153 | XIII | പുന്തലമുക്ക് - വളാലിൽകടവ് | 0.400 | 3 |
| 154 | XIII | ഉതിരാങ്കാവിൽ നിന്നും വടക്കോട്ട് വടക്കേറോഡ് വരെ | 0.200 | 3 |
| 155 | XIII | കുറ്റിവട്ടം ആശുപത്രിയുടെ കിഴക്കുവശം കൂടി വടക്കോട്ട് വില്ലന്നൂർമുക്ക് വരെ | 0.200 | 3 |
| 156 | XIII | കുറ്റിവട്ടം കലങ്കുമുതൽ വടക്കോട്ട് റോഡ് വരെ | 0.300 | 3 |
| 157 | XIII | ഒടുക്കുഴി മുക്കുമുതൽ തെക്കോട്ട് കരീത്തറ പടി:-തെക്ക് | 0.300 | 3 |
| 158 | XIII | ചാണായിമുക്ക്-ത്രീകിംഗ് ചർച്ച് | 0.200 | 3 |
| 159 | XIII | സെന്റ് അലോഷ്യസ് LPS - ത്രീകിംഗ് ചർച്ച് | 0.300 | 3 |
| 160 | XIII | ചക്കാലെമുക്ക്-പുത്തൻവീട്ടിൽ കോളനി | 0.400 | 3 |
| 161 | XIII | ചെമ്പോലിൽമുക്ക്-റയിൽവേ പാരലൽ റോഡ് (വടക്കോട്ട്) | 0.700 | 3 |
| 162 | XIV | ചീരാളത്ത് മുക്ക് മുതൽ വടക്കോട്ട് മാവേലി കോളനി | 0.700 | 3 |
| 163 | XIV | പുതുശേരി കുളത്തിന് കിഴക്ക് കരയിൽകൂടി വടക്കോട്ട് റോഡിലേക്കുള്ള നടപ്പാത | 0.100 | 3 |
| 164 | XV | ആണുവേലിമുക്ക്-കളീക്കൽ വഴി പാലകുന്നത്ത് മുക്ക് | 0.100 | 3 |
| 165 | XV | ചേമത്ത് മുക്ക്-നടുവിലഴികത്ത് മുക്ക് | 0.300 | 3 |
| 166 | XV | കാഞ്ഞിരവിളമുക്ക്-മടപ്പള്ളി | 0.500 | 3 |
| 167 | XV | കരുവാഴത്ത് ക്ഷേത്രം-പാലക്കുന്നത്ത് | 0.500 | 3 |
| 168 | XV | അയ്യനേഴത്ത് കലുങ്ക്-ആണുവേലി മുക്ക് | 0.700 | 3 |
| 169 | XV | വെള്ളാലുംമൂട്ടിൽ മുക്ക്-തട്ടാഴത്ത് മുക്ക് | 0.300 | 3 |
| 170 | XV | നടുവത്തുചേരിമുക്ക്-ആണുവേലിൽ ക്ഷേത്രം | 0.300 | 3 |
| 171 | XV | ചേരിയിൽമുക്കു - കരുവാഴത്ത് ക്ഷേത്രം | 0.300 | 3 |
| 172 | Xv | കരുവാഴത്ത് മുക്ക്-ചെപ്പള്ളിത്തറമുക്ക് | 0.300 | 3 |
| 173 | XV | ചെറുകുന്നത്ത് മുക്ക്-കുവളത്ത് പാടം | 0.300 | 3 |
| 174 | XV | കരുവാഴത്ത് ക്ഷേത്രം വടക്കോട്ട് ഏറമ്മിൽ മുക്ക് | 0.400 | 3 |
| 175 | V | ഇലഞ്ഞിവേലിമുക്ക് മുതൽ വടക്കോട്ട് ആലപ്പുറത്ത് മുക്കുവരെ | 1.200 | 3 |

# ഊർജ്ജം

## വൈദ്യുതി

കേരളം അതിരൂക്ഷമായ വൈദ്യുതി ക്ഷാമം നേരിടുന്ന ഒരു സംസ്ഥാനമായി മാറിക്കഴിഞ്ഞു. പ്രകൃതി കനിഞ്ഞാലും ഇല്ലെങ്കിലും പവർകട്ടും ലോഡ്ഷെഡ്ഡിംഗും നിത്യസംഭവങ്ങളാണ്. അപ്രഖ്യാപിത നിയന്ത്രണങ്ങൾ വേറെയും. ഇവയെല്ലാം വൈദ്യുതിരംഗത്തെ ജനങ്ങളുടെ വിശ്വാസ്യത നഷ്ടപ്പെടുത്തി. കേരളത്തിന്റെ വികസനത്തിനും വ്യാവസായികമേഖലകളുടെ പുരോഗതിക്കും വൈദ്യുതി രംഗം തടസ്സമായി നിൽക്കുന്ന പശ്ചാത്തലത്തിൽ നമ്മുടെ പഞ്ചായത്തിന്റെ വൈദ്യുതി മേഖലയെകുറിച്ച് പരിശോധിക്കാം.

19-6-1950-ൽ ആണ് പഞ്ചായത്തിലെ മേക്കാട്ട് പ്രദേശത്ത് ആദ്യമായി വൈദ്യുതി എത്തിച്ചേർന്നത്. 46 വർഷങ്ങൾ പിന്നിട്ടപ്പോൾ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിച്ചേർന്നുവെങ്കിലും ഇനിയും പഞ്ചായത്തിലെ 20% വീടുകളിൽ വൈദ്യുതി എത്തേണ്ടിയിരിക്കുന്നു. കരുനാഗപ്പള്ളി, തേവലക്കര, ചവറ എന്നീ മൂന്ന് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ കേന്ദ്രീകരിച്ചാണ് പഞ്ചായത്തിൽ വൈദ്യുതിവിതരണം നടന്നുകൊണ്ടിരിക്കുന്നത്. ചവറ 110കെ.വി., കരുനാഗപ്പള്ളി 66കെ.വി. എന്നീ സബ്സ്റ്റേഷനുകളിൽ നിന്നും 21.6 കിലോമീറ്റർ 11 കെ.വി. ലൈനുകളിൽകൂടി 27 വിതരണ ട്രാൻസ്ഫോർമറുകൾ നിലവിൽ ഉണ്ട്. ഇതിൽ രണ്ട് ട്രാൻസ്ഫോർമറുകൾ രണ്ട് വ്യവസായസ്ഥാപനങ്ങൾക്കു മാത്രമായിട്ടുള്ളതാണ്. 212.5 കീലോമീറ്റർ എൽ.ടി. ലൈനുകളിലായി 8263 ഉപഭോക്താക്കളാണ് നിലവിലുള്ളത്. 7781 ഗാർഹികം, 389 ചെറുകിട കച്ചവടസ്ഥാപനങ്ങൾ 64 വ്യാവസായികം, 29 കാർഷികോപഭോക്താക്കളും 653 സ്ട്രീറ്റ് ലൈറ്റ്, 58 ട്യൂബ് ലൈറ്റ്, എട്ട് മെർക്കുറി ലൈറ്റുകളും ഉൾപെട്ടതാണ് വിതരണമേഖല.

ഊർജ്ജഉപഭോഗത്തിന്റെ 75 ശതമാനം ഗാർഹികആവശ്യത്തിന് ഉപയോഗിക്കുന്നു. വ്യാവസായികമേഖലയിൽ പ്രതിമാസം 146600 യൂണിറ്റ് വൈദ്യുതിയാണ് നമ്മുടെ ഉപയോഗം. ഇതിൽ 80 ശതമാനം വരുന്ന വൈദ്യുതി 6 ഐസ് ഫാക്ടറികൾ ആണ് ഉപയോഗിക്കുന്നത്. ശുദ്ധജലവിതരണത്തിന് വേണ്ടി നാല് പമ്പ്ഹൗസുകൾ 11780 യൂണിറ്റ് വൈദ്യുതി പ്രതിമാസം ഉപയോഗിക്കുന്നു. വ്യാവസായിക ഗാർഹികമേഖലകളിലെയും പഞ്ചായത്ത് തെരുവ് വിളക്കുകൾക്കു വേണ്ടി അടയ്ക്കുന്ന 7793 രൂപ ഉൾപ്പെടെ മൂന്ന് ആഫീസുകൾ കേന്ദ്രീകരിച്ച് പ്രതിമാസം 737000 രൂപയോളം വൈദ്യുതി ബോർഡിന് നല്കുന്നു. ചവറ സെക്ഷൻ ആഫീസിന്റെ കീഴിൽ ഇടപ്പള്ളിക്കോട്ട കേന്ദ്രമാക്കി ഒരു സബ്എഞ്ചിനിയറാഫീസ് പ്രവർത്തിക്കുന്നുണ്ട്. മാസത്തിൽ ഒരുദിവസം മാത്രം ഗാർഹികോപഭോക്താക്കൾക്ക് വേണ്ടി ഒരു

കളക്ഷൻ സെൻറർ പ്രവർത്തിക്കുന്നു. ഉദ്ദേശം രണ്ടായിരത്തോളം ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമേ ഇതിൻെറ പ്രയോജനം ലഭിക്കുന്നുള്ളു എന്നതാണ് വിവരശേഖരണങ്ങളിൽ നിന്നും മനസിലാക്കുന്നത്.

## നിലവിലുള്ള വിതരണ ട്രാൻസ്ഫോർമറുകൾ

| No | നിലവിലുള്ള ട്രാൻസ്ഫോർമറിൻെറ സ്ഥലപേര് | KVA | വൈദ്യുതി വിതരണം നടക്കുന്ന വാർഡുകൾ |
|---|---|---|---|
| 1. | കൊല്ലക NoI | 100 | കൊല്ലക |
| 2. | കൊല്ലക NoII | 100 | കൊല്ലക, വടക്കുംന്തല, വടഃ കിഴക്ക് |
| 3. | കുറ്റിവട്ടം NoI | 160 | വടക്കുംന്തല, വടഃകിഴക്ക്, വടഃമേക്ക് |
| 4. | കുറ്റിവട്ടം NoII | 100 | വടഃമേക്ക് |
| 5. | പനയന്നാർകാവ് | 160 | വടക്കുന്തല, വടഃകിഴക്ക്, മുല്ലക്കേരി |
| 6. | ചാമ്പക്കടവ് | 100 | വടക്കുംന്തല, വടക്കുംന്തല കിഴക്ക് |
| 7. | വടക്കേഭാഗത്ത് | 100 | വടഃകഴിക്ക്, മുല്ലക്കേരി |
| 8. | വെറ്റമുക്ക് | 100 | വടഃകിഴക്ക്, മുല്ലക്കേരി, പേരുക്കര, മാവേലി |
| 9. | ഇടപ്പള്ളിക്കോട്ട NoI | 160 | ചിറ്റൂർ, കണ്ണൻകുളങ്ങര, പേരുക്കര, വടഃമേക്ക്, മാവേലി |
| 10. | ഇടപ്പള്ളിക്കോട്ട NdI | 100 | മുല്ലക്കേരി, പോരുക്കര, മാവേലി |
| 11. | കണ്ണൻകുളങ്ങര | 160 | മന, നടുവത്തുചേരി, കണ്ണൻകുളങ്ങര, മാവേലി |
| 12. | വല്യന്ത്മുക്ക് | 100 | മന, മുല്ലക്കേരി |
| 13. | പോരുക്കര | 63 | ചിറ്റൂർ, പോരുക്കര |
| 14. | ഓലംതുരുത്ത് | 100 | ചിറ്റൂർ, കണ്ണൻകുളങ്ങര |
| 15. | പൊന്മന | 100 | പൊന്മന, ചിറ്റൂർ |
| 16. | ചിറ്റൂർ | 100 | മേക്കാട്, ചിറ്റൂർ |
| 17. | കോലത്ത്മുക്ക് | 100 | കോലംകളരി, കണ്ണൻകുളങ്ങര |
| 18. | കെ.എം.എം.എൽ. | 100 | മേക്കാട് |
| 19. | കോവിൽത്തോട്ടം (ഭാഗികം) | 100 | മേക്കാട് |
| 20. | ശങ്കരമംഗലം (ഭാഗികം) | 160 | കോലം, കളരി, മേക്കാട് |
| 21. | ആക്കൽ | 100 | നടുവത്തുചേരി, കോലം, |
| 22. | പുത്തൻചന്ത | 160 | കളരി ചോല, വടുതല |
| 23. | പുഴംകുളം (ഭാഗികം) | 100 | നടുവത്തുചേരി, ചോല, വടുതല |
| 24. | മുകന്ദപുരം (ഭാഗികം) | 100 | ചോല, വടുതല, നടുവത്തുചേരി |
| 25. | മടപ്പള്ളി (ഭാഗികം) | 100 | ചോല, വടുതല |
| 26. | അൻവർ | 100 | ചോല. വടുതല |
| 27. | എച്ച്.പി.സി. | 160 | അൻവർ ഐസ് എച്ച്.പി.സി. |

ചില ട്രാൻസ്ഫോർമറുകളിലെ ലൈനുകൾ ചില വാർഡുകളിൽ ഭാഗികമായി എത്തിച്ചേർന്നിട്ടുള്ളതും ഉൾപ്പെട്ടിരിക്കുന്നു. ഭാഗികം എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ട്രാൻസ്ഫോർമറുകളിൽ നിന്ന് സമീപ പഞ്ചായത്തുകളായ ചവറ, തേവലക്കര പഞ്ചായത്തുകളിലേയ്ക്കും വൈദ്യുത വിതരണം നടത്തുന്നുണ്ട്.

## പ്രശ്നങ്ങൾ

1. ഒ.വൈ.ഇ.സി., ഒ.റ്റി.പി. ഓർഡിനറി എന്നീ ഇനങ്ങളിൽ 1993 ജനുവരി മുതൽ 1996 ജൂലൈ മാസം വരെ രജിസ്ട്രർ ചെയ്തിട്ടുള്ള 668 വിവിധ നിലവാരത്തിലുള്ള വൈദ്യുത കണക്ഷനുകൾക്കും വൈദ്യുത കണക്ഷനുകൾ കൊടുക്കാൻ ആവശ്യമായ മെറ്റീരിയൽസ് ലഭ്യമല്ല.
2. ഇതിന് പുറമേ രണ്ടായിരത്തോളം വീടുകളിൽ പുതിയ കണക്ഷൻ കൊടുക്കുന്നതിന് ഉപഭോക്താക്കുളുടെ സാമ്പത്തികം ഉൾപ്പെടെയുള്ള ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തത.
3. നിലവിലുള്ള 11 കെ.വി. എൽ.ടി. ലൈനുകളുടെ ദൈർഘ്യം മൂലം വോർട്ടേജ് കുറവ്.
4. ട്രാൻസ്ഫോർമറുകളുടെ അധികഭാരം മൂലമുള്ള വോർട്ടേജ് ക്ഷാമം.
5. വൈദ്യുത വിതരണ ലൈനുകളുടെ കാലപ്പഴക്കം.
6. ലൈനുകളിൽ തട്ടിക്കിടക്കുന്ന മരച്ചില്ലകൾ സമയാസമയങ്ങളിൽ നീക്കം ചെയ്യാനുള്ള അറ്റകുറ്റപ്പണികളുടെ അപര്യപ്തത.
7. നിലവിലുള്ള തെരുവ് വിളക്കുകളിൽ (ബൾബ്, ട്യൂബ്, മെർക്കുറി) 40 ശതമാനവും വിവിധ കാരണങ്ങളാൽ പ്രകാശിക്കുന്നില്ല. പഞ്ചായത്ത് രേഖകളിൽ കാണുന്ന എട്ട് മെർക്കുറി ലൈറ്റുകൾ ഒന്നും തന്നെ നിലവിലില്ല. സാധന സാമഗ്രികളുടെ അഭാവവും നിലവാരമുള്ള സാധനങ്ങൾ ഉപയോഗിക്കുന്നതിനുള്ള വീഴ്ചയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്താതിരിക്കുന്നതും കൃത്യ സമയത്ത് തന്നെ കത്തുന്നന ബൾബുകൾ അണയാതിരിക്കുന്നതും ശ്രദ്ധേയമാണ്.

വൈദ്യുതി ബോർഡ് സ്ഥാപിച്ചിരിക്കുന്ന മീറ്ററുകൾ പലതും പ്രവർത്തിക്കാത്തതാണ്. നിശ്ചിത സമയത്ത് തന്നെ മാറ്റി സ്ഥാപിക്കുന്നതിൽ വരുന്ന വീഴ്ചകൾ മീറ്ററുകളുടെ റീഡിങ്ങ് കൃത്യസമയത്ത് എടുക്കാതിരിക്കൽ ഉപഭോക്താക്കളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിൽ ഉണ്ടാകുന്ന കാലതാമസവും, പഞ്ചായത്തിലെ ഒരു വൈദ്യുതി ഭവൻെറ അഭാവവും നമ്മൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്.

പഞ്ചായത്തിൻെറ വിസ്തൃതിയും ഉപഭോക്താക്കളുടെ എണ്ണവും പരിഗണിച്ച് ചവറ, കരുനാഗപ്പള്ളി ഇലക്ട്രിക്കൽ മേജർ സെക്ഷനുകളിലും തേവലക്കര ഇലക്ട്രിക്കൽ സെക്ഷനുകളിലും കേന്ദ്രീകരിച്ചിരിക്കുന്ന ഉപഭോക്താക്കളെ സംയോജിപ്പിച്ച് പന്മന എന്ന നാമകരണത്തിൽ ഇലക്ട്രിക്കൽ മേചർ സെക്ഷൻ ഓഫീസ് ഉണ്ടാക്കണം.

## സാദ്ധ്യതകൾ

1. വൈദ്യുതി ഭവൻ ആരംഭിക്കുക.
2. അപേക്ഷകർക്ക് കണക്ഷൻ നൽകുന്നതിൽ കാലതാമസം ഒഴിവാക്കുക.
3. ആവശ്യമായ മെറ്റീരിയൽ ലഭ്യമാക്കുക.
4. അർഹതയുള്ളവർക്ക് സൗജന്യകണക്ഷൻ നല്കുക.
5. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
6. പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുക.
7. പഴകിയ തൂണുകളും ലൈനുകളും മാറ്റി സ്ഥാപിക്കുക.
8. യഥാസമയം മരച്ചില്ലകൾ നീക്കം ചെയ്യുവാൻ കാര്യക്ഷമമായ സംവിധാനമേർപ്പെടുത്തുക.

9. അറ്റകുറ്റപ്പണികളുടെ അലംഭാവം ഒഴിവാക്കുക.
10. നിലവിലുള്ള തെരുവു വിളക്കുകൾ പൂർണ്ണ പ്രകാശിപ്പിക്കുക.
11. ആവശ്യമുള്ള സ്ഥലങ്ങളിൽ സോഡിയം, ട്യൂബ്, സാധാരണ ബൾബ് എന്നിവ സ്ഥാപിക്കുക.
12. സേവന രംഗത്ത് കാര്യക്ഷമതയുള്ള ജീവനക്കാരെ കണ്ടെത്തുക.
13. ജലം, കാറ്റ്, എന്നിവയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമോ എന്ന് സർവ്വേ നടത്തുക.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ തെരുവ് വിളക്കുകളെ സംബന്ധിച്ച സാദ്ധ്യതകൾ സംയോചിപ്പിച്ചുള്ള പട്ടികളപ്രകാരമാണ്.

ശങ്കരമംഗലം കന്നേറ്റി, ഇടപ്പള്ളിക്കോട്ട് കന്നിട്ടുക്കടവ്, ഇടപ്പള്ളിക്കോട്ട് പന്മന ആശ്രമം, ശങ്കരമംഗലം കോവിൽത്തോട്ടം എന്നീ പ്രധാന റോഡുകളിൽ സോഡിയം വിളക്കുകളും, ടൈറ്റാനിയം ആറുമുറിക്കട, വെറ്റമുക്ക് പറമ്പിമുക്ക്, കുറ്റിവട്ടം കാഞ്ഞിരവിളമുക്ക്, കോലത്തുമുക്ക് കൊട്ടാരംകടവ്, കന്നേറ്റി പള്ളിമുക്ക് സി.എൻ. മുക്ക് വഴി പനയന്നാർകാവ് പറമ്പിമുക്ക് ആറുമുറിക്കട, പനയന്നാർകാവ് പന്മന ആശ്രമം എന്നീ റോഡുകളിൽ ട്യൂബ് ലൈറ്റുകളും സ്ഥാപിക്കണം.

സോഡിയം വിളക്ക് നിർദ്ദേശിക്കുന്ന റോഡുകളിൽ നിലവിലുള്ള ട്യൂബ് ലൈറ്റുകളും ഓർഡിനറി ലൈറ്റുകളും, ട്യൂബ് ലൈറ്റുകൾ നിർദ്ദേശിച്ചിരിക്കുന്ന റോഡുകളിൽ നിലവിലുള്ള ഓർഡിനറി ലൈറ്റുകളും അതാതു വാർഡുകളിലെ ഗ്രാമീണ റോഡുകളിലേക്ക് മാറ്റുകയും പുതുതായി 750 സാധാരണ ലൈറ്റുകളും ഗ്രാമീണ റോഡുകളിലെ പ്രധാന ഇഗ്ഷനുകളിൽ 150 ട്യൂബ് ലൈറ്റുകളും സ്ഥാപിക്കേണ്ടതുണ്ട്.

വൈദ്യുതികരണം പൂർത്തിയാക്കിയിട്ടുള്ള പട്ടിക ജാതി പട്ടികവർഗ്ഗ കോളനി, ലക്ഷംവീട്, 4 സെൻറ്, മത്സ്യതൊഴിലാളി കോളനി തുടങ്ങിയ കോളനികളിൽ നിലവിലുള്ള ഓർഡിനറി ലൈറ്റുകൾ ട്യൂബ് ലൈറ്റുകൾ ആക്കുകയും, ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ലാത്ത കോളനികളിൽ പുതുതായി ട്യൂബ്ലൈറ്റുകളും സ്ഥാപിയ്ക്കേണ്ടിയിരിക്കുന്നു.

ദുർബല വിഭാഗങ്ങൾ കേന്ദ്രീകരിച്ച് താമസിക്കുന്ന പ്രദേശങ്ങളിൽ പ്രത്യേക ഘടക പദ്ധതികളിൽ ഉൾപ്പെടുത്തി വൈദ്യുതീകരണം നടത്തുവാനുള്ള ശ്രമം ആരംഭിക്കണം. ടൈറ്റാനിയത്തിലേക്കും വരുന്ന 110 കെ.വി. ലൈനിൽ ട്യൂബ് സ്റ്റേഷൻ സ്ഥാപിക്കുക.

കരുനാഗപ്പള്ളി, തൊടിയൂർ, പന്മന പഞ്ചായത്തുകളുടെ അതിർത്തികളിൽ കൂടി അറേബ്യൻ സമുദ്രത്തിലേക്ക് ഒഴുകി കൊണ്ടിരിക്കുന്ന പള്ളിയ്ക്കൽ ആറിലെ ജലം ഉപയോഗിച്ച് ഒരു മിനി വൈദ്യുതി പദ്ധതയും പന്മന വട്ടക്കായലിന് സമീപം പ്രകൃതിദത്തമായ കാറ്റിൽ നിന്ന് വൈദ്യുത പദ്ധതിയും ആരംഭിയ്ക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. ഊർജ്ജ സംരക്ഷണ മേഖലയിൽ ഇന്നു നാം ഉപയോഗിച്ചു വരുന്ന സാധാരണ ബൾബുകളുടെ സ്ഥാനത്ത് കോംപാക്ട് ഫ്ളൂറസെൻറ് വിളിക്കുകൾ ഉപയോഗിക്കുക. സോളാർ ലാമ്പുകളുടെ ഉപയോഗം എന്നിവ വ്യാപകമാക്കുകയും നിലവിലുള്ള ഉപയോഗങ്ങളിൽ ചില മാറ്റങ്ങൾ അനിവാര്യമായിരിക്കുന്നു. അയൺ ചെയ്യുന്നത് ഒരോന്നും പല സമയത്തല്ലാതെ ഒരേ സമയത്താക്കുക. ഫ്രിഡ്ജ് അത്യാവശ്യത്തിന് മാത്രം തുറക്കുകയും അടയ്ക്കുകയും ചെയ്യുക. കാറ്റിനും വെളിച്ചത്തിനും കടക്കുവാൻ പകൽ ജന്നലുകളും കതകുകളും തുറന്നിടുക. വാട്ടർ ഹീറ്റർ സ്ഥിരമായി ഓൺ ചെയ്തിടാതിരിക്കുക. ഇലക്ട്രിക് സ്റ്റൗ ഉപയോഗം ഒഴിവാക്കുക. വൈകുന്നേരം 6 നും 10 നും ഇടയ്ക്ക് മിക്സി, ഗ്രൈൻറർ തുടങ്ങിയവ പൂർണ്ണമായും ഉപയോഗിക്കാതിരിക്കുക. ആവശ്യത്തിനുള്ള ലൈറ്റുകൾ മാത്രം ഉപയോഗിച്ച് ശീലിക്കുക. സർക്കാർ ആഫീസുകളിലെ ഫാനുകളും ലൈറ്റുകളും അനവസരത്തിൽ ഉപയോഗിക്കാതിരിക്കുക. തുടങ്ങി ഒട്ടനവധി കാര്യങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്ന ബോധവൽക്കരണം ഉണ്ടായാൽ വൈദ്യുതി രംഗത്ത് ഒരു പുതിയ സാംസ്കാരം ഉണ്ടാക്കാൻ കഴിയും.

പാചകാവശ്യത്തിന് പ്രധാനമായും നാം വിറകിനേയാണ് നാം ആശ്രയിക്കുന്നത്. തെങ്ങ് ഉൾപ്പെന്നങ്ങൾക്ക് പുറമേ അറുക്കപ്പൊടി, മരചില്ലുകൾ എന്നിവയും ഉപയോഗിക്കുന്നു. ഗ്യാസിൻെറ ഉപയോഗം 5 ശതമാനത്തിൽ താഴെയാണ്. നേരിയ തോതിൽ മണ്ണെണ്ണയും നാമമാത്രമായി വൈദ്യുതിയും രണ്ടു വീടുകളിൽ മാത്രം ബയോ ഗ്യാസും ഉപയോഗിച്ചു വരുന്നതായി ഗ്രാമ സഭ റിപ്പോർട്ടുകളിലെ വിവരശേഖരണങ്ങളിൽ നിന്ന് മനസ്സിലാക്കുന്നു.

വിറകിൻെറ അപര്യാപ്തത മണ്ണെണ്ണ യഥാസമയം കിട്ടാതിരിക്കൽ പൊതുമേഖലയിലെ ഗ്യാസ് ഏജൻസികളുടെ അഭാവം, പുകയില്ലാത്ത അടുപ്പുകളെ സംബന്ധിച്ച് ജനങ്ങളുടെ അപബോധം, ബയോഗ്യാസ് ഉപയോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണം ഇല്ലായ്മ ഇവയെല്ലാം നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്.

മെച്ചപ്പെട്ട അടുപ്പുകൾ പ്രചരിപ്പിക്കുന്നതിന് ആവശ്യമായ ആസൂത്രണങ്ങൾ നടപ്പിലാക്കുക. പൊതുമേഖലയിൽ എൽ.പി.ജി. ഗ്യാസുകൾ ലഭ്യമാക്കുവാൻ പഞ്ചായത്തിൽ ഏജൻസികൾ ആരംഭിക്കുക. പുകയില്ലാത്ത അടുപ്പുകളുടെയും ബയോഗ്യാസിൻെറയും കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ ഉപയോഗിച്ചുള്ള പാചകത്തെ സംബന്ധിച്ചും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥന്മാരും ജനപ്രതിനിധികളും ജനകീയ സമിതികളും ചേർന്ന് ഊർജ്ജ മേഖലയിൽ ബോധവൽക്കരണ ക്ലാസുകളും ആവശ്യമായ മറ്റു പ്രചരണ മാദ്ധ്യമങ്ഹളും സംഘടിപ്പിക്കാൻ പരിശ്രമിച്ചാൽ നമുക്ക് മുന്നേറാൻ കഴിയും.

പ്രശ്നങ്ങൾ
1. ഒ.വൈ.ഇ.സി., ഒ.റ്റി.പി, ഓർഡിനറി എന്നീ ഇനങ്ങളിൽ 1993 ജനുവരി മുതൽ 1996 ജൂലൈ മാസം വരെ രജിസ്റ്റർ ചെയ്തിട്ടുള്ള 668 വിവിധ നിലവാരത്തിലുള്ള വൈദ്യുത കണക്ഷനുകൾ കൊടുക്കുവാൻ ആവശ്യമായ മെറ്റീരിയൽസ് ലഭ്യമല്ല.
2. 2100 ഓളം വീടുകളിൽ പുതിയ കണക്ഷൻ എടുക്കുന്നതിഅന് ഉപഭോക്താക്കളുടെ സാമ്പത്തികം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.
3. നിലവിലുള്ള 11 കെ.വി. എൽ.റ്റി. ലൈനുകളുടെ ദൈർഘ്യം മൂലമുണ്ടാകുന്ഞന വോൾട്ടേജ് കുറവ്.
4. ട്രാൻസ്ഫോർമറുകളുടെ അധികഭാരം നിമിത്തമുള്ള വോൾട്ടേജില്ലായ്മ.
5. വൈദ്യുതി വിതരണ ലൈനുകളുടെ കാലപ്പഴക്കം.
6. ലൈനുകളിൽ തട്ടികിടക്കുന്ന മരച്ചില്ലകൾ സമയാസമയം നീക്കം ചെയ്യായ്ക.
7. അറ്റകുറ്റപണികൾ തക്ക സമയത്ത് നടത്തായ്ക.
8. ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണ നിലവാര

ക്കുറവ്.
9. മീറ്ററുകളുടെ കേട്.
10. മീറ്ററുകളുടെ റീഡിംഗ് എടുക്കായ്ക.
11. ഉപഭോക്താക്കളുടെ പരാതികൾക്ക് പരിഹാരം കാണു
ന്നതിൽ വരുന്ന കാലതാമസം.
12. പഞ്ചായത്തിൽ ഒരു വൈദ്യുതി ഭവന്റെ അഭാവം.
13. വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം.

## പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

| ക്രമ നമ്പർ | പേര് | ഭാരം കെ.വി.എ. | 11 കെ.വി. ലൈൻ | എൽ.റ്റി. 3 ഫെയ്സ് | സിംഗിൾ ഫെയ്സ് 3 ഫെയ്സ് ആക്കേണ്ടത് | അടങ്കൽ തുക |
|---|---|---|---|---|---|---|
| 1. | കൊല്ലക കോട്ടൂർ മുക്ക് | 100 | ... | ... | 600 | 97600 |
| 2. | സി.എൻ. മുക്കിന് തെക്ക് അയണി മൂട്ടിൽ മുക്ക് | 100 | 1 കി.മി. | ... | 400 | 166000 |
| 3. | കൊല്ലശ്ശേരി മുക്ക് | 100 | 400 മി. | ... | 600മി. | 128000 |
| 4. | പറമ്പിമുക്ക് | 100 | 800മി. | ... | 800മി. | 162000 |
| 5. | പന്മന ആശ്രമം | 160 | 500മി. | ... | 400മി. | 141600 |
| 6. | ആക്കൽ ക്ഷേത്രം | 100 | 800മി. | ... | 400മി. | 144600 |
| 7. | നീലൂട്ടിൽ മുക്ക് | 100 | 700മി. | ... | 800മി. | 165600 |
| 8. | ശങ്കരമംഗലം കിഴക്ക് ടിൻ ഫാക്റ്ററി | 100 | 800മി. | 1.5 കി.മി. | 700മി. | 188100 |
| 9. | ഇടവട്ടയിൽമുക്ക് | 100 | 750മി. | 600മി. | 400മി. | 176500 |
| 10. | കുരിത്തറമുക്ക് | 100 | ... | ... | 1.3കി.മി. | 104100 |
| 11. | ചെമ്പോലിമുക്ക് | 100 | ... | 400മി. | 1.4കി.മി. | 106100 |
| 12. | എൻ.എച്ച് 47 ആദിക്കാട് കിഴക്ക് വശം | 100 | 450മി. | .... | 400മി. | 127100 |
| 13. | എൻ.എച്ച് 47 തെങ്ങിൽ ക്ഷേത്രത്തിന് കിഴക്ക് വശം | 100 | 650മി. | ... | 300മി. | 134600 |
| 14. | ചീരാളത്ത്മുക്ക് | 100 | 800മി. | 1.6കി.മി. | 600മി. | 158400 |
| 15. | വടുതല ശിവാനന്ദപുരം ക്ഷേത്രം | 100 | 750മി. | 1കി.മി. | 400മി. | 132000 |

# കുടിവെള്ളവും പൊതുജന ആരോഗ്യവും

### കുടിവെള്ളം

ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും പ്രധാന ഘടകങ്ങൾ ആഹാരം, ശുദ്ധവായു, ശുദ്ധ ജലം, ശുചിത്വമുള്ള പാർപ്പിട സൗകര്യം എന്നിവയാണ്. കുടിവെള്ളത്തിനായി പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്നത് കിണറുകളെയാണ്. നിലവിലുള്ള ശുദ്ധജല പദ്ധതികൾ താഴെ വിവരിക്കുന്നു.

1. പൊന്മന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
   കുഴൽ കിണൽ വഴി വെള്ളം പമ്പ് ചെയ്ത് ടാങ്കിൽ ശേഖരിച്ച് വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണെങ്കിലും നിലവിലുള്ള 22500 ലിറ്റർ ശേഷിയുള്ള ടാങ്ക് പ്രവർത്തന രഹിതമാണ്.
   കുഴൽ കിണറിൽ നിന്നും പമ്പ് ചെയ്ത് നേരിട്ട് ലൈനിൽ കൊടുക്കുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്. പൊന്മന വാർഡിൽ (No IX) 8 KM ഇങ്ങനെ ജലം വിതരണം ചെയ്യുന്നു.
2. ഇടപ്പള്ളികോട്ട ഗ്രാമീണ ശുദ്ധജലപദ്ധതി
   കുഴൽ കിണർ വഴി വെള്ളം പമ്പ് ചെയ്ത് 90000 ലിറ്റർ ശേഷിയുള്ള ടാങ്കിൽ ശേഖരിക്കുന്നു. കൂടാതെ പറമ്പിമുക്കിൽ സ്ഥാപിച്ചിട്ടുള്ള കുഴൽ കിണർ വഴി പമ്പ് ചെയ്യുന്ന വെള്ളവും പന്മന മനയിൽ സ്ഥാപിച്ചിട്ടുള്ള കുഴൽ കിണർ വഴി 225000 ലിറ്റർ ശേഷിയുള്ള ടാങ്കിൽ ശേഖരിക്കുന്ന വെള്ളവും ഉൾപ്പെടെ 47 KM ദൈർഘ്യമുള്ള പൈപ്പ് ലൈൻ വഴി പന്മന പഞ്ചായത്തിലെ മിക്കവാറും എല്ലാവാർഡിലും കുടിവെള്ളം എത്തിച്ചുകൊണ്ടിരിക്കുന്നു. ഈ ശൃംഖലയിൽ ആകെ 343 പൊതുടാപ്പുകളും 1018 വീട് കണക്ഷനും നിലവിലുണ്ട്.
   പഞ്ചായത്തിലെ കോലം കളരി, മേക്കാട്, ചിറ്റൂർ കണ്ണൻ കുളങ്ങര, പൊന്മന വാർഡുകളിൽ ടൈറ്റാനിയത്തിൽ നിന്നുള്ള മലിനീകരണവും തീരപ്രദേശങ്ങളിൽ 'ഓര് കലരുന്നതു മൂലവും ശുദ്ധജലക്ഷാമം 12 മാസവും നിലനിൽക്കുന്നു. മറ്റു വാർഡുകളിൽ പ്രത്യേകിച്ച് പോരൂക്കര വടക്കുംതല മേക്ക് പ്രദേശങ്ങളിൽ ഓരിൻെറ അംശം കൂടുതലാണ്. മറ്റു പ്രദേശങ്ങളിൽ വേനൽകാലത്ത് ഭൂമിയിലെ ജലനിരപ്പ് താഴുന്നതുമൂലം കിണറുകൾ വറ്റുന്നതുകൊണ്ട് കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.

### ആരോഗ്യം

പന്മന പഞ്ചായത്തിൽ 1921 - ൽ സ്ഥാപിതമായ അലോപ്പതി ഡിസ്പൻസറി 1952 - ൽ കൈചൂണ്ടിമുക്കിൽ ഇന്നത്തെ ടൈറ്റാനിയം ജംഗ്ഷനിൽ മാറ്റി സ്ഥാപിക്കപ്പെട്ടു. 1956 - ൽ ഈ സ്ഥാപനം പ്രൈമറി ഹെൽത്ത് സെൻററായും 1993 - കമ്യൂണിറ്റി ഹെൽത്ത് സെൻററായും ഉയർത്തപ്പെട്ടു.

1955 - ൽ സർക്കാർ തലത്തിൽ കുറ്റിവട്ടത്ത് നിലവിൽ വന്ന സർക്കാർ ആയൂർവേദ ആശുപത്രിയാണ് പഞ്ചായത്തിലെ മറ്റൊരു ആതുര ശുശ്രൂഷാ കേന്ദ്രം.

1985 - ൽ പന്മന പഞ്ചായത്തിന് അനുവദിച്ച ഹോമിയോ ഡിസ്പൻസറി 2-ാം വാർഡിലുള്ള താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിച്ചുതുടങ്ങി.

മുകളിൽ പ്രസ്താവിച്ച സർക്കാർ സ്ഥാപനങ്ങൾക്കു പുറമേ സ്വകാര്യ മേഖലയിൽ നാലു അലോപ്പതി ഡിസ്പൻസറിയും, നാല് ഹോമിയോ ഡിസ്പൻസറിയും, ക്ലിനിക്കുകളും 5 ആയുർവേദ വൈദ്യശാലകളും പഞ്ചായത്തിൽ ആരോഗ്യപരിപാലന രംഗത്തുണ്ട്.

പ്രാചീനകാലത്ത് ഈ പ്രദേശത്ത് ജനങ്ങൾ പാരമ്പര്യ വൈദ്യന്മാരെയും നാട്ടുവൈദ്യന്മാരെയുമാണ് ആശ്രയിച്ചിരുന്നത്. ഈ തീരത്ത് പ്രചാരത്തിലിരുന്ന മർമ്മ ചികിത്സയും സുഖചികിത്സയും (തിരുമ്മലും പിഴിച്ചിലും) മറ്റു പ്രദേശങ്ങളിലും ഖ്യാതി നേടിയിരുന്നു. ആധുനിക ചികിത്സാ ശാസ്ത്രത്തിൻെറ പുരോഗതിയോടു കൂടി ഈ ചികിത്സാരീതി ഇന്ന് ഏതാണ്ട് അപ്രത്യക്ഷമായിട്ടുണ്ട് എന്നു തന്നെ പറയാം.

### സ്ഥാപനങ്ങളും സേവനങ്ങളും

| | | |
|---|---|---|
| 1. | കമ്യൂണിറ്റി സെൻറർ | 1 |
| 2. | ആയൂർവേദ ഡിസ്പൻസറി | 1 |
| 3. | ഹോമിയോ ഡിസ്പൻസറി | 1 |
| 4. | കുടുംബക്ഷേമ കേന്ദ്രം | 9 |

ഈ പഞ്ചായത്തിൽ സാധാരണ കണ്ടുവരാറുള്ള പകർച്ചവ്യാധികൾ വയറിളക്കം, മഞ്ഞപിത്തം, മലമ്പനി, ചിക്കൻപോക്സ്, ക്ഷയം, ചെങ്കണ്ണ്, വിഷപ്പനി മുതലായവയാണ്.

### പരിസര ശുചിത്വം

1. കക്കൂസ്

പൊതുജനാരോഗ്യ പരിപാലനത്തിന് അത്യന്താപേക്ഷിതമായ ഒന്നാണ് കക്കൂസ്. പഞ്ചായത്തിൽ മിക്ക വാർഡുകളിലും നിലങ്ങൾ നികത്തിയും കുടിൽ കെട്ടിയും താമസിക്കുന്നവരുമാണ്. കൂടാതെ സ്ഥലപരിമിതിമൂലം അഞ്ചുസെൻറിൽ താഴെ വിസ്തീർണ്ണമുള്ള സ്ഥലത്ത് വീടുവച്ചു താമസിക്കുന്നവരുടെ എണ്ണവും കുറവല്ല. കായലോര പ്രദേശങ്ങളിൽ താമസക്കാർ കായലിൽ കക്കൂസ് നിർമ്മിക്കുന്നത് ജലമലിനീകണത്തിന് കാരണമാക്കുന്നു.

പഞ്ചായത്തിൽ മൊത്തം 8905 വീടുകളിൽ എകദേശം 3560 വീടുകൾക്ക് കക്കൂസ് ഇല്ല. ഇത് എതാണ്ട് നാൽപത് ശതമാനം വരും.

2. പരിസര മലിനീകരണം.

പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന ടൈറ്റാനിയം ഫാക്ടറിയിൽ നിന്നും വായുവിലൂടെയും വെള്ളത്തിലൂടെയും വ്യാപിക്കുന്ന രാസപദാർത്ഥങ്ങൾ ഏറെ പ്രശ്നങ്ങൾ

ക്കുന്നു. കൂടെ കൂടെയുണ്ടാകുന്ന വാതകചോർച്ച പരിസരവാസികളിൽ ശ്വാസകോശ സംബന്ധമായ അസുഖങ്ങൾക്ക് കാരണമാകുന്നു. ഫാക്ടറിയിൽ നിന്നും പുറത്തേയ്ക്കു വിടുന്ന രാസപദാർത്ഥങ്ങളടങ്ങിയ വെള്ളം സമീപപ്രദേശങ്ങളിലെ കിണറുകൾ മലിനമാക്കുന്നു.

പഞ്ചായത്തിൽ മിക്ക സ്ഥലങ്ങളിലും പരിസരമലിനീകരണം ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

പഞ്ചായത്തിലെ ഏക പൊതു മാർക്കറ്റായ ഇടപ്പള്ളിക്കോട്ട ചന്തയിലെ ശുചിത്വ പരിപാലനം വളരെ മോശമായ നിലയിലാണ്.

പന്മന പുത്തൻ ചന്ത, കുറ്റിവട്ടം, പറമ്പിമുക്ക് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അന്തിചന്ത കവലകളിലേയും പരിസരം വൃത്തിയാക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തിൽ ഒരറവു ശാലയില്ല. അതിനാൽ അംഗീകാരമില്ലാത്ത അറവുശാലകളും കശാപ്പും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഏറെ ദിവസം പഴക്കം ചെന്നതും അമോണിയ മുതലായ പദാർത്ഥങ്ങൾ ഇട്ടു സൂക്ഷിക്കുന്നതുമായ മാംസവും മത്സ്യവും ചന്തകളിൽ വിൽക്കുന്നുണ്ട്. ഇത് പലവിധ രോഗങ്ങൾക്കും ഇടയാക്കുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ചായക്കടകൾ, ശീതളപാനീയവിൽപനശാലകൾ ബേക്കറികൾ എന്നിവയിലെ ഭക്ഷണസാധാനങ്ങളുടെ ഗുണനിലവാരം ആരോഗ്യനിയന്ത്രണ നിയമങ്ങൾക്ക് വിധേയമാകുന്നുണ്ടോ എന്ന് പരിശോധിയ്ക്കണം.

വർഷകാലത്തും വരൾച്ചക്കാലത്തും പഞ്ചായത്തിലെ മിക്കവാർഡുകളിലും പകർച്ചവ്യാധികൾ പകർന്നു പിടിക്കുക സാധാരണമാണ്. പല വാർഡുകളിലും താഴ്ന്ന സ്ഥലത്തു കെട്ടിക്കിടക്കുന്ന വെള്ളം കുഴുക്കിവിടുന്നതിന് തടസങ്ങൾ ഉള്ളതിനാൽ കൊതുകുകൾ പെറ്റു പെരുകുന്നു. ഇത് പലവിധരോഗങ്ങൾക്കും ഇടയാകുന്നു.

പരിസര ശുചീകരണ പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെട്ട പഞ്ചായത്ത് ജീവനക്കാരുടെ ശ്രദ്ധ അത്തരം ജോലികളിൽ കുറെകൂടി മെച്ചപ്പെടുത്തണം. അല്ലാത്തപക്ഷം വാർഡുകളിലും പൊതു സ്ഥലങ്ങളിലും ചപ്പു ചവറുകൾ കുന്നു കൂടും. ഇത് ഈച്ചകളും മറ്റ് രോഗവാഹികളും പെരുകുന്നതിന് സഹായിക്കും.

പഞ്ചായത്തിൽ ഒരു പൊതു സ്മശാനത്തിൻെറ അഭാവം പ്രത്യേക ശ്രദ്ധപതിയേണ്ട വിഷമം അണ്.

സ്വന്തമായി കെട്ടിടമില്ലാത്ത കുടുംബ ക്ഷേമകേന്ദ്രങ്ങൾക്ക് കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം പഞ്ചായത്തിൽ നിന്ന് നൽകാത്തതുമൂലം ഈ വകയിൽ സർക്കാരിൽ നിന്നും കാലാകാലങ്ങളിൽ പദ്ധതി വിഹിതമായി അനുവദിക്കാറുള്ള തുക വിനിയോഗിക്കാൻ കഴിയാതെ പോകുന്നു.

പഞ്ചായത്തിൽ നിലവിലുള്ള കമ്യൂണിറ്റി ഹെൽത്ത് സെൻറർ, കെ.എം.എം.എൽ - ൽ നിന്നും വിസർജ്ജിക്കുന്ന രാസവസ്തുക്കൾ കാരണം (വായുമാർഗത്തിലും ജലമാർഗത്തിലും) രോഗികൾക്കും പൊതു ജനങ്ങൾക്കും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

ഡോക്ടർമാരും ജീവനക്കാരും സേവനതത്പരരല്ലാത്തതിനാലും ടെറ്റാനിയത്തിൽ നിന്നുള്ള മലിനീകരണ ഭീക്ഷണിമൂലവും ജനങ്ങൾ ഈ അതുര ശുശ്രൂഷ കേന്ദ്രത്തെ ആശ്രയിക്കാൻ മടിക്കുന്ന സ്ഥതി വിശേഷമാണുള്ളത്.

പഞ്ചായത്തിൽ നിലവിലുള്ള ആയുർവേദ ആശുപത്രിക്കദേശം ഒരേക്കർ മൂന്നുസെൻറ് വിസ്തീർണ്ണമുള്ള സ്ഥലവും 50 രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള കെട്ടിടങ്ങളും ഉള്ളതാണ്. ഇത് കുറ്റിവട്ടത്തിന് വടക്ക് പുത്തയ്യത്ത് സ്ഥിതി ചെയ്യുന്നു.

നിലവിൽ ഒരു ഡോക്ടറും ആറ് ജീവനക്കാരും മാത്രമേ ഇവടുള്ളൂ. മരുന്നോ മറ്റ് അത്യാവശ്യചികിത്സാ സൗകര്യങ്ങളോ ഇവിടില്ല. 10 കിടക്കകൾ മാത്രമേ ഇവിടുള്ളൂ. ഹോമിയോ ഡിസ്പെൻസറിയ്ക്ക് പരിമിതമായ സൗകര്യങ്ങളിലാണ് പ്രവർത്തിക്കുന്നത്.

ജീവനക്കാർക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിന് സൗകരങ്ങളില്ല. മരുന്നു സൂക്ഷിക്കുന്നതിന് സൗകര്യങ്ങളില്ല, ഫർണിച്ചർ ഇല്ല. കൂടാതെ ആവശ്യത്തിന് മരുന്നും ലഭ്യമല്ലാത്തതിനാൽ പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

അണുപ്രസരണം മൂലം ഉണ്ടാകാനിടയുള്ള കാൻസർ താരതമ്യേന മറ്റു രോഗങ്ങളെ അപേക്ഷിച്ചു ഇവിടെ കൂടുതലാണിവിടെ. പോഷകാഹാരക്കുറവു മൂലമുള്ള മാലക്കണ്ണ്, ഉദരരോഗം മതുലായവയും ഈ പഞ്ചായത്തിൽ കണ്ടുവരുന്നു.

കുടുംബക്ഷേമ കേന്ദ്രങ്ങളിൽ പ്രവർത്തിക്കേണ്ട അടിസ്ഥാന ആരോഗ്യ പ്രവർത്തകർ വേണ്ടത്ര ഉണ്ട്. അവർ ഗൃഹസന്ദർശനം കുറച്ചുകൂടി കാര്യക്ഷമമായി നടത്തേണ്ടതുണ്ട്.

ചവറ കമ്യൂണിറ്റി ഹെൽത്ത് സെൻററിൽ നിയമിക്കപ്പെട്ടിട്ടുള്ള ഡോക്ടർമാർ കൃത്യമായും ഡ്യൂട്ടിക്ക് ഹാജരാകാറില്ല. പ്രസവ ശുശ്രൂഷ നടത്താൻ യോഗ്യരായ ഡോക്ടർമാരുടെ അഭാവം, 43 കിടക്കകളുള്ള ഈ ആശുപത്രിയുടെ പ്രവർത്തനം സ്ത്രീകൾക്ക് പ്രയോജനരഹിതമായി ഭവിക്കുന്നു. അത്യാവശ്യ മറുന്നുകൾ പോലും ഇവിടെ ലഭ്യമല്ല. ആരോഗ്യക്ലാസുകൾ തൃപ്തികരമായി നടത്തുന്നില്ല.

### സാധ്യതകൾ

1. കേടായ പൊതു ടാപ്പുൾ സത്വരം മാറ്റിയിടുക.
2. പൈപ്പ് ലൈൻ പൊട്ടി ശുദ്ധജലം നഷ്ടപ്പെടുന്നത് ഉടനടി പരിഹരിക്കാൻ നടപടി സ്വീകരിക്കുക.
3. പൊതു ടാപ്പിൽ നിന്നും വെള്ളം ദുർവിനിയോഗം ചെയ്യുന്നത് തടയുക.
4. ശുദ്ധജലം പാഴാകാതിരിക്കുന്നതിന് വേണ്ടി ബോധവത്കരണം നടത്തുക.

### നിർദ്ദേശങ്ങൾ പരിഹാര മാർഗ്ഗങ്ങൾ

1. ഹോമിയോ ആശുപത്രിക്ക് കെട്ടിട സൗകര്യവും മറ്റ് ഉപകരണങ്ങളും അനുവദിക്കുകയും മരുന്നിൻെറ ദൗർലഭ്യം പരിഹരിച്ച് കൂടുതൽ ഉപകാരപ്രദമാക്കുകയും വേണം.
2. കക്കൂസില്ലാത്ത അർഹതപ്പെട്ടവർക്കും പഞ്ചായത്തുതലത്തിൽ കക്കൂസ് നിർമിച്ച് നൽകുകയും സാമ്പത്തികമായി കഴിവുള്ളവരെ സ്വന്തമായി കക്കൂസ് നിർമ്മിക്കുന്നതിനുവേണ്ട പ്രേരണ നൽകുകയും വേണം.
3. പഞ്ചായത്തിൽ നിലവിലുള്ള പൊതുചന്തയുടെയും പ്രൈവറ്റ് ചന്തയുടെയും പൊതുവായ ശുചീകരണം ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്ത് ജീവനക്കാരുടെ സേവനം കൂറെക്കൂടി മെച്ചമായ തരത്തിൽ നൽകുന്നതിനുള്ള ശ്രമം ഉണ്ടാക്കണം. പൊതു മാർക്കറ്റിനോടനുബന്ധിച്ച് ഓടനിർമ്മിച്ചും അഴുക്കുകൾ നിക്ഷേപിച്ച് അത് കമ്പോസ്റ്റു വളമായി രൂപന്തരപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണം. പഞ്ചാ

യത്തിന്റെ മേൽനോട്ടത്തിൽ കേന്ദ്രീകൃത അറവുശാല നിർമ്മിക്കുകയും ചെയ്യേണ്ടതാണ്. മത്സ്യചന്തകളിൽ ചിഞ്ഞുകഴിഞ്ഞതും ശരിയായി സൂക്ഷിക്കാത്തതുമായ മത്സ്യവിപണനം തടയേണ്ടതാണ്.

4. താഴെ പറയുന്ന സെൻററുകളിൽ ചപ്പു ചവറുകൾ നിക്ഷേപിച്ച് കാലാകാലങ്ങളിൽ നീക്കം ചെയ്യുകയോ കമ്പോസ്റ്റാക്കുകയോ വേണം.

1. കൊല്ലക സി.എൻ. മുക്ക്
2. പള്ളിമുക്ക് കൊല്ലക
3. കുറ്റിവട്ടം
4. പനയന്നാർകാവ്
5. ചാമ്പക്കടവ്
6. പറമ്പിമുക്ക്
7. വലിയത്തുമുക്ക്
8. കുരീത്തറ
9. വെറ്റമുക്ക്
10. ഇടപ്പള്ളിക്കോട്ട
11. കൈചൂണ്ടി പലകമുക്ക്
12. പുത്തൻ ചന്ത
13. ശങ്കരമംഗലം
14. കോവിൽ തോട്ടം

5. 10 സെൻറിൽ താഴെ വിസ്തീർണ്ണമുള്ള പ്ലോട്ടുകളിൽ വീടുവച്ച് താമസിക്കുന്നവരുടെ എണ്ണം ക്രമാതീതമായ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ശവസംസ്ക്കാരം ഒരു പ്രശ്നമായി വരുന്നതിനാൽ അനുയോജ്യ സ്ഥലം കണ്ടെത്തി ഒരു പൊതു സ്മശാനം സ്ഥാപിക്കേണ്ടത് അടിയന്തരാവശ്യമാണ്.

6. വൃദ്ധജനങ്ങളുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് വൃദ്ധ മന്ദിരം സ്ഥാപിക്കണം. അവിടെ അലോപ്പതി, ആയുർവേദ, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

7. ആരോഗ്യം ഉള്ള ജനത ഒരു രാഷ്ട്രത്തിന്റെ പുരോഗതിയുടെ അളവുകോലാണ്. ചികിത്സാരംഗത്ത് പുരോഗതി കൈവരിക്കുന്നതിന് വ്യക്തിയുടെ മുൻകാല ചികിത്സാ ചരിത്രം ലഭ്യമാക്കുന്നത് രോഗ നിർണ്ണയത്തിനും ചികിത്സക്കും ഏറെ പ്രയോജനകരമാണ്. ആയതിനാൽ പഞ്ചായത്തിലെ മുഴുവൻ ആളുകൾക്ക് ഹെൽത്ത് കാർഡ് ഏർപ്പെടുത്തുക.

8. ബ്രിട്ടീഷ് ഭരണകാലത്ത് നിലവിൽ വന്ന മദ്രാസ് ഹെൽത്ത് ആക്ട്, ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട് എന്നീ കാലഹരണപ്പെട്ട നിയമങ്ങൾ കാലോചിതമായി പരിഷ്കരിച്ച് പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ ഫലപ്രദമായി നടപ്പാക്കുവാൻ ഉതകുന്ന തലത്തിൽ പരിഷ്കരിക്കുക.

9. പഞ്ചായത്ത് നിവാസികളുടെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ബോധവത്കരണ പ്രചരണ പരിപാടികൾ നടത്തുന്നതിന് യുവജനവിഭാഗങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും പ്രവർത്തനങ്ങൾ കൂട്ടിയോജിപ്പിക്കുന്നതിന് പഞ്ചായത്തു തലത്തിൽ വികസന സമിതി കമ്മിറ്റി രൂപീകരിക്കുന്നത് ഉചിതമായിരിക്കും. ഇത്തരം സമിതികൾക്ക് പഞ്ചായത്ത് അതിർത്തികളിൽ പ്രവർത്തിക്കുന്ന അനധികൃത മദ്യ വ്യാപാര സ്ഥാപനങ്ങളേയും വിദ്യാലയ പരിസരത്ത് ലഹരിപദാർത്ഥങ്ങൾ വിൽക്കുന്നവരെയും തടയുന്നതിന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും.

# സഹകരണം

കേരളത്തിലെ വമ്പൻ ജനകീയാടിത്തറയുള്ള പ്രസ്ഥാനങ്ങളിലൊന്നായ സഹകരണ പ്രസ്ഥാനത്തിന് ഉറച്ചവേരുകളുള്ള ഗ്രാമമാണ് പന്മന. സഹകരണപ്രസ്ഥാനത്തിന്റെ തുടക്കനാളുകളിൽതന്നെ അതിന്റെ സ്വാധീനം പന്മനയിലുറപ്പിക്കാൻ കഴിഞ്ഞു. മറ്റെല്ലാ തുറയിലുമെന്നപോലെ, സഹകരണ രംഗത്തും പന്മനയുടെ വഴികാട്ടി കുമ്പളത്തു ശങ്കുപ്പിള്ള യായിരുന്നു. 1950കളുടെ ആരംഭത്തിൽ കൊല്ലക ആസ്ഥാനമായിരൂപീകരിക്കപ്പെട്ട പന്മന സർവീസ്സഹകരണ ബാങ്കാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സഹകരണസ്ഥാപനം. ഇന്ന് ആറ് സക്കൂൾസഹകരണ സംഘങ്ങൾ ഉൾപ്പെടെ24 സഹകരണസ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങളിലെല്ലാം കുടി 34 ഓഫീസ് ജീവനക്കാരും 496 തൊഴിലാളികളും 3താൽക്കാലിക ജീവനക്കാരും ജോലിചെയ്യുവരുന്നു. മൊത്തം സഹകാരികളുടെ എണ്ണമാകട്ടെ 22,000 ത്തോളമുണ്ട്. (സ്കൂൾ സൊസൈറ്റികൾ ഒഴികെ) സഹകരണ പ്രസ്ഥാനത്തിന്റെ അന്തർശക്തി ജനാധിപത്യബോധത്തിന്റെ ചൈതന്യമാണ്. അത് നഷ്ടപ്പെടാതെ കാത്തുസുക്ഷിക്കേണ്ടത് സഹകരണമാനെജ്മെന്റിന്റെ മൗലിക തത്വങ്ങളിലൊന്നാണ്. ഈ സത്യം മറന്നുപോകുന്നതുകൊണ്ടോ എന്തോ ഈ ഗ്രാമത്തിലെ സഹകരണസ്ഥാപനങ്ങൾക്ക് ജനങ്ങളുടെ ആപൽക്കാല മിത്രമാകാൻ കഴിയാതെപൊകുന്നു. കക്ഷിരാഷ്ട്രീയത്തിന്റെ സങ്കുചിതത്വത്തിൽ സഹകരണ ജനാധിപത്യത്തിന്റെ പ്രകാശം കെട്ടുപോകാതെനോക്കണം. ദേശീയപെതുധാരയിലേക്ക് എല്ലാവിഭാഗം ജനങ്ങളേയും ആണിനിരത്താനുള്ള ചരിത്രപരമായ കടമ ഓരോ സഹകരണ സ്ഥാപനത്തിനുമുണ്ട്. കമ്പോളത്തിലെ കഴുത്തറുപ്പൻ മത്സരങ്ങളിൽനിന്നും ജനങ്ങളെ രക്ഷിക്കാനും ക്രിയാത്മകവും ലക്ഷ്യബോധമുള്ളതുമായ ഉല്പാദനങ്ങളിലേക്ക് ജനങ്ങളെ നയിക്കാനും നമ്മുടെ സഹകരണപ്രസ്ഥാപനങ്ങൾക്കു കഴിയണം. ജനങ്ങളുടെ സഹകരണാത്മകമായ ഇച്ഛാശക്തിക്കു രാജ്യത്ത് ആത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും. ജനകീയാസൂത്രണം ഈ മേഖലയിൽക്കു വിജയിക്കുമെന്നുറപ്പാണ്. സഹകരണമേഖലയിൽ നമ്മുടെ പഞ്ചായത്തിന്റെ മുദ്രാവാക്യം ഇതാകട്ടെ : ഒമ്പതാംപദ്ധതി ജനകീയ പദ്ധതി, സഹകരണലക്ഷ്യം നാടിൻപുരോഗതി.

## സർവീസ്സഹകരണബാങ്ക്

പന്മനപഞ്ചായത്തിൽ രണ്ട് സർവ്വീസ് സഹകരണ ബാങ്കുകളുണ്ട്. ചവറ സർവ്വീസ് സഹകരണ ബാങ്കും പന്മന സർവീസ്സഹകരണബാങ്കും. പഞ്ചായത്തിൽ 3500 ഓളം കാർഷിക കുടുമ്പങ്ങളുണ്ട്.

1950 ൽ ശ്രീ. കുമ്പളത്ത് ശങ്കുപ്പിള്ള അവർകളുടെ നേതൃത്വത്തിൽ പന്മന പഞ്ചായത്തിന്റെ പത്തുവാർഡുകൾ പ്രവർത്തന പരിധിയിൽ ഉൾപ്പടുത്തി രജിസ്റ്റർചെയ്തു. അതിന്റെ ആദ്യത്തെ പ്രസിഡന്റായി ശ്രികുമ്പളത്ത് ശങ്കുപ്പിള്ളയെ തെരഞ്ഞടുക്കുകയും ചെയ്യു. ഈ സംഘം പ്രവർത്തനം ആരംഭിച്ചത് 1955 ലാണ്. ഇതാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനം. ഇപ്പോൾ വളരെ ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത്. 9434 അംഗങ്ങൾ ഇപ്പോൾ ഈ സംഘത്തിലുണ്ട്. നടപ്പുവർഷം 9,99000 രുപാ കാർഷിക മേഖലയിൽ വായ്പ്പാ വിതരണംനടത്തി. കർഷികേതരവായ്പാഇനത്തിൽ 1,70,23,000 രപാ വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷങ്ങളായി നിക്ഷേപങ്ങളുംജില്ലാ ബാങ്ക് വായ്പ്പകളും വർദ്ധിച്ചെങ്കില്ലും കാർഷിക വായ്പ്പ അതിന് അനുസരിച്ച് വർധിച്ചില്ലന്ന് മാത്രമല്ല കുറഞ്ഞു വരുന്നതായിട്ടാണ് കാണാൻകഴിയുത്. ഇത് കാർഷിക രംഗത്ത് മുരടിപ്പുണ്ടാക്കും.

പഞ്ചായത്ത് അതിർത്തിയിലെ മറ്റൊരുസഹകരണ സ്ഥാപനമാണ് ചവറ സർവ്വീസ് സഹകരണ ബാങ്ക്. പന്മന സർവിസ് സഹകരണ ബാങ്കിന്റെ പരിധിയിൽ പെടാത്ത പന്മന പഞ്ചായത്തിലെ അഞ്ച് വാർഡും ചവറപഞ്ചായത്തിലെ രണ്ട് വാർഡും ചേർന്നതാണ്

ഈ സംഘത്തിന്റെ പ്രവർത്തന പരിധി 1959 ൽ സ്ഥാപിതമയ ഈ സ്ഥാപനം വളരെക്കാലമായി നഷ്ടത്തിൽ പ്രവർത്തിക്കുന്നു. ഇതിന്നോടോപ്പം ഒരു വളം ഡിപ്പോ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘം വഴി കാർഷിക കാർഷികേതര വായ്പ്പകൾനൽകി വരുന്നു.

## കയർ വ്യവസായ സഹകരണ സംഘങ്ങൾ

"ചവറ പന്മന തേവലക്കര
ചകിരി കൊണ്ട് പിഴയ്ക്കണം"

നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ നമ്മുടെ പ്രദേശവും കയർ വ്യവസായവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. അതുകൊണ്ട് തന്നെ നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ വ്യവസായ സഹകരണസംഘങ്ങൾ ആരംഭിച്ചതും കയർ മേഖലയിലാണ്. 1955 ൽ ശ്രീ കുമ്പളത്ത് ശങ്കുപ്പിള്ള പ്രസിഡൻറായി പനയന്നാർകാവ് കയർ വ്യവാസയ സഹകരണസംഘം (ക്ലിപ്തം) 125 എന്ന സംഘം രൂപീകരിച്ചതിലൂടെയാണ് ആദ്യമായി കയർ വ്യവസായം സഹകരണാടിസ്ഥാനത്തിൽ തുടങ്ങുന്നത്. അതേ കാലഘട്ടത്തിൽ ഇടപ്പള്ളികോട്ടക്ക് സമീപം മറ്റൊരു കയർ വ്യവസായ സഹകരണസംഘം ആരംഭിച്ചിരുന്നു. ഒരു തീപിടുത്തത്തെ തുടർന്ന് ഈ സംഘം ലികിഡേറ്റ് ചെയ്യപ്പെട്ടു. ഇപ്പോൾ നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ ആറ് കയർ വ്യവസായ സഹകരണ സംഘങ്ങളുണ്ട്. (പട്ടിക 10.2). പഞ്ചായത്തിൽ ഏറ്റവും കൂടുതൽ സഹകരണ സ്ഥാപനങ്ങളുള്ളത് കയർ മേഖലയിലാണ്. കൂടുതൽ സംഘങ്ങൾക്കും സ്വന്തമായി സ്ഥലവും കെട്ടിടങ്ങളുമുണ്ട്.

## ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ

കയർ വ്യവസായ സഹകരണസംഘങ്ങൾ കഴിഞ്ഞാൽ പന്മ പഞ്ചായത്തിൽ കൂടുതലുള്ള സഹകരണ സ്ഥാപനം ക്ഷീരോത്പാദക സഹകരണ സംഘങ്ങളാണ്. പഞ്ചായത്ത് അതിർത്തിയിലുള്ള അഞ്ച് സംഘങ്ങളിലൂടെ ദിവസം 750 ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. അതിൽ 130 ലിറ്റർ പാൽ ആഭ്യന്തര വിപണനം നടക്കുന്നുണ്ട്. 620 ലിറ്റർ പാൽ മിൽമായുടെ കൊല്ലം ഡയറിയിലേക്ക് കൊണ്ടുപോകുന്നു. മൃഗസംരക്ഷണ വകുപ്പിൻെറ കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ 37 കന്നുകുട്ടികൾക്ക് പകുതി വിലക്ക് 32 മാസത്തേക്ക് കാലിത്തീറ്റ മനയിൽ ക്ഷീരോത്പാദക സഹകരണസംഘം വഴി നടപ്പിലാക്കികൊണ്ടിരിക്കുന്നു. മേക്കാട് ക്ഷീരോത്പാദക സഹകരണ സംഘം നടത്തുന്ന പാൽ ഉത്പന്നങ്ങളുടെ വില്പന ഈ സംഘത്തെ കൂടുതൽ ലാഭത്തിലെത്തിക്കുകയും ജനങ്ങൾക്ക് മിതമായ വിലക്ക് ശുദ്ധമായ പാൽ ഉത്പന്നങ്ങൾ ലഭിക്കുകയും ചെയ്യുന്നു. സ്വന്തമായി സ്ഥലമുള്ള ഏക ക്ഷീരോത്പാദക സഹകരണ സംഘം മുല്ലക്കേരി ക്ഷീരോത്പാദക സഹകരണ സംഘമാണ്. ഈ സംഘമാണ് പാൽ സംഭരണത്തിലും അംഗങ്ങളുടെ എണ്ണത്തിലും ഓഹരി

മൂലധനത്തിൻെറ കാര്യത്തിലും ലാഭത്തിൻെറ കാര്യത്തിലും പഞ്ചായത്തിൽ മുൻപന്തിയിൽ നിൽക്കുന്നുത്. മിൽമായുടെ കാലിത്തീറ്റ ഈ സംഘങ്ങൾ വഴി നാമമാത്രമായി വിതരണം ചെയ്യുന്നുണ്ട്. അഞ്ച് സംഘങ്ങളുടേയും ഏകദേശരൂപം പട്ടിക 10.3ൽ കാണുക.

## പന്മന പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം

പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി 1983 ൽ പന്മന പഞ്ചായത്ത് പ്രവർത്തന പരിധിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച സഹകരണ സ്ഥാപനമാണ് പന്മന പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം. ഇപ്പോൾ ഈ സംഘത്തിൽ 1175 അംഗങ്ങളുണ്ട്. സർക്കാരിൻെറ ഓഹരിയടക്കം 52178 രൂപ ഈ സ്ഥാപനത്തിന് ഓഹരി മൂലധനമുണ്ട്. ഈ സംഘത്തിൽ നിന്നും ഓല കച്ചവടത്തിനും തഴപ്പ നിർമ്മാണനത്തിനുമായി ഹ്രസ്വകാല വായ്പകൾ നൽകി വരുന്നു. ഈ സ്ഥാപനത്തിന് സ്വന്തമായിട്ട് ഒരു പവ്വർ ടില്ലറും ട്രെയ്‌ലറുമുണ്ട്. ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. (പട്ടിക 10.4)

## മഹിളാ സഹകരണ സംഘങ്ങൾ

### 1. ചവറ ബ്ലോക്ക് മഹിളാ കുടിൽ വ്യവസായ സഹകരണസംഘം

1961 ൽ സ്ഥാപിച്ച ഈ സ്ഥാപനം പന്മന പഞ്ചായത്തിലെ ആദ്യത്തെ വനിതാ സഹകരണ സ്ഥാപനം കൂടിയാണ്. ഈ സ്ഥാപനത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. 380 അംഗങ്ങളുള്ള ഇവിടെ 30 തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. അംഗത്വ ഓഹരിയിനത്തിൽ 12510 രൂപയും ഗവൺമെൻറ് ഓഹരിയിനത്തിൽ 74000 രൂപയുമുണ്ട്. തഴപ്പായും തഴപ്പ ഉത്പന്നങ്ങളുമാണ് ഇവിടുത്തെ പ്രധാന ഉത്പന്നങ്ങൾ. ഇവിടുത്തെ ഉത്പന്നങ്ങൾ എറണാകുളത്തുള്ള അപമക്സ് സൊസൈറ്റി വഴി വിപണനം നടത്തുന്നു. ഇത് കൂടാതെ ചെറിയ തോതിൽ സംഘം നേരിട്ടും കച്ചവടം നടത്തുന്നുണ്ട്.

### 2. വടക്കുംതല വനിതാ റെഡിമെയ്ഡ് ഗാർമെൻറ്സ് വ്യവസായ സഹകരണസംഘം ക്ലിപ്തം

നമ്മുടെ പഞ്ചായത്തിലെ മറ്റൊരു മഹിളാ വ്യവസായ സഹകരണ സംഘമാണിത്. 1994 ൽ രജിസ്റ്റർ ചെയ്ത ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ചത് 1995 ലാണ്. ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു. ഇവിടെ ഇപ്പോൾ എട്ട് തയ്യൽ തൊഴിലാളികൾ ജോലി ചെയ്തു വരുന്നു. സ്ത്രീകൾക്ക് വേണ്ട റെഡിമെയ്ഡ് വസ്ത്രങ്ങളാണ് ഇവിടെയുണ്ടാക്കുന്ന പ്രധാനം ഉത്പന്നം. ഈ സംഘത്തിൽ 42 അംഗങ്ങളുണ്ട്. അംഗത്വ ഓഹരിയിനത്തിൽ 4600 രൂപയു് ഗവൺമെൻ്റ് ഓഹരിയിനത്തിൽ 27600 രൂപയും ഓഹരി മൂലധനമുണ്ട്.

## മത്സ്യതൊഴിലാളി സഹകരണ സംഘം

മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനായ് പന്മന പഞ്ചായത്തിൽ രണ്ട് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

### 1. കരുനാഗപ്പള്ളി താലൂക്ക് ഹരിജൻ മത്സ്യ തൊഴിലാളി സഹകരണസംഘം

ഹരിജൻ മത്സ്യതൊഴിലാളികളുടെ

ഉന്നമനത്തിനായ് 1969 ൽ സ്ഥാപിച്ചതാണ് ഈ സംഘം. ഇപ്പോൾ 506 അംഗങ്ങൾ ഈ സംഘത്തിലുണ്ട്. കരുനാഗപ്പള്ളി താലൂക്ക് മുഴുവൻ ഈ സംഘത്തിൻെറ പ്രവർത്തന പരിധിയിൽ പെടും. സർക്കാരിൻേറതടക്കം 585060 രൂപയുടെ ഓഹരി മൂലധനം ഈ സംഘത്തിനുണ്ട്. 278 സെൻറ് സ്ഥലം ഈ സ്ഥാപനത്തിന് സ്വന്തമായിട്ടുണ്ട്. ഇതിൽ മൂന്ന് മത്സ്യവളർത്തൽ കുളങ്ങളുണ്ട്.

### 2. മത്സ്യതൊഴിലാളി ക്ഷേമ സഹകരണസംഘം

മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനായി 1992 ൽ പൊന്മന ആസ്ഥാനമായി സ്ഥാപിച്ചതാണ് മത്സ്യതൊഴിലാളി ക്ഷേ സഹകരണസംഘം. ഈ സംഘത്തിൽ 150 അംഗങ്ങളുണ്ട്. ഈ സംഘം വഴി മത്സ്യഫെഡ് ഒരു വള്ളവും വലയും വിതരണം ചെയ്തിട്ടുണ്ട്.

## സ്കൂൾ സഹകരണ സംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ നാല് ഹൈസ്ക്കൂളിലും രണ്ട് യു. പി. സ്കൂളിലും കൂടി ആറ് സ്കൂൾ സഹകര സംഘങ്ങളുണ്ട്. ഈ സംഘങ്ങൾ വഴി വിദ്യാർത്ഥികൾക്ക് ആവശ്യമായ പുസ്തകങ്ങളും മറ്റ് പഠനോപകരണങ്ങളും വിതരണം ചെയ്തു വരുന്നു.

## കേരളാ ഖാദി ആൻറ് വില്ലേജ് വ്യവസായ സഹകര സംഘം

തേവലക്കര പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്ന ഖാദി ആൻറ് വില്ലേജ് വ്യവസായ സഹകരണസംഘത്തിൻെറ ഒരു നൂൽനൂപ്പ് കേന്ദ്രം പന്മന പഞ്ചായത്തിൽ മുല്ലക്കേരി വാർഡിൽ പ്രവർത്തിച്ച് വരുന്നുണ്ട്. ഇവിടെ പതിനഞ്ചോളം തൊഴിലാളികൾ ജോലി ചെയ്തു വരുന്നു. 50 തൊഴിലാളികൾക്ക് തൊഴിൽ നൽകുവാൻ ഈ കേന്ദ്രത്തിന് കഴിയും. എന്നാൽ കൂലി കുറവു കാരണം കൂടുതൽ തൊഴിലാളികൾ ഈ മേഖലയിലേക്ക് വരുന്നില്ല.

## സഹകരണ കാർഷിക വികസന ബാങ്ക്, കരുനാഗപ്പള്ളി.

കരുനാഗപ്പള്ളി താലൂക്കിലെ കർഷകരുടെ ഉന്നമനത്തിനായി പ്രവർത്തിച്ച് വരുന്ന ഒരു സഹകരണ സ്ഥാപനമാണ് സഹകരണ കാഷിക വികസന ബാങ്ക്. പന്മന പഞ്ചായത്തും ഈ ബാങ്കിൻെറ പ്രവർത്തന പരിധിയിൽ പെട്ടതാണ്. ഈ ബാങ്കിൽ നിന്നും കാർഷികം കാർഷികേതരം, വ്യവസായം, ഭവന നിർമ്മാണം വാഹനം തുടങ്ങിയവക്ക് വായ്പകൾ നൽകി വരുന്നു. 199596 വർഷത്തിൽ നമ്മുടെ പഞ്ചായത്തിൽ ഈ ബാങ്ക് വിതരണം ചെയ്ത വായ്പകളുടെ വിവരം പട്ടിക 10.7 ൽ കൊടുത്തിട്ടുണ്ട്.

## പ്രശ്നങ്ങൾ

സർവ്വീസ് സഹകരണ ബാങ്കുകൾ

പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിച്ച് വരുന്ന രണ്ട് സർവ്വീസ് സഹകരണ ബാങ്കുകളോടും ചേർന്ന് ഓരോ കൺസ്യൂമർ വിഭാഗം പ്രവർത്തിച്ചിരുന്നു. നഷ്ടം കാരണം ഇപ്പോൾ രണ്ടും ഓണത്തിന് മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. കൺസ്യൂമർ സ്റ്റോറുകളെ നഷ്ടത്തിലേക്ക് നയിച്ചത് സംഘങ്ങളുടെ കെടുകാര്യസ്ഥത മാത്രമല്ല സഹകരണ വകുപ്പിൻെറ അനാസ്ഥ കൂടിയാണ്. ഈ രണ്ട് സംഘങ്ങളുടേയും പരിധിയിൽ പെട്ട മുഴുവൻ കർഷകരും ഈ സംഘങ്ങളിൽ അംഗങ്ങളല്ല. സംഘാംഗങ്ങളുടെ നിക്ഷേപങ്ങളിൽ നിന്നും സ്വരൂപിക്കുന്ന ഫണ്ടിൻെറ അപര്യാപ്തത മൂലം കൂടുതൽ തനത് വായ്പകൾ നൽകാൻ കഴിയാത്തതു കൊണ്ടാണ് ചവറ സർവ്വീസ് സഹകരണ ബാങ്ക് നഷ്ടത്തിൽ നിന്നും കരകയറാതെ കിടകുന്നത്.

നാട്ടിൻപുറത്തെ ഗൾഫ് മലയാളികളും സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളും തങ്ങളുടെ പണം നിക്ഷേപിക്കാൻ താല്പര്യപൂർവ്വം തെരഞ്ഞെടുക്കുന്നത് ദേശസാൽകൃത ബാങ്കുകളും പോസ്റ്റ്ഓഫീസുകളുമാണ്. സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കാൻ ഇവർക്ക് താല്പര്യമില്ല. എന്നാൽ ദേശാൽകൃത ബാങ്കുകളാകട്ടെ കേരളത്തിൻെറ വികസനവുമായി ബന്ധപ്പെട്ട് വായ്പാ ഇനത്തിൽ ചെലവഴിക്കുന്നത് അവയുടെ മൊത്തം നിക്ഷേപത്തിൻെറ വെറും 3040% മാത്രം.

കാർഷിക വായ്പക്ക് കേരളാ സർക്കാൻ നിൽകിവരുന്ന പലിശ ഇൻസെൻറീവ് കർഷകർക്ക് യഥാസമയം ലഭിക്കുന്നില്ല. കൊപ്രാ സംഭരിക്കണമെങ്കിൽ പരിശീലനം ലഭിച്ച തൊഴിലാളി വേണം. കേരഫെഡിലെയും കേരളാ മാർക്കറ്റിംഗ് ഫെഡറേഷനിലെയും അഴിമതി കൊപ്രാ വിപണനത്തെ ബാധിക്കുന്നു.

## കയർ വ്യവസായ സഹകരണ സംഘങ്ങൾ

കയർ വ്യവസായ സഹകരണ സംഘങ്ങൾ നിരവധി പ്രതിസന്ധികൾ നേരിടുന്നു. തൊണ്ടിൻെറ ദൗർലഭ്യമാണ് ഏറ്റവും വലിയ പ്രതിസന്ധി. പൊതുവിപണിയിൽ നിന്നും തൊണ്ടു വാങ്ങണമെങ്കിൽ വലിയ വില നൽകേണ്ടിവരുന്നു. തൊഴിൽ സ്ഥിരതയില്ലാത്തതുകൊണ്ട് താല്പര്യമുള്ള തൊഴിലാളികൾ പ്രൈവറ്റ് മുതലാളിമാരുടെ സ്ഥാപനങ്ങളിലേക്ക് പോകുന്നു. വേതന കുറവ് കാരണ് കൂടുതൽ തൊഴിലാളികൾ ഈ മേഖലയിലേക്ക് വരുന്നില്ല. തൊണ്ടിൻെറ വില കൂടുതൽ കാരണം ചകിരി തമിഴ്നാട്ടിൽ നിന്നുമാണം വരുത്തുന്നത്. ഇതുകൊണ്ട് ഇപ്പോഴുള്ള പ്രവർത്തന മൂലധനം പര്യാപ്തമല്ല. ഭരണ സമിതികളുടെ കാര്യക്ഷമതാ കുറവും ദൃശ്യമാണ്. മറ്റ് മേഖലയിൽ ലഭ്യമാകുന്ന ബോണസും മറ്റാനുകൂല്യങ്ങളും ലഭ്യമല്ല.

## ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ

ക്ഷീര സഹകരണ സംഘങ്ങളും കർഷകരും നിരവധി പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. നല്ലയിനം കറവ പശുക്കളുടെ അഭാവവും അവയുടെ വില കൂടുതലും കാലിതീറ്റയുടെ വില കൂടുതലും കന്നുകാലി രോഗങ്ങളും പ്രധാന പ്രശ്നങ്ങളാണ്. നമ്മുടെ പഞ്ചായത്തിൽ അഞ്ച് വാർഡുകളിൽ മാത്രമേ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ ഉള്ളൂ. മറ്റു വാർഡുകളിലുള്ള ക്ഷീരകർഷകർ പാൽ വിപണനത്തിന് വേണ്ടി വളരെ ധൂരം പോകേണ്ടി വരുന്നു. ഇത്തരത്തിലുള്ള കർഷകർ ഈ സംഘങ്ങളുടെ പരിധിയിൽ പെടാത്തതുകൊണ്ട് അവർക്ക് ബോണസ് തുടങ്ങി ഒരു ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. നാട്ടിൻ പുറത്ത് കിട്ടുന്ന ഉയർന്ന വില പാലിന് ക്ഷീര സംഘങ്ങളിലൂടെ ലഭിക്കുന്നില്ല. കന്നുകാലി വളർത്തലിന് ബാങ്കുകൾ പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുവാൻ വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. പല വാർഡുകളിലും പുതിയ ക്ഷീര സഹകരണ സംഘങ്ങൾ ആരംഭിക്കാൻ അവ പ്രവർത്തന രഹിതമായ പല സംഘങ്ങളുടേയും പരിധിയിൽ പെട്ടതുകൊണ്ട് തടസ്സമായി നിൽക്കുന്നു.

## പന്മന പഞ്ചായത്ത് പട്ടികജാതി സഹകരണസംഘം

പന്മന പഞ്ചായത്ത് പട്ടികജാതി സഹകരണസംഘം മുഖേന നൽകി വരുന്ന വായ്പകൾ ഭൂരിപക്ഷം അംഗങ്ങളും തിരിച്ച് അടയ്ക്കാൻ വീഴ്ച വരുത്തുന്നു. ടില്ലറും ട്രെയ്ലറും കേടാകാൻ കാരണം ഭരണ സമിതിയുടെ കാര്യക്ഷമതാ കുറവാണ്. അംഗങ്ങൾ സംഘത്തോട് അന്യതാ ബോധം കൽപ്പിക്കുന്നു.

## മഹിളാ സഹകരണ സംഘങ്ങൾ

1. ചവറ ബ്ലോക്ക് മഹിളാ കുടിൽ വ്യവസായ സഹകരണ സംഘം

അപക്സ് സൊസൈറ്റിക്ക് കയറ്റിയയക്കുന്ന ഉത്പന്നങ്ങൾ 50% ലാഭത്തിൽ അവർ വില്ക്കുമ്പോൾ ഈ സംഘത്തിന് ലഭിക്കുന്ന ലാഭം വെറും 5% മാത്രമാണ്. വളരെ സാധ്യതയുള്ള ഒരു സ്ഥാപനമാണിത്. ആകർഷണീയമായ ഈ ഉത്പന്നം വിപണിയുടെ അപര്യാപ്ത നേരിടുന്നു.

2. വടക്കംതല വനിതാ റെഡിമെയ്ഡ് ഗാർമെൻറ്സ് വ്യവസായ സഹകരണ സംഘം

ഈ വനിതാ വ്യവസായ സഹകരണ സംഘവും വിപണി കണ്ടെത്താനാകാതെ കുഴയുന്നു. മൂലധനത്തിൻെറ അപര്യാപ്തയാണ് ഈ സംഘം നേരിടുന്ന പ്രധാന പ്രശ്നം. മുഴുവൻ അംഗങ്ങൾക്കും ഒരേ സമയം ജോലി കൊടുക്കാൻ കഴിയുന്നില്ല.

## മത്സ്യ തൊഴിലാളി സഹകരണസംഘം

### കരുനാഗപ്പള്ള താലൂക്ക് ഹരിജൻ മത്സ്യ തൊഴിലാളി സഹകരണ സംഘം

ഈ സംഘത്തിൻെറ മത്സ്യ വളർത്തൽ കുളത്തിന് ചുറ്റും വേലി കെട്ടിയിട്ടില്ലാത്തതിനാൽ പുറത്ത് നിന്നുള്ളവരുടെ ശല്യം കൂടുന്നു. കുളങ്ങളുടെ ചുറ്റുമുള്ള ബണ്ടിൻെറ ബലകുറവു കൊണ്ട് പലപ്പോഴും കായലിൽ നിന്നും വെള്ളം കേറുന്നു. ഡീസൽ പമ്പുകൾ പ്രവർത്തിപ്പിക്കാൻ ചെലവ് കൂടുതലാണ്. മത്സ്യവളർത്തലിനാവിശ്യമായ കുമ്മായം വാങ്ങാൽ വില നൽകേണ്ടി വരുന്നു.

### മത്സ്യ തൊഴിലാളി ക്ഷേമ സഹകരണ സംഘം പൊന്മന

പൊന്മനയിലെ മത്സ്യതൊഴിലാളി ക്ഷേമ സഹകരണ സംഘ

ത്തിൽ കൂട്ടുത്തരവാദിത്വ കുറവ് ദൃശ്യമാണ്. സാമ്പത്തിക പരാധീനതയും ഈ സംഘത്തിൻെറ പ്രധാന പ്രശ്നങ്ങളാണ്.

## സ്കൂൾ സഹകരണ സംഘങ്ങൾ

സ്കൂൾ സഹകരണ സംഘങ്ങളിലെ സെക്രട്ടറിയായി പ്രവർത്തിക്കുന്ന അദ്ധ്യാപകന് ക്ലാസ്സുകൾ കൈകാര്യം ചെയ്യേണ്ടതുകൊണ്ട് സംഘം തുറന്ന് പ്രവർത്തിപ്പിക്കാൻ സമയ കുറവുണ്ടാകാറുണ്ട്. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവശ്യം വേണ്ട സ്റ്റേഷനറി സാധനങ്ങൾ എല്ലാ സംഘങ്ങളിലും ലഭ്യമല്ല.

## സഹകരണ കാർഷിക വികസന ബാങ്ക്

കരുനാഗപ്പള്ളി കാർഷിക ബാങ്കിൽ നിന്നും വായ്പകൾ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സങ്കീർണ്ണമാണ്. പഞ്ചായത്തിലെ മുഴുവൻ കർഷകരും ഈ ബാങ്കിൽ അംഗങ്ങളല്ല.

## പരിഹാര നിർദ്ദേശങ്ങൾ

### സർവ്വീസ് സഹകരണ ബാങ്കുകൾ

സർവ്വീസ് സഹകരണ ബാങ്കുകളോട് കൂടി പ്രവർത്തിച്ച് വന്ന രണ്ട് കൺസ്യൂമർ സ്റ്റോറുകളും പുനഃരാരംഭിക്കണം സിവിൽ സപ്ലൈസ് സ്ഥിരമായി നിത്യോപയോഗ സാധനങ്ങൾ ഇത്തരം ബാങ്കിന് നൽകണം. ഇതിൻെറ ഭരണ സമിതികൾ വേണ്ടത്ര ശ്രദ്ധിക്കുകയും ചെയ്താൽ മാത്രമേ കൺസ്യൂമർ സ്റ്റോറുകൾ ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളൂ. കൺസ്യൂമർ സ്റ്റോറുകൾ കാര്യക്ഷമമായി പ്രവർത്തിച്ചാൽ പൊതുവിപണിയിലെ വിലകയറ്റം പിടിച്ച് നിർത്താൻ കഴിയും.

ഇരു സംഘങ്ങളിലേയും മുവുവൻ കർഷകരേയും ഇതിൽ അംഗങ്ങളാക്കി സംഘങ്ങളുടെ പ്രയോജനം ലഭ്യമാക്കണം.

പഞ്ചായത്ത് ഉൾപ്പെടെയുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളേയും പണം സർവീസ് സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ച് സർവ്വീസ് ബാങ്കുകളെ കൂടുതൽ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ഗൾഫ് മലയാളികൾ വഴി വിദേശ നാണ്യം സർവ്വീസ് സഹകരണ ബാങ്കുകളിൽ സ്വരൂപിക്കുന്നതിനും അങ്ങനെ നമ്മുടെ പ്രാദേശിക വികസനം കരുപ്പിടിപ്പിക്കുന്നതിനും വേണ്ടി എൻ. ആർ. ഐ. നിക്ഷേപപദ്ധതി തുറക്കാനുള്ള നടപടി സംസ്ഥാന സഹകരണ ബാങ്ക് സ്വീകരിക്കണം. ഗ്രാമീണ ജനതയുടെ സമ്പാദ്യങ്ങൾ സഹകരണ സംഘങ്ങളിൽ നിക്ഷേപിക്കാൻ വേണ്ട പ്രോത്സാഹനങ്ങൾ ചെയ്യണം.

കൊപ്രാ സംഭരിക്കുന്നതിന് പരിശീലനം ലഭിച്ച തൊഴിലാളിയെ നിയമിക്കണം. കേരഫെഡ്, മാർക്കറ്റിംഗ് ഫെഡറേഷൻ എന്നിവരുടെ അഴിമതി തടയാൻ ജനകീയ ഇടപെടൽ ആവശ്യമാണ്. ഇത്തരം മെച്ചപ്പെട്ട പ്രവർത്തനത്തിലൂടെ കൊപ്രാ സംഭരിച്ച് നാളികേര വിലയിടിവ് തടയണം.

## കയർ വ്യവസായ സഹകരണ സംഘം

കയർ വ്യവസായ സഹകരണ സംഘങ്ങളെ രക്ഷിക്കാൻ തൊണ്ടിന് ലെവി ഏർപ്പെടുത്തി തൊണ്ട് സംഭരിച്ച് സംഘങ്ങളെ ഏൽപ്പിക്കണം. ഇത് തൊഴിലാളികളുടെ തൊഴിൽ സ്ഥിരത ഉറപ്പാക്കാനും തൊഴിലാളികൾക്ക് ഉയർന്ന വേതനം നൽകുവാനും സംഘത്തെ ലാഭത്തിലാക്കുവാനും കഴിയും. ഭരണ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കണം. തൊഴിലാളികളുടെ ആരോഗ്യപരമായ കാര്യങ്ങൾ ശ്രദ്ധിക്കണം. മറ്റ് തൊഴിൽ മേഖലയിൽ ലഭ്യമാകുന്ന ബോണസും മറ്റാനുകൂല്യങ്ങളും ഈ രംഗത്തെ തൊഴിലാളികൾക്ക് ലഭ്യമാക്കണം. ആവശ്യമായ പരിശീലനങ്ങൾ തൊഴിലാളികൾക്ക് നൽകി കയർ ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തണം. കൊല്ലം ജില്ലയിൽ കയർ ഉത്പന്നങ്ങളുടെ നിർമ്മാണം അപൂർവ്വമാണ്. നമ്മുടെ പ്രദേശത്തിൻെറ പരമ്പരാഗത വ്യവസായമെന്ന നിലയിൽ ഇതിനെ രക്ഷിക്കേണ്ടത് നമ്മുടെ കർത്തവ്യം കൂടിയാണ്.

## ക്ഷീരോത്പാദക സഹകരണ സംഘം

നല്ലയിനം കറവ പശുക്കളെ വാങ്ങാൻ വായ്പ നൽകുവാൻ വേണ്ട ധനസഹായം സർക്കാർ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾക്ക് അനുവദിക്കണ്. സംഘങ്ങൾ മുഖേന കുറഞ്ഞ നിരക്കിൽ ആവശ്യമായ കാലിത്തീറ്റ കർഷകർക്ക് നൽകുവാൻ ഒരു കാലിതീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം. കന്നുകാലി രോഗങ്ങൾ കാരണം ചാവുന്ന കറവമാടുകൾക്ക് ലളിതമായ വ്യവസ്ഥയിൽ ഇൻഷ്യുറൻസ് ഏർപ്പെടുത്തി ക്ഷീരകർഷകരെ രക്ഷിക്കണം. രണ്ട് വാർഡിന് ഒന്നെന്ന തരത്തിൽ ക്ഷീര സഹകരണ സംഘങ്ങൾ ആരംഭിക്കണം. അതിലൂടെ പഞ്ചായത്തിലെ മുഴുവൻ ക്ഷീര കർഷകർക്കും ക്ഷീരോത്പാദക സഹകരണ സംഘത്തിൻേറ പ്രയോജനം ലഭ്യമാക്കണം. കന്നുകുട്ടി പരിപാലന പദ്ധതി മുഴുവൻ ക്ഷീരോത്പാദ സഹകരണ സംഘത്തിലൂടെ നടപ്പാക്കി കർഷകർക്ക് ആശ്വാസം നൽകണം. ക്ഷീരോത്പാദനം വർദ്ധിപ്പിക്കാൻ പഞ്ചായത്ത് തലം മുതൽ സംസ്ഥാന തലം വരെ ക്ഷീര കർഷക മേളകൾ സംഘടിപ്പിക്കണം. സൗജന്യമായി നല്ലയിനം പുൽവിത്തുകളും വളവും നൽകി പുൽകൃഷി വ്യാപിപ്പിച്ച് ക്ഷീരകർഷകന് കുറഞ്ഞ നിരക്കിലും എളുപ്പത്തിലും കാലിത്തീറ്റ ലഭ്യമാക്കണം. ക്ഷീരവികസന ഓഫീസ് പഞ്ചായത്തിൽ ഒന്നെന്ന തരത്തിൽ ആരംഭിക്കണം.

## പട്ടികജാതി സഹകരണ സംഘം

പന്മന പഞ്ചായത്ത് സഹകരണ സംഘത്തിൽ നിന്നും വായ്പ എടുത്ത് കാലാവധി കഴിഞ്ഞിട്ടും തിരിച്ച് അടക്കാത്തവർക്ക് എതിരെ നിയമ നടപടി എടുക്കണം. കാലാവധിയാകുന്നതിന് ഒരു മാസം മുമ്പ് തന്നെ വായ്പാ കാലാവധിയെ കുറിച്ച് അറിയിക്കണം. സംഘം പ്രവർത്തിക്കുന്നത് അംഗങ്ങളുടെ ഉന്നമനത്തിനാണെന്ന് അംഗങ്ങളെ ബോധവത്കരിക്കണം. കേടായ ടില്ലറും ട്രെയ്ലറും മാറ്റി പുതിയത് കൊണ്ടുവന്ന് ഭരണസമിതിയുടെ മേൽനോട്ടത്തിൽ പരിശീലനം കിട്ടിയവരെ കൊണ്ട് പ്രവർത്തിപ്പക്കണം.

## മഹിളാ സഹകരണ സംഘങ്ങൾ

### ചവറ ബ്ലോക്ക് മഹിളാ കുടിൽ വ്യവസായ സഹകരണ സംഘം

ഈ സംഘത്തിലുണ്ടാക്കുന്ന ആകർഷണീയമായ തഴപ്പാ ഉത്പന്നങ്ങളുടെ കയറ്റുമതി സാധ്യത പരിശോധിക്കണം പഞ്ചായത്ത് തലത്തിൽ വിപണനകേന്ദ്രം ആരംഭിച്ചാൽ ഈ

സ്ഥാപനത്തെ ലാഭത്തിലാക്കാൻ കഴിയുമെന്ന് മാത്രമല്ല ഒരു തൊഴിൽ അവസരം കൂടി സൃഷ്ടിക്കാൻ കഴിയും. ഈ സ്ഥാപനം വിപുലപ്പെടുത്തിയാൽ കൂടുതൽ തൊഴിലാലികൾക്ക് തൊഴിൽ ലഭ്യമാക്കാനും കൂടുതൽ വേതനം നൽകുവാനും കഴിയും.

## വടക്കുംതല വനിതം റെഡിമെയ്ഡ് ഗാർമെൻറ്സ് വ്യവസായ സഹകരണ സംഘം

ഏറെ സാധ്യതയുള്ള സഹകരണ സ്ഥാപനമാണിത്. ഏതെങ്കിലും സാമ്പത്തിക സ്ഥാപനത്തിൽ നിന്നും വ്യവസായ വായ്പ

ലഭ്യമാക്കി ലാഭത്തിൽ പ്രവർത്തിപ്പിക്കണം. വലിയ അളവിൽ തുണി വാങ്ങാനായാൽ ഇപ്പോൾ വാങ്ങുന്നതിനേക്കാൾ ക്കുടുതൽ പൈസാലാഭിക്കാൻ കഴിയും. കുടുതൽ തയ്യൽമെഷിനുകൾവാങ്ങി ഒരെസമയം കുടുതൽ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കണം. വലിയ അളവിൽ ഉൽപ്പാദിപ്പിച്ചാൽ വലിയ ടെക്സ്റ്റയിൽസുകൾ വഴി വിൽക്കാൻകഴിയും .

മഹിളാ രംഗത്ത് വാർഡിൽ ഒന്നെന്ന തരത്തിൽ വ്യവസായ സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കണം. ഇത് ഒരു പരിധിവരെ സ്ത്രീ തൊഴിലില്ലായ്മ കുറക്കുവാൻകഴിയുമെന്ന് മാത്രമല്ല. സാമൂഹ്യ, സാമ്പത്തിക ഉയർച്ചയിലെക്ക് അവരെനയിക്കുവാനും കഴിയും. ഇത്തരം മഹിളാ വ്യവസായസഹകരണസംഘങ്ങൾ ഉത്പ്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കാൻ ഒരു പഞ്ചായത്ത് വിപണനകേന്ദ്രം ആരംഭിക്കണം.

## മത്സ്യതൊഴിലാളി സഹകരണ സംഘം

## കരുനാഗപ്പളി താലൂക്ക് ഹരിജ മത്സ്യ തൊഴിളി സഹകരണ സംഘം.

ഈ സംഘത്തിന്റെമത്സ്യ വളർത്തൽ കുളങ്ങൾക്ക് ചുറ്റും വേലി കെട്ടി സംരക്ഷിക്കണം. മത്സ്യകുളങ്ങളും കായലും ചേരുന്നഭാഗത്ത് ബണ്ട് ബലപ്പെടുത്തണം. ചെലവേറിയ ഡീസൽ പമ്പുകൾ മാറ്റി ഇലക്ട്രിക് പമ്പികൾ സ്ഥാപിക്കണം. കുമ്മായ നിർമ്മാണത്തിന് ആവശ്യമായ കക്കാഎളുപ്പത്തിൽ ലഭിക്കുന്ന സ്ഥലത്താണ് സംഘം സ്ഥിതിചെയ്യുന്നത്. കുമ്മായം നിർമ്മാണം ആരംഭിച്ചാൽ ഒരാളിന് തൊഴിൽലഭിക്കുകയും സംഘത്തിന് കുമ്മായം ലാഭത്തിൽ വിൽക്കുകയും ചെയ്യാം.

## മത്സ്യ തൊഴിലാളി ക്ഷേമസഹകരണസംഘം.

മത്സ്യ തൊഴിലാളി ക്ഷേമ സഹകരണ സംഘത്തിന്റെ പുരോഗതിയിലേക്കു നയിക്കുവാൻ അംഗങ്ങൾക്ക് പ്രത്യേകിച്ച് ഭരണസമിതിക്ക് ക്കുട്ടുത്തരവാദിത്വം ഉണ്ടകണം. ഈ മേഖലയിലെ കുടുതൽ ആളുകളെ അംഗങ്ങളാക്കി ചേർത്ത് ഇതിന്റെ സാമ്പത്തിക പരാധീനത പരിഹരിക്കണം .

## സ്കൂൾ സഹകരണ സംഘം

സ്കൂൾ സഹകരണസംഘങ്ങളിലെ സെക്രട്ടറിയായി പ്രവർത്തിക്കുന്ന അദ്ധ്യാപകന് ജോലിയിൽ ഇളവുനൽകി സംഘം ക്കുടുതൽ സമയം പ്രവർത്തിക്കണം. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വേണ്ട എല്ലാ സ്റ്റേഷനറി സാധനങ്ങളും സംഘംവഴി വിതരണം നടത്തി സംഘത്തെ കൂടുതൽ ലാഭത്തിലാക്കുകയും പൊതുവിപണിയുടെ ചൂഷണത്തിൽനിന്നും അംഗങ്ങളെ വിമുക്തമാക്കാനും കഴിയണം. വിദ്യാർത്ഥികളിൽ സഹകരണ പ്രസ്ഥാനങ്ങളുടെ ആവശ്യകതയെ കുറിച്ച് ബോധവൽക്കരണം നടത്തണം.

# സാധ്യതകൾ

## കുമ്മായ വ്യവസായ സഹകരണ സംഘം

പന്മന പഞ്ചായത്തിൽ ഒരു കുമ്മായ വ്യവസായ സഹകരണസംഘം ആരംഭിക്കണം. അസംസ്കൃത വസ്തുവായ കക്ക ഇവിടെലാഭത്തിൽകിട്ടും. പൊന്മനയോട് അടുത്ത് നിൽക്കുന്ന കെ. എം. എം. എൽ. തന്നെപ്രതിദിനം 30 ലോഡ് കുമ്മായം ഉപയോഗിക്കുന്നു. ഇവർക്ക് ആവശ്യമായ കുമ്മായം ഇപ്പോൾ കോട്ടയം ജില്ലയിൽ നിന്നുമാണ് കൊണ്ടുവരുന്നത് ഈ സംഘത്തിലൂടെ നിരവധി പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്യും

## കാർഷിക വിപണന സഹകരണ സംഘം

നമ്മുടെ കർഷകർ ഉത്പാതിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾക്ക് ഇന്ന് തുഛമായ വിലയാണ് ലഭിക്കുന്നത്. അത് വാങ്ങുന്ന ഉപഭോക്താക്കളാകട്ടെ വലിയ വില നൽകേണ്ടി വരുന്നുതാനും. ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും കർഷകരെയും ഉപഭോക്താക്കളേയും രക്ഷിക്കുന്നതിന് ഒരു കാർഷിക വിപണന സഹകരണ സംഘം പഞ്ചായത്ത് തലത്തിൽ ആരംഭിക്കണം.

## നാളികേര സംസ്കരണ സഹകരണ സംഘം.

നമ്മുടെ പഞ്ചാത്തി ലെ കർഷകരുടെ പ്രധാന വരുമാനം നാളീകേര കൃഷിയിൽനിന്നാണ് ലഭിക്കുന്നത്. നാളീകേര വിലയിടിവ് ഇന്ന് കർഷകന് പ്രധാന പ്രശനമായി മാറിയിരിക്കുന്നു. ഇടത്തട്ടുകാരുടെ ചൂഷണംമൂലം കർഷകന് ഉല്പാദന ചെലവിനേക്കാൾ കുറഞ്ഞവരുമാനമാണ് ലഭിക്കുന്നത്. ഇത് തടയാൻ ഒരു സംസ്കരണയൂണിറ്റ് ആരംഭിച്ച് ഇടനിലക്കാരെ ഒഴിവാക്കുകയും ഏതാനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യണം.

സഹകരണ മേഖലയുമായി ബന്ധപ്പെട്ട് ഗ്രമസഭകളിൽ നടന്ന ചർച്ചളും പഞ്ചായത്തിൽ നടന്ന പഠന പര്യടനവും വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച അവലോകന റിപ്പോർട്ടുകളും അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഒരു കുറിപ്പാണ് മുകളിൽകൊടുത്തത്. പ്രശനങ്ങളും സാധ്യതകളും കൂടുതൽ സുഷ്മമായ ചർച്ചകളും വിശകലനത്തിനും വിധേയമാക്കി ഇതു സമ്പുഷ്ടമാക്കുമെന്ന് പ്രത്യാശിക്കുന്നു.

പട്ടിക 10.1

## സർവ്വീസ് സഹകരണ ബാങ്കുകൾ

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | സ്ഥാപിതം | അംഗങ്ങൾ | ഓഹരി മൂലധനം | കാഷിക വായ്പ | കാർഷികേ തരവായ്പ | നിക്ഷേപം | ജില്ലാ സഹകരണ ബാങ്ക് വാ.യ്പ | ലാഭത്തിലോ നഷ്ടത്തിലെ | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | സ്ഥിരം | താല്ക്കാലികം |
| 1 | പന്മന സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) 3035 | 1955 | 9434 | 11,29,610 | 9,99,00 | 170,23000 | 13956000 | 3377000 | ലാഭം | 8 | 2 |
| 1 | ചവറ സർവ്വീസ് സഹകരണ ബാങ്ക് Q147 | 1959 | 6057 | 8,56,520 | 1226,447 | 2390550 | 9,52,843 | 2392794 | നഷ്ടം | 3 | – |

പട്ടിക 10.2

## കയർവ്യവസായ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | സ്ഥാപിതം | അംഗങ്ങൾ | ജീവനക്കാർ | തൊഴിലാളികൾ | | ലാഭത്തിലോ നഷ്ടത്തിലോ |
|---|---|---|---|---|---|---|---|
| | | | | | പു | സ്ത്രീ | |
| 1 | കൊല്ലക | 1979 | 345 | 1 | 4 | 16 | ലാഭം |
| 2 | ചാമ്പകടവ് | 1962 | 866 | 2 * | 5 | 105 | ലാഭം |
| 3 | പൊന്മന | 1961 | 500 | 1 | 10 | 75 | നഷ്ടം |
| 4 | ചിറ്റൂർ | 1961 | 504 | 1 | 12 | 108 | ലാഭം |
| 5 | പോരൂക്കട | 1986 | 300 | 1 | 1 | 14 | ലാഭം |
| 6 | പനയന്നാർകാവ് (വടക്കുംതലമേക്ക്) | 1955 | 790 | 1 | 10 | 140 | നഷ്ടം |

പട്ടിക 10.3

## ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | സ്ഥാപിച്ച വർഷം | ജീവനക്കാർ | ഓഹരി | അംഗങ്ങൾ | ലാഭം/നഷ്ടം |
|---|---|---|---|---|---|---|
| 1 | കൊല്ലക ക്ഷീരോത്പാദക സഹകരണ സംഘം | 1984 | 2 | 1090 | 104 | ലാഭം |
| 2 | മുല്ലക്കേരി ക്ഷീരോത്പാദക സഹകരണ സംഘം | 1984 | 3 | 4540 | 451 | ലാഭം |
| 3 | മനയിൽ ക്ഷീരോത്പാദക സഹകരണ സംഘം | 1986 | 3 | 900 | 80 | ലാഭം |
| 4 | മേക്കാട് ക്ഷീരോത്പാദക സഹകരണ സംഘം | 1989 | 3 | 3790 | 103 | ലാഭം |
| 5 | വടക്കുംതല മേക്ക് ക്ഷീരോത്പാദക സഹകരണ സംഘം | 1985 | 2 | 1080 | 103 | ലാഭം |

പട്ടിക 10.4

## പട്ടികജാതി സഹകരണ സംഘം

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | സ്ഥാപിതം | അംഗങ്ങൾ | ജീവനക്കാർ | ഓഹരി | ലാഭം/നഷ്ടം |
|---|---|---|---|---|---|---|
| 1 | പന്മന പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം Q871 | 1983 | 1175 | 1 | 52178 | നഷ്ടം |

പട്ടിക 10.5

## മഹിളാ വ്യവസായ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | സ്ഥാപിതം | ഓഹരി മൂലധനം | അംഗങ്ങൾ | ജീവനക്കാർ | തൊഴിലാളികൾ | ലാഭം/നഷ്ടം |
|---|---|---|---|---|---|---|---|
| 1 | ചവറ ബ്ലോക്ക് മഹിളാ കുടിൽ വ്യവസായ സഹകരണ സംഘം CIND (Q) 208 | 1961 | 86,510 | 380 | 1 | 30 | നഷ്ടം |
| 2 | വടക്കുംതല വനിതാ റെഡിമെയ്ഡ് വ്യവസായ സഹകരണ സംഘം IND (Q) 395 | 1994 | 32,200 | 42 | 1 | 8 | നഷ്ടം |

പട്ടിക 10.6

## മത്സ്യതൊഴിലാളി സഹകരണ സംഘം

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങൾ | ഓഹരി | ജീവനക്കാർ | ലാഭം/നഷ്ടം |
|---|---|---|---|---|---|---|
| 1 | കരുനാഗപ്പള്ളി താലൂക്ക് ഹരിജൻ മത്സ്യതൊഴിലാളി സഹകരണ സംഘം ക്ലിപ്തം **FQ 516** | **1969** | **506** | **585060** | **1** | ലാഭം |
| 2 | മത്സ്യതൊഴിലാളി ക്ഷേമ സഹകരണ സംഘം **DFQ 50/92** | **1992** | **150** | ലഭ്യമല്ല | **1** | ലഭ്യമല്ല |

പട്ടിക 10.7

## സഹകരണ കാർഷിക വികസന ബാങ്ക്, കരുനാഗപ്പള്ളി, പന്മന പഞ്ചായത്തിൽ വിതരണം ചെയ്ത വായ്പകൾ

| വായ്പ ലഭിച്ചവരുടെ എണ്ണം | വായ്പായിനം | വായ്പ നൽകിയ തുക |
|---|---|---|
| **510** | കാർഷികം | **21,00,000** |
| **245** | കാർഷികേതരം | **920,000** |
| **89** | വ്യവസായം | **11,15,000** |
| **72** | ഭവനനിർമ്മാണം | **13,50,000** |
| **2** | വാഹനം | **219,000** |
| **918** | ആകെ | **57,04,000** |

# വിദ്യാഭ്യാസം

പന്മന വിദ്യാഭ്യാസപരമായി ഏറെ പാരമ്പര്യമുള്ള പഞ്ചായത്താണ്. ദേശിങ്ങനാടിന്റെ ഭാഗമായിരുന്നു ഇവിടം. തിരുവിതാംകൂർ അരചനായിരുന്ന മാർത്താണ്ഡവർമ്മ കായംകുളം വെട്ടിപ്പിടിക്കുകയും ദേശിങ്ങനാടിനെ കൂട്ടിച്ചേർക്കുകയും ചെയ്ത സംഭവത്തിലൂടെയാണ് പന്മന നിവാസികൾ തിരുവിതാംകൂറുകാരാകുന്നത്. തിരുവിതാംകൂറിലെ പ്രശസ്തമായ ഒരു ഗ്രാമമാണ് പന്മന.

മിഷനറിമാരുടെ പ്രവർത്തനത്തിന്റെ ആദ്യകാലം മുതൽക്കുതന്നെ പന്മനയിൽ വിദ്യാഭ്യാസത്തിന്റെ പൊൻ വെളിച്ചം കണ്ടുതുടങ്ങി. നാടാകെ അന്ധകാരത്തിൽ കിടന്നപ്പോഴും വടക്കുംതല സെന്റ് അലോഷ്യസ് എൽ.പി.എസ് (1879) കൊല്ലക സി.എം.എസ്. എൽ.പി.എസ്. (1890) എന്നീ സ്കൂളുകൾ പാതിരിമാർ ഗ്രാമത്തിൽ കൊളുത്തിവെച്ച കെടാവിളക്കുകളായി നിലകൊണ്ടു. ജന്മിത്വത്തിന്റെയും ജാതിവ്യവസ്ഥയുടെയും പേരിൽ വിദ്യാഭ്യാസ രംഗത്ത് നീതി നിഷേധം നടക്കുമ്പോൾ ഈ ഗ്രാമത്തിന്റെ മണ്ണിൽ സകലർക്കും കയറിയിരുന്നു പഠിക്കാവുന്ന വിദ്യാക്ഷേത്രങ്ങളായി ഇവ പഞ്ചായത്തിന്റെ വടക്കൻ മേഖലയിൽ പ്രകാശ ഗോപുരം പോലെ ഉയർന്നു നിന്നു. പഞ്ചായത്തിന്റെ തെക്കുകിഴക്കു പാർത്തിരുന്നവർ തൊട്ടടുത്ത തേവലക്കര പഞ്ചായത്തിൽപ്പെട്ട കോയിവിള അയ്യൻകോയിക്കൽ സ്ക്കൂളിലാണ് വിദ്യാഭ്യാസം ചെയ്തിരുന്നത്. ഇവിടെ സവർണ്ണർക്കു മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളൂ. 1925 നോടടുത്തകാലം. ഈ സ്ക്കൂളിലെ പ്രഥമാദ്ധ്യപകൻ സവർണ്ണ വിഭാഗത്തിൽപ്പെട്ട ഉല്പതിഷ്ണുവായിരുന്നു. തന്റെ വീട്ടിലെ ഹരിജൻ കർഷകത്തൊഴിലാളിയുടെ മകനെ സ്ക്കൂളിൽ ചേർത്തു എന്ന കാരണത്താൽ മേൽ ജാതിക്കാർ ആ ഹെഡ്മാസ്റ്ററെ കയ്യേറ്റം ചെയ്തു എന്നു മാത്രമല്ല സ്ക്കൂൾ തല്ലിപ്പൊളിക്കുന്ന സംഭവത്തിലേയ്ക്ക് ഇതു വഴിവയ്ക്കുകയും ചെയ്തു. പഞ്ചായത്തിന്റെ തെക്കു പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന ചവറ ഗവ: ഹൈസ്ക്കൂളിന് 100 വർഷത്തോളം പഴക്കമുണ്ട്. തിരുവിതാംകൂർ ചരിത്രത്തിൽ പ്രസിദ്ധനായ ശങ്കരൻ തമ്പിയുടെ ശ്രമഫലമായി സ്ഥാപിച്ച ഗവ: ഇംഗ്ലീഷ് ഹൈസ്ക്കൂളാണിത്. മലയാളത്തിലെ ആദ്യത്തെ മഹാകാവ്യമായ രാമചന്ദ്രവിലാസത്തിന്റെ കർത്താവ് അഴകത്ത് ഇ. പത്മനാഭക്കുറുപ്പ്, മഠത്തിൽ ശങ്കുപ്പിള്ള എന്നിവർ ഈ സ്ഥാപനത്തിലെ ഗുരുശ്രേഷ്ഠന്മാരായിരുന്നു. കാലാന്തരത്തിൽ ഇംഗ്ലീഷ് സ്ക്കൂളിനോട് ചേർന്ന് മലയാളം ഹൈസ്ക്കൂൾ നടത്തുവാൻ അനുവാദം കിട്ടിയപ്പോഴാണ് ഇത് മലയാളം മീഡിയം ഹൈസ്ക്കൂൾ ആയി മാറിയത്. വളരെ അകലെ നിന്നുമുള്ള കുട്ടികൾ പോലും ഇവിടെ പഠിക്കുവാൻ എത്തുമായിരുന്നു. വിവിധ തുറകളിലെ അതികായന്മാരായ ശ്രീ. ശൂരനാട് കുഞ്ഞൻ പിള്ള, ശ്രീ. ബേബിജോൺ, ശ്രീ. ഒ.എൻ.വി. കുറുപ്പ്, ശ്രീ. വി. സാംബശിവൻ, ശ്രീ. സി.എൻ. ശ്രീകണ്ഠൻ നായർ, പുളിമാന പരമേശ്വരൻ പിള്ള തുടങ്ങിയവർ പഠിച്ചു വളർന്ന വിദ്യാലയമാണ് ചവറ ഗവ: ഹൈസ്ക്കൂൾ.

കേരളത്തിലെ നവോത്ഥാന നായകരിൽ പ്രമുഖരായ ശ്രീ. നാരായണ ഗുരുദേവന്റെയും ചട്ടമ്പി സ്വാമി തിരുവടികളുടെയും നേരിട്ടുള്ള ബന്ധം പന്മയുടെ വിദ്യാഭ്യാസ മേഖലയെ ധന്യമാക്കിയിട്ടുണ്ട്. 1920 കളിൽ ചട്ടമ്പിസ്വാമിയും ശ്രീ. കുമ്പളത്തു ശങ്കുപിള്ളയുമായുണ്ടായിരുന്ന ബന്ധം പന്മനയുടെ നവോത്ഥാനത്തിന് വഴിവെച്ചു. പന്മനയിൽ ഭാഗത്ത് ആശാൻ പള്ളക്കൂടങ്ങളിലായി നടത്തിയിരുന്ന വിദ്യാഭ്യാസത്തിന് പുതിയ മാനം നല്കിയത് സംസ്കൃത പണ്ഡിതനായിരുന്ന ശ്രീ. രാമനാശാരിയുടെ ഏകാദ്ധ്യാപക സ്ക്കൂൾ തുടങ്ങിയതോടെയാണ്. ശ്രീ. ചട്ടമ്പി സ്വാമിയുടെ സമാധിയ്ക്കുശേഷം ശ്രീ. തയ്യിൽ കൃഷ്ണപിള്ളയുടെ മാനേജ്മെന്റിൽ ശ്രീ. കുമ്പളത്തു ശങ്കുപിള്ളയുടെ രക്ഷാധികാരത്തിൽ സിലബസ് അനുസരിച്ചുള്ള ഒരു ഗ്രാന്റ് സ്ക്കൂൾ സ്വാമിയുടെ സ്മാരകമായി ''ശ്രീ. ബാലഭട്ടാര വിലാസം സംസ്കൃത ഹൈസ്ക്കൂൾ'' സ്ഥാപിതമായി. ഹൈസ്ക്കൂൾ അദ്ധ്യാപകനാകാൻ ഔപചാരിക വിദ്യാഭ്യാസയോഗ്യതയില്ലാതിരുന്ന രാമനാശാരി സാറിന് ഇഷ്ടമുള്ളിടത്തോളം കാലം ഈ സ്ക്കൂളിൽ അദ്ധ്യപകനായി തുടരുവാൻ ഗവൺമെന്റിൽ നിന്നും അനുവാദം ലഭിക്കുകയുണ്ടായി. ഈ ഗുരുശ്രേഷ്ഠനെ പാണ്ഡിത്യത്തിന്റെ പാരമ്യത്തിലെത്തിച്ചത് കൊടുങ്ങല്ലൂർ തമ്പുരാക്കന്മരുമായുള്ള സമ്പർക്കമാണ്. ഇത് പന്മനയ്ക്ക് വിദ്യാകേന്ദ്രങ്ങളോടുള്ള ആഭിമുഖ്യത്തിന്റെ ദൃഢതയെയാണ് എടുത്തുകാണിക്കുന്നത്. സംസ്കൃത പഠനം ജോലി സാധ്യത ഉണ്ടാക്കുന്നതല്ല എന്ന കാരണത്താൽ പിന്നീട് ഈ സ്ഥാപനം അനാകർഷകമാകുകയും വിദ്യാർത്ഥികളുടെ എണ്ണം ക്രമേണ കുറഞ്ഞു വരികയും ചെയ്തു. ഈ സ്ക്കൂൾ ഗവൺമെന്റിന് വിട്ടുകൊടുത്തതിനെ തുടർന്ന് ഇത് സർക്കാർ സ്ഥാപനമായി മാറി. പിൽക്കാലത്ത് ഇത് ജനറൽ സ്ക്കൂൾ ആകുകയും സംസ്കൃതം ഐച്ഛിക വിഷയം ആയി മാറുകയും ചെയ്തു.

ഇതേ കാലയളവിൽ പഞ്ചായത്തിൻെറ പടിഞ്ഞാറെ അറ്റത്ത് പൊന്മനയിൽ ശ്രീനാരായണ ഗുരുവിൻെറ ഉപദേശ പ്രകാരം 1917 - ൽ കളങ്ങര നാണുസ്വാമി, കണ്ടശ്ശേരിൽ ശങ്കരൻ, തപ്പക്കുളം ശങ്കരൻ എന്നിവരുടെ ശ്രമഫലമായി കളങ്ങര അയ്യപ്പൻ മുതലാളിയുടെ മാനേജ്മെൻറിൽ കുന്നുന്തറ ഏകാദ്ധ്യാപക പാഠശാല ആരംഭിച്ചു. ഇത് ക്രമേണ പൊന്മന നിവാസികളോടൊപ്പം വളർന്നുവരികയായിരുന്നു.

മേൽപറഞ്ഞ വിവിധ സ്ഥാപനങ്ങളിലൂടെയുള്ള വിദ്യാഭ്യാസ പ്രവർത്തനം പന്മനയുടെ വിവിധ പ്രദേശങ്ങളിൽ അന്നത്തെ കാലഘട്ടത്തിൻെറ സ്ഥിതിയ്ക്ക് വളരെ മെച്ചപ്പെട്ട നിലയിൽ പത്തു പതിറ്റാണ്ടലേറെക്കാലമായി നടന്നു വരുന്നുണ്ട്. സ്വാതന്ത്ര്യസമരത്തിൻെറ സന്ദേശവും നവോത്ഥാന പ്രസ്ഥാനങ്ങളുടെ പ്രവർത്തനവും വിദ്യാഭ്യാസ രംഗത്തു നിന്നും അകറ്റി നിർത്തപ്പെട്ട വിഭാഗങ്ങളെ ഇതിലേക്ക് ആകർഷിക്കുവാൻ ഏറെ പ്രയോജനപ്പെട്ടു. എന്നാൽ ഇതും സമൂഹത്തിൻെറ ന്യൂനപക്ഷമായിരുന്നു. അറുപതുകളിൽ വിദ്യാഭ്യാസരംഗത്തേയ്ക്ക് ഒരു കുത്തൊഴുക്കു നടന്നതായി രേഖകൾ കാണിക്കുന്നു. ഓരോ കുടുംബത്തിനും വിദ്യാഭ്യാസത്തിൻെറ ആവശ്യകത ബോദ്ധ്യപ്പെടുവാൻ

പട്ടിക-1

| നമ്പർ | സ്കൂളിൻെറ പേര് | വിഭാഗം | മാനേജ്മെൻറ് | കുട്ടികൾ | | | |
|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | മൊത്തം |
| 1 | ചവറ ഗവ. ഗേൾസ് | HS<br>UP | ഗവ. | –<br>– | 542<br>256 | 542<br>256 | 798 |
| 2 | ചവറ ഗവ. ബോയ്സ് | UP | ഗവ. | 637<br>275 | –<br>– | 637<br>275 | 912 |
| 3 | ഗവ. ഹൈസ്കൂൾ, പന്മന | HS<br>UP | ഗവ. | 831<br>450 | 876<br>407 | 1707<br>857 | 2564 |
| 4 | SVPM H.S. വടക്കുംതല | HS<br>UP | എയ്ഡഡ് | 496<br>360 | 470<br>380 | 966<br>740 | 1706 |
| 5 | ലൂർദ്മാതാ EMHS | HS<br>UP<br>LP | അൺ എയ്ഡഡ് | 187<br>216<br>364 | 153<br>225<br>303 | 340<br>441<br>667 | 1448 |
| 6 | കുന്നുന്തറ UPS | UP | എയ്ഡഡ് | 103 | 95 | 198 | 198 |
| 7 | ആണുവേലിൽ UPS | UP<br>LP | ഗവ. | 190<br>253 | 183<br>238 | 373<br>491 | 864 |
| 8 | എം.ഇ.എസ്. പന്മന UP | UP<br>LP | അൺ എയ്ഡഡ് | 038<br>178 | 027<br>174 | 065<br>357 | 422 |
| 9 | ഗവ. LPS പന്മന മനയിൽ | LP | ഗവ. | 402 | 374 | 776-776 | 776 |
| 10 | ഗവ. LPS പൊന്മന | LP | ഗവ. | 123 | 094 | 217-217 | 217 |
| 11 | സെൻറ്. അലോഷ്യസ് LPS, വടക്കുംതല | LP | എയ്ഡഡ് | 075 | 093 | 168-168 | 168 |
| 12 | ഗവ. LPS കുറ്റിവട്ടം | LP | ഗവ. | 054 | 050 | 104-104 | 104 |
| 13 | KMJ LPS കുറ്റിവട്ടം | LP | എയ്ഡഡ് | 137 | 137 | 274-274 | 274 |
| 14 | CMS LPS കൊല്ലക | LP | എയ്ഡഡ് | 107 | 110 | 217-217 | 217 |
| 15 | D.V.LPS വടക്കുംതല | LP | ഗവ. | 209 | 200 | 409-409 | 409 |
| 16 | ചിറ്റൂർ ഗവ. UPS | UP<br>LP | ഗവ. | 221<br>213 | 192<br>254 | 413<br>467 | 880 |

## പട്ടിക-2
## പട്ടികജാതി കുട്ടികൾ

| പഠിക്കുന്ന വിഭാഗം | | | | തോറ്റു പഠിക്കുന്നവർ | | | പഠിത്തം നിറുത്തിയവർ | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| HS | 261 | 306 | 567 | 38 | 20 | 58 | 26 | 1 | 27 |
| UP | 179 | 189 | 368 | 29 | 16 | 45 | 11 | 1 | 12 |
| LP | 197 | 182 | 379 | 22 | 9 | 31 | 1 | 5 | 6 |

## പട്ടിക-3
## കാലടി സർവകലാശാല പ്രാദേശിക കേന്ദ്രം - പന്മന

| കോഴ്സുകൾ | ആകെ കുട്ടികൾ | ആൺ | പെൺ | ആകെ | പട്ടികജാതി/ പട്ടികവർഗ്ഗം എണ്ണം | ഗ്രാൻറ് ലഭിക്കുന്നവർ | ആകെ ആദ്ധ്യാപകർ | പുരുഷൻ | സ്ത്രീ |
|---|---|---|---|---|---|---|---|---|---|
| BA | 21 | 05 | 16 | ഇല്ല | ഇല്ല | ഫീസ് ആനുകൂല്യം 30 പേർക്ക് | 38 | 23 | 15 |
| BA BEd. | 76 | 16 | 60 | ഇല്ല | ഇല്ല | | | | |
| MA | 88 | 66 | 22 | 02 | 02 | | | | |
| MEd only teachers | 42 | 27 | 15 | 01 | 01 | | | | |
| MSW | 30 | 13 | 17 | ഇല്ല | ഇല്ല | | | | |
| ആകെ | 257 | 127 | 130 | 3 | 3 | | 38 | 23 | 15 |

ഇ.എം.എസ്. ൻെറ നേതൃത്വത്തിൽ രൂപികൃകമായ ഒന്നാമത് ജനകീയ ഗവൺമെൻറ് ഭൂപരിഷ്ക്കരണ രംഗത്തും വിദ്യാഭ്യാസരംഗത്തും നടപ്പിലാക്കിയ ഭരണപരിക്ഷക്കാര നടപടികൾ വളരെയധികം സഹായിച്ചു.

ഇന്ന് പഞ്ചായത്തിൽ കാലടി സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശികകേന്ദ്രം ഉൾപ്പെടെ 5 ഹൈസ്ക്കൂളുകളും 4 യു.പി. സ്ക്കൂളുകളും 7 എൽ.പി. സ്ക്കൂളുകളും പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിൽ എല്ലാം കൂടി ആകെ 11976 കുട്ടികൾ പഠിക്കുന്നുണ്ട്. ഇവരിൽ 1314 പേർ പട്ടികജാതി പട്ടികവർഗ്ഗക്കാരാണ്.

കാലടി സർവകലാശാല പ്രാദേശികകേന്ദ്രത്തിൽ 257 കുട്ടികൾ വിവിധ കോഴ്സുകളിലായി പഠിക്കുന്നുണ്ട്. ഇവയിൽ പട്ടികജാതിയിൽപെട്ടവർ 3 പേർ മാത്രമാണ്. ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന അധ്യാപകർ 38 ഉണ്ട് ഇവയ്ക്കെല്ലാം പുറമെ പാരലൽ കോളജൂകൾ ഉൾപ്പെട്ട 20 സമാന്തരവിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു.

കോളേജുവിദ്യാഭ്യാസത്തിനുള്ള വ്യഗ്രതയും, തൊഴിലിനു വേണ്ടിയുള്ള ദാഹവുമാണ് ഈ പരക്കം പാച്ചിലിനു പിന്നിൽ. നിരവധി വിദ്യാർത്ഥികൾ സാങ്കേതിക വിദ്യാഭ്യാസത്തിനായി പുറത്തുപോകുന്നുണ്ടെങ്കിലും ഈ രംഗത്ത് ഒരു സ്ഥാപനം പോലും നമ്മുടെ പഞ്ചായത്തിലില്ല. ആകെയുള്ളത് 10 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മാത്രം.

പഞ്ചായത്തിൽ അൺ എയ്ഡഡ് മേഖലയിൽ ഒരു ഹൈസ്ക്കൂളും ഒരു യു.പി. സ്ക്കൂളും പ്രവർത്തിക്കുന്നു. നഴ്സറി മേഖലയിൽ ചെറു ചെറു സ്ഥാപനങ്ങൾ നിരവധിയാണ്. അശാസ്ത്രിയമായി വിദ്യാഭ്യാസത്തിന് വിധേയരായി വൈകല്യമാർന്ന വ്യക്തിത്വത്തിനുടമകളായിത്തീന്നവരും , ജനകീയ ധാരയിൽ നിന്ന് അകറ്റപ്പെട്ടു പോകുന്നവരുമായ ഈ അൺ എയ്ഡഡ് തലമുറ സൃഷ്ടിക്കുവാൻ പോകുന്ന സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് ഗ്രാമീണർ ശരിക്കും ബോധവാന്മാരല്ല. സമ്പന്ന കുടുംബങ്ങളിൽ നിന്നും വരുന്ന കുട്ടികളാണ് ഇവരിലേറെയും. നൂറുമേനിയാണ് ഇതിൽ പല

സ്ഥാപനങ്ങളും ''കൊയ്യുന്നത്''. പക്ഷെ അഖിലേന്ത്യാ പരീക്ഷകളിൽ ഇവിടുത്തെ മിടുക്കന്മാർ പോലും പിന്തള്ള പ്പെട്ടുപോകുന്നു. പഠന നൈപുണ്യവും ശേഷികളും വർദ്ധി പ്പിച്ചെടുക്കുവാനുതകുന്ന ശാസ്ത്രീയമായ അധ്യയനത്തി ൻെറ കുറവാണ് ഇതിനു കാരണം. ലൂർദ് മാതാ ഹൈസ്ക്കൂ ളിലും നൂറു ശതമാനം കുട്ടികൾ വിജയിക്കുന്നുണ്ട്.

തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന ചവറ ഗവ: ഗേൾസ് ഹൈസ്ക്കൂളിൽ 57% ആണ് വിജയം. സ്വന്തമായി കെട്ടിട മോ മറ്റ് അദ്ധ്യയന സൗകര്യങ്ങളോ ഇവിടെ ലഭ്യമല്ല. ചവറ ബോയ്സ് ഹൈസ്ക്കൂളിലെ വിജയശതമാനം 48 ആണ്. തി കഞ്ഞ അദ്ധ്യയന അസൗകര്യമാണ് ഇവിടുള്ളത്. പന്മന മന ഹൈസ്ക്കൂളിലെ വിജയം 42 ശതമാനമാണ്. ഒട്ടും മെച്ചമല്ലാത്ത ജീവിത സാഹചര്യങ്ങളിൽ നിന്നും വരുന്ന കു ട്ടികളാണ് ഇവരിൽ ബഹുഭൂരിപക്ഷവും. ഈ മൂന്ന് ഗവ: ഹൈസ്ക്കൂളുകളും കെട്ടിടങ്ങളുടെ അപര്യാപ്തത നിമിത്തം സെഷണൽ സമ്പ്രദായത്തിലാണ് അദ്ധ്യയനം നടത്തുന്നത്. മെച്ചപ്പെട്ട പഠന സൗകര്യങ്ങളുണ്ടെങ്കിൽ വളരെ ഉയർന്ന വി ജയ ശതമാനം ഉണ്ടാക്കിയെടുക്കുവാൻ കഴിയുമെന്ന ഉത്തമ വിശ്വാസത്തിലാണ് അദ്ധ്യാപകർ. വടക്കുന്തല എസ്.വി.പി.എം.എച്ച്.എസ്. മെച്ചപ്പെട്ട പഠന സൗകര്യങ്ങളു ള്ള ഒന്നാണ്. എന്നാൽ എസ്.എസ്.എൽ.സി യുടെ വിജ.യ ശതമാനം 33 മാത്രമാണ്. കാരണം കണ്ടെത്തേണ്ടിയിരി ക്കുന്നു. കുറെ വർഷങ്ങളായി ഇവിടുത്തെ സ്ക്കൂളന്തരീ ക്ഷം മെച്ചപ്പെട്ടതല്ല. പ്രശ്നങ്ങളെ സമീപിക്കുന്നതിൽ അവധാനതക്കുറവ് കാട്ടുന്നുവെന്ന് ഗ്രാമസഭയിൽ ചർച്ച വന്നു. മാനേജ്മെൻറ്, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷി താക്കൾ എന്നിവരുടെ കൂട്ടായ്മ അനിവാര്യമാണ്. മെച്ചപ്പെട്ട റസൾട്ട് ഉണ്ടാക്കുവാൻ വേണ്ട എല്ലാ സൗകര്യങ്ങളും ഈ സ്ഥാപനത്തിനുണ്ട്. കൂട്ടായി ശ്രമിച്ചാൽ പഠനരംഗത്ത് അത്ഭു തങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്ന സാഹചര്യമാണ് ഇവി ടെയുള്ളത്.

ഗ്രാമസഭയിൽ സ്ക്കൂളുകളെ സംബന്ധിക്കുന്ന ചർ ച്ചയിൽ താഴെപറയുന്ന കുറവുകൾ കണ്ടെത്തി.

1. പന്മന മനയിൽ ഗവ: എൽ.പി. സ്ക്കൂളിന് കെട്ടിടങ്ങളു ടെയും മറ്റ് പഠന സൗകര്യങ്ങളുടെയും അപര്യാപ്തത എറെയാണ്. ചുറ്റുമതിലില്ല.
2. കുന്നുന്തറ ഗവ: എൽ.പി.എസ് - ൽ കെട്ടിടങ്ങളുടെയും മറ്റു ഭൗതികസാഹചര്യങ്ങളുടെയും അപര്യപ്തത കുട്ടി കളുടെ ആരോഗ്യത്തെയും അദ്ധ്യയനത്തെയും ബാധി ക്കുന്നു.
3. പി.ടി.എ. കാര്യക്ഷമമായി പ്രവർത്തിക്കാത്തതാണ് കുന്നുന്തറ യു.പി.എസ് - ൻെറ കുറവിനു കാരണം.
4. മറ്റു എൽ.പി.എസുകളിലും പൊതുവെ ഭൗതിക സാ ഹചര്യങ്ങൾ കുറവാണ്.
5. ചിറ്റൂർ യു.പി.എസ് - ൽ ആവശ്യത്തിന് കെട്ടിടങ്ങളില്ല.
6. ആണുവേലിൽ യു.പി.എസ് - ൽ കെട്ടിടത്തിൻെറയും കളിസ്ഥലത്തിൻെറയും ചുറ്റുമതിലിൻെറയും കുറവുണ്ട്.
7. ചവറ ജി.എച്ച്.എസ് - ന് സ്വന്തമായി കെട്ടിടമില്ല.
8. 3000 ത്തിലധികം കുട്ടികൾ പഠിക്കുന്ന പന്മന മനയിൽ ഗവ: എച്ച്.എസ് ന് ഒരു കെട്ടിടമൊഴികെ മറ്റുള്ളതെല്ലാം അസൗകര്യം നിറഞ്ഞ പഴയ കെട്ടിടങ്ങളും, ഓലഷെഡു കളുമാണ് ഉള്ളത്.
9. സ്ക്കൂളുകളിൽ ബഞ്ച്, ഡസ്ക്ക്, ബോർഡ്, വൃത്തിയു ള്ള ക്ലാസ്സ് മുറികൾ എന്നിവയുടെ കുറവുണ്ട്.
10. പഞ്ചായത്തിൽ കായിക പരിശീലനത്തിന് വേണ്ട സൗ കര്യം കുറവാണ്.

പഞ്ചായത്തിലെ അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെട്ടതല്ല. ആറു വയസുവരെയുള്ള മുഴുവൻ കുട്ടിക ളെയും വളർത്തിയെടുക്കേണ്ട സ്ഥാപനങ്ങളാണ് ഇവയെന്ന നിലയിൽ പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. അദ്ധ്യാപകർക്ക് പരിശീലനം കാലാകാലങ്ങളിൽ ലഭ്യമല്ല. മിക്ക അംഗൻവാടി കളിലും കക്കൂസ്, വൈദ്യുതി, കളിസ്ഥലം, പാഠ്യവും പാഠ്യേ തരവുമായ ഉപകരണങ്ങൾ, കുടവെള്ളം എന്നിവയില്ലാത്ത സ്ഥതിയാണുള്ളത്. 47 അംഗൻവാടികളിൽ 41 അംഗൻവാടി കൾക്കും കെട്ടിടമില്ല. സ്വന്തമായി ഭൂമിയില്ലാത്തതാണ് ഇതി നു കാരണം. ജനപങ്കാളിത്തത്തോടെ ഇതിനു പരിഹാരം കാ ണാൻ സാധിച്ചിട്ടില്ല. മെച്ചപ്പെട്ട വൈദ്യപരിശോധന, വാക്സി നേഷൻ എന്നിവ വേണ്ടതരത്തിൽ നടത്തുന്നില്ല. കുട്ടികളു ടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള കലാകായിക ഉത്സവങ്ങൾ സംഘടിപ്പിക്കുന്നില്ല.

പഞ്ചായത്തിൽ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം കാര്യമായി നടന്നിട്ടുള്ളത് ഗ്രന്ഥശാലകളെ കേന്ദ്രീകരിച്ചായിരുന്നു. നാമമാത്രമായ ഔപചാരിക വി ദ്യാഭ്യാസം നേടയവരിൽ പലർക്കും അറിവിൻെറ ഉയർന്ന നി ലവാരത്തിലേക്ക് എത്തിച്ചേരാൻ ഈ സ്ഥാപനങ്ങൾ വഹി ച്ച പങ്ക് നിസ്സീമമാണ്. ഇവിടെ അഞ്ചു വായനശാലകളാണ് പ്രവർത്തിക്കുന്നത്. ഇവ കഴിഞ്ഞ കുറെ വർഷങ്ങളായി മരവിച്ചുകിടന്നുപോയിരുന്നു. ഗ്രാമീണ ജനതയുടെ സർ വ്വകലാശാലകളായ ഈ പ്രസ്ഥാനങ്ങൾക്ക് ഇപ്പോൾ ജീവൻ വച്ചു വരുന്നു.

വയോജന വിദ്യാഭ്യാസ പ്രവർത്തനം നമ്മുടെ പഞ്ചാ യത്തിൽ നടന്നിട്ടുണ്ട്. വായനശാലകളെ കേന്ദ്രീകരിച്ചായി രുന്നു അതു നടന്നിരുന്നത്. സാക്ഷരതാ പ്രവർത്തനം നല്ല നിലയിൽ നടന്നിരുന്ന ഒരു പഞ്ചായത്താണിത്. നമ്മുടെ ഗ്രാ മത്തിൻെറ സാക്ഷരത 89.91% ആയിരുന്നു. സാക്ഷരതാ പ്രവർത്തനത്തിൻെറ തുടർ പ്രക്രിയ നിലച്ചുപോയതിനാൽ ഇന്ന് സാക്ഷരതാ നിരക്കിൽ കുറെ പിന്നോട്ടടിയുണ്ടായി ട്ടുണ്ട്.

### വിദ്യാഭ്യാസ രംഗം ഇന്ന് പ്രശ്ന പൂരിതമാണ്.

1. ആവശ്യമായ സ്ഥല സൗകര്യമില്ല.
2. വേണ്ടിടത്തോളം കെട്ടിടമില്ല.
3. ആവശ്യത്തിന് അദ്ധ്യാപകരില്ല.

4. പഠനോപകരണങ്ങളില്ല.
5. വേണ്ട ഭൗതിക സാഹചര്യങ്ങളില്ല.
6. പാഠപുസ്തക നിർമ്മാണത്തിലെ അശാസ്ത്രീയത.
7. പഠനം രസകരമാക്കുവാൻ തക്ക പഠനരീതികൾ ഇല്ല.
8. അദ്ധ്യാപകരും രക്ഷിതാക്കളും നിസ്സംഗരാണ്.
9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ക്കൂൾ സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഒന്നും ചെയ്യുന്നില്ല.
10. അധികൃതർ സ്ക്കൂൾ പരിശോധന നടത്തുന്നില്ല.
11. പരീക്ഷാ സമ്പ്രദായത്തിന് ശാസ്ത്രീയാടിത്തറയില്ല.
12. വിദ്യാഭ്യാസമേഖലയെതന്നെ അധികാരികൾ അവഗണിക്കുന്നു.
13. ഒരു കാര്യവും വേണ്ടപോലെ നടത്തുവാൻ കഴിയാത്ത തരത്തിൽ ഡിപ്പാർട്ടുമെൻറ് അനങ്ങാപ്പാറ നയം കാട്ടുന്നു.
14. കാട്ടിലെ തടി തേവരുടെ ആന എന്ന രീതി എല്ലാ രംഗത്തും നിലനിൽക്കുന്നു. ഇവയെല്ലാം ചേർന്ന് ഇന്ന് വിദ്യാഭ്യാസരംഗം താറുമാറായിക്കുന്നു.
15. പഞ്ചായത്തിൽ കായിക പരിശീലനത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല.

## പരിഹാര നിർദ്ദേശങ്ങൾ

1. ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ വിദ്യാഭ്യാസ രംഗത്ത് ക്രിയാത്മകമായി ഇടപെടണം.
2. സ്ക്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് മുൻഗണനാക്രമം നിശ്ചയിച്ച് വേണ്ട നടപടികൾ ജനപങ്കാളിത്തത്തോടെ കൈക്കൊള്ളണം.
3. പാഠ്യക്രമം, പാഠ്യപദ്ധതി ഇവ കാലാനുസൃതമായി പരിഷ്ക്കരിക്കുക.
4. എസ്.സി.ഇയആർ.ടി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
5. അദ്ധ്യാപക പരിശീലനം കാര്യമായി നടപ്പാക്കുക.
6. സ്ക്കൂൾ ആരംഭത്തിൽ തന്നെ പാഠപുസ്തകം ലഭ്യമാക്കുകയും എസ്.സി.ഇ.ആർ.ടി - പാഠക്കുറിപ്പ് തയ്യാറാക്കി സ്ക്കൂളദ്ധ്യാപകരിൽ എത്തിക്കുക.
7. ഇത് പ്രാദേശിക തലത്തിൽ എത്തിക്കുവാൻ ഗ്രാമ പഞ്ചായത്തു തല കോംപ്ലക്സുകൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.
8. നിലവാരം കുറഞ്ഞ കുട്ടികളെ കണ്ടെത്തി പരിഹാരപഠനവും തുടർപ്രവർത്തനവും നടത്തുക.
9. അദ്ധ്യാപകർക്ക് പുതിയ വിവരങ്ങൾ ശേഖരിച്ച് എത്തിക്കുക.
10. സ്ക്കൂളുകളിലെ ഇൻസ്പെക്ഷൻ പരിപാടി അനുസ്യൂതമാക്കണം. ഇത് ഗൈഡൻസ് പരിപാടിയായി മാറ്റുക. ഇതിനായി സബ്ജക്റ്റ് കമ്മിറ്റി രൂപീകരിക്കുക.
11. മൂല്യ നിർണ്ണയം ശാസ്ത്രീയമായ രീതിയിൽ നടത്തുക.
12. അദ്ധ്യയന ദിവസങ്ങളിൽ പൊതു പരീക്ഷകൾ നടത്താതിരിക്കുക.
13. അർഹരായ കുട്ടികൾക്ക് ലഭിക്കുന്ന സ്കോളർഷിപ്പും ഗ്രാൻറും വർഷാരംഭത്തിൽത്തന്നെ ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.
14. വൈകല്യമുള്ള കുട്ടികൾക്ക് ഇന്നു നൽകുന്ന സഹായം വിപുലപ്പെടുത്തുകയും സഹായം കിട്ടുന്നതിനുള്ള നടപടികൾ ലഘൂകരിക്കുകയും ചെയ്യുക.
15. സ്ക്കൂൾ യൂണിഫോമുകൾ നിർബന്ധമാക്കുക.
16. പ്രൈമറി സ്ക്കൂൾ ഉൾപ്പെട്ടിട്ടുള്ള ഹൈസ്ക്കൂളുകളിൽ നിന്നും അവ വേർപെടുത്തുക.
17. സ്ക്കൂൾ തുറക്കുന്ന ദിവസം തന്നെ നിലവിലുള്ള ഒഴിവുകൾ നികത്തുക.
18. സ്ക്കൂളുകളിൽ ഫാർമേഴ്സ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, സ്ക്കൂൾ ലൈബ്രറി, വനവൽക്കരണ പരിപാടി, സേവന ദിനങ്ങൾ എന്നിവ നടത്തുക.
19. ലബോറട്ടറി സൗകര്യമില്ലാത്ത സ്ക്കൂളുകളിൽ അവ അടിയന്തിര പ്രാധാന്യത്തോടെ സംഘടിപ്പിക്കുക.
20. എല്ലാ വെക്കെഷനുകളിലും സ്ക്കൂൾ അറ്റകുറ്റപ്പണി നടത്തുക.
21. ട്രാഫിക് നിയമങ്ങളെ കുറിച്ച് ബോധവൽക്കരണ പരിപാടി എല്ലാ സ്ക്കൂളുകളിലും നടപ്പാക്കുക.
22. സ്ക്കൂളുകളിലെ ഉച്ചഭക്ഷണപരിപാടി കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുക.
23. സ്ക്കൂളുകളിൽ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തുക.
24. ഓറിയൻേറഷൻ പരിപാടി നടപ്പിലാക്കുക.
25. വിദ്യാർത്ഥി കേന്ദ്രീകൃതസമീപനത്തിൻെറ അടിസ്ഥാനത്തിൽ അദ്ധ്യാപനം നടത്തുന്നതിന് നേതൃത്വം നൽകാൻ അക്കാഡമിക് കൗൺസിൽ രൂപീകരിക്കുക.
26. ഉച്ചക്കഞ്ഞി വിതരണം കുറ്റമറ്റതാക്കുക.
27. സ്ക്കൂളുകളിൽ കായിക പരിശീലനത്തോടൊപ്പം യോഗാസനക്ലാസ്സുകൾ സംഘടുപ്പിക്കുക.
28. അദ്ധ്യാപക രക്ഷാകർതൃ സമിതികൾ, മാതൃസംഗമം, പ്രതിനിധികൾ, ഹെഡ്മാസ്റ്റർമാർ എന്നിവർ ഉൾപ്പെട്ട വേദികൾക്ക് രൂപം കൊടുക്കുക. അക്കാഡമിക്ക് നിലവാരം ഉയർത്തുന്നതിനുള്ള ചർച്ച സംഘടിപ്പിക്കുക.
29. വർഷാരംഭത്തിൽ സ്ക്കൂളുകളിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ രേഖ തയ്യാറാക്കിക്കുക. കൈയ്യെഴുത്തു മാസിക, വിവിധ ക്ലബ്ബുകളുടെ രൂപികരണം, സാനിട്ടറി പരിപാടി, കായിക പരിശീലനപരിപാടി, യുവജനോത്സവം, ദിനാചരണങ്ങൾ, പ്രമുഖ വ്യക്തികളെ പരിചയപ്പെടൽ, പഠനയാത്ര, സാഹിത്യ സമാജം, സഹവാസക്യാമ്പ്, സാമൂഹ്യ ജീവിതം, സ്ക്കൂൾ ഡിസിപ്ളിൻ കമ്മറ്റി മുതലായവ രേഖയുണ്ടാവണം.

30. രണ്ടു മാസത്തിലൊരിക്കൽ ഈ പ്രവർത്തനത്തിൻെറ പുരോഗതി വിലയിരുത്തുക.
31. ക്ലാസ് പി.ടി.എ. സംഘടിപ്പിച്ച് രക്ഷിതാക്കളുടെ നിരന്തര ബന്ധം സ്ഥാപിച്ച് കുട്ടികളുടെ പഠന പുരോഗതി ഉറപ്പക്കുക.
32. മാസംതോറും പരീക്ഷകൾ നടത്തുക.
33. റഫറൻസ് പുസ്തകങ്ങളുടെ ശേഖരണം മെച്ചപ്പെടുത്തുക.
34. കായിക വിദ്യാഭ്യാസത്തിനും പരിശീലനത്തിനും വേണ്ടി ഒരു മിനി സ്റ്റേഡിയം പഞ്ചായത്തിൽ ഉണ്ടാക്കുകയും നല്ല ഒരു കോച്ചിൻെറ നേതൃത്വത്തിൽ പരിശീലന സംവിധാനം ഏർപ്പെടുത്തുകയും വേണം. ചവറ ബി.എച്ച്.എസ്. ഗ്രൗണ്ട് ഇതിന് പരിഗണിക്കാവുന്നതാണ്.

## വികസനസമിതികൾ

മുകളിൽ വിവരിച്ച നിർദ്ദേശങ്ങൾ സമഗ്രമായി നടപ്പിൽ വരുത്തുന്നതിന് സഹായിക്കുന്നതിനുവേണ്ടി ഗ്രാമ - ബ്ലോക്ക് - ജില്ലാ സംസ്ഥാന തലങ്ങളിൽ വികസന സമിതികൾ രൂപീകരിക്കുക . പ്രസ്തുത കമ്മിറ്റികളിൽ യഥാക്രമം ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, വിദ്യാഭ്യാസ മന്ത്രി എന്നിവർ ചെയർമാന്മാരും സ്ക്കൂൾ ഹെഡ്മാസ്റ്റർ, ലീഡ്സ്ക്കൂൾ (കോംപ്ലക്സ്) ഹെഡ്മാസ്റ്റർ, എ.ഇ.ഒ., ഡി.ഡി.ഇ, ഡി.പി.ഐ എന്നിവർ സെക്രട്ടറിമാരും ആയിരിക്കും.

വിദ്യാർത്ഥി - അദ്ധ്യാപക - സർവ്വീസ് - ട്രേഡ് യൂണിയൻ - ലൈബ്രറി - രക്ഷിതാക്കൾ എന്നീ വിഭാഗങ്ങളുടെ പ്രിതിനിധികളും വിദ്യാഭ്യാസ വിദഗ്ധന്മാർ, ആരോഗ്യ - കലാ - കായിക - സാംസ്ക്കാരിക സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ അംഗങ്ങളായും സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്തേണ്ടതാണ്.

## ശിശു വിദ്യാഭ്യാസവും അനൗപചാരിക വിദ്യാഭ്യാസവും.

### അംഗൻവാടികൾ

1. സ്ഥലമില്ലാത്തവർക്കു സ്ഥലം, കെട്ടിടമില്ലാത്തവർക്കു കെട്ടിടം, കക്കൂസില്ലാത്തവർക്ക് കക്കൂസ്, വൈദ്യുതിയില്ലാത്തവർക്കു വൈദ്യുതി, കളിസ്ഥലമില്ലാത്തവർക്ക് കളിസ്ഥലം, പാഠ്യവും പാഠ്യേതരവുമായ ഉപകരണങ്ങൾ, ആവശ്യത്തിന് പോഷകാഹാരം എന്നിവ ലഭ്യമാക്കണം.
2. വൈദ്യപരിശോധനയും വാക്സിനേഷനും കാര്യക്ഷമമായി നടത്തണം.
3. ശാസ്ത്രീയ ബോധന രീതികൾ ഉപയോഗിക്കുവാൻ അദ്ധ്യാപികമാർക്ക് ഓറിയൻേറഷൻ കോഴ്സ് നടത്തണം.
4. കുട്ടികളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കലാകായിക ഉത്സവങ്ങൾ നടത്തണം.
5. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ മെച്ചപ്പെടുത്തണം.
6. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം.
7. ആരോഗ്യസംബന്ധിയായ ബോധവൽക്കരണ സംരംഭങ്ങൾ നടത്തി അംഗൻവാടികളെ ആകർഷകമാക്കി ആരോഗ്യമൊത്ത ശരീരവും മനസ്സുമുള്ള കുട്ടികളെ വളർത്തി പൊതു വിദ്യാഭ്യാസ മേഖലയിലെ പ്രൈമറി സ്ക്കൂളുകളിലെത്തിക്കുവാൻ കഴിയുന്ന സംവിധാനം ഉറപ്പാക്കണം.

## അനൗപചാരിക വിദ്യാഭ്യാസം

1. വായനശാലകളെ ഉപയോഗിച്ച് അനൗപചാരിക വിദ്യാഭ്യാസം ക്രമമായി നടത്തണം.
2. ഇതിനായി ജനങ്ങളുടെ വായനാശീലം വർദ്ധിപ്പിക്കുവാൻ. പരിപാടിയിടണം.
3. റീഡേഴ്സ് ക്ലബ്ബു സംഘടിപ്പിച്ച് ചർച്ചകൾ നടത്തിയും പ്രശസ്ത സാഹിത്യകാരന്മാരെ അണിനിരത്തി സെമിനാറുകൾ നടത്തിയും വായനശാലയിലേക്ക് ജനങ്ങളെ ആകർഷിക്കണം.
4. പുസ്തകങ്ങളെ സ്നേഹക്കുന്ന ഗ്രാമ ഹൃദയം കരുപിടിപ്പിക്കുവാൻ പരിപാടിയിടണം.
5. സാക്ഷരതാ യജ്ഞത്തിൻെറ അക്ഷരസംഘങ്ങളെ പുനരുജ്ജീവിപ്പിക്കുകയും ജനവിദ്യാകേന്ദ്രങ്ങളെ കാര്യക്ഷമമാക്കുകയും കൊഴിഞ്ഞുപോയവരെ തിരികെ കൊണ്ടുവരികയും ഇതിലൂടെ ഈ രംഗത്തെ കുറവു പരിഹരിച്ച് നൂറുശതമാനം ജനങ്ങളുടെയും ഹൃദയാന്തരങ്ങളിൽ അക്ഷരത്തിൻെറയും അധ്വാനത്തിൻെറയും ആത്മാവലിയിച്ച് മാനവശേഷി പൂർണ്ണമായും രാഷ്ട്രപുനർ നിർമ്മാണത്തിന് വിനിയോഗിക്കുവാൻ കഴിയണം.

# വ്യവസായം

ഇരുപതാം നൂറ്റാണ്ടിൻെറ മൂന്നു ദശകങ്ങൾ പിന്നിടുമ്പോഴും പന്മന പഞ്ചായത്തിൽ യാതൊരു വ്യവസായ സ്ഥാപനങ്ങളും ഉണ്ടായിരുന്നില്ല. കാർഷിക മേഖലയായ പന്മന പഞ്ചായത്തിലെ ജനസംഖ്യയിൽ മഹാഭൂരിപക്ഷവും സ്വന്തമായി ഭൂമി ഇല്ലാത്തവരും നാമമാത്ര ഭൂമിയുള്ളവരുമായിരുന്നു. ഭൂരഹിതരും നാമമാത്ര ഭൂഉടമകളുമായ ജനവിഭാഗത്തിൻെറ മുഖ്യമായി തൊഴിൽ കാർഷികപ്പണിയും, കയർപിരിപ്പുമായിരുന്നു. പഞ്ചായത്തിൻെറ ഏതാനും വാർഡുകളിൽ കുറേനാവിക തൊഴിലാളികളും ണ്ടായിരുന്നു. എന്നാൽ പഞ്ചായത്തിലാകെ നിറഞ്ഞുനിന്ന മുഖ്യമായ തൊഴിൽ കയർപിരിയായിരുന്നു. 1950-കളിലാണ് കയർപിരിക്കുന്ന റാട്ട് പന്മനയിൽ പ്രചാരത്തിൽ വന്നത്. അതിനുമുമ്പ് കൈകൊണ്ടു തേക്കുന്ന കയറാണ് ഈ പ്രദേശങ്ങളിൽ ഉൽപാദിപ്പിച്ചിരുന്നത്.

അറബിക്കടലും, ചരിത്രമുറങ്ങുന്ന ചവറ പന്മനതോടും ഉൾക്കൊള്ളുന്ന ദേശീയ ജലപാതയും പൊന്മന വട്ടക്കായലും, പള്ളിക്കലാറും ഈ പഞ്ചായത്തിനെ തഴുകിതലോടുന്നു. പഞ്ചായത്തിലെ 1, 2, 3, 8, 9, 10, 12, 13 എന്നീ വാർഡുകളെ പുഴയും കായലും കനാലും തൊട്ടുരുമ്മി നിൽക്കുന്നു. ഈ ജലാശയങ്ങളുടെ സാമിപ്യമാണ് ഭൂരിപക്ഷം ജനങ്ങളും നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ കയർപിരി എന്ന കൈത്തൊഴിൽ ഏർപ്പെടുവാൻ കാരണം.

പന്മന പഞ്ചായത്തിനെയും തൊട്ടടുത്ത പഞ്ചായത്തുകളെയും ചേർത്തുകൊണ്ടുള്ള രെു പഴഞ്ചൊല്ല് നൂറ്റാണ്ടുകളായി ഇവിടെ നിലനിൽക്കുന്നു. ''ചവറ പന്മന തേവലക്കര ചകിരി കൊണ്ടു പിഴക്കണം'' ഈ പഴഞ്ചൊല്ല് പന്മനയുടെ പഴയകാല ചരിത്രത്തിലേക്ക് വിരൽ ചൂണ്ടുന്നു. സ്ത്രീകൾക്ക് മുഖ്യപങ്കാളിത്തമുള്ളതായിരുന്നു ഈ തൊഴിൽ ചകിരിപിരിച്ച് കയറാക്കി വൈകുന്നേരം ചന്തകളിലെത്തിച്ച് വിറ്റു കിട്ടുന്ന തുച്ഛമായ വരുമാനമായിരുന്നു ഓരോ കുടുംബത്തിൻേറയും ആശ്രയം.

നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ ഈ പ്രദേശത്തുനിന്നും കയർ വിദേശരാജ്യങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. പഞ്ചായത്തിൽപ്പെട്ട പൊന്മന എന്ന തീരദേശവാർഡിൻെറ വിസ്തൃതമായ കടൽത്തീരം കരിമണൽ എന്ന അപൂർവ്വ ലോഹമണൽകൊണ്ട് നിറഞ്ഞതായിരുന്നു. ഇവിടെനിന്നും കയറ്റി അയച്ചിരുന്ന കയറിൽ അറിഞ്ഞും അറിയാതെയും പറ്റിച്ചേർന്നിരുന്ന ലോഹമണൽ ജർമനിയുടെ കയർ ഗോഡൗണുകളിൽ എത്തി. ആ ലോഹ മൽ കാണുവാനിടയായ ''ഷോംബർഗ്ഗ്'' എന്ന ജർമ്മൻ ശാസ്ത്രജ്ഞൻ ഈ മണ്ണിൻെറ ഉറവതേടിയുള്ള അന്വേഷണം ആരംഭിച്ചു. ആ അന്വേഷണം കേരളത്തിൻേറയും പന്മനയുടെയും വ്യവസായ വളർച്ചയുടെ കവാടം തുറന്നു.

മോണോസൈറ്റ്, ഇൽമിനേറ്റ്, റൂട്ടൈൽ, സിർക്കൺ, സിലിമിനേറ്റ്, ലൂക്സ്സോസ്സിൻ എന്നീ അപൂർവ്വധാതുക്കൾ അടങ്ങിയ കരിമണൽ വേർതിരിച്ചെടുക്കുവാനുള്ള ഒരു ഫാക്ടറി 1932-ൽ പന്മന പഞ്ചായത്തിനോടു ചേർന്ന കടൽതീരത്ത് സ്ഥാപിക്കപ്പെട്ടു. "FX പെരേര ആൻറ് സൺസ്''. കൂടാതെ ട്രാവൻകൂർ മിനറൽസ് കമ്പനി, അസ്സോസ്സിയേറ്റ് മിനറൽസ് കമ്പനി, ഹോപ്കിൻസ് ആൻറ് വില്ല്യംസ് എന്നീ മൂന്നു ഫാക്ടറികൾകൂടി ഇതേ ആവശ്യത്തിനായി 1930നും 40നും ഇടയിൽ പന്മനയുടെ സമീപ പഞ്ചായത്തിൽ ആരംഭിച്ചു. ഈ ഫാക്ടറികൾക്ക് ആവശ്യമായി ലോഹമണൽ മുഖ്യമായും എത്തിച്ചിരുന്നത് പന്മന പഞ്ചായത്തിൽപ്പെട്ട പൊന്മനയിൽ നിന്നുമായിരുന്നു.

കരിമണൽ വള്ളങ്ങളിൽ കയറ്റി കമ്പനിയിൽ എത്തിക്കുന്ന വിവിധ ജോലികളിൽ പന്മന പഞ്ചായത്തിൽനിന്നും ആയിരത്തോളം തൊഴിലാളികൾ ഏർപ്പെട്ടിരുന്നു. പഞ്ചായത്തിലെ അന്നത്തെ കുറഞ്ഞ ജനസംഖ്യയിൽ ഇത്രയും പേർക്ക് തൊഴിൽ ലഭിച്ച കരിമണൽ വ്യവസായം ഈ പഞ്ചായത്തിൻെറ സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയ മേഖലകളിൽ വമ്പിച്ച പരിവർത്തനമുണ്ടാക്കി. കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ ഐതിഹാസികമായ സമര ചരിത്രത്തിൽ അതിപ്രധാന സ്ഥാനമുള്ള തിരുവിതാംകൂർ മിനറൽസ് വർക്കേഴ്സ് യൂണിയനും, തിരുവിതാംകൂർ നാവിക തൊഴിലാളി യൂണിയനും ഇവിടെ ജന്മംകൊണ്ടു. 1960-65 കാലഘട്ടമായപ്പോൾ മിനറൽസ് വ്യവസായരംഗത്ത് തകർച്ച നേരിട്ടു. മിക്കവാറും എല്ലാ കമ്പനികളും ഒന്നിനു പുറകെ ഒന്നായി അടച്ചുപൂട്ടി.

ഇൻഡ്യൻ റെയർ എർത് എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം ഈ സാഹചര്യത്തിലാണ് രംഗത്തു വരുന്നത്. FXP ഒഴികെയുള്ള മൂന്നു ഫാക്റികൾ ഐ.ആർ.ഇ. ഏറ്റെടുത്തു. 1972ൽ FXP കമ്പനിയുടെ മുഴുവൻ ആസ്തി ബാദ്ധ്യതകളും അന്നത്തെ കേരളാ ഗവൺമെൻറ് ഏറ്റെടുത്ത് വീണ്ടും നല്ല രീതിയിൽ പ്രവർത്തനം തുടങ്ങി. അങ്ങനെ FXP, ''കേരളാ മിനറൽസ് ആൻറ് മെറ്റൽസ്'' എന്ന സ്ഥാപനമായി. വിദേശത്തേക്ക് കയറ്റി അയച്ചിരുന്ന ലോഹമണൽ ഇവിടെത്തന്നെ സംസ്കരിച്ച് വിവിധ ഉല്പന്നങ്ങളാക്കുവാൻ കേരളാ ഗവൺമെൻറ് തീരുമാനിച്ചു. അതിൻെറ അടിസ്ഥാനത്തിൽ കേരളാ മിനറൽസ് ആൻറ് മെറ്റൽസിൻെറ മാനേജ്മെൻറിൽ ടൈറ്റാനിയം കോംപ്ലക്സ് എന്ന വൻകിടവ്യവസായ യൂണിറ്റ് പന്മന പഞ്ചായത്തിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചു. 1978 ഏപ്രിൽ 23-ാം തീയതി അന്നത്തെ ഇൻഡ്യയുടെ രാഷ്ട്രപതി ശ്രീ. നീലംസഞ്ജീവറെഡ്ഡി ഫാക്ടറിയുടെ തറക്കല്ലിട്ടു.

വളരെ പെട്ടെന്നുതന്നെ പണിപൂർത്തിയാക്കിയ ഫാക്ടറിയിൽ 1983ൽ ടൈറ്റാനിയം പിഗ്മെൻറ് ഉൽപാദനം ആരംഭിച്ചു. അങ്ങനെ ഇന്ന് വൻകിട വ്യവസായ ഭൂപടത്തിൽ പന്മന അതിപ്രധാനമായ സ്ഥാനം വഹിക്കുന്നു.

ഈ ആധുനിക വ്യവസായത്തിൻെറ വളർച്ച കൈവരിച്ചിട്ടും പഞ്ചായത്തിലെ ജനങ്ങൾക്ക് അർഹമായ തൊഴിവസരം ലഭിച്ചിട്ടില്ല. 1400ന്മേൽ തൊഴിലാളികൾ ഇതിൽ പണിയെടുക്കുന്നു. മുൻകാലങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന മണൽ ഖനനവുമായി ബന്ധപ്പെട്ട തൊഴിലും പൂർണ്ണമായി നിന്നിരിക്കുന്നു. ആ ജോലികളൊക്കെ ഇന്ന് യന്ത്രങ്ങളാണ് ചെയ്തു വരുന്നത്.

പരമ്പരാഗത കുടിൽ വ്യവസായങ്ങൾ വളരെ കുറഞ്ഞ

തോതിൽ മാത്രമേ പഞ്ചായത്തിൽ നിലവിലുള്ളു. മുൻകാലങ്ങളിൽ കാർഷികമേഖലയിൽ പണിയെടുത്തിരുന്ന കർഷകത്തൊഴിലാളികൾ കൃഷിയിറക്കു കഴിഞ്ഞുള്ള ഇടവേളകളിൽ ഏർപ്പെട്ടിരുന്ന പ്രധാന കൈത്തൊഴിൽ കൈതത്തഴ ഉപയോഗിച്ചുള്ള തഴപ്പായ് നെയ്ത്താണ്. മാർക്കറ്റിൽ ഉപയോഗിച്ചിരുന്ന തഴവട്ടികൾ, ചകിരി പിരിക്കാനുള്ള വട്ടികൾ എന്നിവ നെയ്യലായിരുന്നു. പഞ്ചായത്തിലെ ഏതാനും ചില വാർഡുകളിൽ കൈത്തറിനെയ്ത്തും ഉണ്ടായിരുന്നു. കടലോരവാസികളിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന വളരെ കുറച്ചുപേരും ഉണ്ടായിരുന്നു.

1950നുശേഷം കയർമേഖലയിൽ റാട്ടുകൾ വന്നതോടുകൂടി പഞ്ചായത്തിൽ കയർ വ്യവസായം അഭിവൃദ്ധി പ്രാപിച്ചു. ചെറുകിട ഉൽപാദകർ ഉണ്ടായി. സ്വന്തമായി കയർ പിരിച്ചിരുന്നവർ ഉൽപ്പാദകരുടെ തൊഴിലാളികളായി മാറി. 1955 മുതൽ കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ആരംഭിച്ചു. 1980നുശേഷം കയർ വ്യവസായം തകർച്ചയെ നേരിടുവാൻ തുടങ്ങി. അസംസ്കൃത സാധനമായ തൊണ്ട് ലഭിക്കാനുള്ള ബുദ്ധിമുട്ട്, തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ലഭിക്കുന്നതിനുവേണ്ടിയുള്ള സമരങ്ങൾ, വിപണി പ്രതിസന്ധി എന്നിവയൊക്കെയും മറ്റുചില കാരണങ്ങളാലുമാണ് വ്യവസായ തകർച്ചയുണ്ടായത്.

സഹകരണ മേഖലയിലുള്ള പരമ്പരാഗത വ്യവസായങ്ങളും ഗുരുതരമായ പ്രതിസന്ധി നേരിടുന്നു. എന്നാൽ ഈ അടുത്തകാലംവരെ മന്ദഗതിയിലായിരുന്നു സ്വകാര്യമേഖല കുറേ ശക്തി പ്രാപിച്ചു വരുന്നുണ്ട്. സഹകരണ സംഘങ്ങളിൽ തൊഴിൽ ലഭിക്കാത്തതു കാരണം സംഘങ്ങളിലെ തൊഴിലാളികൾ സ്വകാര്യ മേഖലയിലേക്ക് മാറിപ്പോകുന്നു. മറ്റു സംസ്ഥാനങ്ങളിൽനിന്നും സുലഭമായി ലഭിക്കുന്ന പച്ചത്തൊണ്ടിൻെറ ചകിരി ഉപയോഗിക്കാൻ തുടങ്ങിയതോടെയാണ് സ്വകാര്യമേഖലയിലെ മാന്ദ്യം വിട്ടുമാറാൻ തുടങ്ങിയത്. ഇപ്പോൾ ഈ പ്രദേശത്ത് തൊണ്ടഴുക്കി ചകിരിയാക്കുന്ന പണി കുറഞ്ഞു വരുന്നു. എന്നാൽ പുറത്തുനിന്നും ചകിരി വാങ്ങുന്ന സഹകരണ സംഘങ്ങൾ കൂടുതൽ നഷ്ടത്തിലേക്കും പോകുന്നു. ഏതാനും സംഘങ്ങൾ മാത്രമാണ് നഷ്ടമില്ലാതെ പ്രവർത്തിക്കുന്നത്.

## പഞ്ചായത്തിലെ പരമ്പരാഗത വ്യവസായത്തിൻെറ പൊതുസ്ഥിതി

## കയർ സഹകരണ മേഖല.

| | ഇനം കയർ | സംഘത്തിലെ ആകെ അംഗങ്ങൾ | പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം | | | ലാഭം/ നഷ്ടം |
|---|---|---|---|---|---|---|
| | | | പുരു. | സ്ത്രീ | ആകെ | |
| 1 | കയർ വ്യവസായ സഹകരണ സംഘം പൊന്മന | 500 | 10 | 75 | 85 | നഷ്ടം |
| 2 | കയർ വ്യവസായ സഹകരണ സംഘം ചിറ്റൂർ | 504 | 12 | 108 | 120 | നഷ്ടമില്ല |
| 3 | കയർ വ്യവസായ സഹകരണ സംഘം പോരുക്കര | 300 | 1 | 14 | 15 | ലാഭം |
| 4 | കയർ വ്യവസായ സഹകരണ സംഘം പനയന്നാർകാവ് | 790 | 10 | 140 | 150 | നഷ്ടം |
| 5 | കയർ വ്യവസായ സഹകരണ സംഘം കൊല്ലക | 345 | 4 | 16 | 20 | ലാഭം |
| 6 | കയർ വ്യവസായ സഹകരണ സംഘം, ചാമ്പക്കടവ് | 866 | 5 | 105 | 110 | ലാഭം |

## പഞ്ചായത്തിലെ നിലവിലുള്ള സ്ഥാപനങ്ങളും അവയിലെ തൊഴിലാളികളും

| | വിഭാഗം | ആകെ തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പുരു. | സ്ത്രീ | ആകെ |
| 1. | കയർ സഹകരണ മേഖല (എണ്ണം 6) | 42 | 600 | 642 |
| 2. | കയർ സ്വകാര്യ മേഖല (സ്വയം തൊഴിൽ ഉൾപ്പടെ) | 150 | 1050 | 1200 |
| 3. | പരമ്പരാഗത കുടിൽ വ്യവസായം (എ) തഴപ്പായ് നിർമ്മാണം (2) | | 125 | 125 |
| | (സി) തഴപ്പായ് ഉല്പന്നങ്ങൾ | 2 | 2 | 4 |
| 4. | ചെറുകിട വ്യവസായങ്ങൾ | 712 | 500 | 1212 |
| 5. | ഭക്ഷ്യ സംസ്കരണം | 100 | 25 | 125 |
| 6. | മറ്റ് വ്യവസായങ്ങൾ | | 62 | 62 |
| 7 | ഖാദി നൂൽനൂൽപ്, കേന്ദ്രം | | 19 | 19 |
| | ഖാദി നൂൽനൂൽപ് വീടുകളിൽ | | 30 | 30 |
| 8. | തീപ്പെട്ടി വ്യവസായം | 10 | 50 | 60 |

പഞ്ചായത്തിൽ പ്രവർത്തനം നടത്തിവരുന്ന ചെറുകിട വ്യവസായ യൂണിറ്റുകളിൽ ഭൂരിഭാഗവും പ്രതിസന്ധിയെനേരിടുന്നു. പലയൂണിറ്റുകളും ഇതിനകംതന്നെ അടച്ചുപൂട്ടി. കാർഷികമേഖലയെ ആശ്രയിച്ചു നടന്നുവന്നിരുന്ന വ്യവസായങ്ങളും കാർഷിക മേഖലയുടെ മുരടിപ്പിന്റെ ഫലമായി തകർച്ചയെനേരിടുന്നു. പഞ്ചായത്തിലെ വ്യവസായമുരടിപ്പിന്റെ പ്രധാനകാരണങ്ങൾ ചുവടെ ചേർക്കുന്നു.

1. അസംസ്കൃതവസ്തുക്കൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ
2. പരമ്പരാഗതവ്യവസായങ്ങളിൽ ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണമില്ലായ്മ.
3. ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയുന്നില്ല.
4. വേണ്ടത്ര മൂലധനം ലഭിക്കാനുള്ള ബുദ്ധിമുട്ടുകൾ.
5. ചെറുകിടവ്യവസായമേഖലയിലെ കുറഞ്ഞകൂലിനിരക്ക്.
6. കാർഷികോല്പന്നങ്ങൾ വേണ്ടത്രവ്യവസായ ആവശ്യത്തിന് ഉപയോഗിക്കുവാൻ കഴിയുന്നില്ല.
7. ആവശ്യമായ സാങ്കേതിക പരിജ്ഞാനം ലഭിക്കുന്നതിനുള്ള സാഹചര്യമില്ലായ്മ.
8. പുതിയ വ്യവസായങ്ങൾ തുടങ്ങുവാനുള്ള വ്യവസായസംരംഭകരുടെ വിമുഖത.
9. പ്രാദേശിക വ്യവസായത്തിനാവശ്യമായ പ്രോത്സാഹനങ്ങൾ നൽകുന്നതിനോ അവയിലെ ഉല്പന്നങ്ങൾ വാങ്ങുന്നതിനോ ജനങ്ങൾ താല്പര്യം കാണിക്കുന്നില്ല.

തൊഴിലാളികളുടെ കുറഞ്ഞകൂലി നിരക്ക് ചെറുകിടവ്യവസായ മേഖലയേയും പരമ്പരാഗത വ്യവസായമേഖലയേയും ഒരേപോലെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. കുറഞ്ഞകൂലിക്ക് പണിയെടുക്കുവാൻ പരിചയസമ്പന്നരായ തൊഴിലാളികൾ തയ്യാറാകുന്നില്ല. വർദ്ധിച്ചുവരുന്ന ജീവിത ചിലവാണിതിനുകാരണം.

## ചെറുകിടവ്യവസായമേഖലയിലേയും പരമ്പരഗാത വ്യവസായ മേഖലയിലേയും കൂലിനിരക്കുകൾ.

| | പുരു | സ്ത്രീ |
|---|---|---|
| 1. കയർ വ്യവസായം | 65 | 28 |
| 2. സാമിൽ | 75 | |
| 3. ഇഷ്ടിക നിർമ്മാണം (പീസ്‌വർക്ക്) | | |
| 4. ഫർണിച്ചർ നിർമ്മാണം (വിദഗ്ദ്ധർ) | 100 | |
| 5. അച്ചടി (എണ്ണം 6) | 65 | |
| 6. ഐസ്ഫാക്ടറി (6) | 60 | |
| 7. പ്ലാസ്റ്റിക് വ്യവസായം (1) | 65 | 40 |
| 8. ഭക്ഷ്യസംസ്കരണം (5) | 50 | 35 |
| 9. ധാന്യം പൊടിപ്പ് | 50 | |
| 10. ഖാദി നൂൽനൂൽപ്പ് (1) | | 15 |
| 11. തീപ്പെട്ടി വ്യവസായം (2) | | 25 |
| 12. സ്റ്റീൽ ഫർണിച്ചർ (സ്കിൽ ഇൻഡസ്ട്രീസ്) (5) | 75 | |
| 13. ആയുർവേദ മരുന്ന് നിർമ്മാണം o(1) | 75 | 50 |
| 14. സർവ്വീസ് സ്റ്റേഷൻ (1) | 75 | |
| 15. കോൺക്രീറ്റുകൊണ്ടുള്ള കട്ടള ജന്നൽ കിണർ തൊടികൾ, ഇഷ്ടിക | 100 | |

പന്മന പഞ്ചായത്തിൽ തൊഴിലെടുക്കുന്നവരുടെയും തൊഴിലില്ലാത്തവരുടെയും വിവരം ചുവടെചേർക്കുന്നു.

| | പുരു | സ്ത്രീ | ആകെ |
|---|---|---|---|
| 1. പ്രധാന തൊഴിലുള്ളവർ (സർക്കാർ അർദ്ധ സർക്കാർ) | 9357 | 2081 | 11438 |
| 2. ഭാഗികമായി ജോലിയുള്ളവർ | 712 | | 1212 |
| 3. ഗൾഫ് നാടുകളിൽ പോയിട്ടുള്ളവർ (പണിയുള്ളവർ) | | | 1003 |
| 4. കൃഷിയിൽ ഏർപ്പെട്ടിട്ടുള്ളവർ | | | 619 |
| 5. കാർഷികപ്പണി ചെയ്യുന്നവർ | | | 1219 |
| 6. വ്യവസായ തൊഴിലാളികൾ | | | 1522 |
| 7. മറ്റ് ജോലിയുള്ളവർ | | | 8391 |
| 8. പഞ്ചായത്തിൽ തൊഴിൽ രഹിതരായി ആകെ ഉള്ളവർ | 12849 | 20233 | 33072 |

തൊഴിൽ രഹിതരും അഭ്യസ്തവിദ്യരുമായ യുവതീയുവാക്കളിൽ ഉയർന്ന സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവർ ധാരാളമുണ്ട്. വമ്പിച്ച സാദ്ധ്യതയുള്ള ഈ മുനുഷ്യവിഭവശേഷി നാടിന്റെ പുരോഗതിക്കാവശ്യമാണ് എന്നാൽ അതുപയോഗിക്കുവാനുള്ള സാഹചര്യം ഉരുത്തിരിയേണ്ടിയിരിക്കുന്നു.

## സാദ്ധ്യതകൾ

1. തകർച്ച നേരിടുന്ന കയർവ്യവസായ മേഖലയിൽ ആവശ്യമായ നൂതനസാങ്കേതികവിദ്യയും സമ്പത്തും സ്വരൂപിച്ച് ഉത്പാദന മേഖലയിൽ വൈവിദ്യവൽക്കരണം നടത്തിയാൽ പ്രദേശത്തിന്റെ സാമ്പത്തിക വളർച്ച ത്വരിതമാകും. തകർച്ച നേരിടുന്ന കയർസഹകരണസംഘങ്ങളെ തകർച്ചയിൽ നിന്നും രക്ഷിക്കുവാനുള്ള ബോധപൂർവ്വമായ പ്രവർത്തനം നടത്തിയാൽ ഉൽപ്പാദനമേഖലയിൽ വമ്പിച്ച വർദ്ധനവുണ്ടാക്കാം. സംഘങ്ങളിലെ തൊഴിലാളികൾക്ക് മുടങ്ങാതെ പണിയും മെച്ചപ്പെട്ട കൂലിയും ലഭിക്കുമ്പോൾ ഉൽപ്പാദനക്ഷമത വർദ്ധിക്കും. സ്വകാര്യമേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണന്ന് സൂക്ഷമമായി കണ്ടെത്തി ഉത്പാദകനും തൊഴിലാളികളും പരസ്പരം മനസ്സിലാക്കി പ്രശ്നപരിഹാരത്തിന് സൗഹൃദപൂർവ്വമായ ഇടപെടീൽ ഉണ്ടായാൽ ഉദ്പാദനക്ഷമത വർദ്ധിക്കും. പഞ്ചായത്തിലെ ജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ ഇന്നുള്ള വ്യവസായങ്ങളുടെ സാദ്ധ്യതയിൽ ഏറ്റവും കൂടുതൽ സംഭാവന ചെയ്യുവാൻ കഴിയുന്നത് കയർ വ്യവസായത്തിനാണ്.

നമ്മുടെ പഞ്ചായത്തിലെ കടൽതീരത്തുനിന്നും വർഷത്തിൽ ഉദ്ദേശം അയ്യായിരം ടൺ കക്കാലഭിക്കുന്നുണ്ട്. ഇവയൊക്കെയും തുച്ഛമായ വിലയ്ക്ക് തമിഴ്നാട് മുതലായ അന്യസംസ്ഥാനങ്ങളിലേക്കാണ് പോകുന്നത്. ഈ കക്കാ തമിഴ് നാട്ടിൽ സംസ്കരിച്ച് പല ഉല്പന്നങ്ങളായി ഇവിടേക്കും എത്തുന്നുണ്ട്. വെറ്റിലമുറിക്കുന്ന കേരളീയർ തമിഴ്നാട്ടിൽ നിന്നുമെത്തുന്ന ചുണ്ണാമ്പാണ് ഉപയോഗിക്കന്നത്. ഇവിടെ ലഭിക്കുന്ന ഈ കക്കാ ശാസ്ത്രീയമായി ഇവിടെ സംസ്കരിച്ചാൽ അതിന് വിപണികണ്ടെത്തുവാൻ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല. തൊട്ടടുത്ത ടൈറ്റാനിയം ഫാക്ടറിയ്ക്ക് അവിടുത്തെ ഉൽപ്പാദനം കഴിഞ്ഞു പുറംതള്ളുന്ന ആസിഡ് നിർവ്വീര്യമാക്കുവാൻ ഇപ്പോൾ പുറംനാടുകളിൽ നിന്നും വീര്യം കുറഞ്ഞ കുമ്മായമാണ് ഉപയോഗിക്കുന്നത്. ഇവിടുത്തെ കക്കാ സംസ്കരിക്കുമ്പോൾ കിട്ടുന്ന വീര്യമുള്ള കുമ്മായം ടൈറ്റാനിയത്തിന് ആവശ്യമാണ്. ലാഭകരമായി വിൽക്കുവാനും കഴിയും. അതിലൂടെ കക്കാസംഭരിക്കുന്ന അനേകം തൊഴിലാളികൾക്ക് മെച്ചപ്പെട്ട വിലലഭിക്കും. പുതിയതായി കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കും.

3. ടൈറ്റാനിയത്തിൽ ഉണ്ടാകുന്ന ഉല്പന്നങ്ങൾ പാക്ക് ചെയ്യുവാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ബാഗുകൾ (ചാക്ക്) ഇപ്പോൾ പുറം നാടുകളിൽ നിന്നുമാണെത്തുന്നത്. ഇവവൻതോതിൽ ഫാക്ടറിയിൽ ഉപയോഗിക്കപ്പെടുന്നു. ഈ പ്ലാസ്റ്റിക് ബാഗുകൾ ഇവിടെ ഉല്പാദിപ്പിക്കുവാൻ കഴിയും. വനിതകളുടെ ഒരു സഹകരണസംഘം ഉണ്ടാക്കി, ആവശ്യമായ സാങ്കേതിക പരിജ്ഞാനം നല്കി ഒരു പ്ലാസ്റ്റിക്ബാഗ് നിർമ്മാണ യൂണിറ്റ് ഇവിടെ സ്ഥാപിച്ചാൽ വനിതകൾ ഇന്നനുഭവിക്കുന്ന തൊഴിലില്ലായ്മയ്ക്ക് കുറേ പരിഹാരമുണ്ടാകും.
4. ഇവിടെ സുലഭമായി ലഭിക്കുന്ന നാളീകേരം ഉപയോഗിച്ചുള്ള വിവിധതരം ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു നാളീകേര സംസ്കരണ യൂണിറ്റ് സ്ഥാപിച്ചാൽ പഞ്ചായത്തിൽ വിവിധ മേഖലകളിൽ വികസനം സാദ്ധ്യമാകും. നാളീകേര കർഷകനും, തൊഴിലാളിക്കും, മാത്രമല്ല പുതിയതൊഴിലവസരം സൃഷ്ടിക്കുന്നതിലൂടെ നാടിന്റെ സമ്പത് ഘടനയിൽ വലിയ സ്വാധീനം ഈ വ്യവസായത്തിന് ചെലുത്തുവാൻ കഴിയും. ഇതോടൊപ്പം തന്നെ പച്ചത്തൊണ്ട് തല്ലി ചകിരിയാക്കുന്ന ഒരു യൂണിറ്റ് കൂടി തുടങ്ങാനുള്ള സാദ്ധ്യതയുണ്ട്. തെങ്ങിൻതടി കൊണ്ടുള്ള ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്നതുൾപ്പെടെയുള്ള വിപുലമായ ഒരു വ്യവസായ ശൃംഖലസാദ്ധ്യമായാൽ അതിന്റെ നേട്ടം എല്ലാമേഖലകളിലുമെത്തും.
5. തഴ ഉപയോഗിച്ചുള്ള കരകൗശലവസ്തുക്കൾക്ക് ഇന്ന് നല്ല പ്രചാരവും വിപണനസാദ്ധ്യതയുമുണ്ട്. പഞ്ചായത്തിൽ വെറ്റമുക്ക് കേന്ദ്രീകരിച്ച് ഈ രംഗത്തെ ഒരു സഹകരണ ട്രെയിനിംഗ് സെന്റർ പ്രവർത്തിച്ചുവരുന്നു. അതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി തഴ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന സഹകരണ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ തുടങ്ങുവാൻ കഴിയും ഇതിനാവശ്യമായ അസം

സ്കൃത സാധനമായ കൈതോല ഇവടെ സുലഭമായി ലഭിക്കുന്നുണ്ട്. മുഖ്യമായും സ്ത്രീകളുടെ തൊഴിലവസരം വർദ്ധിപ്പിക്കുവാൻ ഏറെ സാദ്ധ്യതയുള്ളതാണീ വ്യവസായം.

6. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയായ 5,6,15 എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് ഇപ്പോൾ നടന്നുവരുന്ന കുത്തരി വ്യവസായം ഏകോപിപ്പിച്ച് ശാസ്ത്രീയമായ രീതിയിൽ നടത്തുവാൻ കഴിയും. ആവശ്യമായ മൂലധനവും നവീനരീതിയിലുള്ള യന്ത്രങ്ങളും ലഭ്യമാക്കിയാൽ, കുട്ടനാടൻ അരിയേയും, പൊന്നരിയേയും വെല്ലുന്ന ഇവിടുത്തെ ഗുണമേന്മയുള്ള അരികമ്പോളം പിടിച്ചടക്കും. അനുബന്ധയൂണിറ്റുകളായി ഉമിക്കരി നിർമ്മാണ യൂണിറ്റുകൾ തുടങ്ങണം.

7. കൂടുൽ തൊഴിൽസാദ്ധ്യത ലഭിക്കുന്ന മറ്റുവ്യവസായങ്ങൾ

1. പഞ്ചായത്തിനെ രണ്ടായി ഭാഗിച്ചുകൊണ്ട് സ്ഥിതിചെയ്യുന്ന NH. 47 ഉൾപ്പെടെ സഞ്ചാരയോഗ്യമായ അനേകം റോഡുകളുള്ള പന്മന പഞ്ചായത്തിനെ കീറിമുറിച്ചുകൊണ്ട് ദേശീയ ജലപാതയും സ്ഥിതി ചെയ്യുന്നു. വൻകിടവ്യവസായങ്ങൾ ആരംഭിക്കുന്നതിന് അനുയോജ്യമായ ഭൗതികസാഹചര്യം ഇവിടെ ധാരാളമുണ്ട്. ആധുനികരീതിയിലുള്ള ഒരു കയർഫാക്ടറി ഇവിടെ സ്ഥാപിച്ചാൽ അതു പഞ്ചായത്തിന്റെ നാഡിഞരമ്പുകളിൽ പ്പോലും വികസനത്തിന്റെ വീര്യമുണർത്തും. ഫാക്ടറിക്കാവശ്യമായ അസംസ്കൃതവസ്തുവായ കയർ ഇവിടെ ധാരാളമുണ്ട്. കയർ ഫെഡിന്റെ ചുമതലയിൽ കയർഫാക്ടറി സ്ഥാപിച്ചാൽ അതിന്റെ നേട്ടം പുതിയ തൊഴിലവസരം ലഭിക്കും എന്നുള്ളത് മാത്രമല്ല പന്മനയിലെയും സമീപപഞ്ചായത്തുകളിലെയും കയർ വ്യവസായ മേഖലയാകെ ശക്തമാകും.

2. ടൈറ്റാനിയം ഫാക്ടറിയിൽ നിന്നും പുറന്തള്ളുന്ന പരിസരവാസികൾക്കും ഒരുപോലെ ദോഷം ചെയ്യുന്നു. കുമ്മായവും മറ്റു രാസവസ്തുക്കളും ചേർന്ന കുഴമ്പുരൂപത്തിലുള്ള ഈ അസംസ്കൃതസാധനയുപയോഗച്ച് കെട്ടിടനിർമ്മാണത്തിനാവശ്യമായ മേൽത്തരം ഇഷ്ടികകൾ നിർമ്മിക്കാമെന്ന് പരീക്ഷണത്തിലൂടെ കണ്ടെത്തിയിരിക്കുന്നു. ഇതുപയോഗിച്ചുള്ള ഒരു ഇഷ്ടികനിർമ്മാണ വ്യവസായത്തിന് സാദ്ധതയുണ്ട് അതിനാവശ്യമായ മൂലധനം മുടക്കുവാനുള്ള ചുമതല ടൈറ്റാനിയം മാനേജുമെൻറിനെ ഏല്പിക്കുവാൻ കഴിയും. ഈ സാധനം കെട്ടിക്കിടക്കുന്നതുകൊണ്ടുള്ള കമ്പനിയുടെയും പരിസരവാസികളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും കഴിയും.

3. ടൂറിസം വികസനം:

തൊടിയൂർ വട്ടക്കായലിൽ നിന്നാരംഭിക്കുന്ന പള്ളിക്കലാറ്, അവസാനിക്കുന്നത് പന്മന വട്ടക്കായലിലാണ്. ദേശീയ ജലപാതയും വട്ടക്കായലിലൂടെ കടന്നുപോകുന്നു. പ്രകൃതി മനോഹാരിത തുളുമ്പിനിൽക്കുന്ന വട്ടക്കായലും പരിസരവും പ്രകൃതിയും അപൂർവ്വസൃഷ്ടികളിലൊന്നാണ്. ഇവിടമൊരു ടൂറിസ്റ്റു കേന്ദ്രമാക്കുവാൻ ഏറെ സാദ്ധ്യതകളുണ്ട്. പന്മന പഞ്ചായത്തിന്റെ ഈ അപൂർവ്വസമ്പത്ത് ടൂറിസ്റ്റ് ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിഞ്ഞാൽ തീർച്ചയായും പരിഗണിക്കപ്പെടും. പഞ്ചായത്തിന്റെ നാനാമുഖവികസനത്തിന് വളരെയധികം സാദ്ധ്യതയുണ്ട്.

4. വിസ്തൃതമായ കായൽ പരപ്പും, ചെറുജലാശയങ്ങളും ഉള്ള പഞ്ചായത്തിലെ 1,2,3,9,10,12,13 എന്നീ വാർഡുകളിൽ മത്സ്യകൃഷിയ്ക്ക് കൂടുൽ സാദ്ധ്യതയുണ്ട്. ഓരു ജല, ശുദ്ധജല മത്സ്യകൃഷിവികസന ഏജൻസികളുടെ സാങ്കേതികനിർദ്ദേശങ്ങളും ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറിന്റെ ധനസഹായവും ലഭ്യമാക്കിയാൽ മത്സ്യകൃഷിയും, വിപണവനും, സംസ്കരണവും ഉൾപ്പെടെ പുതിയ തൊഴിൽ മേഖലകൾ സൃഷ്ടിക്കുവാൻ കഴിയും.

5. ടൈറ്റാനിയത്തിൽ നിന്നും ലഭിക്കുന്ന പിഗ്മെൻറ് ഉപയോഗിച്ച് സഹകരണാടിസ്ഥാനത്തിൽ ഒരു പെയിൻറ് ഫാക്ടറി തുടങ്ങുവാൻ കഴിഞ്ഞാൽ വിപണിക്കും സാദ്ധ്യതയുണ്ട്.

6. ഒരു ബീഡി വ്യവസായ സഹകരണ സംഘം ആരംഭിച്ചാൽ പഞ്ചായത്തിലാകെയുള്ള ബീഡി വ്യവസായ സഹകരണ സംഘം ആരംഭിച്ചാൽ പഞ്ചായത്തിലാകെയുള്ള ബീഡിതൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിതനിലവാരം സാദ്ധ്യമാക്കുവാൻ കഴിയും.

## നിർദ്ദേശങ്ങൾ

# ഗ്രാമസഭാ നിർദ്ദേശങ്ങൾ

| വാർഡ് നമ്പർ | |
|---|---|
| I | കയർവ്യവസായം, ഇഷ്ടിക നിർമ്മാണം, ചെമ്മീൻ കൃഷി, റെഡീമെയ്ഡ് ഗാർമൻസ്, കറിപ്പൊടി നിർമ്മാണം |
| II | യന്ത്രവൽകൃത കയർ യൂണിറ്റ്, റെഡീമെയ്ഡ് ഗാർമൻസ്, കൊപ്രാ സംസ്കാരണം, കോണക്രീറ്റ് ഉല്പന്ന നിർമ്മാണം, കൈത്തറി, തീപ്പെട്ടി |
| III | കയർ, കൊപ്രാസംസ്കരണം, മെഴുകുതിരി നിർമ്മാണം, പർപ്പിടം,ശാസ്ത്രീയമായി ഓലമെഡയൽ |
| IV | കറിപ്പൊടി, തീപ്പെടി, മെഴുകുതിരി, ഖാദി, ബീഡി, കുട്ട, വട്ടി നെയ്ത്ത്, സ്റ്റീൽ ഫർണിച്ചർ, സോപ്പു നിർമ്മാണം |
| V | കയർ, റെഡീമെയ്ഡ്, പായ്നെയ്ത്ത്,കശുവണ്ടി |
| VI | കയർ, റെഡീമെയ്ഡ്, കറിപ്പൗഡർ, ബീഡി, കോഴി വളർത്തൽ, കുത്തരി വ്യവസായം, തേനീച്ച വളർത്തൽ ക്ഷീര വ്യവസായം |
| VII | കയർ, റെഡീമെയ്ഡ്, കോഴി വളർത്തൽ, ആട് വളർത്തൽ, ഫർണിച്ചർ നിർമ്മാണം, കാലിത്തീറ്റ നിർമ്മാണം |
| VIII | കയർ, കൊപ്രാ, കോൺക്രീറ്റ് ഉല്പന്നങ്ങൾ, കക്കാ സംസ്കരണം, വളം നിർമ്മാണം |
| IX | കയർ, ഫർണിച്ചർ, കക്കാസംസ്കരണം, ഫുഡ് പ്രൊഡക്ട്, മത്സ്യകൃഷി |
| X | കയർ, റെഡീമെയ്ഡ്, കൊപ്രാസംസ്കരണം, തീപ്പെട്ടി, മെഴുകുതിരി, സോപ്പ്, മത്സ്യസംസ്കരണം |
| XI | കയർ, റെഡീമെയ്ഡ്, കൊപ്രാ, തീപ്പെട്ടി, മെഴുകുതിരി, കോഴി വളർത്തൽ, അടകാ സംസ്കരണം |
| XII | യന്ത്രവൽകൃത കയർ, കൊപ്രാ, കോഴി, തേനീച്ച, ക്ഷീര വ്യവസായം, മത്സ്യസംസ്കരണം, ചകിരിച്ചോർ വളനിർമ്മാണം, സർവ്വീസ് സ്റ്റേഷൻ |
| XIII | കയർ, ഫാക്ടറി, കൊപ്രാ, കുത്തരി വ്യവസായം |
| XIV | കയർ, മെഴുകുതിരി വ്യവസായം |
| XV | കയർ, കോൺക്രീറ്റ് ഉല്പന്നം, തീപ്പെട്ടി, ഓലവ്യവസായം, ബീഡി വ്യവസായം, കോഴി വളർത്തൽ, ടർപ്പൻറയിൻ നിർമ്മാണം |

## നിർദ്ദേശങ്ങൾ

1. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കയർ ഉപയോഗിച്ച് കയർ ഉല്പനങ്ങൾ നിർമ്മിക്കുന്ന ഒരു കയർഫാക്ടറി കയർ ഫെഡിൻെറ സഹായത്തോടെ നടത്തുക.
2. K.M.M.L മാനേജുമെൻറിനെക്കൊണ്ട് അവരുടെ ഉടമസ്തതയിൽ ഒരു ആധുനിക ഇഷ്ടിക നിർമ്മാണഫാക്ടറി തുടങ്ങുവാൻ ആവശ്യമായ ഇടപെടലുകൾ നടത്തുക.
3. ചെറുകിടവ്യവസായസംരംഭകർക്ക് ആവശ്യമായ സാങ്കേതികപരിജ്ഞാനം ലഭിക്കന്നതിനും, പരിശീലനം ലഭിക്കുന്നതിനും ഒരു സ്ഥിരം സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കുക.
4. മത്സ്യകൃഷിവികസന ഏജൻസികളുടെ സഹായസഹകരണത്തോടെ അനുയോജ്യമായ സ്ഥലങ്ങളിൽ മത്സ്യകൃഷി ആരംഭിക്കുക.
5. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുക.
6. സഹകരണ അടിസ്ഥാനത്തിൽ കക്ക സംസ്ക്കരണയൂണിറ്റും വനിതകളുടെ ഒരു, പ്ലാസ്റ്റിക് ചാക്ക് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
7. വ്യവസായങ്ങളാരംഭിക്കവാൻ മുതൽ മുടക്കാൻ ശേഷിയുള്ളവരെ കണ്ടെത്തുന്നതിനും അവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സംവിധാനമുണ്ടാക്കുക.
8. വനിതകളെ കൂടുതലായി വ്യവസായരംഗത്തേക്ക് കൊണ്ടുവരുവാൻ കഴിയേണ്ടിയിരിക്കുന്നു. അതിനാവശ്യമായ പഞ്ചാത്തല സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും സ്ഥിരമായ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
9. പരമ്പരാഗത വ്യവസായങ്ങളെ വികസിപ്പിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുക.
10. തഴപ്പായും തഴയുല്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്ന ഒരു സഹകരണ സ്ഥപാനം തുടങ്ങുക.
11. പഞ്ചായത്തിൽ ഒരു മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് സ്ഥാപിക്കണം. നാമമാത്രമായി പ്രവർത്തിക്കുന്ന ഖാദി നൂൽനൂൽപ്പു കേന്ദ്രം വികസിപ്പിച്ച് നെയ്ത്ത് യൂണിറ്റ് സ്ഥാപിക്കുക.
12. എപ്പോഴും ഏതു ദിശയിൽ നിന്നും കാറ്റുലഭിക്കുന്ന വട്ടക്കായലിൻെറ തീരത്ത് വിൻറ് പ്രൊപ്പല്ലറുകൾ സ്ഥപിച്ച് പഞ്ചായത്തിലെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണുക.
13. കയറുൾപ്പെടെയുള്ള ഗ്രാമവ്യവസായങ്ങൾക്കും അവയുടെ ഉൽപ്പന്നങ്ങൾക്കും സമൂഹത്തിൽ പ്രചാരം ലഭിക്കുന്നതിനും അവയുടെ വിപണനം ത്വരിതമാക്കുന്നതിനും ഉള്ള സ്ഥിരമായ ബോധവൽക്കരണസംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
14. HPC യുടെ പന്മന ഡിപ്പോയിൽ ഒരു ഗ്യാസ് ഫില്ലിംഗ് യൂണിറ്റ് സ്ഥാപിക്കുക.
15. ചവറതീരത്തു ലഭിക്കുന്ന കരിമണൽ വിദേശത്തേക്ക് കയറ്റി അയക്കാതെ ഇവിടെതന്നെ സംസ്കരിച്ച് വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ആധുനിക സാങ്കേതികവിദ്യ ലഭ്യമാക്കി പുതിയവ്യവസായം ആരംഭിക്കുക.

പഞ്ചായത്തിലെ ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന സാദ്ധ്യതകളും നിർദ്ദേശങ്ങളുമാണിവയൊക്കെ. പഞ്ചായത്ത് വികസന സെമിനാറിലെ മൂർത്തമായ ചർച്ചയുടേയും നിർദ്ദേശത്തിൻേറയും അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് അവ നടപ്പിലാക്കുമ്പോൾ, പ്രതിബദ്ധതയും സേവനതല്പരതയും സമന്വയിച്ചാൽ പഞ്ചായത്തിൻെറ സാമ്പത്തികവളർച്ചയിൽ ഗണ്യമായ പുരോഗതി സാദ്ധ്യമാകും. ഒരു സ്വയം പര്യാപ്ത ഗ്രാമസങ്കൽപ്പം യാധാർത്ഥ്യമാകുവാൻ ജനങ്ങളുടെ കൂട്ടായ്മ ആവശ്യമാണ്. ഉപഭോഗസംസ്കാരത്തിൻെറ ആലസ്യത്തിൽ നിന്നുണരുന്ന ഒരു നവകേരളത്തിൻെറ സൃഷ്ടിക്കായി, സമത്വത്തിൻേറയും സാഹോദര്യത്തിൻേറയും, അർപ്പണബോധത്തിൻേറയും സാഹോദര്യത്തിൻേറയും സമന്വയഭാവദീപ്തിയുള്ള ഒരു പുതിയവികസന സംസ്കാരത്തിന് തുടക്കമിടാം.

# ഉപസംഹാരം

കവിപാടി,

''അധികാരം കൊയ്യണമാദ്യം നാം
അതിനു മേലാകട്ടെ പൊന്നാര്യൻ''

ജനകീയാസൂത്രണമെന്ന നൂതനവും ജനായത്തപരവുമായ ആശയത്തിൻെറ പ്രയോഗം വിജയം വരിക്കുമെന്ന ശുഭപ്രതീക്ഷയാണ് നമുക്കുള്ളത്. ഒരു ജനതയുടെ ജീനിയസ്സും അവരുടെ പ്രകൃതി വിഭവങ്ങളും മനുഷ്യശേഷിയും സമന്വയിപ്പിക്കുന്ന ലക്ഷ്യബോധമുള്ള ഒരു മാനേജുമെൻറു രീതി ജനകീയാസൂത്രണത്തിൻെറ ഭാഗമായുണ്ടെന്ന് നാം കരുതുന്നു. ഒപ്പം മനുഷ്യസ്നേഹത്തിൻെറ ഉപ്പും ഭാവിയെക്കുറിച്ചുള്ള പ്രസാദാത്മകമായ വീക്ഷണത്തിൻെറ മധുരവും ജനകീയാസൂത്രണത്തിൻെറ സിദ്ധാന്തത്തിലും പ്രയോഗത്തിലും അലിഞ്ഞു കിടപ്പുണ്ട് എന്ന ബോധ്യവും നമുക്കുണ്ട്. മാത്രമല്ല അധികാര വികേന്ദ്രീകരണത്തിൻെറ ഒരു അനുകൂലരാഷ്ട്രീയ പശ്ചാത്തലവുമുണ്ട്. ആയതിനാൽ നമ്മുടെ വിജയ പ്രതീക്ഷ വസ്തുനിഷ്ടവും യുക്തിഭദ്രവുമാണ്.

ഇന്ത്യയിലെ ജനാധിപത്യ പരീക്ഷണക്കളരിയായ കേരളം ഒമ്പതാം പദ്ധതിയുടെ ആസൂത്രണകാര്യത്തിലും വിജിഗീഷ്ഠവാകും. പലപ്പോഴും സാമ്പ്രദായികതയുടെ അതിരുകൾ ഉല്ലംഘിക്കാൻ ശ്രമിച്ചു വിജയം നേടിയ പാരമ്പര്യവും കേരളത്തിനുണ്ട്. ജനകീയാസൂത്രണം പുതുമയ്ക്കു വേണ്ടിയൊരു പുതുമയല്ല. സമസ്തജീവിതത്തറകളിലും കേരളീയരായ നാം ഇന്നനുഭവിക്കുന്ന അഭിസന്ധികളിൽ നിന്ന് വിടുതൽ നേടാൻ വലിയൊരളവിൽ നമ്മെ സഹായിക്കുന്ന മാർഗമാണ് ജനകീയാസൂത്രണം. കേരളം ഇതിനകം കൈവരിച്ച നേട്ടങ്ങളെ ഉറപ്പിച്ചു നിർത്താനും പോരായ്മകളെ മറികടന്നു മുന്നേറാനുമുള്ള ഒരുപാധിയാണ് ഇത്.

പന്മന പഞ്ചായത്തിൻെറ പ്രശ്നങ്ങളുടെ ഒരു സമ്പൂർണ്ണ രേഖയാണ് ഇതെന്ന് അവകാശപ്പെടുന്നില്ല. പക്ഷേ, ഈ സമഗ്ര വികസനരേഖ പരമാവധി വസ്തുനിഷ്ഠമാക്കാൻ ശ്രമിച്ചിട്ടുണ്ട്. വ്യക്തിനിഷ്ഠത അങ്ങേയറ്റം ഒഴിവാക്കാൻ പരിശ്രമിച്ചിട്ടുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രശ്നങ്ങൾ ഈ പഞ്ചായത്ത് വളർച്ചയുടെ രംഗത്തു നേരിടുന്ന വെല്ലുവിളികളാണ്. പഞ്ചായത്തിൻെറ സമഗ്രവികസനം എന്ന ചിന്തയിൽ ഊന്നിനിന്നുകൊണ്ടുവേണം ഓരോ പ്രശ്നത്തേയും കാണാൻ. അതുപോലെ നമ്മുടെ പഞ്ചായത്തിൻെറ പ്രശ്നങ്ങൾ കേരളത്തിൻെറ പൊതുവായ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടവയാണെന്നും അറിയണം. പന്മന, കേരളവുമായും കേരളം, ഇന്ത്യയുമായും ഇന്ത്യ, ലോകവുമായും ബന്ധപ്പെട്ടിരിക്കുന്നു എന്ന ചിന്ത നമ്മെ നയിക്കണം. ഏതൊരു പ്രശ്നത്തെയും ഒറ്റപ്പെടുത്തിയെടുത്തു പരിശോധിക്കുന്ന സമീപന രീതി ഗുണകരമല്ല എന്നു മനസ്സിലാക്കണം. കാടിനുവേണ്ടി മരത്തെയോ മരങ്ങൾക്കു വേണ്ടി കാടിനെയോ മറക്കുന്ന, മറയ്ക്കുന്ന ചിന്താരീതിയാണ് നാം ഉപേക്ഷിക്കേണ്ടത്. പ്രശ്നസങ്കീർണതകളുടെ ഇടയിൽ നിന്നുംപോലും ശുഭാപ്തിവിശ്വാസത്തോടെ നമുക്കീ കവി വചനം സ്മരിക്കാം. ''ശൈത്യകാലം വന്നുവെങ്കിൽ ഇനി വസന്തം വളരെ അകലെയാവില്ലല്ലോ''.

ആത്മാർഥവും വസ്തുനിഷ്ഠവുമായ ചർച്ചകൊണ്ട് ഈ റിപ്പോർട്ട് കുറേക്കൂടി സമ്പുഷ്ടമാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഗാന്ധിജിയുടെ വാക്കുകൾ ഓർക്കുക, ''തെരുവിലെ പാവപ്പെട്ട മനുഷ്യർക്ക് എന്തു ഗുണം ചെയ്യും എന്നോർത്തു വേണം നമ്മുടെ ആസൂത്രണങ്ങൾ''.

# ഗ്രാമ പഞ്ചായത്ത് വികസന സമിതി

എ. അബ്ദുൽ സലാം (ചെയർമാൻ)

പി. കെ. ഗോപാലകൃഷ്ണൻ (കൺവീനർ)

ബന്ധപ്പെട്ട ജില്ലാ - ബ്ലോക്ക് - ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ
എം.എം. സാലി
ആർ. രവീന്ദ്രൻ
എ. ഷൗക്കത്ത്
ജി. സൈമൺ
മുഹമ്മദ് കുഞ്ഞ്
സലാം പണിക്കേത്ത്
സലാഹുദ്ദീൻ
എം.എം. മുസ്തഫ
ശിവശങ്കരൻ
പാർത്ഥസാരഥിപ്പിള്ള
രവി ശങ്കർ
വി.എൻ. രാമചന്ദ്രൻ പിള്ള
വി. ശിവാനന്ദൻ
എ.കെ. ഗണേഷൻ
പി.കെ. സജീവ്
വി. രഞ്ജിത്
വി.കെ. ശാന്തകുമാർ
ജയചന്ദ്രൻ
സേതുമാധവൻ
പി.വി. പ്രകാശ്
പന്മന തുളസി
വിഷ്ണു
എൻ. പങ്കജാക്ഷ കുറുപ്പ്
കോളറാ രവീന്ദ്രൻ നായർ
മൈനാഗപ്പള്ളി മോഹൻ
ആർ. സുരേന്ദ്രൻ പിള്ള
പള്ളിശ്ശേരി സുരേന്ദ്രൻ
കെ.കെ. സദാശിവൻ
കരുവേലിൽ രഘു
വാഴുവേലിൽ കോയാക്കുട്ടി
ചെല്ലപ്പൻ നായർ
രാമചന്ദ്രൻ ഉണ്ണിത്താൻ
എം. ഇസ്മയിൽ കുഞ്ഞ്
എസ്.ആർ.കെ. പിള്ള
വാസവൻ നായർ
എൻ. ഗോപാലകൃഷ്ണൻ നായർ
എൻ. പീതാംബരൻ നായർ
പൊന്മന പീതാംബരൻ
കെ. വിജയൻ
കെ. അഹമ്മദ്
കൃഷ്ണപിള്ള
ഭാർഗ്ഗവൻ
ജെ. അനിൽ
സോമൻ നായർ
സേതുക്കുട്ടൻ
തമ്പാൻ
പി. ശിവാനന്ദൻ
ശശിവർണ്ണൻ
എൽ. വിജയൻ നായർ
റ്റി.കെ. രഘു
രാധമ്മ
ശ്രീനിവാസൻ
നവാസ്
ഡോ. താജുദ്ദീൻ
യോഹന്നാൻ ആൻറണി
ആർ. രവീന്ദ്രൻ പിള്ള
വിജയൻ
ജോണി
മോഹൻ പുന്തല
എം. തങ്ങൾ കുഞ്ഞ്
മോഴിശ്ശേരിൽ തങ്കച്ചൻ
പോൾ സോളമൻ
പത്മജൻ നായർ
ജി. രവീന്ദ്രൻ പിള്ള
വാമൻ വിനോജി
ടി.കെ. രാധാകൃഷ്ണൻ
പി.എച്ച്. റഷീദ്
ബി. അനിൽ കുമാർ
ശിവപ്രസാദ്
സതീഷ് ചന്ദ്രബാബു
പൊന്നമ്മ
ശൈലജ
എസ്. ബാലചന്ദ്രൻ നായർ
മോഹനചന്ദ്രൻ പിള്ള
ശാന്ത
ബി. ശകുന്തള
ഒ. ഷീജ
ലില്ലിക്കുട്ടി ഡാനിയേൽ
ടി. രാധാദേവി
തങ്കമണിയമ്മ

# അധികാരം ജനങ്ങളിലേക്ക്

## ഒൻപതാം പദ്ധതി ജനകീയ പദ്ധതി

★

- ★ ഒൻപതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്
- ★ ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലോട്ട്
- ★ ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ ജനപങ്കാളിത്തം
- ★ പഞ്ചയത്ത് രാജ് - നഗരപാലിക സ്ഥാപനങ്ങളിൽ പ്രത്യേക ഗ്രാമസഭകൾ
- ★ ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേയ്ക്ക്
- ★ ജനപ്രതിനിധികളും വിദഗദ്ധരും ഉദ്യോഗസ്ഥരും അണിചേരുന്നു
- ★ വികസന സെമിനാറുകൾ പരിശീലന ക്ലാസ്സുകൾ
- ★ വികസനാവശ്യങ്ങൾ പദ്ധതികളാക്കാൻ ടാസ്ക് ഫോഴ്സുകൾ
- ★ ഉന്നത തല മാർഗ്ഗ നിർദ്ദേശക സമിതി

★

*പന്മന ഗ്രാമ*
*പഞ്ചായത്ത്*
*വികസന സമിതി*



CATHOLIC PRESS, KOLLAM. PH: 206098.